വില : 30 രൂപ
2022 ജൂലൈ 15
ആഗസ്റ്റ് 15

# പ്രഭാതരശ്മി

മാസിക
പുസ്തകം 8 ലക്കം 6



## ഓർമ്മക്കുറിപ്പുകളിലൂടെ
## എം.ടി.വാസുദേവൻനായർ
## എസ്.കെ.പൊറ്റെക്കാട്ട്

## കോഴിക്കോടിനെ നടുക്കിയ അരുംകൊല

കവിത

**ശർമ്മിഷ്ഠ**
കെ. ജയകുമാർ

**ബാലരശ്മി**
റോസ്മേരി

പിതൃപാദങ്ങളിൽ
**പുതുപ്പള്ളി രാഘവൻ**
ഷീല രാഘവൻ

**മഞ്ഞിലെ മാർജ്ജാരനെ തേടി...**
ജി. ഷഹീദ്

കഥ

**രാപ്പാടിയും റോസാപ്പൂവും**
ഓസ്കാർ വൈൽഡ്
വിവ: ഡോ.എഴുമറ്റൂർ രാജരാജവർമ്മ

**ഹോട്ടലൂണും മലയാളിയും**
ഡോ. സി.ഗണേഷ്

ISSN 2395-2024
9 772395 202000

# "Bliss Fullness...
## is a freshlycleaned Home"




**HYBLIZ®**

HYGIENIC
**FLOOR CLEANER**

Give your floor the shine
it deserveswith the cleanest
and safest floor cleaner ever.

**Try now!**

**3X**
FRAGRANCE



# രാഷ്ട്രപതി ദ്രൗപതി മുർമു

ഇന്ത്യയുടെ പരമോന്നത ഭരണഘടനാ പദവിയാണ് രാഷ്ട്രപതിപദം. 15-ാമത് രാഷ്ട്രപതിയായി സ്ഥാനമേറ്റ ശ്രീമതി ദ്രൗപതി മുർമു ആ പദവിയിലെത്തുന്ന ആദ്യ ഗോത്രവർഗ്ഗ വിഭാഗാംഗവും രണ്ടാമത്തെ വനിതയുമാണ്. ഏറ്റവും പ്രായം കുറഞ്ഞ രാഷ്ട്രപതി. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷവേളയിൽ നടന്ന ഈ തെരഞ്ഞെടുപ്പും സ്ഥാനാരോഹണവും ചരിത്രത്തിലെ തന്നെ തിളക്കമുള്ള ഒരേടാണ്. ഭരണഘടനവിഭാവനം ചെയ്യുന്ന 'തുല്യതാ സന്ദേശ'ത്തിന്റെ അനിഷേധ്യമായ വിളംബരഗാഥ കൂടിയാണിത്.

'ഏത് ഭരണ നടപടി സ്വീകരിക്കുമ്പോഴും സമൂഹശ്രേണിയിലെ ഏറ്റവും അവസാനം നിൽക്കുന്ന ദരിദ്രരുടെ മുഖമാണ് മുന്നിൽ കാണേണ്ടത്' എന്ന മഹാത്മജിയുടെ വാക്കുകൾ ഓർക്കുക. നൂറ്റാണ്ടുകളായി അവഗണനയുടേയും പരാധീനതകളുടേയും നുകം പേറുന്നവരാണ് ദരിദ്ര-ദളിത്- ആദിവാസി- പിന്നോക്ക വിഭാഗങ്ങൾ. അവരിൽ നിന്നൊരാൾ രാഷ്ട്രപതി പദവിയിലെത്തുന്നത് ഏറെ അഭിമാനകരവും ആശ്വാസകരവുമാണ്. ഭരണഘടന വ്യവസ്ഥ ചെയ്തിട്ടുള്ള പദവികളൊന്നുംതന്നെ അലങ്കാരത്തിനുള്ളവയല്ല. ഉചിത സന്ദർഭങ്ങളിൽ നിർഭയമായും നീതിയുക്തമായും ജനാധിപത്യമൂല്യങ്ങൾ സംരക്ഷിച്ച് ഭരണഘടനാ ബാദ്ധ്യത നിറവേറ്റാനുള്ളതാണ്. മതേതരത്വവും ജനാധിപത്യ ഭരണ സംവിധാനവും ഏറെ വെല്ലുവിളികൾ നേരിടുന്ന ഇക്കാലത്ത് പ്രത്യേകിച്ചും.



ഒഡീഷ്യയിലെ സന്താൾ ഗോത്രവർഗ്ഗ ഭൂരിപക്ഷ പ്രദേശമായ ഉപർബോധാഗ്രാമത്തിൽ ജനിച്ച് വളർന്ന്, സാധാരണ സ്കൂളിൽ പഠിച്ച്, സെക്രട്ടറിയേറ്റ് അസിസ്റ്റന്റായി, അദ്ധ്യാപികയായി, ജില്ലാ പഞ്ചായത്ത് അംഗമായി, നിയമസഭാ സാമാജികയായി, മന്ത്രിയായി, ജാർഖണ്ഡിലെ ആദ്യ വനിതാ ഗവർണറായി മാതൃകാ പൊതുജനസേവനം നിർവഹിച്ച ദ്രൗപതി മുർമുവിന്റെ ജീവിതം ദുരിതങ്ങളുടേയും ദുരനുഭവങ്ങളുടേയും കയ്പുനീർ കുടിച്ച് കരുത്താർന്നതാണ്. നിർമ്മലവും നിസ്തന്ദ്രവുമായ പൊതുജനസേവനമാണ്, അതിസാധാരണക്കാരിയായ ഇവരെ റയ്സീനാകുന്നിലെ രാഷ്ട്രപതി ഭവനിലെത്തിച്ചത്. തീക്ഷ്ണമായ ആ അനുഭവങ്ങളുടെ ഉൾച്ചൂടും കർമ്മപടുത്വവുമെല്ലാം നിശ്ചയമായും അവരുടെ കർമ്മപഥങ്ങളിൽ വീറും വെളിച്ചവുമായി പരക്കും. ശുഭാശംസകൾ.

എഡിറ്റർ
ടി.കെ. ഷഹാൽ ഹസൻ മുസലിയാർ

2022 ജൂലൈ 15 / ആഗസ്റ്റ് 15

പ്രഭാതരശ്മി

പുസ്തകം : 8 ലക്കം : 6



പ്രഭാത സൂര്യനെത്തുമ്പോൾ
ആഹ്ലാദം പരമാർന്നുടൻ
ജീവജാലങ്ങളെല്ലാമേ
ഭാവുകാർത്ഥം ശ്രമിച്ചിടും

ജനാബ് തങ്ങൾകുഞ്ഞ് മുസലിയാർ

എഡിറ്റർ :
ടി.കെ. ഷഹാൽ ഹസൻ മുസലിയാർ
റസിഡന്റ് എഡിറ്റർ :
ടി.കെ. ജലാലുദ്ദീൻ മുസലിയാർ

എക്സിക്യൂട്ടീവ് എഡിറ്റർ :
എസ്. നാസർ

സബ്ബ് എഡിറ്റർ
എൻ.ശ്രീഅയ്യപ്പൻ

ഓഫീസ്, പരസ്യം, സർക്കുലേഷൻ :
എസ്. നജീബ്

ഡി.ടി.പി.
സിന്ധു കെനി

ചിത്രീകരണം :
ജെ.ആർ.പ്രസാദ്
കാരക്കമണ്ഡപം വിജയകുമാർ

കല, കവർ :
അജിത് എസ്. ആർ.

ഉപദേശകസമിതി
ശ്രീ.ടി.പി. ശ്രീനിവാസൻ
ഡോ.എം.എൻ. കാരശ്ശേരി
പ്രൊഫ.വി. കാർത്തികേയൻ നായർ
ഡോ.എസ്. നസീബ്

പ്രഭാതരശ്മി മാസിക
നമ്പർ XV/664,
ഗ്രൗണ്ട് ഫ്ളോർ
ചിന്നക്കട നഗർ -34
കന്റോൺമെന്റ് നോർത്ത്
കൊല്ലം -691 001

ഓഫീസ്, പരസ്യം, സർക്കുലേഷൻ
ഫോൺ : 0474 -2747444,
9446 3537 92, 9447 8950 15
Email: prabhatharashmi@gmail.com

# ഉൾപേജുകളിൽ

3. രാഷ്ട്രപതി ദ്രൗപതി മുർമു (മുഖവുര)
ടി.കെ. ഷഹാൽഹസ്സൻ മുസലിയാർ

6. വായനയ്ക്ക് ശേഷം

13. സ്നേഹാദരങ്ങളോടെ



30. ഹോട്ടലൂണും മലയാളിയും
(നിരീക്ഷണം) ഡോ. സി ഗണേഷ്

35. മണപ്പാട്ടിന്റെ വീറും വിചാരവും:
ഭക്ഷണം: ആദ്യ മലയാള ആഹാരകാര്യ കൃതി
(പഠനം) ബക്കർ മേത്തല

58. പന്തിനൊപ്പം പറന്നവരുടെ കഥയറിയാം
(കായികരംഗം-പുസ്തകവിചാരം)
എ. എൻ. രവീന്ദ്രദാസ്

27. മഞ്ഞിലെ മാർജ്ജാരനെതേടി...
(ജീവലോകം) ജി.ഷഹീദ്

52. ആകാശം സാക്ഷി (കഥ)
ശശിധരൻ ഫറോക്ക്

50. വിദേശനയത്തിൽ വെല്ലുവിളികൾ
(വിദേശരംഗം) ടി.പി.ശ്രീനിവാസൻ

65. അമൃതവർഷിണി (സംഗീതപാഠം) എൻ.ലതിക

66. പ്രിയ (പുനലൂർ രാജൻ
(ഇമേജ് ആർക്കൈവ്) മാങ്ങാട് രത്നാകരൻ

22. രാപ്പാടിയും റോസാപ്പൂവും
(കഥ) ഓസ്കാർ വൈൽഡ്
വിവ: ഡോ.എഴുമറ്റൂർ രാജരാജവർമ്മ


8. കണ്ണീരിന്റേയും ചോരയുടെയും
കഥകൾക്ക് ശേഷം (പിതൃപാദങ്ങളിൽ)
പുതുപ്പള്ളി രാഘവൻ /ഷീല രാഘവൻ

15. മായാത്ത ഒരു മുറിപ്പാട്
(നൊസ്റ്റാൾജിയ) എം.ടി.വാസുദേവൻനായർ

17. തൂക്കുമരച്ചോട്ടിൽ........
(ഓർമ്മ) എസ്.കെ.പൊറ്റെക്കാട്ട്

55. മണ്ണിന്റെ മരണശാസനം
(ശാസ്ത്രം) പ്രതീപ് കണ്ണങ്കോട്


61. ഐ.വി.ശശിയുടെ പണിപ്പുര
(സിനിമ) ജെ.സി.ജോർജ്


40 ചിത്രകാരിയായ ഫ്രീഡകാലോ
(വായന) വൈക്കം മുരളി

44. ബുദ്ദുവും കണ്ണൻ മുയലും
(ബാലരശ്മി) പുനരാഖ്യാനം:
റോസ്മേരി

46. മോഹനവർണങ്ങളുടെ വരവിന്യാസം
(ചുമരും ചിത്രവും)
അജിത് എസ്. ആർ

# കവിത


20. ശർമ്മിഷ്ഠ /കെ.ജയകുമാർ
26. കാൻസർ വാർഡിലെ കൂട്ടിരിപ്പുകാരൻ /കെ.ഡി..ഷൈബുമുണ്ടയ്ക്കൽ
38. കാമിനി / എസ്.അശോക് കുമാർ
38. ഒരു ഐടി വിലാപം /ഗിരിജകുമാരി അമ്മ
39. കലിനളൻ /അരുൺകുമാർ അന്നൂർ
39. കൂന് /ശശിധരൻ കുണ്ടറ
51. വിടപറയുന്നവരോട് /നജാഹുസൈൻ
65. ജ്ഞതം / ശ്രീകല ചിങ്ങോലി

## ഡോ. ഷിവാഗോയെകുറിച്ച്, ഡോ.ആർ.ഗോപിമണി

പ്രഭാതരശ്മിയുടെ ജൂലൈലക്കത്തിൽ വിനുഎബ്രഹാം എഴുതിയ മുട്ടത്ത് വർക്കിയെക്കുറിച്ചുള്ള അനുസ്മരണം, തെറ്റിദ്ധരിക്കപ്പെട്ട ആ പ്രതിഭാശാലിയായ സാഹിത്യകാരന്റെ പ്രകാശം പരത്തുന്ന മറ്റൊരുമുഖം അനാവൃതമാക്കാൻ ഏറെ സഹായിച്ചു. അദ്ദേഹത്തിന്റെ 'ഡോക്ടർ ഷിവാഗോ' എന്ന നോവലിന്റെ മലയാള പരിഭാഷ വായിച്ചാണ് വിപ്ലവത്തിന് ശേഷമുള്ള റഷ്യയുടെ മറ്റൊരു മുഖം ആദ്യമായി മനസ്സിലാക്കുന്നത്. കേരള മനസ്സ്, അറുപതുകളിലും എഴുപതുകളുടെ ഒടുവ്വരേയും സോവിയറ്റ് സോഷ്യലിസ്റ്റ് വിപ്ലവത്തിന് ശേഷമുള്ള റഷ്യയുടെ 'മധുരമനോഹരമുഖം' മാത്രമേ അറിഞ്ഞിരുന്നുള്ളൂ. ഒരു ജനിതക ശാസ്ത്ര വിദ്യാർത്ഥിയെന്ന നിലയിൽ അക്കാലത്ത് റഷ്യയിൽ നിന്നും പ്രസിദ്ധീകരിക്കപ്പെട്ട 'സോവിയറ്റ് സയൻസ്' എന്ന സചിത്ര മാസികയുടെ ആജീവനാന്ത വരിക്കാരനായിരുന്നു ഈയുള്ളവൻ! യു.എസ്സിൽ നിന്നിറങ്ങുന്ന 'സയൻസ്' മാസികയൊന്നും നമ്മുടെ കൊക്കിൽ ഒതുങ്ങുന്നതായിരുന്നില്ലെങ്കിൽ, അക്കാലത്ത് കേവലം 250 രൂപ പ്രഭാത് ബുക്ക്ഹൗസിൽ അടച്ചാണ് ഞാൻ 'സോവിയറ്റ് സയൻസ്' മാസികയുടെ ആജീവനാന്ത വരിക്കാരനായത്! എൺപതുകളിൽ ക്രൂഷ്ചേവിന്റെ 'വെളിപ്പെടുത്തലുകൾ'ക്ക് ശേഷം മാത്രമാണ്, ഞങ്ങൾ ജനിതക വിദ്യാർത്ഥികൾക്ക്, ഏറെ പ്രിയങ്കരനായിരുന്ന എൻ. ഐ. വാവിലോവ് എന്ന ലോകപ്രശസ്തനായ ജനിതക ശാസ്ത്ര പ്രൊഫസറെയും രണ്ടായിരത്തോളം വരുന്ന ജനിതക ശാസ്ത്രജ്ഞന്മാരേയും അറസ്റ്റ് ചെയ്ത് സൈബീരിയയിലേക്ക് നാടുകടത്തി, കമ്പിളി വസ്ത്രങ്ങൾ നിഷേധിച്ചുകൊണ്ട് അവരെ മരണത്തിലേക്ക് തള്ളിയിട്ട കഥകളൊക്കെ പുറത്ത് വന്നത്! വരാനിരിക്കുന്ന ഈ ദുരന്തങ്ങളുടെ പ്രവചനാത്മകമായ ഒരു വിവരണം 'ഡോക്ടർ ഷിവാഗോ' എന്ന നോവലിന്റെ തുടക്കത്തിൽ തന്നെ നമുക്ക് വായിക്കാൻ കഴിയും. പക്ഷേ അതിന്റെ ഹൃദയസ്പൃക്കായ മറ്റൊരാവിഷ്ക്കാരമാണ് പിന്നീട് ഇറങ്ങിയ 'ഡോക്ടർ ഷിവാഗോ' എന്ന ഹോളിവുഡ് സിനിമ നമുക്ക് മുന്നിൽ തുറന്നിടുന്നത്.

1917 ലെ വിപ്ലവത്തിന് ശേഷം ലെനിന്റെ നേതൃത്വത്തിൽ വന്ന ഗവൺമെന്റ് ആദ്യം ചെയ്തത് ജന്മിത്വം തൂത്തെറിഞ്ഞ് കൊണ്ട് ഭൂമിയുൾപ്പെടെ സകലതും ദേശസാൽക്കരിക്കുകയെന്നതായിരുന്നു. പക്ഷേ, തലമുറകളായി തങ്ങൾ കൈവശം വച്ചനുഭവിച്ച കൃഷി ഭൂമി നഷ്ടപ്പെട്ട റഷ്യൻ കർഷകർ തോക്ക് കയ്യിലെടുത്ത് വിപ്ലവ സർക്കാരിനെതിരെ യുദ്ധം പ്രഖ്യാപിച്ചു! 'കുലാക്ക് യുദ്ധം' എന്നറിയപ്പെട്ട ഈ യുദ്ധത്തിൽ ചെമ്പടയുടെ മെഡിക്കൽ ടീമിൽ ഉൾപ്പെട്ട് നീണ്ട 12 വർഷം മോസ്ക്കോയിലെ തന്റെ വലിയ ബംഗ്ലാവിൽ ഭാര്യയേയും ശിശുവായിരുന്ന ഏക പുത്രനേയും തനിച്ചാക്കി പോയിട്ട് യുദ്ധഭൂമിയിൽ നിന്നും തിരിച്ചെത്തുന്ന ഡോക്ടർ ഷിവാഗോയെന്ന യുവാവിന്റെ അനുഭവങ്ങളാണ് നോവലിന്റെ ആദ്യ അദ്ധ്യായം. ഒരു കമ്മ്യൂണിസ്റ്റ് വിപ്ലവത്തിന്റെ അനന്തര ഫലങ്ങളെപ്പറ്റിയൊന്നും ഒരൂഹവുമില്ലാതിരുന്ന ഷിവാഗോ,12 വർഷത്തെ വേർപാടിന്ശേഷം തിരിച്ചെത്തുമ്പോൾ കണ്ടത് തന്റെ രണ്ട് നില ബംഗ്ലാവിന്റെ താഴത്തെ നിലയിലെ മുറികളിൽ തൊഴിലാളി കുടുംബങ്ങൾ താമസിക്കുന്നതാണ്! പനിപിടിച്ച് മുകളിലത്തെ മുറിയിൽ കിടക്കുന്ന മകൻ കുളിര്കൊണ്ട് വിറയ്ക്കുന്നു! മുറി ചൂടാക്കാനുള്ള വിറക് പോലും ഇല്ല! ഭാര്യ, മകനേയും കെട്ടിപ്പിടിച്ച് കണ്ണീരോടെ

## മുട്ടത്ത് വർക്കി, കെ. രംഗനാഥൻ മൈലക്കാട്

മുട്ടത്ത് വർക്കിയേയും രചനകളെയും വല്ലാതെ പരിഹസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. "പൈങ്കിളി" എന്ന സംജ്ഞയിലൊതുക്കി അവഗണിച്ചിരുന്നു. അപ്പോഴും സാധാരണ വായനക്കാരെ ആകർഷിച്ച് കൊണ്ട് ആ രചനകൾ വേറിട്ടൊരു വായനാലോകം സൃഷ്ടിച്ച് മുന്നേറി. എന്തിനേറെ, പൈങ്കിളിയെന്ന് പരിഹസിച്ച ആധുനികരിൽ ചിലർ പിൽക്കാലത്ത് ആ രചനാ ശൈലിയിലേക്ക് തലകുത്തിവീണു. ഇന്ന് മുട്ടത്ത് വർക്കിക്ക് സാഹിത്യപന്തലിൽ ആ അയിത്തമുണ്ടെന്ന് തോന്നുന്നില്ല. ഇന്നും അദ്ദേഹത്തിന്റെ രചനകൾ കൂടുതൽ പേർ വായിച്ച് കൊണ്ടേയിരിക്കുന്നു. ആ സർഗ്ഗപ്രതിഭയുടെ ഉൾത്തുടിപ്പുകൾ അനാവരണം ചെയ്ത വിനു എബ്രഹാമിന് അഭിനന്ദനങ്ങൾ. പണ്ട് പറഞ്ഞ് കേട്ട ഒരു കഥയുണ്ട്. മുണ്ടശ്ശേരി മാസ്റ്ററും മുട്ടത്ത്വർക്കിയും ഒരു സമ്മേളനത്തിൽ ഒന്നിച്ചെത്തി. പ്രൗഢമായ പ്രസംഗത്തിൽ പൈങ്കിളി സാഹിത്യത്തെ മുട്ടത്ത് വർക്കിയെ നോക്കി ഒന്ന് തോണ്ടി. തന്റെ ഊഴമായപ്പോൾ മുട്ടത്ത് വർക്കി സൗമ്യമായി മാസ്റ്ററെ ചൂണ്ടി പറഞ്ഞു. ഞാൻ ഇപ്പോഴും നോവലുകൾ എഴുതിക്കൊണ്ടിരിക്കുന്നു. ചില പണ്ഡിത ശ്രേഷ്ഠരാകട്ടെ എഴുതി നോക്കി പിൻവാങ്ങി. മുണ്ടശ്ശേരിയുടെ 'പ്രൊഫസർ' ഉൾപ്പെടെയുള്ള ചില നോവലുകളെ കുത്തിയായിരുന്നു ആ മറുപടി.

## രവിമേനോന്റെ ഇടവ ബഷീർ

**സുഹൃത് സംഘം, വർക്കല**

സത്യംപറയട്ടെ, ഞങ്ങളുടെ പ്രിയ ബഷീറിക്കായെക്കുറിച്ച് രവിമേനോൻ എഴുതിയകുറിപ്പ് വായിച്ച് കണ്ണ് നിറഞ്ഞുപോയി. മരണത്തിന് ഒരാഴ്ച മുൻപ് ഒരു സുഹൃത്സദസ്സിൽ സുസ്മേരവദനനായി വന്ന് ഞങ്ങളുടെ ആഗ്രഹപ്രകാരം 'അകലെ അകലെ......' എന്ന ഉച്ചസ്ഥായിയിലുള്ള ആ ഗാനംപാടിപ്പോയ ബഷീറിക്കായുടെ ജന്മം സഫലമായി എന്ന് വിശ്വസിച്ച് സമാധാനിക്കുകയാണ് ഞങ്ങൾ. പള്ളികളിലും ക്ഷേത്രാങ്കണങ്ങളിലുമെല്ലാം ആ ഗാനധാര കണ്ണീരണിഞ്ഞ് ഉയിർകൊള്ളും. ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു. രവിമേനോന് അഭിനന്ദനങ്ങൾ

## വായനയ്ക്ക് ശേഷം

## കാവ്യരസംതുളുമ്പുന്ന കവിതകൾ കുരീപ്പുഴയുടേത് ഏറെ ശ്രദ്ധേയം

**ജയചന്ദ്രൻ തഴവ**

കഴിഞ്ഞ ലക്കത്തിലെ(ജൂൺ-ജൂലൈ) കവിതകളെല്ലാം കാവ്യരസം തുളുമ്പുന്നവയാണ്. പ്രകൃതിചൂഷണത്തിനെതിരെയുള്ള പി. കെ ഗോപിയുടെ 'പുതിയ ജീവികളും', മുതുകുളം ഗംഗാധരൻപിള്ള, അഹമ്മദ്ഖാൻ എന്നിവരുടെ 'പൊളിച്ചെഴുത്ത്', 'ഹൃദയപൂർവ്വം' എന്നീ കവിതകൾ വേറിട്ട വായനാനുഭവം പകരുന്നു. മഞ്ചുവെള്ളായണി, കെ. രവീന്ദ്രൻ എന്നിവരുടെ കവിതകളും ശ്രദ്ധേയം.

ഭാവദീപ്തി കൊണ്ടും ശില്പഭംഗി കൊണ്ടും ഏറെ ശ്രദ്ധേയമാണ് കുരീപ്പുഴ ശ്രീകുമാറിന്റെ അജന്ത. ചരിത്രവും സംസ്ക്കാരവും ലയിച്ച് കിടക്കുന്ന അജന്താഗുഹാ ചിത്രങ്ങളുടേയും ബുദ്ധസ്മാരകങ്ങളുടേയും കാഴ്ചാനുഭവങ്ങൾ മികവുറ്റ വാക്ശില്പങ്ങളായി കവി അവതരിപ്പിക്കുന്നു. ഔറംഗാബാദിലെ അജന്താഗുഹയിലെ ശയിക്കുന്ന ബുദ്ധനും വിനീതസുജാതയും കയർക്കുന്ന ഗജങ്ങളും പറക്കുന്ന കിന്നരി വൃന്ദവും കരിങ്കല്ലിലെ ധ്യാനസംഗീതവും കാവ്യചിത്രങ്ങളായി വായനക്കാരന് മുന്നിൽ അണിനിരക്കുന്നു. അപ്രാപ്യമായ കലാവിദ്യയും ശില്പവിസ്മയങ്ങളും തന്നിലെ കാവ്യചോദനയെ തട്ടി ഉണർത്തുന്നതായും കവി ഓർമ്മിപ്പിക്കുന്നു.

## വിവർത്തനകഥ നല്ലത്, കെ. ശ്രീലത പാളയംകുന്ന്

പ്രഭാതരശ്മിയിൽ ഇടക്കിടെ വരാറുള്ള ഏറെ ശ്രദ്ധേയങ്ങളായ വിവർത്തനകഥകൾ നന്ന്. കഴിഞ്ഞ ലക്കത്തിൽ വി. രവികുമാർ വിവർത്തനം ചെയ്ത ഓക്റ്റേവിയോപാസിന്റെ 'തിരയുടെ കൂടെ എന്റെ ജീവിതം' ഏറെ പാരായണസുഖം പകരുന്നതാണ് അഭിനന്ദനങ്ങൾ.

ഇരിക്കുന്നു! വിപ്ലവ സർക്കാരിന് വേണ്ടി 12 വർഷം 'കുലാക്ക് യുദ്ധ'ത്തിൽ പട്ടാള സേവനം നടത്തി തിരിച്ചെത്തിയ തനിക്ക് വിപ്ലവസർക്കാർ തന്ന പ്രതിഫലത്തിന്റെ രീതികണ്ട് കോപാകുലനായ ഷിവാഗോ താഴേക്ക് ഇറങ്ങി ബംഗ്ലാവിന് അതിർത്തിയിട്ടിരുന്ന മുളവേലി തല്ലിപ്പൊളിച്ച് കീറി കഷണങ്ങളാക്കി തന്റെ മുറിയിൽ കൊണ്ടുവന്ന് കത്തിച്ച് രോഗിയായ മകന് ചൂടുപകരുന്നു! പൊതു സ്വത്തായ വേലിപൊളിച്ചതിനെതിരെ പരാതി ലഭിച്ചത് പ്രകാരം അടുത്ത പ്രഭാതത്തിൽ പോലീസുമായി എത്തിയത് തന്റെ സതീർത്ഥ്യനും പ്രിയസുഹൃത്തുമായിരുന്നു! പാർട്ടിയുടെ ലോക്കൽ സെക്രട്ടറിയായ ആ സുഹൃത്താണ് ഷീവാഗോയെ കാര്യങ്ങൾ പറഞ്ഞ്സാന്ത്വനപ്പെടുത്തിയത്. യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെട്ടേപറ്റൂ എന്ന് സുഹൃത്ത് ഷിവാഗോയെ ബോധ്യപ്പെടുത്തുന്നു. ഒരു ഒത്തു തീർപ്പെന്ന നിലയിൽ ഷിവാഗോയ്ക്കും കുടുംബത്തിനും ശാന്തമായി ജീവിക്കാൻ സഹായിക്കുന്ന അവരുടെ ഗ്രാമീണ വസതിയും അനുബന്ധമായുള്ള ഭൂമിയും സുഹൃത്തിന്റെ പാർട്ടി സ്വാധീനം കൊണ്ട് ഷിവാഗോയ്ക്ക് തരപ്പെടുത്തി നൽകുന്നു. പിന്നീടുള്ള കഥ മനുഷ്യ ജീവിതത്തിലെ അഗാധമായ അസ്തിത്വ പ്രഭാവങ്ങളെപ്പറ്റിയുള്ള ചർച്ചകളും മറ്റുമാണ്. ഒരു വിപ്ലവം മനുഷ്യജീവിതങ്ങളെ മാറ്റി മറിക്കുന്ന കഥയാണ് ഡോക്ടർ ഷിവാഗോ എന്ന് ചുരുക്കി പറയാം. ഇതൊക്കെ ഓർമിക്കാനും അയവിറക്കാനും 'പ്രഭാതരശ്മി' ഒരു നിമിത്തമായിരിക്കുന്നു. ഇത്തരം വിലപ്പെട്ട ചിന്തകളുമായി മാസിക മുന്നേറട്ടെയെന്ന് ആശംസിക്കുന്നു.



## സംഗീത സ്മരണ : ഹൃദ്യതരം

**കെ.വിജയധരൻ പരവൂർ**

**സ**രോദ് സംഗീതജ്ഞൻ പത്മവിഭൂഷൺ അലി അക്ബർ ഖാനെക്കുറിച്ച് പി.രവികുമാർ എഴുതിയ ലേഖനം കാര്യമാത്ര പ്രസക്തവും ഏറെ ഹൃദ്യതരവുമായിരുന്നു. അഭിനന്ദനങ്ങൾ: കൊല്ലം നീരാവിലെ ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ വർഷങ്ങൾക്ക് മുൻപ് നടന്ന അദ്ദേഹത്തിന്റെ കച്ചേരിയെക്കുറിച്ച് എസ്.നാസർ എഴുതിയത് വായിച്ചപ്പോൾ ഞാൻ പരവൂരിൽ നിന്നെത്തി ആ സംഗിത വിരുന്ന് ആസ്വദിച്ചത് കൺമുൻപിൽ കാണുന്നതുപോലെ തോന്നി. എത്ര അച്ചടക്കത്തോടെയുള്ള സദസ്സ്. ഏറെ ആദരവോടെ അദ്ദേഹത്തെ വരവേറ്റ നാട്ടുകാർ, എല്ലാം ഒരു പുതിയ അനുഭവമായിരുന്നു. പരേതനായ എന്റെ ഗുരുനാഥൻ കെ.പി. അപ്പൻ സാർ പതിവായി വിജയദശമി ദിനത്തിൽ കുഞ്ഞുങ്ങളെ എഴുത്തിനിരുത്തിയിരുന്നത് നവോദയം ഗ്രന്ഥശാലയിലാണ്.എന്റെ രണ്ട് മക്കളേയും അനന്തരവന്മാരേയും എഴുത്തിനിരുത്തിയത് അവിടെയാണ്. ഏറെ അടുക്കും ചിട്ടയും സദാ വെടിപ്പുള്ള ഒരു ഗ്രന്ഥശാല. അവരുടെ പരിപാടികളിൽ വച്ചാണ് മഹാരഥന്മാരായ ചില കലാകാരന്മാരെ കാണുവാനും അവരുടെ വാക്കുകൾ ശ്രവിക്കാനും ഇടയായത്.



## ബഷീർ സ്മരണ, ശ്രാവണശ്രീ ആർ. ദിലീപ് മുതുകുളം

**ഈ** ജൂലൈ 5 ന് മുഹമ്മദ് ബഷീർ ഓർമ്മയായിട്ട് 28 വർഷം തികയുന്നു. ജൂൺ–ജൂലൈ ലക്കം. പ്രഭാതരശ്മിയിൽ ബഷീറിനെക്കുറിച്ച് മാങ്ങാട് രത്നാകരൻ എഴുതിയ 'ഉമ്മിണി ബല്യ ഒരാളുടെ ഓർമ്മയിൽ വീണ്ടും', ഡോ.സി.ജി രാജേന്ദ്രബാബു എഴുതിയ 'ബഷീറും ഭാർഗ്ഗവീ നിലയവും'വായിച്ചു. ആ പ്രതിഭയെകുറിച്ച് ധാരാളം കാര്യങ്ങൾ മനസ്സിലായി. 1964ൽ ഇറങ്ങിയ 'ഭാർഗ്ഗവീനിലയം' എന്ന ചിത്രത്തിലെ തിരക്കഥ ബഷീറിന്റെ ആയിരുന്നുവല്ലോ. പല പ്രത്യേകതകളും ഉള്ള ചിത്രമായിരുന്നു ഇത്. ഈ ചിത്രത്തിൽ ബാബുരാജ്-യേശുദാസ്ടീമിന്റെ 'താമസം എന്തേ വരുവാൻ.....' എന്ന ഗാനം ഇന്നും വളരെ പ്രശസ്തമായി നിൽക്കുന്നു. ഇതിൽപ്പറഞ്ഞപോലെ വൈക്കം മുഹമ്മദ് ബഷീറിനെ കുറിച്ച് പറഞ്ഞതും എഴുതിയതും ഒന്നും ഒരിക്കലും പൂർണ്ണം ആവുന്നില്ല. ഈ സവിശേഷത ചുരുക്കം ചില എഴുത്തുകാർക്ക് മാത്രം അവകാശപ്പെട്ടതാണ്. അതിനാൽ തന്നെ 28 വർഷം അദ്ദേഹം വിടവാങ്ങിയെങ്കിലും ഇന്നും ലക്ഷക്കണക്കിന് മലയാളികൾ ഓർക്കുന്നു. അദ്ദേഹത്തെ അനുസ്മരിക്കുന്നു. എനിക്ക് 9 വയസ്സ് മാത്രം പ്രായമുള്ളപ്പോൾ ഇറങ്ങിയതാണ് 'ഭാർഗ്ഗവീനിലയം'. ഈ സിനിമയുടെ സി.ഡി ഇപ്പോഴും എന്റെ വീട്ടിൽ ഉണ്ട്. അന്ന് സാങ്കേതികവിദ്യ (58 കൊല്ലം മുൻപ്) വളരാത്ത കാലത്ത് ഈ മലയാള സിനിമയിൽ പല അത്ഭുതങ്ങളും സൃഷ്ടിക്കാൻ ഈ ചിത്രത്തിലെ അണിയറ പ്രവർത്തകർക്ക് കഴിഞ്ഞു. ഈ അത്ഭുത ചിത്രത്തെ കുറിച്ച് പല വിലപ്പെട്ട വിവരങ്ങളും ഈ പംക്തിയിൽ വായിക്കാൻ കഴിഞ്ഞു. മലയാളത്തിലെ ഏറ്റവും ആദ്യം വളരെ ശ്രദ്ധിക്കപ്പെട്ട ചിത്രം ആയിരുന്നു ഇത്. ഇതിൽപ്പറയുന്നപോലെ സൗന്ദര്യം തുളുമ്പുന്ന ഒരു മാജിക്കൽ റിയലിസമാണ് ഭാർഗ്ഗവീനിലയത്തിന്റെ ആത്മാവ്. ഇതിൽ കൊടുത്ത ചിത്രങ്ങൾ ബഷീർ ഭാര്യ ഫാബി, മകൾ ഷാഹിന, മകൻ അനീസ് സഹോദരൻ അബു എന്ന അബുബേക്കർ ഒത്തുള്ള ചിത്രം കോഴിക്കോട് ഒരു സമുചിത സ്മാരകം എന്നീ ചിത്രങ്ങളും മനോഹരങ്ങൾ ആയി.

രവി മേനോൻ എഴുതിയ-അന്തരിച്ച ഗായകൻ ഇടവാ ബഷീറിനെക്കുറിച്ചുള്ള സ്നേഹഗായകന് വിട വായിച്ചു. ഗാനഗന്ധർവ്വൻ കെ.ജെ.യേശുദാസിന്റെ സിനിഹിറ്റ് ഗാനമായ 'മാനാ ഹോ തും......' എന്ന ഗാനം ആലപിച്ച് തീരുമ്പോൾ ആയിരുന്നല്ലോ മരണം. ഇത് ഒരു വലിയ പ്രത്യേകതയാണ്. എന്നെപ്പോലെ ലക്ഷക്കണക്കിന് ആളുകളെപ്പോലെ ഇടവാ ബഷീറും കെ. ജെ. യേശുദാസിന്റെ വലിയ ആരാധകനാണല്ലോ, ഇടവാ ബഷീർ മനോഹരമായി പാടി എങ്കിലും വിരലിൽ എണ്ണാവുന്ന മലയാള ചലച്ചിത്ര ഗാനങ്ങളേ പാടിയിട്ടുള്ളൂ. അദ്ദേഹം'മുക്കുവനെ സ്നേഹിച്ച ഭൂതം' എന്ന ചിത്രത്തിൽ പാടിയ 'ആഴിത്തിരമാലകൾ........' എന്ന ഗാനം ആകാശവാണിയിൽ ഞാൻ ആവശ്യപ്പെട്ടത് അവർ കേൾപ്പിച്ചിരുന്നു.



# കണ്ണീരിന്റേയും ചോരയുടെയും കഥകൾക്ക് ശേഷം

പുതുപ്പള്ളി രാഘവൻ



ഷീലരാഘവൻ

**കേ**രളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം പി.ഭാസ്കരന്റെ കവിത പോലെ 'കണ്ണുനീർ വീണ് നനഞ്ഞതും ധീരർ തൻ അസ്ഥികൾ കൊണ്ട് രചിച്ച ഏടുകൾ' നിറഞ്ഞതുമാണ്. കണ്ണീരിന്റേയും ചോരയുടെയും അക്കഥകളിൽ പുതുപ്പള്ളി രാഘവന്റെ ജീവിതവും ആവേശതപ്തമായ ഒരേടാണ്. പന്ത്രണ്ട് വർഷം ജയിലിലും നാല് വർഷത്തിലധികം ഒളിവിലും കഴിഞ്ഞ ഈ ധീരവിപ്ലവകാരിയുടെ ഇരമ്പുന്ന വിപ്ലവ സ്മരണകളും മറ്റ് രചനകളും നവകേരളത്തിന്റെ ഈടുവയ്പുകളാണ്.

"ക്രൂരമായ പോലീസ് മർദ്ദനങ്ങൾക്ക് ഇരയായ അച്ഛൻ തൊണ്ണൂറ് വയസ്സുവരെ വലിയ കുഴപ്പമില്ലാതെ ജീവിച്ചിരുന്നത് അമ്മയുടെ സ്നേഹപൂർണ്ണമായ പരിചരണം ഒന്നുകൊണ്ട് മാത്രമാണ്. 2000 ഏപ്രിൽ 27 ന് 90-ാം പിറന്നാൾ ആഘോഷിച്ച് നാല് മാസം കഴിയും മുമ്പ് അമ്മയുടെ മുഖത്തേക്ക് നോക്കി കിടന്നുകൊണ്ടാണ് അച്ഛൻ യാത്രയായത്". മകൾ ഷീല രാഘവൻ എഴുതുന്നു.

**ഞാ**ൻ ജനിക്കുമ്പോൾ എന്റെ അച്ഛന് പ്രായം 46 അമ്മയ്ക്ക് 30. അച്ഛൻ മരിക്കുമ്പോൾ എന്റെ പ്രായം 43. അമ്മ മരിക്കുമ്പോൾ 45. ഒളിവിലും, പാർട്ടികെട്ടിപ്പടുക്കുന്നതിനും, പിന്നെ ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാനുമായി ഓടിനടന്ന അച്ഛനോടും അമ്മയോടുമൊപ്പം ചിലവഴിക്കാൻ എനിക്ക് കിട്ടിയിരിക്കുക കേവലം പത്തോ പന്ത്രണ്ടോ വർഷങ്ങൾ. സ്നേഹിക്കാൻ മാത്രം അറിയാമായിരുന്ന രണ്ടാളുകൾ, അവരുടെ മകൾ എന്ന നിലയിൽ എനിക്കർഹതപ്പെട്ട സ്നേഹത്തിന്റെ ഒരംശംപോലും അനുഭവിക്കാനുള്ള നിയോഗം ലഭിച്ചില്ല എന്ന സങ്കടം അവസാന ശ്വാസം വരെ എന്നോടൊപ്പം ഉണ്ടാവും.

എനിക്ക് ആറുമാസം പ്രായമുള്ളപ്പോഴാണ് എന്റെ അനുജത്തി ശോഭ ജനിക്കുന്നത്. അമ്മയുടെ ഇളയ സഹോദരിയുടെ മകൾ. ഒരാഴ്ച പ്രായമുള്ളപ്പോൾ അമ്മ മരിച്ച എന്റെ അനിയത്തി ആറു മാസത്തിനുശേഷമാണ് കാശ്മീരിൽനിന്നും ഞങ്ങളുടെ വീട്ടിൽ എത്തുന്നത്. ആ നിമിഷം മുതൽ അച്ഛൻ മരിക്കുന്നതുവരെ ശോഭ അദ്ദേഹത്തിന്റെ മകൾ ആയിരുന്നു. ഏറെ മുതിർന്ന ശേഷമാണ് ഞങ്ങൾ പോലും ഞങ്ങളുടെ മാതാപിതാക്കൾ വേറെ ആണെന്ന് മനസിലാക്കുന്നത്. ഇന്നും അതറിയാത്ത സുഹൃത്തുക്കളും പരിചയക്കാരും ഏറെ. അച്ഛന്റെ പുസ്തകങ്ങളിൽ വരുന്ന ജീവചരിത്ര കുറിപ്പിൽ കുടുംബം എന്നു പറഞ്ഞ് അച്ചടിച്ചിരിക്കുക ഭാര്യ: ശാന്ത, മക്കൾ ഷീല, ശോഭ എന്നാണ്. അതായിരുന്നു പുതുപ്പള്ളി രാഘവന്റെ സ്നേഹം. പരിചയപ്പെടുന്ന ഓരോ വ്യക്തിക്കും തോന്നും ഞാനാണ് പുതുപ്പള്ളിക്ക് ഏറ്റവും പ്രിയപ്പെട്ട ആൾഎന്ന്. അതിന് പ്രായമോ, ലിംഗമോ, ജാതിയോ ഒന്നും പ്രശ്നമായിരുന്നില്ല. 'നായർ മേധാവിത്വത്തിന്റെ പതനം' എന്ന പുസ്തകം രചിച്ച ഡോ. റോബിൻ ജഫ്രി അച്ഛനെ വിളിച്ചിരുന്നത് അമ്മാവൻ എന്നാണ്. അച്ഛന്റെ കത്തുകൾ ഇന്നും നിധിപോലെ സൂക്ഷിക്കുന്ന പി.ആർ.ഡി.യിൽ നിന്നും വിരമിച്ച എഴുത്തുകാരിയും കവിയുമായ ശുഭാമണി, സ്വന്തം അച്ഛനെ കഴിഞ്ഞാൽ പിന്നെ അച്ഛൻ എന്നു വിളിച്ചിട്ടുള്ളത് പുതുപ്പള്ളി അച്ഛനെയാണ് എന്ന് കിട്ടുന്ന അവസരത്തിലെല്ലാം ചാനലിലൂടെ പറയുന്ന 24 ന്യൂസിന്റെ ശ്രീകണ്ഠൻ നായർ, മുൻ എം.പി. സി.എസ്.സുജാത, എഴുത്തുകാരി കെ.ആർ.മീര, അന്തരിച്ച നോവലിസ്റ്റ് നൂറനാട് ഹനീഫ, കൊല്ലത്ത് ട്യൂട്ടോറിയലും സാഹിത്യവുമൊക്കെയായി നടന്നിരുന്ന തൊടിയിൽ ബഷീർ, ട്യൂട്ടോറിയൽ അദ്ധ്യാപകൻ ആയിരുന്ന ബാബുസാർ..അങ്ങിനെപേരെടുത്തവരുടെ ഒരു നീണ്ട നിര തന്നെയുണ്ട് അച്ഛന്റെ സ്നേഹവും വാത്സല്യവും അനുഭവിച്ചവരുടെ കൂട്ടത്തിൽ.

ഞങ്ങൾ കൊല്ലം എസ്.എൻ.കോളേജിനു സമീപം വാടകക്കു താമസിക്കുമ്പോൾ അതേ കോമ്പൗണ്ടിലുള്ള തൊട്ടടുത്ത വീട്ടിൽ ഷേക്സ്പിയർ വേലായുധൻ നായർ എന്ന് വിദ്യാർത്ഥികൾ വിളിച്ചിരുന്ന പ്രൊഫസർ വേലായുധൻ നായർ സാർ താമസത്തിനു വന്നു. അദ്ദേഹം അന്ന് എസ്.എൻ.കോളേജിൽ ഇംഗ്ലീഷ് വിഭാഗം മേധാവി പദവിയിൽ നിന്നും വിടുതൽ ചെയ്തിരുന്നു. കായംകുളം ബോയ്സ് ഹൈസ്കൂളിലെ സതീർത്ഥ്യരുടെ പുനസമാഗമം വളരെ നീണ്ട ഒരു ഇടവേളക്കു ശേഷം വീണ്ടും ഒരുമിച്ചപ്പോളുള്ള സ്നേഹം വിവരണാതീതമായിരുന്നു. ഞങ്ങളുടെ രണ്ടു വീടുകളും തമ്മിൽ വളരെ അടുത്തു. അച്ഛന് അസുഖം ലേശം കലശലായി തിരുവനന്തപുരം എസ്.യു.ടി ആശുപത്രിയിൽകിടക്കുന്നു എന്നറിഞ്ഞ് സാറിന്റെ മരുമകൻ ഡി.ഐ.ജി. ആയിരുന്ന കൃഷ്ണൻ നായർ സാർ അച്ഛനെ കാണാൻ വന്നു. അദ്ദേഹത്തെ കണ്ടു കഴിഞ്ഞപ്പോൾ അച്ഛന് ഒരാഗ്രഹം, അദ്ദേഹത്തെ യൂണിഫോമിൽ കാണണം. കുറേനാളുകളായി യൂണിഫോം ധരിക്കാതിരുന്ന അദ്ദേഹം അടുത്ത ദിവസം പോലീസ് ഫോട്ടോഗ്രാഫറെയും കൂട്ടി ഫുൾ യൂണിഫോമിൽ അച്ഛന്റെ അടുത്തെത്തി. അച്ഛൻ മരിച്ചപ്പോൾ അനാരോഗ്യം കാരണം വേലായുധൻ നായർ സാറിന് എത്താൻ കഴിഞ്ഞില്ല.പകരം കത്തെഴുതി അമ്മയെ ആശ്വസിപ്പിച്ചു. അമ്മയുടെ മരണശേഷം ഞാൻ സാറിനെ കാണാൻ ചെല്ലുമ്പോൾ എന്നെ കെട്ടിപ്പിടിച്ച് 'എന്റെ അനിയത്തിയും പോയി'. എന്ന് ഉച്ചത്തിൽ നിലവിളിച്ച പൊട്ടിക്കരഞ്ഞ സാറിനെ എങ്ങനെ മറക്കാനാകും...

സൗഹൃദങ്ങളും സ്നേഹബന്ധങ്ങളും ആയിരുന്നു അച്ഛന്റെ ജീവൻ നിലനിറുത്തിയ ഊർജ്ജം ചെറുപ്പത്തിൽ ലഭിക്കാതെ പോയ സ്നേഹം പിൽക്കാലത്ത് അദ്ദേഹം കൊടുത്തു തീർക്കുകയായിരുന്നു.അമ്മയുടെ വീട്ടുകാരുടെഎതിർപ്പിനെ മറികടന്ന വിവാഹം ആയിരുന്നു അവരുടേത്. പഠിത്തം ഉപേക്ഷിച്ച് ഉപ്പു സത്യാഗ്രഹത്തിനുപോയപ്പോഴേ അച്ഛൻ വീട്ടിൽ നിന്നും പുറത്തായി കഴിഞ്ഞിരുന്നു. എല്ലാവരോടുമുള്ള സ്നേഹവും കരുതലും തന്നെയാണ് പിന്നീട് അമ്മയുടെ ബന്ധുക്കളുടെയും സ്വന്തക്കാരുടെയുമെല്ലാം വീട്ടിൽ അച്ഛനെ ഏറെ സ്വീകാര്യനാക്കിയത്.


ആറോ ഏഴോ വയസുള്ളപ്പോൾ സ്കൂളിൽ നടന്ന ഒരു പന്തിഭോജനത്തിൽ പങ്കെടുത്തുകൊണ്ടാണ് അച്ഛന്റെ പൊതു പ്രവർത്തനം തുടക്കം. കൂട്ടുകാരുമൊത്ത് കളിക്കുക, കാപ്പി കുടിക്കുക എന്നതിൽ കവിഞ്ഞ് പന്തിഭോജനത്തിന്റെ പ്രാധാന്യമോ സാമൂഹിക പ്രത്യാഘാതമോ ഒന്നും അന്ന് അറിയില്ലായിരുന്നു എന്നാൽ അതിന് സ്വന്തം വീട്ടിൽ നിന്നും അ



ഭാര്യ ശാന്തയും സഖാവ് പുതുപ്പള്ളി രാഘവനും



ഇ.കെ.നായനാരുടെ ആദരം




നുഭവിക്കേണ്ടിവന്ന ശാരീരികവും മാനസികവുമായ പീഢനം മരണം വരെ മറന്നിരുന്നില്ല. വിദ്യാർത്ഥിയായിരിക്കെ തന്നെ സ്വകീയമായ രീതിയിൽ സ്വാതന്ത്ര്യസമരവും, അയിത്തവും, തീണ്ടലും തൊടീലുമൊക്കെയായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന അച്ഛൻ, പത്താംക്ലാസ് പഠനം പൂർത്തിയാക്കാതെ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കാൻ പയ്യന്നൂരേക്ക് പോയി. പിന്നെ ആദ്യ ജയിൽവാസം. മോചിതനായപ്പോൾ അദ്ദേഹം ക്വിറ്റ് ഇന്ത്യ സമരത്തിന്റെ ഭാഗമായി വിദേശ സാധനങ്ങൾ വിൽക്കുന്ന കടകൾ പിക്കറ്റു ചെയ്ത് വീണ്ടും ജയിലിലായി. ജയിൽ വാസമൊക്കെ കഴിഞ്ഞു മടങ്ങി എത്തിയപ്പോഴേക്കും വീട്ടിൽ നിന്നും പേരു പൂർണ്ണമായും വെട്ടിയിരുന്നു. അങ്ങനെയാണ് എന്നന്നേക്കുമായി വീടിനോടു വിടപറയുന്നത്. സ്വന്തം അച്ഛന്റെ മരണത്തോടെ മുടങ്ങി പോയ സംസ്കൃതപഠനം തുടരാനുള്ള താല്പര്യത്തോടെ പട്ടാമ്പിയിൽ പുന്നശ്ശേരിയിൽ ശ്രീ നീലകണ്ഠ ശർമ്മയുടെ സവിധത്തിലെത്തി. അദ്ദേഹം വളരെ സ്നേഹവാത്സല്യങ്ങളോടെ പഠിപ്പിക്കാൻതയ്യാറായി. താമസിക്കാനും ജീവിക്കാനുമുള്ള സാഹചര്യങ്ങളും ഒരുക്കിക്കൊടുത്തു. അച്ഛന്റെ ജീവിതത്തിലെ ഏറ്റവും നല്ല ദിനങ്ങളിൽ അവിടത്തെ താമസവും ഉൾപ്പെടുന്നു. എന്നാൽ വി.ടി. ഭട്ടതിരിപ്പാടിനോടും പ്രേംജിയോടും മറ്റും ചേർന്ന് വിധവാ വിവാഹത്തിൽ പങ്കെടുത്തതിന്റെ ഭാഗമായി സംസ്കൃത വിദ്യാഭ്യാസത്തിനു തിരശീല വീണു. അവിടെ നിന്നും ഇന്ത്യയാകെ കാണുക എന്ന ഉദ്ദേശത്തോടെ ഒരു യാത്രയിലായി.

ഈ.വി.ആർ. എന്ന പെരിയോരെയും, ഗാന്ധിജിയെയും, വിനോബാ ഭാവേയും മറ്റു പല സ്വാതന്ത്ര്യ സമര സേനാനികളെയും ഈ യാത്രയ്ക്കിടയിൽകണ്ടു. ഗ്രാമങ്ങൾ താണ്ടി ഗ്രാമീണരെ കണ്ട അദ്ദേഹത്തിന് ഭക്ഷണവും തലചായ്ക്കാൻ ഇടവും അവർ നൽകി. കാശ്മീരും കാശിയുമെല്ലാം യാത്രയുടെ ഭാഗമായി. കാശിയിൽ വെച്ചു വായിക്കാനിടയായ ഒരു മലയാളം പത്രത്തിൽ നിന്നും തിരുവിതാംകൂറിലെ രാഷ്ട്രീയ സാഹചര്യങ്ങൾ മനസിലാക്കിയ അദ്ദേഹം യാത്ര മതിയാക്കി മടങ്ങിയെത്തി. യൂത്ത് ലീഗിലും, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിലും പ്രവർത്തിച്ച അദ്ദേഹം കമ്മ്യൂണിസ്റ്റു പാർട്ടിയിലെ അംഗമായി.പാർട്ടി പിളരുന്നതുവരെ പാർട്ടിയംഗവും മരണം വരെ കമ്മ്യൂണിസ്റ്റായും ജീവിച്ചു. പന്ത്രണ്ടു വർഷത്തെ ജയിൽവാസവും നാലു വർഷത്തിലധികം ഒളിവിലും കഴിഞ്ഞു. മദ്ധ്യതിരുവിതാംകൂറിലും കർണ്ണാടകയിലും പാർട്ടി കെട്ടിപ്പടുക്കാൻ നിയോഗിക്കപ്പെട്ടു. കർണ്ണാടകയിൽ പ്രമുഖ എഴുത്തുകാരനും നോവലിസ്റ്റുമായ നിരഞ്ജനോടൊപ്പം പ്രവർത്തിക്കുകയും ജയിൽവാസം അനുഭവിക്കുകയും ചെയ്തു. തോപ്പിൽഭാസി, കാമ്പിശ്ശേരികരുണാകരൻ തുടങ്ങിയവരെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിന് മുഖ്യപങ്കു വഹിച്ചു. ശൂരനാട് കേസുൾപ്പെടെ നിരവധി കേസുകളിൽ പ്രതിയായി. പോലീസിന്റെ ക്രൂര മർദ്ദനങ്ങൾക്ക് ഇരയായി. ആദ്യമായി ബാലറ്റിലൂടെ കമ്മ്യൂണിസ്റ്റു ഗവൺമെന്റ് നിലവിൽ വന്ന ഇലക്ഷനിൽ കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥികളുടെ വിജയത്തിനായി അഹോരാത്രം പ്രവർത്തിച്ചു. എന്നാൽ ഒരിക്കലും അധികാര രാഷ്ട്രീയത്തിന്റെ ഭാഗമായില്ല. പാർട്ടി പ്രവർത്തനത്തിലും സാധാരണ ജനങ്ങളുടെ ഉന്നമനത്തിനും ഉച്ചനീചത്വങ്ങളും ജാതിമത വിവേചനവും നിർ

മ്മാർജ്ജനം ചെയ്യുന്നതിലുമാണ് അച്ഛൻ ശ്രദ്ധിച്ചത്.

1964 ലെ പാർട്ടി പിളർപ്പ് ഏൽപിച്ച ആഘാതം വളരെ വലുതായിരുന്നു. മരണംവരെ അതുമായി പൊരുത്തപ്പെടാനും അച്ഛന് കഴിഞ്ഞില്ല. പാർലമെന്റിൽ പ്രധാന പ്രതിപക്ഷമായിരുന്ന പാർട്ടി, കുറച്ചുപേർ ഇറങ്ങിപോയി പുതിയ പാർട്ടി ഉണ്ടാക്കി. പാർട്ടി തന്നെ വീണ്ടും വീണ്ടും പിളർന്നു.പാർലമെന്റിലെ അംഗസംഖ്യ കുറഞ്ഞു കുറഞ്ഞ് ഇപ്പോൾ വിരലിൽ എണ്ണാൻ മാത്രമായി. അതും ആരുടെയൊക്കെയോ ഔദാര്യം. പ്രതീക്ഷ ഉണർത്തിയ ഒരു പ്രസ്ഥാനം. അനേകായിരങ്ങൾ ജീവൻ കൊടുത്തു വളർത്തിയ പ്രസ്ഥാനം, നല്ല ഒരു ഇന്ത്യ കെട്ടിപ്പടുക്കാനുള്ള അവസരം കളഞ്ഞുകുളിച്ച് ഒന്നുമല്ലാതായി മാറിയതിൽ അച്ഛൻ വളരെ ഖിന്നനായിരുന്നു.

സജീവ രാഷ്ട്രീയത്തിൽ നിന്നും വിരമിച്ച അച്ഛൻ ജീവിക്കാനായി പേനയുമായി അങ്കം വെട്ടിയ ദിനങ്ങളായിരുന്നു പിന്നീട്.ഔദ്യോഗിക വിദ്യാഭ്യാസം പത്താംക്ലാസ് മുഴുമിപ്പിക്കാതെ അവസാനിച്ചെങ്കിലും സ്വയം വായിച്ചും പഠിച്ചും വിജ്ഞാനദാഹത്തെ ശമിപ്പിച്ചു. പുസ്തകങ്ങളുടെയും പഴയ പത്ര മാസികകളുടെയും ഒരു വലിയ ശേഖരത്തിന്റെ ഉടമയായിരുന്നു അച്ഛൻ. കേരളത്തിലെയും, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെയും, വിദേശ സർവ്വകലാശാലകളിലെയും ഗവേഷണ വിദ്യാർത്ഥികൾ അച്ഛന്റെ വിജ്ഞാനശേഖരവും സഹായവും തേടിയെത്തി. വന്നവരെയെല്ലാം സ്നേഹത്തോടെ സ്വീകരിച്ച് വേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തു. പുസ്തകങ്ങൾ കൊടുത്തു വിടുന്നതൊഴിച്ച്. പുസ്തകങ്ങളെ അത്രയധികം അച്ഛൻ സ്നേഹിച്ചിരുന്നു. അച്ഛന് ലഭിക്കാതെപോയ വിദ്യാഭ്യാസം എല്ലാവർക്കും ലഭിക്കണം എന്ന് ആഗ്രഹിച്ചു. അമ്മയുടെ അനുജത്തി ബി. എസ്.സിക്ക് ഏതോ ഒരു വിഷയത്തിൽ തോറ്റ് ഇനി പഠിക്കുന്നില്ല എന്നു തീരുമാനിച്ചപ്പോൾ 'ഒന്നുകിൽ നീ ജയിക്കണം യൂണിവേഴ്സിറ്റി തോൽക്കണം. അല്ലെങ്കിൽ യൂണിവേഴ്സിറ്റി തോൽക്കണം നീ ജയിക്കണം. അതുവരെ നീ പഠിക്കും.' എന്നു പറഞ്ഞ് കുഞ്ഞമ്മയെ കോളേജിലേക്ക് മടക്കി അയച്ചു.സാമ്പത്തിക പ്രയാസം കാരണം വിദ്യാഭ്യാസം തുടരാൻ പറ്റാത്തവരെകഴിവിനൊത്ത് സഹായിച്ചു. വായിക്കാനും പഠിക്കാനും ജോലി സമ്പാദിക്കാനും എല്ലാവരെയും അച്ഛൻ പ്രോത്സാഹിപ്പിച്ചു. കൊച്ചു മക്കളിൽ വരെ വായനാശീലം ഉറപ്പിച്ചശേഷമാണ് അവരുടെ അപ്പൂപ്പൻ മറഞ്ഞത്.

അച്ഛനെ സാഹിത്യ രചനയിലേക്ക് കൈ പിടിച്ചു കയറ്റിയത് തകഴി ആയിരുന്നു. വിവേകോദയത്തിലേക്ക് എന്തെങ്കിലും എഴുതികൊടുക്കണം എന്നു പറഞ്ഞ് അച്ഛന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ അറിയാമായിരുന്ന അദ്ദേഹം അഡ്വാൻസായി പണം നൽകുകയായിരുന്നു. ആ കൈനീട്ടം ഫലിച്ചു. എമിലിസോള, ദസ്തയേവ്സ്കി, മോപ്പോസാങ്ങ് ടോൾസ്റ്റോയി തുടങ്ങിയ ലോക പ്രശസ്തരായ എഴുത്തുകാരുടെ കൃതികൾ അച്ഛൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. സുഗതൻസാർ, സ്വദേശാഭിമാനി, മന്മധനാഥ് ഗുപ്ത തുടങ്ങിയ ജീവിതചരിത്രങ്ങൾ, സാഹിത്യ അക്കാദമി ഫെലോഷിപ്പോടുകൂടി എഴുതിയ 'പത്രപ്രവർത്തന ചരിത്രം' ഇന്നും ജേർണലിസം പഠിക്കുന്നവരുടെ പ്രധാനപുസ്തകമാണ്.ഡോ. റോബിൻ ജെഫ്രിയുടെ 'ഡിക്ലൈൻ ഓഫ് നായർ ഡോമിനൻസ്' എന്ന പുസ്തകം 'നായർ മേധാവിത്വത്തിന്റെ


പുതുപ്പള്ളിയുടെ മക്കളായ ഷീലയും ശോഭയും ഉറ്റ കുടുംബ മിത്രമായിരുന്ന ഷേക്സ്പിയർ വേലായുധൻ നായർക്കൊപ്പം


കുടുംബസുഹൃത്തായ ഡി.ഐ.ജി. എൻ കൃഷ്ണൻ നായർ പുതുപ്പള്ളിയുടെ ആഗ്രഹപ്രകാരം യൂണിഫോമിൽ സന്ദർശിച്ചപ്പോൾ

പതനം'എന്നപേരിൽ എം.എസ്. ചന്ദ്രശേഖര വാര്യരുമായി ചേർന്ന് വിവർത്തനം ചെയ്തു. ആത്മകഥാംശമുള്ള 'കണ്ണീരിന്റെയും ചോരയുടെയും കഥകൾ' ആത്മകഥയായ 'വിപ്ലവ സ്മരണകൾ' എന്ന ബൃഹത് ചരിത്ര ഗ്രന്ഥം തുടങ്ങി നിരവധി പുസ്തകങ്ങൾ അച്ഛന്റെ തൂലികയിൽ നിന്നും പിറന്നു. പലരുടെയും കൃതികൾ എഡിറ്റു ചെയ്യുകയും പൈസയുടെ ആവശ്യംമൂലം പലരുടെയും പേരിൽ പുസ്തകങ്ങൾ എഴുതിക്കൊടുക്കുകയും ചെയ്തു. ആനുകാലികങ്ങളിലും പത്രങ്ങളിലും ലേഖനങ്ങൾ എഴുതി. എന്തെഴുതിയാലും അതിന്റെ ആധികാരികത ഉറപ്പുവരുത്തുവാൻ അച്ഛൻ ശ്രദ്ധിച്ചിരുന്നു. അച്ഛൻ പത്രാധിപരായി മൂന്നു മാസികകൾ പുറത്തുവന്നു, പ്രതിഭ, സയൻസ്, ദിവ്യകോകിലം. മലയാളത്തിൽ ആദ്യമായി തുടങ്ങിയ ശാസ്ത്രമാസിക ആയിരുന്നു. 'സയൻസ്'. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ഏതാനും ലക്കങ്ങൾ കഴിഞ്ഞ് അവയെല്ലാം നിന്നുപോയി.

സുഹൃദ് ബന്ധങ്ങൾ സ്ഥാപിക്കുവാനുംഅത് നിലനിറുത്തുവാനും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു. എല്ലാവരുമായും നിരന്തരം കത്തുകളിലൂടെ ബന്ധപ്പെട്ടു.ലഭിക്കുന്ന കത്തുകൾക്ക് വളരെ കൃത്യമായി മറുപടി അയച്ചിരുന്നു. ഒരു ദിവസം തപാൽ വരാതെയിരിക്കുകയോ, ഫോൺ വിളികൾ ഇല്ലാതിരിക്കുകയോ ചെയ്താൽ എല്ലാവരും എന്നെ മറന്നു എന്ന് സങ്കടപ്പെടും. വിപ്ലവകാരി എന്ന് വിശേഷിപ്പിക്കപ്പെട്ടെങ്കിലും അച്ഛൻ ഒരു ദുർബ്ബലഹൃദയൻ ആയിരുന്നു. ആരുടെയും വിഷമം കാണാനുള്ള മനസ് ഇല്ലാത്ത, കണ്ണുകൾ നിറയുകയും ശബ്ദം ഇടറുകയും ചെയ്യുന്ന ഒരു സാധാരണ മനുഷ്യൻ. അച്ഛൻ വീട്ടിൽ ഉള്ളപ്പോൾ ഞങ്ങളുടെ വീട് ശബ്ദമുഖരിതമായിരിക്കും. അച്ഛനെ കാണാൻ എന്നും ആരെങ്കിലുമൊക്കെ എത്തും. പിന്നെ ഒരു ബഹളമാണ്. പൊട്ടിച്ചിരികളും സംസാരവും. വീട്ടിലുള്ള എല്ലാവരെയും, കുട്ടികൾ ഉൾപ്പെടെ, അതിൽ ഭാഗഭാക്കാക്കും. അമ്മയോടൊഞങ്ങളോടൊ എന്തെങ്കിലും ചെറിയ പിണക്കം ഉണ്ടായാൽ അതോടെ വീടുറങ്ങും, ഒരു ശ്വാസം മുട്ടിക്കുന്ന നിശബ്ദതയാണ് പിന്നെ. ശോഭയും ഞാനും ആരെങ്കിലും വന്നെങ്കിൽ എന്ന് പ്രാർത്ഥിക്കും. ആരെങ്കിലും വന്നാൽ വഴക്കും പിണക്കവുമൊക്കെ മറന്ന് അന്തരീക്ഷം വീണ്ടും ശബ്ദായമാനമാകും.



പുതുപ്പള്ളി രാഘവനും പേരൂർ മാധവൻപിള്ളയും ശൂരനാട് കേസിൽ പോലീസ് പിടിയിലായപ്പോൾ

അച്ഛന് അമ്മയും, അമ്മയ്ക്ക് അച്ഛനും പരസ്പരം ശക്തിയും ദൗർബല്യവും ആയിരുന്നു. അച്ഛന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമായ പിന്തുണയുമായി എന്നും എപ്പോഴും അമ്മ അച്ഛന്റെവിളിപ്പുറത്ത് ഉണ്ടായിരുന്നു. അച്ഛന്റെ നാവിൽ നിന്നും ഏറ്റവും കൂടുതൽ പുറത്തുവന്ന വാക്ക് ''ശാന്തേ....'' എന്ന വിളി ആയിരുന്നു. അമ്മയുടേതാകട്ടെ ''എന്താ സഖാവെ...'' എന്നും. പഠിക്കാൻ സമർത്ഥയും നല്ലയൊരു അദ്ധ്യാപികയുമായിരുന്ന അമ്മ കൂടുതൽ പഠിക്കണം എന്നും ജോലിക്കു പോകണമെന്നും അച്ഛൻ ആഗ്രഹിച്ചിരുന്നു. പല പ്രാവശ്യം അമ്മയോട് അതേപ്പറ്റി സംസാരിക്കുകയും ചെയ്തു. എന്നാൽ രാഷ്ട്രീയക്കാരിയും സാംസ്ക്കാരിക പ്രവർത്തകയും മറ്റുമായിരുന്ന അമ്മ അച്ഛനെ ശുശ്രൂഷിക്കുന്നതിലും അച്ഛന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിലേക്കുമായി ചുരുങ്ങി. ക്രൂരമായ പോലീസ് മർദ്ദനങ്ങൾക്ക് ഇരയായ അച്ഛൻ തൊണ്ണൂറുവയസുവരെ വലിയ കുഴപ്പമില്ലാതെ ജീവിച്ചിരുന്നത് അമ്മയുടെ സ്നേഹപൂർണ്ണമായ പരിചരണം ഒന്നുകൊണ്ടുമാത്രമാണ്. 2000 ഏപ്രിൽ 27 ന് തൊണ്ണൂറാം പിറന്നാൾ ആഘോഷിച്ച് നാലുമാസം കഴിയും മുൻപ് അമ്മയുടെ മുഖത്തുനോക്കി കിടന്നുകൊണ്ട് അച്ഛൻ യാത്രയായി. അച്ഛന്റെ ശബ്ദവും സാന്നിദ്ധ്യവുമില്ലാത്ത ജീവിതം ദുസഹമായി അമ്മക്ക് അനുഭവപ്പെട്ടിരിക്കണം. അച്ഛന്റെ മൂന്നാം ചരമ വാർഷികത്തിന് നാലു മാസം ബാക്കി നിൽക്കെ 2002 ഡിസംബർ 16ന് അച്ഛന്റെ പിൻവിളിതേടി അമ്മയും യാത്രയായി..

അച്ഛനോടും അമ്മയോടുമൊപ്പം കൊതിതീരെ കഴിയാൻ പറ്റാതെ, അവരുടെ സ്നേഹവാത്സല്യങ്ങൾ ആവോളം ആസ്വദിക്കാതെ, അവരുടെ പ്രതീക്ഷകൾക്ക് ഒപ്പം ഉയർന്നില്ല എന്ന മാനസിക സംഘർഷത്തോടെ ഞാൻ ബാക്കി. ഈ അച്ഛന്റെയും അമ്മയുടെയും മകളായി എത്ര ജന്മം ജനിച്ചാലും അത് അധികമാകില്ല. പുനർജന്മം എന്നൊന്ന് ഉണ്ടായിരുന്നെങ്കിൽ..... വെറുതെ എങ്കിലും ആഗ്രഹിച്ചു പോകുന്നു.

# സ്നേഹാദരങ്ങളോടെ.....

കഥ, നോവൽ, തിരക്കഥ, നാടകം, ലേഖനം, സിനിമാ സംവിധാനം തുടങ്ങി തൊട്ടതെല്ലാം കാഞ്ചനമാക്കുകയും മലയാള ഭാഷാനുഭവത്തിന്റെ യുഗമാവുകയും ചെയ്ത എം.ടി വാസുദേവൻ നായർക്ക് ഇത് നവതി വർഷമാണ്.

എം.ടി സാഹിത്യത്തിന് ആധാര ശ്രുതി തീർത്ത നിളാ നദിയെപ്പോലെ നിതാന്തയൗവ്വനമാണ് അദ്ദേഹത്തിന്. മലയാളിയുടെ സംസ്ക്കാരമായി ഒഴുകുന്ന ആ പുഴയുടെ തീരങ്ങളിൽ മുളച്ച് വളർന്ന ഈ മഹാകഥാകാരനെ നമസ്ക്കരിക്കാൻ 90 ന്റെ കടവത്ത് സ്നേഹാദരങ്ങളുടെ ആയിരം മൺചെരാതുകൾ ഒഴുക്കാം.



ഫോട്ടോ:പി.മുസ്തഫ

# കോഴിക്കോടിനെ നടുക്കിയ അരുംകൊല

കോഴിക്കോടിന്റെ പെരുമയായിരുന്നു ഒരു കാലത്ത് വീറ്റ് ഹൗസ്. എഴുത്തുകാരും കലാകാരന്മാരും പൊതുപ്രവർത്തക പ്രമുഖരുമെല്ലാം ഒത്ത് ചേരുന്ന ഒരിടം. ചീട്ടുകളിയും സായാഹ്ന ചർച്ചകളും സോറപറച്ചിലും ഭക്ഷണവുമെല്ലാമായി സദാ മുഖരിതമായിരുന്നു. അഞ്ചര പതിറ്റാണ്ടുകൾക്ക് മുൻപ് അവിടെ നടന്ന ഒരു അരുംകൊലയുടെ കഥയാണിത്.

ചീട്ട് കളിക്കിടയിലുണ്ടായ നേരിയ ഒരസ്വാരസ്യമായിരുന്നു നിമിത്തം. 1965 ഒക്ടോബർ 6 ന് വൈകിട്ട് ഏഴിന് മുഹമ്മദ് സ്രാങ്ക് എന്നൊരാളുടെ കഠാരക്കുത്തേറ്റ് രണ്ട് പേർ തൽക്ഷണം മരിച്ചു. മരിച്ചവരിൽ ഒരാൾ പരോപകാരിയും പൊതുകാര്യപ്രസക്തനും കലാതല്പരനും വിപുലമായ സൗഹൃദവൃന്ദത്തിന് ഉടമയും ഏറെ പ്രിയങ്കരനുമായിരുന്ന മുല്ലവീട്ടിൽ അബ്ദുറഹിമാൻ സാഹിബ്. മറ്റൊരാൾ അദ്ദേഹത്തിന് ഒപ്പമുണ്ടായിരുന്ന ബപ്പൻ കോയ. കൊലയാളി ലക്ഷ്യമിട്ട മൂന്നാമതൊരാൾ തലനാരിഴക്ക് രക്ഷപ്പെട്ടു.

മുല്ലവീട്ടിൽ അബ്ദുറഹിമാന്റെ വിയോഗം അക്ഷരാർത്ഥത്തിൽ നഗരത്തെ നടുക്കി. ഈ വേർപാട് എം. ടിയെ പിടിച്ചുലക്കുക തന്നെ ചെയ്തു. കൂടല്ലൂരിൽ നിന്ന് കോഴിക്കോട്ടെത്തിയ ആദ്യനാളുകൾ മുതലുള്ള ഉറ്റ മിത്രമായിരുന്നു അബ്ദുറഹിമാൻ. സംഭവ ദിവസം വൈകിട്ടും വീറ്റ് ഹൗസിലെ പതിവ് കൂടിക്കാഴ്ചയ്ക്ക് ശേഷം വീട്ടിലേക്ക് പോയതാണ് എം.ടി.

32 വർഷത്തിന് ശേഷം അബ്ദുറഹിമാന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിച്ച സ്മരണികയിൽ എം. ടി എഴുതി. "അടുത്തിടപഴകിയ സുഹൃത്തുക്കളുടെയെല്ലാം മനസ്സുകളിൽ ആ നഷ്ടബോധം വർഷങ്ങൾക്ക് ശേഷവും നിലനിൽക്കുന്നു. ഉണങ്ങാത്ത ഒരു മുറിപ്പാടുപോലെ . പി.ഭാസ്കരൻ, തിക്കോടിയൻ, പവനൻ, വി.ടി ഇന്ദു ചൂഡൻ, വി.അബ്ദുള്ള, കെ.ടി മുഹമ്മദ്, ടി.ദാമോദരൻ, യു. എ.






ഖാദർ കെ.പി. കുഞ്ഞിമൂസ്സാ, മലപ്പുറം പി.മൂസ്സാ, പി.ടി ഭാസ്ക്കരപ്പണിക്കർ, മുൻ എം.എൽ.എ. സി.പി. ബാലൻ വൈദ്യർ എന്നിവരുടെ സ്മരണാക്കുറിപ്പുകളും, ഇ. എം. എസിന്റെയും ഇ.കെ. നായനാരുടേയും സന്ദേശങ്ങളും സ്മരണികയിൽ അബ്ദുറഹിമാന്റെ സ്നേഹ വായ്പുകളുടെ ആഴവും പരപ്പും വ്യക്തമാക്കു ന്നു.

കൗമുദി പത്രാധിപരായിരുന്ന കെ. ബാലകൃഷ്ണന്റെ ഹൃദയ ഹാരിയായ ഓർമ്മകളും ഫാബിയെ കണ്ടെത്തി വൈക്കം മുഹമ്മദ് ബഷീറിനെക്കൊണ്ട് നിക്കാഹ് നടത്തിച്ച് വൈലാലിൽ സ്ഥലം വാങ്ങി വീട് വച്ച് കുടിയിരുത്തുന്നതിനുമെല്ലാം റഹിമാൻ മുന്നിൽ നിന്ന് വഹിച്ച പങ്ക് അനുസ്മരിക്കുന്ന ഫാബിബഷിറിന്റെ കുറിപ്പുമെല്ലാം വായിച്ച് സ്മരണിക മടക്കുമ്പോൾ അബ്ദുറഹിമാന്റെ ജീവിതകഥ എത്ര സംഭവബഹുലവും സ്നേഹാർദ്രവുമായിരുന്നുവെന്ന് നാം തിരിച്ചറിയുന്നു.

കൊലയാളിയായ മുഹമ്മദ് സ്രാങ്കിനെ, വധശിക്ഷ സുപ്രീം കോടതിയും ശരിവെച്ച് പ്രസിഡന്റിന്റെ ദയാഹർജിയും തള്ളപ്പെട്ടതിനെ തുടർന്ന് ഒടുവിൽ തൂക്കിലേറ്റി. കൊലക്കയറിന്റെ നിഴലിൽ നിന്ന ആ കൊലയാളിയെ ജയിലിലെ ഏകാന്ത തടവറക്ക് മുന്നിൽവച്ച് എം.പി. ആയിരുന്ന എസ്.കെ.പൊറ്റെക്കാട്ട് കണ്ടരംഗം 'കൊലക്കയർ' എന്ന വിശദമായ ഒരു കുറിപ്പിലൂടെ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്നുള്ള പ്രസക്തഭാഗങ്ങളും ഇതോടൊപ്പം ചേർക്കുന്നു. ഈ ദാരുണ സംഭവത്തെ പശ്ചാത്തലമാക്കി എം.ടി എഴുതിയ പ്രസിദ്ധമായ കഥയാണ് 'ശത്രു'. അക്കഥ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് ഇന്ത്യയിലെ ഒരു പ്രശസ്ത വാരികയിൽ പ്രസിദ്ധപ്പെടുത്തിയ വി.അബ്ദുള്ള എഴുതി, 'എം.ടി എന്തിന് ഈ കഥ എഴുതി എന്ന് ഞാൻ പലവുരു സ്വയം ചോദിക്കാറുണ്ടായിരുന്നു. പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചതിലൂടെ ഒരുത്തമ സുഹൃത്തിനോടുള്ള കടം വീട്ടിയതുപോലെ. ആ കഥ എന്തിനെഴുതി എന്ന് പിന്നീട് എം.ടി.യോട് എനിക്ക് ചോദിക്കേണ്ടി വന്നില്ല'.



ദിവസങ്ങൾക്കുശേഷമാണ് ഞാൻ കോഴിക്കോട്ടു തിരിച്ചെത്തുന്നത്. നഗരം അപ്പോഴും ആ നടുക്കത്തിൽനിന്ന് മോചനം നേടിയിട്ടില്ല. പകരം വെയ്ക്കാൻ പറ്റാത്ത പ്രിയപ്പെട്ട ഒരു കൈമുതൽ നഷ്ടപ്പെട്ടിരിയ്ക്കുന്നു.

അടുത്തിടപഴകിയ സുഹൃത്തുക്കളുടെയെല്ലാം മനസ്സുകളിൽ ആ നഷ്ടബോധം വർഷങ്ങൾക്കുശേഷവും നിലനിൽക്കുന്നു. ഉണങ്ങാത്ത ഒരു മുറിപ്പാടുപോലെ.

# മായാത്ത ഒരു മുറിപ്പാട്

**എം.ടി. വാസുദേവൻനായർ / നൊസ്റ്റാൾജിയ**

ഉറൂബിന്റെ ഒരു കഥയിലാണ്, ഞാൻ അബ്ദുറഹിമാനെഅകലെ നിന്നെന്നപോലെ ആദ്യം കാണുന്നത്. മദ്രാസിൽ നിന്ന് കോഴിക്കോട്ടേയ്ക്കുള്ള വണ്ടിയിൽ ഒന്നാം ക്ലാസിൽ ഒരു ബിസിനസ്സുകാരൻ കയറുന്നു. പോകുമ്പോൾ കോഴിക്കോട്ടെ ഒരു ഗായകസുഹൃത്ത് ആവശ്യപ്പെട്ട വസ്തു-ഒരു തംബുരു വാങ്ങിയിട്ടുണ്ട്. അത് കമ്പാർട്ടുമെന്റിൽ ഭദ്രമായിവെച്ചു. അപ്പോൾത്തന്നെ അതിലുണ്ടായിരുന്ന സഹയാത്രികർ ശ്രദ്ധിച്ചു. ബിസിനസ്സുകാരനെ ഒരു ഭാഗവതരായി അവർ തെറ്റിദ്ധരിച്ച് കച്ചേരിയെപ്പറ്റിയും മറ്റും ചോദ്യങ്ങൾ തുടങ്ങി. ബിസിനസ്സുകാരന്റെ അസ്വാസ്ഥ്യം. നർമ്മരസ പ്രധാനമായ ആ കഥയിലെ നായകൻ അബ്ദു റഹിമാനാണെന്നും തംബുരു കൊണ്ടുവന്നത് നടന്ന സംഭവമാണെന്നുമൊക്കെ കോഴിക്കോട് ഞാൻ വന്നപ്പോഴാണറിയുന്നത്.

ഞാൻ കോഴിക്കോട് വന്ന് അധികം താമസിയാതെ ഒരു വിപുലമായ കലോത്സവം കേന്ദ്രകലാസമിതിയുടെ ആഭിമുഖ്യത്തിൽ നടന്നു. വി. അബ്ദുള്ള, കെ.പി.രാമൻ നായർ, എൻ.വി. കൃഷ്ണവാരിയർ തുടങ്ങിയവരൊക്കെയായിരുന്നു അതിന്റെ നേതൃത്വം വഹിച്ചിരുന്നത്. തിക്കോടിയൻ, എം.വി. ദേവൻ, എൻ.പി.മുഹമ്മദ്, തെരുവത്തു രാമൻ, ഉറൂബ് തുടങ്ങിയവരൊക്കെയും ശ്രമക്കാരായിട്ടുണ്ട്. അതിന്റെ ആസൂത്രണം മുഴുവൻ അബ്ദു റഹിമാന്റേതായിരുന്നു. അബ്ദു റഹിമാൻ അറിയപ്പെട്ടിരുന്നത് തന്നെ കലാസമിതി അബ്ദുറഹിമാൻ എന്നായിരുന്നുവല്ലോ. ഞങ്ങൾ,എൻ.പി.,ദേവൻ തുടങ്ങിയവർ ഒരു സ്വകാര്യപ്പേരിട്ടു.'കലാകമ്മി സാർ'!

രണ്ടാം ഗെയിറ്റിൽ അന്നത്തെ പ്രദീപം പ്രസ്സിന്റെ ആപ്പീസിന്റെ എതിർവശത്തെ കെട്ടിടത്തിന്റെ മുകളിൽ പകുതി അബ്ദുറഹിമാന്റെ ആപ്പീസും പകുതി കേന്ദ്രകലാ സമിതി ആപ്പീസുമായിരുന്നു.

എൻ.വി. കൃഷ്ണവാരിയർക്ക് ഒരു വിദേശയാത്ര പോകേണ്ടിവന്നപ്പോൾ അദ്ദേഹം കൺവീനറായിരുന്ന സമ്മേളനവിഭാഗത്തിനുവേണ്ട കത്തിടപാടുകൾ നടത്താൻ തന്നെ ഏൽപ്പിച്ചു. അങ്ങിനെയാണ്കലോത്സവവുമായി ഞാൻ ബന്ധപ്പെടുന്നത്. കലാസമിതി ആപ്പീസിൽ ഇടയ്ക്കിടെ പോകേണ്ടിവന്നു. അബ്ദുറഹിമാനുമായി പരിചയപ്പെട്ടു. പ്രദർശനത്തിനായി കഥകളിക്കോപ്പുകൾ കൊണ്ടുവരാൻ എം.വി.ദേവന്റെ കൂടെ അബ്ദുറഹിമാന്റെ കാറിൽ പോണം. അങ്ങിനെകത്തിടപാടുകൾക്കു പുറമെ വേറെയും ചെറിയ ജോലികൾ അബ്ദുറഹിമാൻ എന്നെ ഏൽപ്പിച്ചു.

പിന്നീട് ഞാൻ അബ്ദുറഹിമാന്റെ ആപ്പീസിൽ വൈകുന്നേരങ്ങളിൽ ഒരു നിത്യസന്ദർശകനായി. അവിടെ അബ്ദുറഹിമാനും സി.തോമസും സത്യനുമുള്ള ഒരു ഫോട്ടോ ചുമരിൽ ഫ്രെയിം ചെയ്തു വെച്ചിരുന്നു.

ബിസിനസ്സുകാരനായ അബ്ദുറഹിമാന്റെ സുഹൃദ്വലയം അത്ഭുതകരമാം വിധം വിപുലമായിരുന്നു. രാഷ്ട്രീയനേതാക്കൾ, വ്യാപാരപ്രമുഖർ, എഴുത്തുകാർ, ചിത്രകാരന്മാർ, നടന്മാർ, സംഗീതജ്ഞർ എന്നും അവിടെ ആപ്പീസുമുറിയിൽ ആരെങ്കിലുമൊക്കെ ഉണ്ടാവും. ഇടയ്ക്കിടെ ശുപാർശകൾക്കുംസഹായത്തിനുമായി ആളുകൾ കയറിവരും. തിക്കും തിരക്കും കോലാഹലവുമാണെങ്കിലും ശാന്തനായി ചിരിച്ചുകൊണ്ട് ഇരിയ്ക്കുന്ന അബ്ദുറഹിമാന്റെ ചിത്രമായിരിക്കും അടുത്തിടപഴകിയവരൊക്കെ ഇന്നും മനസ്സിൽ സൂക്ഷിക്കുന്നത്.

ബഷീറിനെ കോഴിക്കോട്ടുകാരനാക്കിയത് അബ്ദുറഹിമാനായിരുന്നു. അബ്ദുറഹിമാന്റെ നേതൃത്വത്തിലാണ് ബഷീറിന്റെ വിവാഹം നടക്കുന്നതും വൈലാലിൽ വീട് വാങ്ങുന്നതുമൊക്കെ. എഴുത്തുകാരും കലാകാരന്മാരുമായ സുഹൃത്തുക്കളെ ഒരലങ്കാരമായി കൊണ്ടു നടക്കുകയാണോ? ഞാൻ സംശയിച്ചിരുന്നു. അക്കാലത്ത് അബ്ദു റഹിമാനെ അടുത്തറിയുമെന്ന് പറയുന്നത് എല്ലാവർക്കും ഒരഭിമാനമായിരുന്നു. അതുകൊണ്ടാണ് മനസ്സിൽ സംശയം. പക്ഷെ അടുത്തിടപഴകിയപ്പോൾ അബ്ദുറഹിമാനും കലയോടും സാഹിത്യത്തോടുമൊക്കെ സവിശേഷമായ താല്പര്യമുണ്ടെന്നു ബോധ്യമായി. അബ്ദുറഹിമാന്റെ വായനാശീലവും എന്നെ അത്ഭുതപ്പെടുത്തിയിരുന്നു.

അബ്ദുറഹിമാൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അനുഭാവിയായിരുന്നു. എങ്കിലും മറ്റു രാഷ്ട്രീയകക്ഷികളിൽ പെട്ടവരും പല കാര്യങ്ങൾക്കായി അബ്ദുറഹിമാനെ സമീപിക്കുന്നത് കണ്ടിട്ടുണ്ട്. തന്റെ വിശ്വാസങ്ങൾ വേറെ, സൗഹൃദ ബന്ധങ്ങൾ വേറെ എന്ന വിശ്വാസം അദ്ദേഹം പുലർത്തിപ്പോന്നു. ഒരു ഘട്ടത്തിൽ അബ്ദുറഹിമാൻ ഇംഗർസോവിന്റെ ഒരു പുസ്തകം കൊണ്ടു നടന്നിരുന്നു. കടുത്തവിശ്വാസികൾ വരുമ്പോൾ ഇംഗർസോൾ ഈശ്വര നിഷേധം സ്ഥാപിയ്ക്കാൻ എഴുതിയ ഭാഗങ്ങൾ വായിച്ചു കൊടുക്കുന്നതും അബ്ദുറഹിമാനും ഒരു തമാശയായിരുന്നു.

അബ്ദുറഹിമാന് യാത്രകളിൽ ആരെങ്കിലും കൂട്ടിന് വേണം. എഴുത്തുകാരും കലാകാരന്മാരുമായിരിയ്ക്കും അധികവും കൂടെ. അബ്ദുറഹിമാന്റെ കൂടെ ഞാനും കുറെയേറെ സഞ്ചരിച്ചിട്ടുണ്ട്. ഒരിയ്ക്കൽവഴിയല്പം വളഞ്ഞാലും വേണ്ടില്ല എന്ന് പറഞ്ഞ് എന്റെ ഗ്രാമത്തിലേയ്ക്ക് വന്നു. നേരത്തെ അറിയിയ്ക്കാത്തതുകൊണ്ട് വേണ്ട പോലെ ആഹാരം കൊടുക്കാൻ കഴിയാത്തതിൽ ചെറിയമ്മയ്ക്ക് വിഷമം തോന്നി. ഇലക്ട്രിസിറ്റി വരാത്ത വീട്. ഒടിഞ്ഞു



നവതിയിലെത്തിയ എം.ടി.ക്ക് യുവചിത്രകാരൻ ഫിറോസ് അസ്സന്റെ സ്നേഹോപഹാരം

ഫോട്ടോ: പി.മുസ്തഫ

തൂങ്ങി നിൽക്കുന്ന കോലായകൾ. അവിടെ വെറും നിലത്തിരുന്ന് അബ്ദുറഹിമാൻ ചെറിയമ്മയുമായി കുശല പ്രശ്നങ്ങൾ നടത്തി.

പോരുമ്പോൾ പറഞ്ഞു. ''നിന്റെ നാലുകെട്ട് വായിച്ചമുതൽക്ക് ഈ ഗ്രാമം കാണണമെന്ന് വിചാരിച്ചതാണ്.''

കുറെ കഴിഞ്ഞപ്പോൾ അബ്ദുറഹിമാന്റെ താവളം വീറ്റ് ഹൗസിനോടു ചേർന്ന് ഒരു മുറിയിലായി ഇൻഷുറൻസ് ഓഫീസ് വിപുലീകരിച്ചതുകൊണ്ട് മറ്റു സന്ദർശകർ വീറ്റ് ഹൗസിലെത്തി. അവിടെ ഉച്ചയ്ക്ക് എന്റെ പതിവായി മാറി. ചെറുവണ്ണൂരിലെ വീട്ടിൽ നിന്നും പടുകൂറ്റൻ ടിഫിൻകാരിയറിൽ വരുന്ന ഭക്ഷണം അഞ്ചാറു പേർക്ക് കഴിയ്ക്കാനുണ്ടാവും.മിക്കവാറും സ്ഥിരക്കാരനായിരുന്നു ഞാൻ. രണ്ടു ദിവസം കണ്ടില്ലെങ്കിൽ പറയും ''രണ്ടു ചോറിന്റെ കാശ് നിനക്ക് പിഴ എഴുതിയിട്ടുണ്ട്.''

അബ്ദുറഹിമാനെപ്പറ്റി പലകഥകളും പശ്ചാത്തലത്തിൽ പ്രചരിച്ചിരുന്നു. അത് ചിലപ്പോൾ ഞാൻ സൂചിപ്പിയ്ക്കാതെയുമിരുന്നില്ല. വളരെ ലാഘവത്തോടെ അബ്ദുറഹിമാൻ ചിരിക്കും ''പറയട്ടെടോ''

ദൗർബല്യങ്ങളുണ്ടായിരുന്നു. പക്ഷെ അഗാധമായ മനുഷ്യസ്നേഹം അബ്ദുറഹിമാനെ എല്ലാവർക്കും പ്രിയങ്കരനാക്കി. ധീരതയും സാഹസികതയും അല്ലാത്തവർക്ക് ഒരു തണലായി അനുഭവപ്പെട്ടു. എന്നെ സംബന്ധിച്ചിടത്തോളം സ്നേഹസമ്പന്നനായ ഒരു സുഹൃത്ത് മാത്രമായിരുന്നില്ല. ഉപദേശിയ്ക്കുകയും ചിലപ്പോൾ ശാസിയ്ക്കുകയും ചെയ്യത്തക്കവണ്ണം സ്വാതന്ത്ര്യമോ അധികാരമോ ഉള്ള ഒരു രക്ഷിതാവിനെപ്പോലെയായിരുന്നു.

അബ്ദുറഹിമാൻ കൊലചെയ്യപ്പെട്ട ദിവസവും ഞാൻ വീറ്റ് ഹൗസിൽ വൈകുന്നേരം എത്തിയിരുന്നു. അബ്ദുറഹിമാന്റെ മുറിയ്ക്കു പുറത്തെ ഷെഡിൽ ചീട്ടുകളി പതിവുപോലെ ഉണ്ടായിരുന്നു. വാശിയുള്ള റമ്മികളിയാണ്. ചീട്ടുകളിയിൽ അന്നും ഇന്നും എനിയ്ക്ക് ആവേശമില്ല. ക്ലബ്ബ് നടത്തിയിരുന്ന നാക്കടി ഭരതേട്ടനുമായി ഇടയ്ക്ക് നേരമ്പോക്കിന് ഒരു മൂലയിലിരുന്ന് കളിയ്ക്കും ഭരതേട്ടന്റെ നിർബ്ബന്ധം കൊണ്ടാണ്. പന്തയത്തുക ഒരു റുപ്പിക! അന്നും കുറച്ചു നേരം കളിച്ചു. പോകാൻ നേരത്ത് കളിയിൽ മുഴുകിയിരിയ്ക്കുന്ന അബ്ദുറഹിമാനോട് യാത്ര പറഞ്ഞു.

''ഇരിയ്ക്കെടോ. ഞാൻ കൊണ്ടുവിടാം.''

''അല്ല പോട്ടെ'' രാത്രിയിൽ എന്റെ പാർപ്പിടത്തിൽ ആരോ വന്ന് പറഞ്ഞു. അവിടെ ഒരു കൊലപാതകം നടന്നിരിയ്ക്കുന്നു. അബ്ദുറഹിമാനും ബപ്പൻ കോയയും മരിച്ചു. നീണ്ട നടുക്കത്തിന്റെ രാത്രി. കരാളരാത്രി.

പിറ്റേന്ന് ചെറുവണ്ണൂരിലെ ശവമടക്കത്തിൽ പുരുഷാരത്തിന്റെ കൂടെ ഞാനും നിന്നു. മരവിച്ച മനസ്സിലേയ്ക്ക് ദു:ഖത്തിന്റെ വായ്ത്തലകൾ ആഴ്ന്നിറങ്ങാൻ തുടങ്ങിയത് അപ്പോഴാണ്.

അന്ന് സന്ധ്യയ്ക്ക് തൃശ്ശൂരിൽ നിന്നും വൈത്തിസ്വാമി (എൻ.ആർ. വൈദ്യനാഥൻ) വന്നു. അദ്ദേഹം കാറിൽ ബാഗ്ളൂർ വഴി മദ്രാസിലേയ്ക്ക് പോകുന്നു. ഞാനും അതിൽ കയറികൂടി. മദ്രാസിൽ എനിയ്ക്ക് കാര്യമൊന്നുമില്ല. ഈ ചുറ്റുപാടുകളിൽ നിന്ന് മാറിനിൽക്കണമെന്നതായിരുന്നു ലക്ഷ്യം.

ദിവസങ്ങൾക്കുശേഷമാണ് ഞാൻ കോഴിക്കോട്ടു തിരിച്ചെത്തുന്നത്. നഗരം അപ്പോഴും ആ നടുക്കത്തിൽനിന്ന് മോചനം നേടിയിട്ടില്ല. പകരം വെയ്ക്കാൻ പറ്റാത്ത പ്രിയപ്പെട്ട ഒരു കൈമുതൽ നഷ്ടപ്പെട്ടിരിയ്ക്കുന്നു.

അടുത്തിടപഴകിയ സുഹൃത്തുക്കളുടെയെല്ലാം മനസ്സുകളിൽ ആ നഷ്ടബോധം വർഷങ്ങൾക്കുശേഷവും നിലനിൽക്കുന്നു. ഉണങ്ങാത്ത ഒരു മുറിപ്പാടുപോലെ.

***(മുല്ലവീട്ടിൽ അബ്ദുറഹിമാൻസാഹിബ് സ്മരണികയിൽ നിന്ന് : 1997)***



# തൂക്കുമരച്ചോട്ടിൽ....



**എസ്.കെ.പൊറ്റെക്കാട്ട്**
**ഓർമ്മ**

**ഞ**ങ്ങൾ 'തങ്ങൾ' എന്നും, 'മാർസ്' എന്നും 'കല' എന്നും മറ്റും കളിപ്പേർ വിളി ക്കാറുള്ള-ഞങ്ങളുടെ ചിരകാല സുഹൃത്തായ-റഹിമാനെ (മുല്ലവീട്ടിൽ അബ്ദുറഹിമാൻ) കുത്തിക്കൊലപ്പെടുത്തിയ മുഹമ്മദു സ്രാങ്കാണു മുൻപിൽ ശാന്തനായി പുഞ്ചിരിതൂകിക്കൊണ്ടു നിൽക്കുന്നത് ! .......

കഴിഞ്ഞ സംഭവചിത്രങ്ങൾ മിന്നൽവേഗത്തിൽ മനസ്സിലൂടെ ഓടുന്നു.

കാലം: 1965 ഒക്ടോബർ 6-ാം തീയതി

സ്ഥലം: കോഴിക്കോടു നഗരത്തിലെ വീറ്റ് ഹൗസ്.

സമയം : വൈകുന്നേരം 7.30

വീറ്റ് ഹൗസ് ഹോട്ടലിന്റെ ഉപശാലയിലെ ക്ലബ്ബിൽ റഹിമാനും നാലഞ്ചു സഖാക്കളും-അക്കൂട്ടത്തിൽ മുഹമ്മദ് സ്രാങ്കും-ഒരു മേശയ്ക്കു ചുറ്റും ഇരുന്ന് റമ്മി കളിക്കുകയാണ്. സ്രാങ്ക് കളിയിൽ തുടരെത്തുടരെ തോറ്റു. കൈയിലെ കാശെല്ലാം തീർന്നു.

സ്രാങ്ക് കൂട്ടുകാരോട് ഒരു ഉറുപ്പിക കടം ചോദിച്ചു. ആരും കൊടുത്തില്ല.

'കളിക്കാൻ കയ്യില് പൈസയില്ലെങ്കില് എണീറ്റു പോടാ!' ധാരാളം നേടിയ റഹിമാന്റെ വക പരിഹാസം കലർന്ന ശകാരവും.

സ്രാങ്ക്എണീറ്റു. റഹിമാനെ വിചാരണ ചെയ്യും പോലെ ആകപ്പാടെയൊന്നു നോക്കി. തനിയെ ഒരു പുഞ്ചിരിതൂകി മെല്ലെയൊന്നുമൂളി ഒരു ബീഡി കത്തിച്ചു. പുകവിട്ടുകൊണ്ടു സാവധാനം സ്ഥലംവിട്ടു.

സമയം: രാത്രി 9.45

റഹിമാനും സഖാക്കളും ശീട്ടുകളി മതിയാക്കി പിരിയാനുള്ള പുറപ്പാടാണ്. ഉഷ്ണം കാരണം റഹിമാൻ ഷർട്ട് ഊരിയിട്ട് അർദ്ധനഗ്നനായി, കുഞ്ഞിക്കുമ്പയും തലോടികൊണ്ടു കസേരയിൽ ഇരിക്കുകയാണ്.

അപ്പോൾ മുൻപിൽ നിൽക്കുന്ന സുഹൃത്തുക്കൾ കാണുന്നു. ചോരയൂറ്റുന്നൊരു കഠാരി വായുവിൽ ചെരിഞ്ഞുതാണു വരുന്നത്!

കൊല്ലല്ലേ.... സ്രാങ്കേ!....... റഹിമാന്റെ ദയനീയ വാക്കുകൾ വായുവിൽ ലയിക്കുന്നു....

സ്രാങ്ക്, റഹിമാന്റെ കസേരയുടെ പിന്നിൽ നിന്നുകൊണ്ട് റഹിമാന്റെ മാറിന്റെ വലതുഭാഗത്തു മിന്നൽവേഗത്തിൽ കഠാരി പ്രയോഗിച്ച്, മുറിവിൽനിന്നു ക്ഷണം കഠാരിയൂരി. പിന്നെ മാറിന്റെ ഇടതുഭാഗം കുത്തിപ്പിളർക്കാൻ വീണ്ടും ചോരക്കഠാരിയോങ്ങുന്ന കാഴ്ചയാണു ചങ്ങാതിമാർ കാണുന്നത്.

ആ നിമിഷത്തിൽ ബപ്പൻകോയ ഒരു ചാട്ടം ചാടി. റഹിമാന്റെ മാറത്തു രണ്ടാമത്തെ കുത്തും കഴിച്ചു സ്രാങ്ക് കഠാരി വലിച്ചെടുക്കുന്ന മുഹൂർത്തത്തിലാണ് ബപ്പൻകോയയുടെ കടന്നുചാട്ടം. സ്രാങ്ക്, ബപ്പൻ കോയയുടെ നെഞ്ചിലേക്ക് ആയുധമൊന്നു വീശി-ഈച്ചയെ ആട്ടുന്ന ലാഘവത്തോടെ. മാറത്തു കഠാരിക്കുത്തേറ്റ് ബപ്പൻകോയ അവിടെത്തന്നെ പിടഞ്ഞുവീണു മരണമടഞ്ഞു.

സ്രാങ്കിന്റെ അടുത്ത ലക്ഷ്യം മനസ്സിലാക്കിയ 'ബി' എന്ന സഖാവ് ഉടൻ പ്രാണരക്ഷയ്ക്കായി അടുത്ത മുറിയിലേക്ക് ഓടി അകത്തു കടന്നു വാതിലടച്ചു തഴുതിട്ടു കളഞ്ഞു.

രണ്ടാമത്തെ കുത്തേറ്റതോടുകൂടി റഹിമാൻ കസേരയിൽനിന്നു മുന്നോട്ടു ചാഞ്ഞു നിലത്തേക്കു മറിഞ്ഞു വീണിട്ടുണ്ടായിരുന്നു.

അടച്ച വാതിലിനുനേർക്ക് സ്രാങ്ക് രൂക്ഷമായൊന്നു നോക്കി. പിന്നെ താഴെക്കിടക്കുന്ന റഹിമാന്റെ തല കാലുകൊണ്ടൊന്നു തട്ടിനോക്കി. ആൾ മയ്യത്തായെന്നു പൂർണ്ണബോദ്ധ്യം വന്നതിനുശേഷം സാവധാനം പുറത്തേക്കു നീങ്ങി റോഡിലിറങ്ങി ഒരു ടാക്സി പിടിച്ചു ആറു മൈൽ ദൂരെയുള്ള ഒരു സുഹൃത്തിന്റെ പുരയിൽ ചെന്നു. രക്തം ചിന്തിയ ഷർട്ടും മുണ്ടും അഴിച്ചിട്ട് സുഖമായൊന്നു കുളിച്ചു ദേഹശുദ്ധി വരുത്തി വസ്ത്രം മാറ്റി. ആ ടാക്സിയിൽത്തന്നെ ടൗണിലേക്കു മടങ്ങി, ടൗൺ പോലീസ് സ്റ്റേഷനിൽ ചെന്നു കീഴടങ്ങുകയും ചെയ്തു.

സ്രാങ്ക് എന്തിന് മുല്ലവീട്ടിൽ അബ്ദുറഹിമാനെ കുത്തിക്കൊലപ്പെടുത്തി?

തന്റെ സ്നേഹിതൻമാരുടെയും ശിഷ്യൻമാരുടെയും മുൻപിൽവച്ചു പരിഹസിച്ചു ശകാരിച്ചതിനു പ്രതികാരമായി മാത്രമാണോ സ്രാങ്ക് ഈ കടുംകൈ പ്രവർത്തിച്ചത്? അല്ല, മറ്റു വല്ലവരുടെയും ഗൂഢപ്രേരണ കൊണ്ടാണോ ഇതു ചെയ്തത്?

കാരണം എന്തുതന്നെയായാലും സ്രാങ്ക് റഹിമാന്റെ ജീവൻ ഒടുക്കി (ഒപ്പം ബപ്പൻകോയയുടെ കൊലയും) കോടതി സ്രാങ്കിനെ തൂക്കിക്കൊല്ലാൻ വിധിച്ചു.

ആ സ്രാങ്കാണ് എന്റെ മുൻപിൽ ശാന്തനായി പുഞ്ചിരിതൂകിക്കൊണ്ടു നിൽക്കുന്നത്.

സ്രാങ്കിനെ എനിക്കു കൊല്ലങ്ങൾക്കു മുൻപുതന്നെ പരിചയമുണ്ട്. റഹിമാന്റെ ഒരാളെന്ന നിലയിലും, വീറ്റ് ഹൗസ് റസ്റ്റാറന്റിലെ ഒരു പതിവുകാരൻ എന്ന നിലയിലും, ശീട്ടുകളി ക്ലബ്ബിൽ സ്നേഹിതൻമാരെ അന്വേഷിച്ചു ഞാൻ ചെല്ലുമ്പോഴും സ്രാങ്കിനെ പലപ്പോഴും കണ്ടു സംസാരിച്ചിട്ടുണ്ട്. എന്നെ കാണുമ്പോൾ സ്രാങ്ക് അല്പം ആദരവും പ്രകടിപ്പിച്ചുകൊണ്ട് നേരിയ പുഞ്ചിരിതൂകും. അതേ ആദരഭാവവും അതേ മന്ദഹാസവുമാണ് കണ്ടംസെല്ലിൽവച്ചും സ്രാങ്ക് എനിക്കു കാഴ്ചവയ്ക്കുന്നത്.

'എന്താ സ്രാങ്കേ? എങ്ങനെയുണ്ട്?' ഉള്ളിലെ വിചാരവികാരങ്ങൾ ഒതുക്കിക്കൊണ്ട് ഞാൻ അന്വേഷിച്ചു. ഔദ്യോഗികവും വ്യക്തിപരവുമായ കുശലപ്രശ്നം.

മുൻപത്തെ പുഞ്ചിരി മായാതെ, ചെറിയൊരാംഗ്യത്തോടെ സ്രാങ്ക് ശാന്തനായി മൊഴിഞ്ഞു. 'ഒന്നും ആവശ്യമില്ല, സേർ- ഇവിടെ എല്ലാ സൗകര്യങ്ങളുമുണ്ട്. സുഖം തന്നെ...'

'എന്റെ ട്രാൻസ്ഫർ (പരലോകത്തേക്ക്) ശരിപ്പെട്ടു സേർ' എന്നു കീഴ് ജീവനക്കാർ ആപ്പീസറെ അറിയിക്കുന്ന സംതൃപ്ത ഭാവത്തിലായിരുന്നു സ്രാങ്കിന്റെ മറുപടി]

ഞാൻ വീണ്ടും സ്രാങ്കിന്റെ മുഖത്തേക്കു നോക്കി...

'കുത്തെങ്ങനെ?'

മാസങ്ങൾക്കുമുൻപ് സ്രാങ്കിന്റെ മുഖത്തു നിന്നു തീർന്നതായിക്കേട്ട മൂർച്ചയേറിയ ആ ചോദ്യം എന്റെ മനസ്സിൽ തേട്ടി വന്നു.

റഹിമാൻകൊലക്കേസ് പ്രതിയായി അറസ്റ്റു ചെയ്ത് ജയിലിലടച്ച തന്നെ കാണാൻ വന്ന ശിഷ്യൻമാരോടും രഹസ്യച്ചങ്ങാതിമാരോടും സ്രാങ്ക് ആദ്യമായിചോദിച്ചത് 'കുത്തെങ്ങനെ'? എന്നായിരുന്നു തന്റെ കഠാരിക്കുത്തിന്റെ കലാപരമായ മേൻമയെക്കുറിച്ച് എന്തു പറയുന്നുവെന്ന്.

('ബഹുജോർ'! ശിഷ്യൻമാർ കണ്ണുമിഴിച്ച് കീഴ്ച്ചുണ്ടു കടിച്ചുകൊണ്ട് ഒരേ സ്വരത്തിൽ തലകുലുക്കി അഭിനന്ദനം അറിയിച്ചുവത്രേ)

അക്കാര്യത്തിൽ ഉസ്താദ് സ്രാങ്കിനെ അഭിനന്ദിക്കുകതന്നെ വേണം. കുത്തിക്കൊല നടന്നതിന്റെ പിറ്റേന്ന്, മെഡിക്കൽ കോളേജ് ആശുപത്രിയിലെ മോർച്ചറിയിലെ മേശപ്പുറത്തു മലർത്തിക്കിടത്തിയ റഹിമാന്റെ അർദ്ധ നഗ്നമായ ശവത്തിന്റെ മാറിലെ മുറിപ്പാടുകൾ ഞാൻ കണ്ടതു വ്യക്തമായി ഓർക്കുന്നു. മാറിൽ മുലകൾക്കു നേരെ സമരേഖയിൽ നീളത്തിൽ ചൊട്ടി കുത്തിയപോലെ അഗാധങ്ങളായ രണ്ടു കഠാരിക്ഷതങ്ങൾ....കലാപരമായ കൊലക്രിയ തന്നെ!

'കുത്തെങ്ങനെ'? എന്നചോദ്യത്തിനു തൃപ്തികരമായ ഉത്തരം കിട്ടിയതിനുശേഷം സ്രാങ്ക് വീറ്റ് ഹൗസ് പ്രകടനത്തിൽ തനിക്കു പറ്റിയ ഒരു നിരാശയെക്കുറിച്ചും ശിഷ്യൻമാരോടു സംസാരിച്ചുവത്രെ. സഖാവ് 'ബി' രക്ഷപ്പെട്ടു കളഞ്ഞു! (റഹിമാൻ, ബപ്പൻ കോയ എന്നീ വൈരികളോടൊപ്പം 'ബി' യെയും ശരിപ്പെടുത്താൻ സ്രാങ്ക് പ്ലാൻ ചെയ്തിരുന്നു) 'ബി' ക്ക് അങ്ങനെ രക്ഷപ്പെടാൻ കഴിഞ്ഞത് തനിക്കു പറ്റിയ ചെറിയൊരു കൈത്തെറ്റുകൊണ്ടാണെന്നും സ്രാങ്ക് വിശദീകരിച്ചുകൊടുത്തുവത്രെ. ബപ്പൻകോയയുടെ നെഞ്ചിൽ കുത്തിയപ്പോൾ കഠാരി വാരിയെല്ലുകൾക്കിടയിൽ കുടുങ്ങിപ്പോയി, കഠാരി വലിച്ചെടുക്കാൻ മിനക്കെടുത്തിയ സമയംകൊണ്ട് 'ബി' ഓടി മുറിയിൽ കയറി വാതിലടച്ചു രക്ഷപ്പെട്ടുകളഞ്ഞു.

ഒരു ബഹുമുഖപൗരപ്രമാണിയായിരുന്നു റഹിമാൻ. പഞ്ചായത്തു ബോർഡ് പ്രസിഡന്റ്, ഇൻഷുറൻസ് കമ്പനി മേധാവി, ഇംഗ്ലീഷ് മരുന്നു ഷാപ്പുടമ, മലവാരമരക്കച്ചവടക്കാരൻ, കലാസമിതി രക്ഷാധികാരി, കമ്മ്യൂണിസ്റ്റ് സഹയാത്രികൻ എന്നിങ്ങനെ പല നിലകളിലും പേരു കേട്ട ഒരു യുവമാന്യനായിരുന്നു റഹിമാൻ.

ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ ക്ലബ്ബിലും പാവപ്പെട്ടവരുടെ കുടിലിലിലും, രാഷ്ട്രീയ നേതാക്കൻമാരുടെ സത്രങ്ങളിലും (ചിലപ്പോൾ മന്ത്രി മന്ദിരങ്ങളിലും) തൊഴിലാളികേന്ദ്രങ്ങളിലും, വീറ്റ് ഹൗസിലും റഹിമാനെ മാറിമാറിക്കാണാം. പ്രാദേശിക വഴക്കുകൾ പറഞ്ഞുതീർക്കാനും, തൊഴിലാളി- മുതലാളിത്തർക്കങ്ങളിൽ മാദ്ധ്യസ്ഥ്യം വഹിക്കാനും അടിപിടി, കൈയേറ്റം തുടങ്ങിയ ചെറിയ കേസുകൾ പോലീസിന്റെ വരുതിയിലെത്തിക്കാതെ ഉഭയകക്ഷികൾക്കും രക്ഷകിട്ടിയെന്ന ബോധം വരുത്തുമാറ് ഒതുക്കിത്തീർക്കാനും, റഹിമാന്റെ ഉപദേശങ്ങളും സാന്നിദ്ധ്യവും നയതന്ത്രങ്ങളും സാമൂഹ്യമണ്ഡലങ്ങളിൽ സ്വാധീനിക്കാവുന്ന ഒരു ശക്തിയായിരുന്നു. നാടകങ്ങൾ, സംഗീത കച്ചേരികൾ തുടങ്ങിയ കലാപരിപാടികൾ നടത്താനുള്ള പണപ്പിരിവിന് റഹിമാനും റഹിമാന്റെ കാറും ഒഴിച്ചുകൂടാത്ത ഉപാധികളായിരുന്നു.

ക്രിമിനൽപ്പുള്ളികളുടെയും പോക്കിരിപ്പരിഷകളുടെയും ഒരധോലോകം മിക്കവാറും എല്ലാ നഗരങ്ങളിലും രൂപംകൊണ്ടുവരും. അവിടെ സർവ്വാധിപതിയും സചിവൻമാരും, പടനായകനും ഭടൻമാരും, ദൂതൻമാരും ചാരൻമാരും പരിചാരകൻമാരുമൊക്കെ കാണും. ആ അണ്ടർഗ്രൗണ്ട് രാഷ്ട്രത്തിൽ അവരുടേതായ നിയമശാസനങ്ങളും നീതിപാലനങ്ങളും ശിക്ഷാരക്ഷാനടപടികളുമൊക്കെ നടക്കുന്നു. അങ്ങനെയുള്ള ഒരു രഹസ്യ സംഘത്തിന്റെ നേതാവായിരുന്നിരിക്കാം പൊന്നാനിത്താലൂക്ക്, കോക്കൂർ സ്വദേശി, നാക്കോലത്തിൽ അഹമ്മദ് മകൻ മുഹമ്മദ് സ്രാങ്ക്, അരോഗദൃഢഗാത്രനും കോമളനുമായ ഈ നാല്പത്തൊൻപതുകാരന് രണ്ടു ഭാര്യമാരും മൂന്നു കുട്ടികളുമുണ്ട്. വൃദ്ധയായൊരു മാതാവും. കാൽനൂറ്റാണ്ടിനു മുൻപാണ് സ്രാങ്ക് പൊന്നാനിയിൽനിന്നു കനോലിത്തോടുവഴി തോണിയിൽ കോഴിക്കോട്ടെത്തിയത്. അന്നു മുതല്ക്കു സ്രാങ്ക് ഒരു കോഴിക്കോടൻ പ്രജയാണ്.

സ്രാങ്കിന്റെ ഉരുക്കുപോലുള്ള ശരീരം ഒന്നു കാണേണ്ടതാണ്! സ്രാങ്കിന്റെ കൈവിരൽ കൊണ്ട് ഒരു ചൊട്ടു കിട്ടിയാൽ സാധാരണക്കാരന്റെ ദേഹത്ത്, ചൊട്ടു കിട്ടിയ സ്ഥാനം വീർത്തു പൊങ്ങിക്കാണുമത്രേ!

കിഴക്കൻ മലയോരങ്ങളിൽ തങ്ങളുടെ നിലങ്ങളിൽഅതിക്രമിച്ചു കുടിയേറിപ്പാർപ്പിനു കോപ്പിടുന്ന തെക്കൻ ക്രിസ്ത്യാനി കൃഷീവലൻമാരെ അടിച്ചോടിക്കാനും, എതിരാളികളോടു പകരം ചോദിക്കാനും, ചില മുതലാളിമാർ സ്രാങ്കിന്റെ സർവീസ് ഉപയോഗപ്പെടുത്തിവന്നിരുന്നു. ശരിക്കും ഒരു മനുഷ്യഅൽസേഷ്യൻ.

വഴക്കുകളും വക്കാണങ്ങളും തർക്കങ്ങളും പറഞ്ഞുതീർക്കാനും ക്രിമിനൽ കേസുകൾ മറച്ചുവയ്ക്കുന്നതിനു സഹായിക്കാനും ആളുകൾ സ്രാങ്കിനെ സമീപിക്കും. സ്രാങ്ക് ഉഭയകക്ഷികളിൽ നിന്നും കോഴ പറ്റും. അങ്ങനെ പലവഴിക്കും പണംസമ്പാദിച്ചു. (അറബിപ്പൊന്നിന്റെ ഇടപാടും ഉണ്ടായിരുന്നുവോ എന്തോ!) അരലക്ഷം ഉറുപ്പിക വിലവരുന്ന വീടും പറമ്പും സ്രാങ്കു സ്വന്തമായുണ്ടാക്കി.

സ്രാങ്കിനു നാലഞ്ചു പോക്കിരിശിഷ്യൻ മാരുണ്ടായിരുന്നു. ഉസ്താദ് സ്രാങ്കിനെ കാണുമ്പോൾ അവർ ഭയഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കും. എന്നാൽ സ്രാങ്കിനെനാലാളുകളുടെ മുൻപിൽവച്ചു പരിഹസിച്ചു ശകാരിക്കുന്നത് ഒരു വിനോദമാക്കിയിരിക്കയായിരുന്നു 'കല അബ്ദുറഹിമാൻ'.

റഹിമാന്റെ പരിഹാസ ശരങ്ങൾ വിഷശരങ്ങൾ പോലെ സ്രാങ്കിന്റെ മനസ്സിൽ ഏറ്റിരുന്നുവെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ അതു മാത്രമായിരുന്നുവോ വീറ്റ് ഹൗസിലെ ആ കൊലപാതകത്തിനു പിന്നിലെ പ്രേരണ? ആ രഹസ്യങ്ങളുടെ ചുരുളഴിക്കാൻ മുൻ പറഞ്ഞ അധോലോകത്തിന്റെ അണിയറയിലേക്ക് ഇറങ്ങിചെല്ലേണ്ടിയിരിക്കുന്നു. അതിവിടെ സാദ്ധ്യമല്ലല്ലോ.

സ്രാങ്കിന്റെ അപ്പീലിനുള്ള അപേക്ഷ സുപ്രീം കോടതിയിൽ നിന്നു തള്ളിപ്പോയതിനെത്തുടർന്നു ഇന്ത്യൻ പ്രസിഡണ്ടിനു ദയാഹർജി സമർപ്പിച്ചിരിക്കയാണ്. ഫലമറിയാൻ ആറുമാസം മുതൽ രണ്ടു വർഷം വരെ കാത്തിരിക്കേണ്ടിവരും.

സ്രാങ്ക് ദൃഢചിത്തതയോടെ നടത്തിയ ഇരട്ടക്കൊലപാതകങ്ങൾക്കു കിട്ടിയ മരണശിക്ഷ രാഷ്ട്രപതി ഇളവുചെയ്തുകൊടുക്കയില്ലെന്ന കാര്യം മിക്കവാറും ഉറപ്പാണ്.

***************

ഞാൻ സ്രാങ്കിനെ അവസാനമായൊന്നു നോക്കി ആ മുഖഭാവത്തിനു മാറ്റമില്ല. പുഞ്ചിരിപ്രകാശം മങ്ങിയിട്ടില്ല...

ഞങ്ങൾ കണ്ടംസെല്ലിൽ നിന്നു പുറത്തു കടന്നു. സ്രാങ്കിന്റെ ജയിൽ പെരുമാറ്റത്തെപ്പറ്റി ഞാൻ ജയിലറോടു ചിലതു ചോദിച്ചു. കണ്ടംസെല്ലിലെ സ്രാങ്കും ഞാനും തമ്മിലുള്ള മുൻപരിചയത്തെപ്പറ്റി അറിഞ്ഞുകൂടാത്ത ജയിലർ പറഞ്ഞതുകേട്ടപ്പോൾ എനിക്ക് ആശ്ചര്യം തോന്നി. 'സേർ, എന്റെ ഔദ്യോഗിക ജീവിതത്തിൽ ഈ സ്രാങ്കിനെപ്പോലെ സ്വഭാവഗുണമുള്ള ഒരു പുള്ളിയെ ഞാൻ കണ്ടിട്ടില്ല. രണ്ടു മനുഷ്യനെ ഇയാൾ കുത്തിക്കൊലപ്പെടുത്തിയെന്ന് എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല. പുള്ളിക്കു തെല്ലും മനശ്ചാഞ്ചല്യമില്ല. എപ്പോഴും ശാന്തതയോടെ ഇരുന്നു പ്രാർത്ഥനയാണ്. അപ്പീലനുമതി തള്ളിക്കൊണ്ടു സുപ്രീം കോടതിയിൽനിന്നു കല്പനവന്നപ്പോൾ പ്രസിഡന്റിനു ദയാഹർജി സമർപ്പിക്കാൻ സ്രാങ്ക് കൂട്ടാക്കിയില്ല. 'ഞാൻ മരിക്കാൻ ഒരുങ്ങിയിരിക്കയാണ്. പടച്ചവന്റെ ദയയല്ലാതെ മറ്റാരുടെയും ദയ എനിക്കാവശ്യമില്ല.' എന്നായിരുന്നു സ്രാങ്കിന്റെ സമാധാനം. ഒടുവിൽ വളരെ നയത്തിൽ, പലതും പറഞ്ഞു സ്നേഹപൂർവ്വം നിർബ്ബന്ധിച്ചിട്ടാണ് മനസ്സില്ലാമനസ്സോടെ സ്രാങ്ക് എനിക്കുവേണ്ടി ദയാഹർജിയിൽ ഒപ്പിട്ടുതന്നത്.....'

ജയിലർ തുടർന്നു: 'ഇവിടെ കണ്ടം സെല്ലിലെ പുള്ളികൾ തമ്മിൽ പിണങ്ങിയും കേട്ടാൽ അറയ്ക്കുന്നതരത്തിലുള്ള ചീത്ത വാക്കുകൾ വാതോരാതെ പുലമ്പിയും സമയം കഴിക്കുമ്പോൾ സ്രാങ്ക് ഒരു പുതിയ പുണ്യാത്മാവിനെപ്പോലെ ധ്യാനവും പ്രാർത്ഥനയും ജപവുമായി സമയം ഉപയോഗിക്കുന്നു. എനിക്ക് ഉറപ്പിച്ചു പറയാൻ കഴിയും. ഈ കണ്ടംസെല്ലും ജയിൽ ഗേറ്റും തുറന്നുകൊടുത്താൽ സ്രാങ്ക് ഓടിപ്പോവുകയില്ല. മരണത്തെ ധീരമായി നേരിടാൻ വ്രതമെടുത്തു കാത്തിരിക്കുകയാണ്, കരുത്തനും ദൈവഭക്തനുമായ ഈ മനുഷ്യൻ.....'

*('എന്റെ വഴിയമ്പലങ്ങൾ' എന്ന കൃതിയിൽ നിന്ന്)*



കെ.ജയകുമാർ
കവിത

# ശർമ്മിഷ്ഠ

*(മകന്റെ യൗവ്വനം സ്വീകരിച്ച യയാതിയുടെ സഹധർമ്മിണി
ശർമ്മിഷ്ഠയുടെ മനോഗതങ്ങളും ധർമ്മസങ്കടങ്ങളും.)*

**ക്ഷ**മിക്കുക മഹാരാജൻ!
ക്ഷമിക്കുക സുഖാസക്തൻ!
കഴിയില്ലെനിക്ക് നിൻ കാമ-
ക്കടൽകാറ്റിൽ കുതിരുവാൻ.

നാം പിന്നിലുപേക്ഷിച്ച
നക്ഷത്രപ്പകിട്ടുകൾ
ഏതോ ഗൂഢവിദ്യയാൽ നീ
വീണ്ടെടുത്ത് വിളങ്ങുന്നൂ.

നഷ്ടമായ ധനം തിരികെ
കിട്ടുന്നേരം തുടുക്കുന്ന
മുഖം പോലെ തുടുത്തു നിൻ
മുഖവും അന്തരംഗവും.

നീ ശയ്യാമുറിയിലെത്തുന്ന
നിമിഷമോർത്തു നടുങ്ങുന്നു
ഞാനുമെൻ നിരാലംബ-
മനസ്സും പാവമീ മെയ്യും.

എന്നെ നീ സ്പർശിക്കുമ്പോൾ
നിന്നെ ഞാൻ കാണുന്നീല;
നിന്നുടൽ ഗന്ധത്തിൽ ഞാൻ
അറിയുന്നൂ പുത്രസാമീപ്യം

തുടുപ്പാർന്ന നിൻ കൈകളെൻ
ഒളികെട്ട നഗ്നതയ്ക്കു മേൽ
പതിയുമ്പോൾ പാപബോധത്തിൻ
പൊട്ടക്കിണറിൽ വീഴുന്നു ഞാൻ.

കാലത്തിൻ പ്രവാഹത്തെ
ചിറകെട്ടി ചെറുക്കായ്ക;
ഒഴുക്കിൻ ദിശമാറുമ്പോൾ
തെളിയും മരുഭൂമികൾ.

നരച്ച മുടി കറുപ്പിക്കാം; പണ്ടേ
ചുളുങ്ങിയ തൊലി നിവർത്തിക്കാം;
പിന്നെയും പുരുഷകാമത്തിന്റെ
തീപ്പന്തങ്ങൾ ജ്വലിപ്പിക്കാം.

നിന്റേതല്ലീ പുതു രക്തം;
നിന്റേതല്ലീ പുതുകാമം.
നിന്റേതല്ലീ മന്ദസ്മിതം
നിന്റേതല്ലീ മിഴിവെട്ടം.

അരുത് കടം കിട്ടിയ
രാത്രി കൊണ്ട് മഹോത്സവം;
അരുത് കവർന്നു നേടിയ
മദ്യം കൊണ്ട് പാനോത്സവം.

ഒഴുക്കിനെതിരേ നീന്തി
കരപറ്റാതൊടുങ്ങും ഞാൻ
കഴിവില്ല രതി സമസ്യകൾ
പൂരിപ്പിച്ച് രസിക്കുവാൻ.

വർജ്ജിക്ക വിഷം ചേർന്ന
പാലുപോൽ, കാലം തെറ്റി
നിന്നെയിന്നാവേശിച്ച
വിനയാർന്ന സുഖാസക്തി.

അരുത് കാലത്തിൻ കൈപ്പട
തിരുത്താനുള്ള പ്രലോഭനം.
അരുത് പഴയ ചില്ലകൾ
അരിയാനുള്ള ദുരാഗ്രഹം

ക്ഷമിക്കുക മഹാരാജൻ!
ക്ഷമിക്കുക സുഖാസക്തൻ!
കഴിയില്ലെനിക്ക് നിൻ കാമ-
ക്കടൽകാറ്റിൽ കുതിരുവാൻ.


ajitkumar




കഥ : ഓസ്കാർ വൈൽഡ്
വിവ: ഡോ.എഴുമറ്റൂർ രാജരാജവർമ്മ


***കവിയും നിരൂപകനും നാടകകൃത്തും നോവലിസ്റ്റും ചെറുകഥാകാരനുമാണ് ഓസ്കാർ വൈൽഡ് (1854–1900) ഓസ്കാർ ഫിൻഗൽ ഒ ഫ്ളാഹർട്ടി വിൽസ് വൈൽഡ് എന്ന് പൂർണ്ണമായ പേര്. ഹാപ്പി പ്രിൻസ് ആന്റ് അദർ സ്റ്റോറീസ് (1888) എന്ന കൃതിയിൽ ചേർത്തിട്ടുള്ള 'രാപ്പാടിയും റോസാപ്പൂവും'(ദ നൈറ്റിംഗേൾ ആന്റ് ദ റോസ്)എന്ന കഥ വിഖ്യാതമാണ്. ദ പിക്ചർ ഓഫ് ഡോറിയൻ ഗ്രേ(1891) ലേഡി വിന്റർ മേയേഴ്സ് ഫാൻ(1892), സലോമി(1896) ആൻ ഐഡിയൽ ഹസ്ബൻഡ്(1898),ദ ഇംപോർട്ടൻസ് ഓഫ് ബീയിങ് ഏണസ്റ്റ് (1898) തുടങ്ങി നിരവധി കൃതികളുടെ കർത്താവാണ് ഓസ്കാർ വൈൽഡ്.***



# രാപ്പാടിയും റോസാപ്പൂവും

“**ചെ**മന്ന റോസാപ്പൂ നൽകിയാൽ എന്നോടൊപ്പംഡാൻസ്ചെയ്യാമെന്ന് അവൾ പറഞ്ഞതാണ്. എന്നാൽ എന്റെ പൂന്തോട്ടത്തിൽ ചെമന്ന റോസാപ്പൂ ഇല്ലല്ലോ.” വിദ്യാർത്ഥി ഉറക്കെ വിലപിച്ചു.

ഓക്കുമരത്തിലെ കൂട്ടിലിരുന്ന് ഈ കരച്ചിൽ കേട്ട രാപ്പാടി ഇലകൾക്കിടയിലൂടെ നോക്കി അമ്പരന്നു.

“എന്റെ പൂന്തോട്ടത്തിലൊരിടത്തും ഒരു റോസാപ്പൂവ് ഇല്ലല്ലോ.” അവന്റെ മനോഹരമായ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. “എത്ര നിസ്സാരമായ വസ്തുക്കളെയാശ്രയിച്ചാണ് സന്തോഷം നിലനിൽക്കുന്നത്! ബുദ്ധിയുള്ള മനുഷ്യർ എഴുതിയതൊക്കെയും ഞാൻ വായിച്ചിരിക്കുന്നു. തത്ത്വശാസ്ത്രത്തിന്റെ രഹസ്യങ്ങളൊക്കെയുംഎനിക്കറിയാം.എന്നിട്ടും ഒരു റോസാപ്പൂവിനുവേണ്ടി ഞാനെത്ര നിരാശനായിരിക്കുന്നു.”

“ഒടുവിൽ ഇതാ ഒരു യഥാർത്ഥ പ്രണയി.” രാപ്പാടി പറഞ്ഞു.

“എത്രയോ രാത്രികൾ ഞാൻ അവനുവേണ്ടി പാടി, എനിക്കവനെ അറിയില്ല എങ്കിലും, അവന്റെ കഥ എത്രയോ രാത്രികളിൽ ഞാൻ നക്ഷത്രങ്ങളോടു പറഞ്ഞു. ഇപ്പോഴാണ് ഞാൻ അവനെകാണുന്നത്. കറുത്തിരുണ്ട തലമുടി. അവന്റെ ചുണ്ടാകട്ടെ, അവൻ ആഗ്രഹിക്കുന്ന പൂവുപോലെ ചെമന്നത്. വികാരാധീനനായ അവന്റെ മുഖം വിളറിവെളുത്തിരിക്കുന്നു. സങ്കടം അവന്റെ നെറ്റിയിൽ ചുളിവുകൾ വീഴ്ത്തിയിരിക്കുന്നു.”

“രാജകുമാരൻ നാളെ രാത്രി ഒരു നൃത്തവിരുന്ന് ഒരുക്കുന്നുണ്ട്.” വിദ്യാർത്ഥി അടക്കം പറഞ്ഞു.

“എന്റെ പ്രണയിനി അക്കൂട്ടത്തിലുണ്ടാകും. ഒരു റോസാപ്പൂവ് അവൾക്കു കൊടുക്കാൻ സാധിച്ചാൽ എനിക്ക് അവളോടൊപ്പം വെളുക്കുന്നതുവരെ നൃത്തം ചെയ്യാൻ കഴിയും. ചെമന്ന റോസാപ്പൂ ലഭിച്ചിരുന്നെങ്കിൽ അവളെ എന്റെ കൈകളിൽ കോരിയെടുക്കാമായിരുന്നു.എന്റെ തോളിലേക്ക് അവൾ തല ചായ്ക്കുമായിരുന്നു. അവളുടെ കരങ്ങൾ എന്റെ കരങ്ങളിൽ പിണയുമായിരുന്നു. പക്ഷേ, എന്റെ പൂന്തോട്ടത്തിൽ ചെമന്ന റോസാപ്പൂവ്ഇല്ലല്ലോ. ഞാൻ വിഷണ്ണനായി, ഏകനായി ഇവിടിരിക്കുമ്പോൾ അവൾ എന്നെ കടന്നുപോകും. അവൾ എന്നെ കണ്ടതായി ഭാവിക്കില്ല. എന്റെ ഹൃദയം തകർന്നുപോകും.”

“ഇതാ ഇവിടെയാണ് യഥാർത്ഥ പ്രണയി.” രാപ്പാടി പറഞ്ഞു. “ഞാൻ പാടുമ്പോൾ അവൻ വിഷമിക്കുന്നു. അവൻ വേദനിക്കുമ്പോൾ എനിക്കെന്തു സന്തോഷം. പ്രണയം തീർച്ചയായും വിസ്മയകരമായ ഒരു സംഗതിയാണ്. മരതകത്തെക്കാൾ അതു മൂല്യവത്താണ്, ജന്മനക്ഷത്രക്കല്ലിനെക്കാൾ അതു പ്രിയപ്പെട്ടതാണ്. മുത്തിനോ പവിഴത്തിനോ ഒന്നും അതു വാങ്ങാൻ സാധിക്കില്ല. അതു ചന്തയിൽ ലഭിക്കുകയുമില്ല. വ്യാപാരികൾക്ക് അത് വാങ്ങാനോ ത്രാസിൽ സ്വർണ്ണമിട്ടു തൂക്കിനോക്കാനോ സാദ്ധ്യമല്ല.

“സംഗീതജ്ഞൻ ഗ്യാലറിയിൽ നിരന്നിരിക്കും.” വിദ്യാർത്ഥി നൊമ്പരത്തോടെ സ്വപ്നത്തിലെന്നവണ്ണം പറഞ്ഞു: “അവർ തന്ത്രിവാദ്യങ്ങളിൽ സംഗീതം പൊഴിക്കും. ഹാർപ്പിന്റെയും വയലിന്റെയും മന്ത്രനാദങ്ങൾക്കൊപ്പം എന്റെ കാമുകി നൃത്തം ചെയ്യും. കാലുകൾ നിലത്തുതൊടാത്തതുപോലെ മന്ദം മന്ദം അവൾ നൃത്തം ചെയ്യും. നർത്തകർ അവരുടെ വേഷവിധാനങ്ങളോടുകൂടി അവളെ വളയും. എന്നോടൊപ്പം അവൾ നൃത്തം ചെയ്യില്ല. അവൾക്കു നൽകാൻ എന്റെ പക്കൽ ചെമന്ന റോസാപ്പൂവില്ലല്ലോ.” അവൻ പൂന്തോട്ടത്തിലെ പുൽത്തകിടിയിൽ മുഖംപൊത്തിക്കിടന്നു കരഞ്ഞു.

അവനെകടന്നുപോയ ഒരു പല്ലി വായുവിൽ വാലു വീശിക്കൊണ്ടു ചോദിച്ചു. “എന്താ അവൻ കരയുന്നത്?”

“എന്തോ?” ചിത്രശലഭം പറഞ്ഞു.

“എന്തോ?” അവന്റെയടുക്കൽ നിലംപറ്റിച്ചേർന്നുനിന്ന പുൽക്കൊടിയും പറഞ്ഞു.

“ചെമന്ന ഒരു റോസാപ്പൂവിനുവേണ്ടിയാണ് അവൻ കരയുന്നത്.” രാപ്പാടി പറഞ്ഞു,

“ഒരു റോസാപ്പൂവിനുവേണ്ടിയോ....?” പല്ലിയും ചിത്രശലഭവും പുൽക്കൊടിയും ആശ്ചര്യംപൂണ്ടു.

“എത്ര പരിഹാസ്യമാണിത്.” പല്ലി പരിഹസിച്ചു ചിരിച്ചു.

എന്നാൽ രാപ്പാടിക്ക് അവന്റെ ദു:ഖത്തിന്റെ രഹസ്യവും തീവ്രതയും അറിയാമായിരുന്നു. അവൾ നിശ്ശബ്ദമായി ഓക്കുമരച്ചില്ലയിൽ ഇരുന്ന് പ്രണയത്തിന്റെ നിഗൂഢതയെപ്പറ്റി ചിന്തിച്ചു.

രാപ്പാടി ചിറകുവിരിച്ച് വായുവിലേക്കു കുതിച്ചു. ഒരു നിഴൽപോലെ അതു പൂന്തോട്ടത്തിലേക്കു പാറിവന്നു.

വിശാലമായ പൂന്തോട്ടത്തിന്റെ മദ്ധ്യത്തിൽ നിൽക്കുന്ന റോസാച്ചെടിയുടെ സമീപമെത്തി രാപ്പാടി പറഞ്ഞു. “എനിക്ക് ഒരു ചെമന്നറോസാപ്പൂവു വേണം. ഞാൻ നിനക്കുവേ


PRASAD

ണ്ടി ഒരു മധുരഗാനമാലപിക്കാം.''

റോസാച്ചെടി തലയാട്ടിക്കൊണ്ട് പറഞ്ഞു. ''എന്റെ പൂക്കൾക്കു വെള്ള നിറമാണ്; കടലിലെ പതപോലെ, മലയിലെ മഞ്ഞുപോലെ. എന്റെ സഹോദരീ അതാ, ആ സൂര്യഘടികാരത്തിനുചുറ്റും നിൽക്കുന്ന അവളോടു ചോദിക്കൂ. നിനക്കാവശ്യമുള്ള പൂവ് ഒരു പക്ഷേ അവൾക്കു തരാൻ കഴിയും.''

രാപ്പാടി സൂര്യഘടികാരത്തെപ്പൊതിഞ്ഞുനിൽക്കുന്ന റോസാച്ചെടിയുടെ സമീപമെത്തി.

''ഒരു ചെമന്ന റോസാപ്പൂവു തരൂ..'' രാപ്പാടി പറഞ്ഞു: ഞാൻ ഒരു മധുരഗാനം നിനക്കു പാടിത്തരാം.

റോസാച്ചെടി തലയാട്ടിക്കൊണ്ട് പറഞ്ഞു. ''എന്റെ പൂക്കൾക്കു മഞ്ഞ നിറമാണ്. സിംഹാസനത്തിലിരിക്കുന്ന ജലകന്യകയുടെ തലമുടിപോലെ മഞ്ഞ നിറം പൂണ്ടത്. പുൽത്തകിടിയിൽ വീശരിവാളുമായി കൊയ്യാൻ വരുന്നതിനുമുൻപ് വിടർന്നുനിൽക്കുന്ന ഡാഫോഡിൽസിന്റെതിനേക്കാൾമഞ്ഞനിറമാർന്നത്. ആ വിദ്യാർത്ഥിയുടെ വീടിന്റെ ജനാലയ്ക്കരികിൽ നിൽക്കുന്ന എന്റെ സഹോദരിയായ റോസാച്ചെടിയോടു ചോദിക്കൂ. അവൾക്കു നിന്റെ ആഗ്രഹം സാധിക്കാൻ കഴിഞ്ഞേക്കും.''

രാപ്പാടി ജനാലയ്ക്കരികിലെ റോസാച്ചെടിയുടെ സമീപമെത്തി പറന്നുനിന്നു ചോദിച്ചു. ''ഒരു ചെമന്ന റോസാപ്പൂവു തരുമോ? എന്റെ ഏറ്റവും മധുരമുള്ള ഗാനം ഞാൻ നിനക്കുവേണ്ടി ആലപിക്കും.''

റോസാച്ചെടി തലകുലുക്കി.

''എന്റെ പൂക്കൾ ചെമന്നതാണ്. മാടപ്രാവിന്റെ കാലുപോലെ ചെമന്നത്, മഹാസമുദ്രത്തിൽ ഓളം തുളുമ്പുന്ന പവിഴപ്പുറ്റിന്റെ ചിറകിനെക്കാൾ ചെമപ്പാർന്നത്. പക്ഷേ, ഈതണുപ്പുകാലം എന്റെ ഞരമ്പുകളെ മരവിപ്പിച്ചിരിക്കുന്നു. മഞ്ഞ് എന്റെ മുകുളങ്ങളെ ഞെരുക്കിയിരിക്കുന്നു. കൊടുങ്കാറ്റ് എന്റെ ചില്ലകളെ ഒടിച്ചുവീഴ്ത്തിയിരിക്കുന്നു. ഈ വർഷം എനിക്കു പൂക്കളേയില്ല.''

''എനിക്ക് ഒരു ചെമന്ന പൂവു മാത്രം മതി.?'' രാപ്പാടി കരഞ്ഞപേക്ഷിച്ചു. ''അതെനിക്കു കിട്ടാൻ ഒരു വഴിയുമില്ലേ?''

''ഒരു വഴിയുണ്ട്..'' റോസാച്ചെടി പറഞ്ഞു ''അത് ഭീകരമാണ്, ഞാൻ പറയുന്നില്ല.''

''പറയൂ...'' രാപ്പാടി പറഞ്ഞു. ''എനിക്ക് ഒരു ഭയവുമില്ല.''

''നിനക്ക് ഒരു ചെമന്ന റോസാപ്പൂവാണുവേണ്ടതെങ്കിൽ, നിന്റെ സംഗീതംകൊണ്ട് നിലാവെളിച്ചത്തിൽ ഹൃദയരക്തം ഉപയോഗിച്ച് അത് നിർമ്മിക്കണം. എന്റെ ഒരു മുള്ളിലേക്ക് നീ ഹൃദയമമർത്തിപ്പിടിച്ച് നിലാവുള്ള രാത്രിയിൽ നീ പാടിക്കൊണ്ടിരിക്കണം. ഒരു രാത്രി മുഴുവനും. എന്റെ മുള്ള് നിന്റെ ഹൃദയത്തിൽ തുളഞ്ഞു കയറി രക്തമൂറ്റും. നിന്റെ ജീവരക്തം എന്റെ സിരകളിലേക്കൊഴുകും. അപ്പോൾ അത് ഒരു പൂവായി വിരിയും.''

''ഒരു ചെമന്ന റോസാപ്പൂവിന്റെ വില എന്റെ മരണമോ? അതു കടുത്ത വിലയായിപ്പോയി.'' രാപ്പാടി കരഞ്ഞു. ''ജീവിതം എല്ലാവർക്കുംപ്രിയപ്പെട്ടതാണ്. ഹരിതമരങ്ങൾക്കിടയിലിരിക്കുക, സുവർണ്ണരഥത്തിലെഴുന്നള്ളുന്ന സൂര്യനെനോക്കിയിരിക്കുക, മുത്തുമണികളുടെ രഥത്തിൽ വരുന്ന ചന്ദ്രനെകാണുക എല്ലാം എത്ര ആനന്ദദായകമാണ്. റോസാപ്പൂവിന്റെ സുഗന്ധം; താഴ്‌വരയിൽ വിരിയുന്ന കോളാമ്പിപ്പൂവ്, കുന്നിലെ കുറ്റിക്കാട്- എല്ലാം സുഖദായകമാണ്. എങ്കിലും ജീവിതത്തെക്കാൾ ശ്രേഷ്ഠം പ്രണയമാണ്. ഒരു മനുഷ്യഹൃദയവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു പറവയുടെ ഹൃദയം എത്ര നിസ്സാരമാണ്.''

ഊതനിറമുള്ള ചിറകുകൾ വിടർത്തി രാപ്പാടി വായുവിൽ പറന്നുയർന്നു. ഒരു നിഴൽപോലെ അവൾ പൂന്തോട്ടം പിന്നിട്ടു.

വിദ്യാർത്ഥി അപ്പോഴും പുൽത്തകിടിയിൽ കിടന്നു കരയുന്നുണ്ടായിരുന്നു.

''സന്തോഷമായിരിക്കുക.'' രാപ്പാടി പറഞ്ഞു. ''എന്റെ ഹൃദയരക്തത്താൽ നിലാവെളിച്ചത്തിൽ സംഗീതമാലപിച്ച് ഞാൻ നിനക്കുവേണ്ടി ചെമന്ന റോസാപ്പൂവുണ്ടാക്കിത്തരും. എനിക്കു നിന്നോടു പറയാൻ ഒന്നേയുള്ളു. ഒരു യഥാർത്ഥ പ്രണയിയായിരിക്കുക. പ്രണയം തത്ത്വചിന്തയെക്കാൾ ശ്രേഷ്ഠമാണ്, ശക്തിയെക്കാൾ മഹത്വമുള്ളതാണ്, അതിന്റെ ചിറകുകൾ അഗ്നിയുടെ നിറം പൂണ്ടതാണ്. അതിന്റെ ശരീരം തീനാളസമാനമാണ്, അതിന്റെ ചുണ്ടുകൾ തേൻപോലെ മധുരമാർന്നതാണ് പുസ്തകങ്ങളിലുള്ള വിവരണം എല്ലാമറിയുന്നതു പ്രണയം മാത്രമാണ്.''

വിദ്യാർത്ഥി തലയുയർത്തിനോക്കി, രാപ്പാടി പറഞ്ഞതു ശ്രദ്ധിച്ചു. രാപ്പാടി പറഞ്ഞതെല്ലാം അവനു മനസ്സിലായില്ല.

എന്നാൽ ഓക്കുമരത്തിന് എല്ലാം മനസ്സിലായി. അതു വല്ലാതെ സങ്കടപ്പെട്ടു. തന്റെ ശാഖകളിൽ കൂടുകൂട്ടി പാട്ടുപാടിയിരുന്നരാപ്പാടിയുടെ ഭാവിയെപ്പറ്റി ആശങ്കാകുലയായ ഓക്കുമരം ദുഃഖം പൂണ്ടുനിന്നു.

''അവസാനമായി നീ ഒരു പാട്ടു പാടൂ.'' ഓക്കുമരം പറഞ്ഞു. ''നീ പോയാൽ ഞാൻ ഏകനാകും.'' ഓക്കുമരത്തിനു സങ്കടമടക്കാനായില്ല.

രാപ്പാടി ഓക്കുമരത്തിനുവേണ്ടി പാടി, വെള്ളിപ്പാത്രത്തിലെ ജലത്തിൽനിന്നുയരുന്ന കുമിളകളുടെ ശബ്ദത്തിൽ.

രാപ്പാടിയുടെ പാട്ടു കഴിഞ്ഞപ്പോൾ വിദ്യാർത്ഥി എഴുന്നേറ്റ്, പോക്കറ്റിൽനിന്ന് ഒരു നോട്ടുബുക്കും പെൻസിലും എടുത്തു.

പൂന്തോട്ടത്തിലൂടെ നടക്കവെ അയാൾ ആത്മഗതമായി പറഞ്ഞു.

''അവൾക്ക് അവളുടേതായ അഭിപ്രായമുണ്ട്. അത് നിഷേധിക്കാനാവതല്ല. എന്നാൽ അവൾക്ക് വികാരമുണ്ടോ? എനിക്ക് ഭയമില്ല. സത്യത്തിൽ അവളും എല്ലാ കലാകാരന്മാരെയുംപോലെയാണ്. ആത്മാർത്ഥതയില്ല. എല്ലാം പ്രകടനമാണ്. മറ്റുള്ളവർക്കുവേണ്ടി ത്യാഗമനുഭവിക്കാൻ അവൾ തയ്യാറാവില്ല. അവൾക്ക് സംഗീതം മാത്രമാകും ചിന്തയിൽ കലകൾ സ്വാർത്ഥമാണെന്ന് ഏവർക്കുമറിയാം. എങ്കിലും അവളുടെ പാട്ടിന് ഭംഗി കൂടുതലുണ്ട്, പ്രായോഗികതലത്തിൽ അത് അർത്ഥശൂന്യമാണെങ്കിലും.''

അവൻ സ്വന്തം മുറിയിലേക്കു പോയി. സ്വന്തം മെത്തയിൽ കിടന്ന് പ്രണയത്തെപ്പറ്റി ചിന്തിച്ചുതുടങ്ങി. ക്രമേണ അവൻ ഉറക്കത്തിലേക്ക് ഊർന്നിറങ്ങി.

നിലാവുദിച്ചു. രാപ്പാടി റോസാച്ചെടിയുടെ സമീപത്തേക്കു പറന്നെത്തി.

റോസാച്ചെടിയിലെ ഒരു മുള്ളിലേക്ക് രാപ്പാടി ഹൃദയം ചേർത്തുവച്ചു. രാപ്പാടി തന്റെ ഏറ്റവും മധുരമായ ഗാനം പാടിത്തുടങ്ങി. തണുത്തുറഞ്ഞ നിലാവുപോലും ആ ഗാനത്തിലലിഞ്ഞുപോയി. ഹൃദയം മുള്ളിലേക്ക് കൂടുതൽ കൂടുതൽ ചേർത്തുകൊണ്ട് രാപ്പാടി രാത്രി മുഴുവൻ പാടി. രാപ്പാടിയുടെ ഹൃദയരക്തം റോസാച്ചെടിയുടെ ധമനിയിലേക്ക് മുള്ളിലൂടെ ഒഴുകുകയാണ്.

രാപ്പാടിയുടെ പ്രണയഗീതം ഉച്ചസ്ഥായിയിലേക്കുപോകുന്നു. റോസാച്ചെടിയിൽ ഒരു പൂവുവിരിയാൻ തുടങ്ങി. ചെമന്ന പൂവ്, തുടുത്തു ചെമന്ന പൂവ്, തുടുതുടെത്തുടുത്ത ചെമന്ന പൂവ്- ദളങ്ങളൊന്നൊന്നായി വിടർത്തി വിരിഞ്ഞു. പൊയ്കയിലെ പൂവുപോലെ റോസാച്ചെടിയുടെ മുകളറ്റത്ത് ആ ചെമന്ന പൂവ് വിരിഞ്ഞുവന്നു.

ഹൃദയം കൂടുതൽ കൂടുതൽ മുള്ളിനോടു ചേർത്തമർത്താൻ റോസാച്ചെടി രാപ്പാടിയോട് ആവേശത്തോടെ പറഞ്ഞു.

''അമർത്തൂ, അമർത്തൂ...'' റോസാ




ച്ചെടി രാപ്പാടിയോട് വീണ്ടുംവീണ്ടും പറഞ്ഞു.

മുള്ളിലേക്ക് ഹൃദയം ചേർത്തമർത്തിക്കൊണ്ട് രാപ്പാടി തൊണ്ടപൊട്ടുമാറുച്ചത്തിൽ പാടി. രാപ്പാടിക്ക് ഹൃദയരക്തം എന്നപോലെ മാംസവും നഷ്ടമായിത്തുടങ്ങി. വധുവിന്റെ ചുണ്ടിൽ ചുംബിച്ച വരന്റെ മുഖത്തെ തുടുപ്പുപോലെ റോസാച്ചെടിയുടെ ഇലകളിൽ ആ മാംസച്ചീളുകൾ തങ്ങിനിന്നു.

“അമർത്തൂ, കൂടുതൽ അമർത്തൂ, ഇപ്പോൾ നേരം വെളുക്കും. അതിനുമുൻപേ പൂവു വിരിയട്ടെ.”

റോസാച്ചെടിയുടെ മുള്ള് രാപ്പാടിയുടെ ഹൃദയത്തിൽ തുളഞ്ഞുകയറി. പാട്ട് അതിന്റെ പാരമ്യത്തിലേക്ക് ഉയർന്നു.

കിഴക്കൻ ചക്രവാളത്തിലെ പ്രഭാതപുഷ്പം പോലെ റോസാപ്പൂവു വിടർന്നു. രാപ്പാടിയുടെ ശബ്ദം നേർത്തുനേർത്തു തൊണ്ടയിൽ കുരുങ്ങിനിന്നു. രാപ്പാടിയുടെ കണ്ണുകൾക്കുമീതെ ഒരു പാട മൂടി. പ്രഭാതത്തെ മറന്ന് നിലാവു നിശ്ചലമായി നിന്നു. ചെമന്ന റോസാപ്പൂ പ്രഭാതവായുവിൽ ഇതൾ വിടർത്തി. രാപ്പാടിയുടെ അവസാനശബ്ദം കേട്ടു. നദിയുടെ ഓളങ്ങൾ ആ സന്ദേശം സാഗരത്തിലെത്തിച്ചു.

“പൂവു വിരിഞ്ഞതു നോക്കൂ..

”റോസാച്ചെടി രാപ്പാടിയോട് പറഞ്ഞു. മറുപടി ഉണ്ടായില്ല. പുൽത്തകിടിയിലേക്ക്, ഹൃദയത്തിൽ തറഞ്ഞുനിൽക്കുന്ന മുള്ളുമായി രാപ്പാടി വീണു. അവൾ നിശ്ചലയായി.

വിദ്യാർത്ഥി വീടിന്റെ ജനാല തുറന്നുനോക്കുമ്പോൾ ചെമന്നു തുടുത്ത റോസാപ്പൂവുകണ്ടു.

“എന്തു ഭാഗ്യം, എന്റെ ജീവിതത്തിൽ ഇത്രയും മനോഹരമായ ഒരു റോസാപ്പൂവു കണ്ടിട്ടില്ല.” അവൻ വേഗം പൂന്തോട്ടത്തിലിറങ്ങിവന്ന് ആ പൂവു നുള്ളിയെടുത്തു. അവൻ അത് ആദ്യം തന്റെ തൊപ്പിയിൽ ചൂടി. പിന്നെ അതു കൈയിലെടുത്ത് പ്രൊഫസറുടെ വീട്ടിലേക്ക് ഓടി.

പ്രൊഫസറുടെ മകൾ വീടിന്റെ വാതിൽക്കൽ തുന്നിക്കൊണ്ട് ഇരിക്കുകയായിരുന്നു. അവളുടെ വളർത്തുനായ കാലിൽ പറ്റിച്ചേർന്നു കിടക്കുന്നു.

“ഒരു ചെമന്ന റോസാപ്പൂവു കൊണ്ടുവന്നാൽ നീ എന്നോടൊപ്പം നൃത്തം ചെയ്യാമെന്നു പറഞ്ഞിരുന്നല്ലോ.” വിദ്യാർത്ഥി ആവേശത്തോടെ പ്രണയിനിയോടു പറഞ്ഞു. “ഇതാ ലോകത്തിൽ കിട്ടാവുന്നതിൽ ഏറ്റവും ചെമന്ന റോസാപ്പൂവ്. നീ ഇന്നു നിന്റെ ഹൃദയത്തോട് ചേർത്ത് ഇതു വയ്ക്കുക. നാം ഒരുമിച്ചു നൃത്തം ചെയ്യുമ്പോൾ അതു നിന്നോടു പറയും. ഞാൻ എത്രമാത്രം നിന്നെ സ്നേഹിക്കുന്നുവെന്ന്.”

അവൾ അതൃപ്തിയോടെ മുഖം തിരിച്ചു. “അതെന്റെ വേഷത്തിനു യോജിച്ചതല്ല.” അവൾ പറഞ്ഞു. “ചേംബർ ലെയ്നിന്റെ അനന്തരവൻ കുറച്ചു രത്നങ്ങൾ എനിക്കു നൽകിയിട്ടുണ്ട്. രത്നത്തിന് പൂക്കളെക്കാൾ വിലയുണ്ടെന്ന് ആർക്കാണറിയാത്തത്?”

“വാക്കു പാലിക്കാത്ത നീ നന്ദികെട്ടവളാണ്.” വിദ്യാർത്ഥി കോപത്തോടെ പറഞ്ഞു. അവൻ ആ റോസാപ്പൂവ് തെരുവിലേക്ക് വലിച്ചെറിഞ്ഞു. അതൊരു കുഴിയിൽ വീണു. അതിന്റെ മുകളിലൂടെ ഒരു വണ്ടിച്ചക്രം കയറിയിറങ്ങി.

“നന്ദികെട്ടവൻ.” അവൾ പറഞ്ഞു. “നീ എന്തിനാ ഇത്ര ദേഷ്യപ്പെടുന്നത്. ആരാണുനീ? ഒരു വിദ്യാർത്ഥിമാത്രം. ചേംബർ ലെയ്നിന്റെ അനന്തരവന്റെ ഷൂസിലെ വെള്ളിക്കൊളുത്തുകൾ നിനക്കുണ്ടെന്നു പറഞ്ഞാലും ഞാൻ നിന്നെ വിശ്വസിക്കുകയില്ല.” അവൾ എഴുന്നേറ്റ് വേഗത്തിൽ വീടിനുള്ളിലേക്കു പോയി.

“പ്രണയം എത്ര നിസ്സാരകാര്യമാണ്.” വിദ്യാർത്ഥി പറഞ്ഞു. അവൻ തിരിച്ചുനടന്നു.

“യുക്തിയുടെ പകുതിപോലും പ്രയോജനമുള്ളതല്ല പ്രണയം. അത് ഒന്നും തെളിയിക്കുന്നില്ല. കാരണം സംഭവിക്കാത്ത കാര്യങ്ങളാണ് അത് പ്രവചിക്കുന്നത്. അയഥാർത്ഥമായ കാര്യങ്ങൾ വിശ്വസിപ്പിക്കാനതുശ്രമിക്കുന്നു. പ്രണയം അപ്രായോഗികമാണ്. ഇക്കാലത്ത് പ്രായോഗികതയാണ് എല്ലാം. ഞാൻ തത്ത്വശാസ്ത്രത്തിലേക്കും വേദാന്തത്തിലേക്കും തിരിച്ചുപോകുന്നു.”

വീട്ടിലെത്തിയ വിദ്യാർത്ഥിപൊടിപിടിച്ച തടിച്ച പുസ്തകം എടുത്തുവച്ചു വായനതുടങ്ങി.

# കാൻസർ വാർഡിലെ കൂട്ടിരിപ്പുകാരൻ

ഇരിയ്ക്കയാണ് ഞാൻ
നിഴലുറഞ്ഞീ നിലത്ത്
നിശ്ശേഷ്ടൻ
നിർവ്വികാരൻ
ചാരിയങ്ങിരിയ്ക്കയാണ്
തുരുമ്പു വീണൊരു
ചക്രക്കസേരതൻ ചാരെ,
തണുപ്പുപോൽ
തണുത്തുറഞ്ഞൊരീ
ഭിത്തിയിൽ,
ഇരുളിൻ
പെരുംചിലന്തികൾ
വലകെട്ടിയ മിഴിയുമായ്
മയക്കത്തിൽ

അകത്ത്,
അകത്തങ്ങിരുട്ടിൽ
ശസ്ത്രക്രിയാമേശമേൽ
വിരിച്ച നരച്ച പച്ചപ്പിൽ,
നോവിൽ,
നിരാലംബ
ശ്വാസശ്രുതിയിൽ,
ഞരക്കത്തിൽ
മുറിയ്ക്കയാണവർ,
ഭിഷഗ്വരർ
അമ്മതൻ
നീർവറ്റിയ മുലകളെ,
സദയം, നിർദയം!

അപ്പോൾ,
ചുവയ്ക്കയാണെൻ
വരണ്ട ചുണ്ടിങ്ങ്
ഏതോ
വിദൂര മധുരച്ചുനതൻ
നീറുമുപ്പ്!

അതോ,
കരൾ നീറിപ്പിടയ്ക്കുമീ
കൺതടത്തിൽ,
നരച്ച താടിയും താണ്ടി
ഉരുകിപ്പിടഞ്ഞുതിരും
കണ്ണുനീരുപ്പോ?

ഇരിയ്ക്കയാണിന്നീ
കൂട്ടിരിപ്പ് മുറിതൻ
നശിച്ച മൂലയിൽ
ഏകനായ് മൂകം,
മരവിച്ചൊരു മനുഷ്യൻ,
ഞാൻ, മകൻ!

***(ജ്യേഷ്ഠതുല്യനും മുതിർന്ന പത്രപ്രവർത്തകനുമായ ശ്രീ.യേശുദാസ് വില്യംസ് സ്വജീവിതത്തിൽ കടന്നുപോയ ചില കഠിനവ്യഥകളുടെ നേർസാക്ഷ്യം)***



കെ.ഡി..ഷൈബുമുണ്ടയ്ക്കൽ
കവിത





**ജി.ഷഹീദ്**
**ജീവലോകം**

# മഞ്ഞിലെ മാർജ്ജാരനെതേടി...

മഞ്ഞിലെ മാർജ്ജാരനെ കണ്ടെത്താൻ അതീവസാഹസിക യാത്ര വേണം. നോക്കെത്താത്ത മഞ്ഞ് മൂടിയ പർവത നിരകളിൽ 12000 അടി വരെയുള്ള ഉയരങ്ങളിലെ അജ്ഞാതമായ ഗുഹാമുഖങ്ങളിലാണ് മാർജ്ജാരൻ ജീവിക്കുന്നത്. രാത്രി നക്ഷത്രകിന്നരന്മാരെ മാർജ്ജാരന് കയ്യെത്തി പിടിക്കാം.

അദൃശ്യ ജീവിയായ പല്ലാസ് പൂച്ചയാണിത് (Pallas Cat) പൂച്ച വർഗത്തിൽ വലുത് കടുവയും സിംഹവുമാണ്. ചെറിയ ഇനത്തിൽപ്പെടുന്നതാണ്. മഞ്ഞിൽ കാണപ്പെടുന്ന ഈ മാർജ്ജാരൻ.നീണ്ട തിരച്ചിലിന് ശേഷം കണ്ടെത്തിയേക്കാം. ഭാഗ്യപരീക്ഷണമാണ്. ഇല്ലെങ്കിൽ വെറും കൈയ്യോടെ തിരിച്ച് പോരേണ്ടി വരും.

മാർജ്ജാരനെ തേടിപ്പോകാൻ കൊടുമുടികൾകയറുന്ന പർവതാരോഹകർക്ക് ആത്മധൈര്യവും മനക്കരുത്തുംവേണം.പൂർണ്ണ ആരോഗ്യവാനായിരിക്കണം. മഞ്ഞണിഞ്ഞ മലനിരയിൽ കാൽനട ചിലപ്പോൾ കഴിഞ്ഞെന്നു വരില്ല. പ്രത്യേകം പരിശീലിപ്പിക്കപ്പെട്ട കുതിരകളുടെ സഹായത്തോടെ സവാരി വേണ്ടിവരും.

കാലാവസ്ഥ പ്രവചിക്കാൻ കഴിയില്ല. നേരം വെളുക്കുമ്പോൾ ചിലപ്പോൾ സുഖകരമായ തണുത്തകാറ്റ് വീശും. നോക്കി നിൽക്കെ കാറ്റിന്റെ ഗതി മാറും. അതിശൈത്യക്കാറ്റായി ആഞ്ഞ് വീശും. പെട്ടെന്ന് അതുംമാറും. ഭയാനകമായ, രൗദ്രഭാവത്തിലുള്ള കൊടുങ്കാറ്റിന്റെ രൂപമാകാം. കാതുകൾ തുളച്ചു കയറുന്ന ശബ്ദം. ചെവിയും മൂടി വെക്കണം. കാറ്റിൽ പറന്നു പോകാത്ത തൊപ്പി വലിച്ചു കെട്ടിവെക്കണം. കണ്ണുകൾക്ക് കണ്ണടപോലുള്ളആവരണം. ശരീരത്തിൽ രോമക്കുപ്പായങ്ങൾ ഏഴോ എട്ടോ തട്ടുകളിൽ വേണം. കനത്ത കയ്യുറയും പ്രത്യേകമായ ബൂട്ട്സുകൾ കാലിൽ വേണം. കൂടാതെ പരിചയസമ്പന്നരും വിദഗ്ദ്ധരുമായ ഗൈഡുകൾ അനിവാര്യം.

ഇത്രയൊക്കെ സജ്ജീകരണങ്ങളും മുൻകരുതലുകളും എടുത്താലും മാർജ്ജാരനെ തേടിപ്പോകുന്ന സാഹസികയാത്ര നിഷ്ഫലമാകാം.

മഞ്ഞിലെ മാർജ്ജാരന്റെ ആധിപത്യമുള്ളത് മംഗോളിയയിലാണ്. മൂന്ന് വർഷങ്ങൾക്ക് മുമ്പ് പ്രമുഖ വന്യജീവിഫോട്ടോഗ്രാഫറായ ഷെഫീക്ക് ബഷീർ അഹമ്മദ് നടത്തിയ ഈ സാഹസികയാത്രയുടെ അനുഭവങ്ങളാണ് ഈ ലേഖകനുമായി പങ്കിട്ടത്. ഏഷ്യൻ രാജ്യങ്ങൾ കൂടാതെ റഷ്യയുടെ സൈബീരിയൻഭാഗത്തും പല്ലാസ് പൂച്ചയുണ്ട്.ഇന്ത്യയിൽ ലഡാക്കിലും സിക്കിമിലും പല്ലാസ് പൂച്ചയുണ്ട്. കസാഖിസ്ഥാൻ, കിർഗിസ്ഥാൻ, താജിക്കിസ്ഥാൻ, ഇറാൻ, അഫ്ഘാനിസ്ഥാൻ, ചൈന, മംഗോളിയ എന്നീ രാജ്യങ്ങളിലെല്ലാം മലനിരകളാണ് പൂച്ചയുടെ



ഫോട്ടോകൾ : ഷഫീഖ് ബഷീർ അഹമ്മദ്

സുരക്ഷിത സങ്കേതങ്ങൾ. മഞ്ഞ് മൂടി യമലനിരകളിലാണ് കൂടുതലായി കാണുന്നത്.

ജർമൻ പരിസ്ഥിതി ശാസ്ത്രജ്ഞനായ പീറ്റർ സൈമൺ പല്ലാസാണ് ഈ പൂച്ചയുടെ സ്വഭാവ വിശേഷങ്ങൾ ആദ്യമായി നിരീക്ഷിച്ച് പഠിച്ചത്. അങ്ങനെയാണ് ചെറിയ പൂച്ചകളിൽ ഒന്നായ ഈ അദൃശ്യ ജീവിക്ക് പല്ലാസ് പൂച്ച എന്ന പേരിട്ടത്. വളരെ നിഗൂഢമായ ജീവിത രീതികളാണ് പൂച്ചക്കുള്ളതെന്ന് അദ്ദേഹം രേഖപ്പെടുത്തി.

ലോകത്തിൽ വിരലിൽ എണ്ണാവുന്ന വന്യജീവി ഫോട്ടോഗ്രാഫർമാർക്ക് മാത്രമേ പല്ലാസ് പൂച്ചയുടെ ചിത്രം കിട്ടിയിട്ടുള്ളൂ. പക്ഷേ ഷെഫീക്ക് ബഷീർ അഹമ്മദ് നിറഞ്ഞ സന്തോഷത്തോടെ പറഞ്ഞു. ''രണ്ടാഴ്ച നീണ്ടുനിന്ന പർവതാരോഹണത്തിനിടയിൽ ആറ് പ്രാവശ്യത്തോളം പൂച്ചയെ കാണാൻ കഴിഞ്ഞു. മിനിറ്റുകൾ മാത്രമായിരുന്നു ആ കാഴ്ചയെങ്കിലും ക്യാമറയിൽ അവ പകർത്താൻ കഴിഞ്ഞത് ആത്മ സാഫല്യത്തിന്റെ നിമിഷങ്ങൾ പകർന്നു നൽകി.''

''ദൗത്യം സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞത് തന്നെ നയിച്ച പരിചയസമ്പന്നരായ ഗൈഡുകളുടെ സഹായത്തോടെയാണ്. പൂച്ചയെ കണ്ടെത്താൻ അവർക്ക് ആറാം ഇന്ദ്രിയം ഉള്ളതുപോലെ''അദ്ദേഹംപറഞ്ഞു. തൃപ്പൂണിത്തുറയിൽ ജോയിന്റ് ആർ.ടി.ഒ യാണ് അദ്ദേഹം. വന്യജീവി ഫോട്ടോഗ്രാഫിക്കായി ആഫ്രിക്കയിലേയും ഏഷ്യയിലേയുംനിരവധി രാജ്യങ്ങൾ അദ്ദേഹം പിന്നിട്ടു കഴിഞ്ഞു. കേരള സർക്കാരിന്റേത് ഉൾപ്പെടെ നിരവധി പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്.

ആദ്യത്തെ രണ്ട് മൂന്ന് ദിവസങ്ങൾ അതിരാവിലെ എഴുന്നേറ്റ് മലനിരകളിൽ പൂച്ചയെ തേടിപ്പോകും. ആഞ്ഞ് വീശുന്ന ശീതക്കാറ്റാണ് പലപ്പോഴും പ്രതിസന്ധി.കാറ്റ്മാറിയാലും വീണ്ടും വീശും. ഒന്നുരണ്ട് ദിവസങ്ങൾ കഴിഞ്ഞാൽ മാത്രമേ അതുമായി പൊരുത്തപ്പെടാൻ കഴിയൂ. ചിലപ്പോൾ നടക്കാൻ കഴിഞ്ഞെന്ന് വരില്ല. മഞ്ഞിൽ കുഴികൾ കണ്ടേക്കാം. അതിനാൽ സുരക്ഷിതയാത്രക്ക് കുതിര കൂടിയേ തീരു. കുതിരയ്ക്ക് നടപ്പാതകളിലെ തടസങ്ങളും കുഴിയും അനായാസമായി തിരിച്ചറിയാൻ കഴിയും. അങ്ങനെ സുഖകരമായ മുന്നേറ്റം. ചിലപ്പോൾ നല്ല സൂര്യപ്രകാശം മനസ്സിൽ കുളിര് കോരും.

12000 അടി ഉയരം വരെ പല്ലാസ് പൂച്ചയെ കാണാൻ കഴിയും. കുതിരപ്പുറത്ത് ഇരുന്ന് നോക്കുമ്പോൾ ആകെ മനസ്സിനെഭ്രമിപ്പിക്കുന്നതാണ് കാഴ്ച.

മഞ്ഞ് മൂടിയ ഒരു മരുഭൂമിപോലെ. എവിടെ നോക്കിയാലും മഞ്ഞിന്റെ സമുദ്രം. നോക്കെത്താത്ത സമുദ്രം. തിരമാലയ്ക്ക് പകരം മേഘങ്ങൾ പല വർണ്ണത്തിലുള്ള മേഘങ്ങൾ. ചിലപ്പോൾ താഴ്ന്ന് പറന്ന് ചിത്രകഥകളിൽ വായിച്ച സ്വർഗത്തിന്റെ പ്രതീതി ഉണർത്തുന്നു.

ഗൈഡുകൾ സംസാരിക്കുന്നത് റഷ്യനോ മംഗോളിയൻ ഭാഷയോ ആണ്. ഇംഗ്ലീഷ് പരിമിതമായ രീതിയിൽ ആണെങ്കിലും ആശയ വിനിമയം എളുപ്പത്തിലാണ്.

ആദ്യ ദിവസം തന്നെ ആകാംക്ഷയോടെ ഗൈഡിനോട് ചോദിച്ചു: ''പൂച്ചയെ കാണാൻ കഴിയുമോ?''

ഗൈഡ് പറഞ്ഞു: ''ക്ഷമയോടെ കാത്തിരിക്കണം. ക്ഷമ അനിവാര്യം. പക്ഷെ നമുക്ക് ശ്രമിക്കാം. പൂച്ചയുടെ വഴികൾ എല്ലാം ഞങ്ങൾ തിരിച്ചറിയും. ഞങ്ങളെ വെട്ടിച്ച് അവന് കടന്ന് കളയാൻ കഴിയില്ല.'' ഗൈഡ് പുഞ്ചിരിച്ചു.

ബൈനോക്കുലറുകൾ എടുത്ത് ഗൈഡ് ചുറ്റുംനോക്കി. ഉയരങ്ങളിലും പാറക്കൂട്ടങ്ങൾ കാണാം. അവയ്ക്ക് മഞ്ഞിന്റെ ആവരണം. ചില പാറകളിൽ വിള്ളലുകൾകാണാം. പൂച്ചകളുടെ ഗുഹകളാണ് അവ. അതിൽ മണിക്കൂറുകളോളം ഒളിച്ചിരിക്കാൻ പൂച്ചകൾക്ക് കഴിയും.

ഗൈഡ് പറഞ്ഞു: ''പൂച്ചകളുടെ മാത്രമല്ല. ഹിമപ്പുലികളുടെ (snow leopard) ആവാസകേന്ദ്രം കൂടിയാണ് ഈ മഞ്ഞണിഞ്ഞ മലനിരകൾ. അവയെ കണ്ടെത്തുക എളുപ്പമല്ല. പൂച്ചയേക്കാൾ അവ ആകൃതിയിൽ വലുതാണെങ്കിലും.'' മഞ്ഞിൽ ലയിച്ചു ചേരുന്നതാണ് പൂച്ച. അതിനാൽ ഒറ്റ നോട്ടത്തിൽ തിരിച്ചറിയാൻ കഴിഞ്ഞെന്ന് വരില്ല. ഒരു പാറക്കഷ്ണമായിട്ടേ പലപ്പോഴും കാഴ്ചയിൽ തോന്നാറുള്ളൂ.

മംഗോളിയയിൽ ഹുസ്റ്റായ് (Hustai)നാഷണൽ പാർക്കിലാണ് പൂച്ചകൾക്ക് ആധിപത്യമുള്ളത്. മംഗോളിയയുടെ തലസ്ഥാനമായ ഉലാൻബത്താറിൽ വിമാനമിറങ്ങിയ ശേഷം അൽത്തായ് മലനിരകളിലേക്ക് കാറിൽ മൂന്ന് മണിക്കൂറോളം യാത്ര ചെയ്തിട്ട് വേണം നാഷണൽ പാർക്കിൽ എത്താൻ.

മഞ്ഞ് മൂടിയ പർവത നിരകളിൽ ക്യാമറ ട്രാപ്പിങ്ങും റേഡിയോ ടെലിമെട്രി സംവിധാനവും ആശ്രയിച്ചാണ് പൂച്ചയെ കണ്ടെത്തുക.

മൂന്നാം ദിവസം ഒരു പൂച്ചയെ ഗൈഡ് കണ്ടെത്തി. മനസ്സിനെ ഭ്രമിപ്പിച്ച വാക്കുകൾക്ക് അതീതമായ ആഹ്ലാദം അത് പകർന്നുവെന്ന് ഷെഫീഖ് പറഞ്ഞു.

ബൈനോക്കുലർ നൽകിക്കൊണ്ട് ഗൈഡ് പറഞ്ഞു: ''നോക്കൂ, ഒരു പൂച്ചയെ കാണാം.''

ഷെഫീഖ് ആകാംക്ഷയോടെ നോക്കി. പക്ഷെ ഒരൊറ്റ പൂച്ചയെപ്പോലും



കണ്ടില്ല. വീണ്ടും നോക്കി. അപ്പോഴും പൂച്ച അദൃശ്യമായിരുന്നു.

ഗൈഡ്പറഞ്ഞു:''വേഗമാകട്ടെ മാർജ്ജാരൻ മെല്ലെഅപ്രത്യക്ഷമാകും.''

എങ്ങനെ നോക്കണം. എവിടെ നോക്കണം ഗൈഡ് കൃത്യമായി പറഞ്ഞുകൊടുത്തു. അപ്പോൾ ഒരു അത്ഭുത പ്രതിഭാസം വിടർന്നപോലെയായിരുന്നു ഷെഫീഖിന്റെ അനുഭവം

ഒരു പാറയ്ക്ക് സമീപം പതുങ്ങിയിരിക്കുന്ന പൂച്ച. സ്വപ്നത്തിൽ എന്നതുപോലുള്ള മുഖഭാവം. ദിവാസ്വപ്നം കാണുകയാണോഎന്ന് സംശയിച്ചു പോകും. നീലക്കണ്ണുകൾ അതിന് ചുറ്റും വെളുത്ത വലയംമുഖത്തും താടിയിലുമുള്ള രോമങ്ങളിൽ മുത്തുമണികൾ പോലെ ഹിമകണങ്ങൾ. ആകെ കാൽപ്പനിക സൗന്ദര്യം പകരുന്ന അനുഭവം.

പുസ്തകങ്ങളിൽ മാത്രം കണ്ട് പരിചയമുള്ള പല്ലാസ് പൂച്ചയെ അങ്ങനെ ആദ്യമായി നേരിൽ കണ്ടു.

ക്യാമറയിൽ പകർത്തി.

മറ്റൊരു ദിവസം രണ്ട് മണിക്കൂർ ഒരു ഗുഹയ്ക്ക് സമീപം പൂച്ചയെ കാ



ത്തിരുന്നു. കാത്തിരിപ്പ് നീളുമെന്ന് തോന്നിയപ്പോൾ ഷെഫീഖ് ഗൈഡിന്റെ ചെവിയിൽ മന്ത്രിച്ചു.

''വരുമോ, പൂച്ച?''

തോളിൽ തട്ടിക്കൊണ്ട് ഗൈഡ് പറഞ്ഞു

''നോക്കൂ.. അതാ പൂച്ചയുടെ ഒളിക്കണ്ണിട്ടുള്ള നോട്ടം.''

ഷെഫീഖ് ക്യാമറയെടുത്തു. പൂച്ച പുറത്തിറങ്ങി ഒറ്റ ചാട്ടത്തിൽ പാറയിൽ കയറി അപ്രത്യക്ഷമായി.

കാത്തിരിപ്പ് വെറുതെയായില്ല. ഗൈഡിനെ സന്തോഷാധിക്യത്താൽ ഷെഫീഷ് ആശ്ലേഷിച്ചു.

തണുപ്പ് മറികടക്കാൻ ചൂട് കാപ്പിയും സാൻവിച്ചും ഗൈഡ് നൽകി. കുതിര സവാരി തുടർന്നു.

ടെന്റിൽ എത്തുമ്പോഴാണ് ആശ്വാസം. ചോറും നൂഡിൽസും പൊരിച്ച ഇറച്ചികഷണങ്ങളും കുടിക്കാൻ വോഡ്ക്കയും നൽകും. വൈകിട്ട് ആറ് മണിയായില്ലെങ്കിലും നല്ല ക്ഷീണം. ഒൻപത് മണിവരെ കിടന്നുറങ്ങും. ഗൈഡ് വിളിച്ചുണർത്തി അത്താഴം നൽകും. ഏത് കൊടുങ്കാറ്റിനെയും തടുക്കാൻകഴിവുള്ളതാണ് ടെന്റുകൾ. വേണ്ടത്ര ചൂട് പകരാൻ സംവിധാനമുള്ളതിനാൽ രോമക്കുപ്പായങ്ങളിൽ ചിലത് മാറ്റാൻ കഴിയും. നവീനരീതിയിലുള്ള ടോയ്‌ലറ്റ് സംവിധാനം ടെന്റിനുള്ളിൽ ഉണ്ട്. ചൂട് വെള്ളവും ലഭ്യമാണ്. സാറ്റലൈറ്റ് ഫോൺ സൗകര്യമുള്ളതിനാൽ വീട്ടിലേക്ക് വിളിക്കാം.

രാവിലെ അഞ്ച് മണിക്ക് വീണ്ടും ഉണരും. ചൂടുവെള്ളത്തിൽ മുഖം കഴുകി തുടയ്ക്കുമ്പോൾ തന്നെ ആവി പറക്കുന്ന കാപ്പി റെഡി. അഞ്ചരമണിയോടെ പ്രാതൽ കഴിച്ച് പുറത്ത് ഇറങ്ങുമ്പോൾ കുതിരകൾ തയ്യാറായി നിൽക്കും.

അൽത്തായി മലനിരകൾ വശ്യമായ ഭൂപ്രകൃതിയുടെ കാഴ്ചകൾ ഒരുക്കുന്നു. വന്യജീവികളുടെ വൈവിധ്യങ്ങൾ. കാട്ടുകുതിരകളും ഒട്ടകങ്ങളും ചെമ്മരിയാട് വർഗത്തിൽപ്പെട്ട അർഗളിയും മംഗോളിയൻ റെമിൻഡിയറുകളും സൈബീരിയൻ ഐബക്സുകളും 450 ഇനം പക്ഷികളും ഇവിടെയുണ്ട്. മംഗോളിയ, റഷ്യ, ചൈനകസാഖിസ്ഥാൻ എന്നീ രാജ്യങ്ങളുടെ സംഗമ ഭൂമി കൂടിയാണ് അൽത്തായ് മലനിരകൾ.

ഹിമപ്പുലികളുടെ സ്വഭാവ വിശേഷങ്ങൾ പഠിച്ച് ആധികാരിക ഗ്രന്ഥം എഴുതിയഅമേരിക്കൻ വന്യജീവി ശാസ്ത്രജ്ഞനാണ് ടോം മകാർത്തി. അദ്ദേഹം പറയുന്നു: ''പത്ത് വർഷത്തോളം ഞാൻ മംഗോളിയൻ മഞ്ഞ് മലകളിൽ ചില വഴിച്ചു. ഹിമപ്പുലിയെ പല തവണ കണ്ടിട്ടുണ്ട്. പക്ഷെ ഒരിക്കൽപ്പോലും പല്ലാസ് പൂച്ചയെ കാണാൻ കഴിഞ്ഞിട്ടില്ല.''

ബി.ബി.സിയുടെ വന്യജീവി ചിത്ര നിർമ്മാണ മേധാവി പോൾ വില്ല്യംസ് പറയുന്നു: രണ്ട് മാസം പൂച്ചയെതേടി നടന്നു. മികച്ച കാഴ്ചയ്ക്ക് അവസരം കുറവായിരുന്നു വെങ്കിലും അന്ന് കുഞ്ഞുങ്ങളുമായി ഒരു അമ്മ ഞങ്ങളെ നോക്കി നിൽക്കുന്നത് കാണാൻ കഴിഞ്ഞു. അതായിരുന്നു അവിസ്മരണീയമായ കാഴ്ച.



# ഹോട്ടലൂണും മലയാളിയും





ഡോ. സി ഗണേഷ്
നിരീക്ഷണം

**ഏതൊരു ഭക്ഷണത്തിന്റേയും ചരിത്രം തിരഞ്ഞുപോയാൽ അത് നാട്ടുകാർ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളിലേക്കാണ് എത്തിക്കുക. കേരളഭക്ഷണത്തിന്റെ കഥയും വ്യത്യസ്തമല്ല. പരമ്പരാഗതരുചി എന്ന് വിശ്വസിച്ചുപോരുന്ന പലതും വിദേശത്തുനിന്നു വന്നതോ വൈദേശികസ്വാധീനത്തിൽ നിന്നുയിർകൊണ്ടതോ ആവാമെന്ന് ഭക്ഷണ ചരിത്രം തെളിയിക്കുന്നു. അധിനിവേശവും യുദ്ധവും ഗോളാന്തരയാത്രകളുമെല്ലാം അതിന് വഴിതെളിക്കുന്നു**

അർബൻ ഫോക്‌ലോർ അഥവാ നാഗരിക ഫോക്‌ലോർ എന്ന സങ്കൽപനം സമകാല സംസ്‌കാര പഠനത്തിന്റെ സംഭാവനയാണ്. പലപ്പോഴും നാടൻജീവിതമെന്നത് ഗ്രാമീണജീവിതം എന്ന അർത്ഥത്തിലാണ് ഫോക്‌ലോറിസ്റ്റുകൾകണ്ടത്. എന്നാൽ കൂട്ടായ്മ എന്ന പദത്തിന് വ്യാപ്തിയേറിയ അർത്ഥമാണ് ഇന്നുള്ളത്. നഗരത്തിലെ വിദ്യാർത്ഥി-തൊഴിൽ-ജാതി-മത-സാങ്കേതിക-കൂട്ടായ്മകളും ഫോക്‌ലോറിന്റെ പഠനപരിധിയിലേക്ക് കടന്നുവന്നതോടെ അർബൻ ഫോക്‌ലോർ പുതിയ വിതാനത്തിലെത്തി. ഉദാഹരണത്തിന് ബ്ലൂവേൽ ചാലഞ്ച് എന്ന സൈബർകളി ലോകത്താകമാനമുള്ള ചെറുപ്പക്കാരെയും കൗമാരക്കാരെയും ആകർഷിക്കുകയും കളിലഹരിയിൽ ധാരാളം പേർ അപകടത്തിലാവുകയും ആത്മഹത്യ ചെയ്യുകയുമൊക്കെ

ചെയ്തിരുന്നു..ചില രാജ്യങ്ങൾ കളി നിരോധിക്കാൻ തീരുമാനിച്ചു. ആത്മഹത്യ ചെയ്തവരുടെ കൈത്തണ്ടയിൽ കണ്ട തിമിംഗലചിത്രത്തിന്റെ ടാറ്റൂവിൽനിന്നാണ് കുറ്റാന്വേഷണം തെളിഞ്ഞത്. ഐ ഐ ടി ഡെൽഹിയിലെ കെ ദബാസിന്റെ ഈ പഠനം നാഗരിക ഫോക്‌ലോർ എങ്ങനെ പ്രവർ ത്തിക്കുന്നുവെന്ന് മനസ്സിലാക്കാൻ സഹായിക്കുന്നു. ഗ്രാമനഗര ഭേദമില്ലാതെ മനുഷ്യൻ അബോധത്തെ ആവിഷ്കരിക്കുന്നു എന്നതാണ് അർബൻ ഫോക് പഠനങ്ങളുടെ അടിത്തറ. അസംബ്ലേജ് എന്ന പദം ഫോക്കിനുപകരമായി സൈബർരംഗത്തും വിനിമയമേഖലയിലും ഉപയോഗിക്കപ്പെടുന്നുണ്ട്.

ഇവിടെ ഹോട്ടലുമായി ബന്ധപ്പെട്ട മലയാളിയുടെ അറിവുകളേയും വിശ്വാസങ്ങളേയും അവലോകനം ചെയ്യാനാണ് ശ്രമിക്കുന്നത്. അർബൻ ഫോക്‌ലോറായി ഹോട്ടലറിവുകൾ മാറുന്ന ചിത്രം മലയാളിയുടെ മാറുന്ന സംസ്കാരത്തെ കാണിച്ചുതരികയാണ്.

**ഭക്ഷണം**

ജീവൻ നിലനിർത്താനുള്ള ഉപാധിയല്ല, ഭക്ഷണം. അത് മനുഷ്യനെ ജൈവപരമായും ജനിതകപരമായും വംശീയമായും വളർത്തുന്ന പ്രതിഭാസമാണ്. കാലാവസ്ഥ, ഭൂപ്രകൃതി, സാമ്പത്തിക-സാമൂഹികനില തുടങ്ങിയവയുടെ പ്രതിപ്രവർത്തനങ്ങൾ മനുഷ്യന്റെ ഭക്ഷണജീവിതത്തെ സ്വാധീനിക്കുന്നു.

പാചകം ഭക്ഷണത്തെ ആസൂത്രിതമായ കർമമാക്കിത്തീർത്തു.സ്ഥലം മാറിമാറി കൃഷി നടത്തുന്ന സഞ്ചരിക്കുന്ന ജനതയിൽ നിന്ന് സ്ഥിരവാസികളായ ജനതയുടെ പിറവിയിലൂടെ കടന്നുവന്ന ആധുനികശാസ്ത്രീയ മുന്നൊരുക്കമാണ് ഒരർത്ഥത്തിൽ പാചകം. വീടുകളുടെ ആരംഭത്തിലൂടെ വീട്ടുപാചകം നിർബന്ധപ്രതിഭാസമായി. വർദ്ധിച്ച കായികശേഷി ആവശ്യമില്ലാത്തതിനാൽ അത് സ്ത്രീകളുടെ സ്വാഭാവികമായ രംഗവേദിയായി. സ്ത്രീയും പുരുഷനും അവരവരുടേതായമണ്ഡലങ്ങൾ നിർമ്മിച്ചെടുക്കുകയായിരുന്നു. വീട്ടിലെ നിത്യപാചകം സർവ്വസാധാരണമാണെങ്കിൽ അതിഥിപാചകമെന്ന മറ്റൊരു വിഭാഗവും വൈകാതെ ഉണ്ടായി. അത് അപരനെസ്വീകരിക്കാനും സന്തോഷിപ്പിക്കാനുമായി നടത്തുന്ന ഭക്ഷണവിരുന്നായിരുന്നു. അതിഥിക്കായുള്ള പാചകങ്ങളിൽ സ്ത്രീയും പുരുഷനും പരസ്പരം സഹായിച്ചും തിരുത്തിയും വിശേഷപ്പെട്ട രുചിക്കായി അദ്ധ്വാനിച്ചു. ഇങ്ങനെനിത്യപാചകത്തിന്റേയും അതിഥിപാചകത്തിന്റേയും ആചാരപദ്ധതികളുടേയും മൂല്യസംഹിതകളുടേയും ഭാഗമായി ഭക്ഷണം മാറുന്നതോടെയാണ് ജീവിതത്തിലെ സമസ്തമേഖലയേയും സ്പർശിച്ചു നിൽക്കാനുള്ള സാംസ്കാരികശേഷി അതിന് നേടാനാവുന്നത്. ഭക്ഷണത്തേയും പാചകത്തേയും ബന്ധപ്പെടുത്തിയുള്ള പഠനം പ്രകൃതിയിൽ നിന്നും സംസ്കാരത്തിലേക്കുള്ള പ്രയാണമായി ലെവിസ്ട്രൗസ് ചൂണ്ടിക്കാണിക്കാൻ കാരണമതാണ്.(1964)

**കേരളഭക്ഷണപരിസരം**

കാർഷികവൃത്തിയിലേക്കെത്തിയ മനുഷ്യൻ ലഭ്യമായ വിത്തിനങ്ങളെല്ലാം ഒരുമിച്ചുവിതയ്ക്കുന്ന പുനം കൃഷിയായിരുന്നു ആദ്യം ചെയ്തത്. നെല്ലിനോടൊപ്പം കൃഷിയിടങ്ങളിൽ പച്ചക്കറികൃഷി ചെയ്യുന്നത് നല്ലതാണെന്നവർ തിരിച്ചറിയുന്നു. ഭൂപ്രകൃതിക്കും കാലാവസ്ഥക്കനുസരിച്ചും പലതരം കൃഷികൾ ശീലമാക്കി. കാലവർഷവും തുലാവർഷവും, വേനലും, അവയെ ക്രമപ്പെടുത്താനും തുടങ്ങി. താള്, തകര, തുടങ്ങിയ ഇലവർഗങ്ങൾ ചക്ക, മാങ്ങ തുടങ്ങിയവയുടെ ലഭ്യതക്കനുസരിച്ചുപയോഗിക്കൽ എന്നിവ കേരളഭക്ഷണ പരിസരങ്ങൾ സൃഷ്ടിച്ചു. കഞ്ഞി, പുഴുക്ക് എന്നിവയാണ് ആദ്യകാല കേരളീയരുടെ പ്രധാനആഹാരം. വീടുകളിൽ കഞ്ഞി പാചകത്തിന്റെ ഭാഗമായി. അമ്പലങ്ങളിലും കഞ്ഞി വിതരണം നടന്നിരുന്നു.

**കേരളഭക്ഷണം**

ഏതൊരു ഭക്ഷണത്തിന്റേയും ചരിത്രം തിരഞ്ഞുപോയാൽ അത് നാട്ടുകാർ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളിലേക്കാണ് എത്തിക്കുക. കേരളഭക്ഷണത്തിന്റെ കഥയും വ്യത്യസ്തമല്ല. പരമ്പരാഗതരുചി എന്ന് വിശ്വസിച്ചുപോരുന്ന പലതും വിദേശത്തുനിന്നു വന്നതോ വൈദേശികസ്വാധീനത്തിൽ നിന്നുയിർകൊണ്ടതോ ആവാമെന്ന് ഭക്ഷണ ചരിത്രം തെളിയിക്കുന്നു.അധിനിവേശവും യുദ്ധവും ഗോളാന്തരയാത്രകളുമെല്ലാം അതിന് വഴി തെളിക്കുന്നു. എം. ജി ശശിഭൂഷൺ ഈ വിഷയത്തിലെഴുതിയ ലേഖനപരമ്പര (കലാകൗമുദി 1997) കേരളഭക്ഷണത്തിലെ വൈദേശികത തിരിച്ചറിയുന്നു. ഓണത്തിന് വിളമ്പുന്ന അടപ്രഥമൻ തമിഴകത്തിന്റെ സംഭാവനയാണ്. പത്മനാഭസ്വാമിക്ഷേത്രത്തിലെ മുറജപവുമായി ബന്ധപ്പെട്ട സദ്യയിൽ വിളമ്പിയവയിൽ കാളനും ഓലനുമേ കാണുന്നുള്ളൂ. സാമ്പാർ ഇല്ല. ഇതിനർത്ഥം ഒരു നൂറ്റാണ്ടിന്റെ പഴക്കമേ സാമ്പാറിനുള്ളൂ എന്നാണ്. മഹാരാഷ്ട്രക്കാരുടെ 'ദാൽസാംഭാർ' മാറ്റത്തോടെ കേരളീയർ ഏറ്റെടുത്തപ്പോഴാണ് സാമ്പാർ ഉണ്ടായതെന്നാണ് ശശിഭൂഷൺ പറയുന്നത്.

കേരള സദ്യയിലെ ആഡംബരവിഭവമായി കരുതപ്പെട്ട പപ്പടം കേരള വിഭവമല്ലെന്നും തമിഴ്നാട്ടിൽ നിന്നു വന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. പഴനിയിലും കുംഭകോണത്തുമുള്ള പണ്ടാരന്മാരാണ് പപ്പടം ഇവിടെ പ്രചരിപ്പിച്ചത്. ഒമ്പതാം നൂറ്റാണ്ടിൽ നമ്മാൾവർ തിരുവനന്തപുരത്തെ വർണിക്കുമ്പോൾ തെങ്ങ് സൂചിപ്പിക്കുന്നില്ല, എന്നതിനാൽ തെങ്ങ് തനി കേരളീയമല്ല. സിലോണിൽ നിന്നാണ് തെങ്ങ് കേരളത്തിൽ വ്യാപിച്ചത്. എന്നാൽ നമ്മുടെ കാലാവസ്ഥയും ഭൂപ്രകൃതിയും തെങ്ങിനെതാലോലിച്ചപ്പോൾ നാളികേരവിഭവങ്ങൾ കേരളത്തിന്റെ സ്വത്വം നിർണയിക്കുന്നതായി. ഇറക്കുമതി ചെയ്യാത്ത തനി കേരളീയ ഇനമായി എം. ജി ശശിഭൂഷൺ സമ്മതിക്കുന്ന ഒന്നേയുള്ളൂ. അത് ചക്കയാണ്. കേരളത്തിൽ നിന്ന് വരാപ്പുഴ സെമിനാരി വഴി ബ്രസീലിലേക്ക് വളരേ മുമ്പേ സഞ്ചരിച്ച ചരിത്രവും ചക്കക്കുണ്ട്. ആധുനികതയുടെ അടയാളമായ ബേക്കറികളിലൂടെ കടന്നുവന്ന ലഡ്ഡു, ജിലേബി എന്നിവ ഉടുപ്പി ബ്രാഹ്മണരുടെ സംഭാവനയാണ്. ബ്രസീലിൽ നിന്ന് മലയാളിക്ക് കിട്ടിയ കപ്പയുടെ ചരിത്രം അദ്ദേഹം ഇങ്ങനെരേഖപ്പെടുത്തുന്നു.ലണ്ടനിലെ ബൊട്ടാണിക്കൽ മ്യൂസിയത്തിലേക്കാണ് ബ്രസീലിൽ നിന്നും ആദ്യം കപ്പ എത്തിയത്. അവിടെനിന്നാണ് തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ കേരളത്തിലെ ആദ്യത്തെ കപ്പ ബ്രിട്ടീഷുകാർ നടുന്നത്. വിശാഖം തിരുനാളാണ് തിരുവിതാംകൂറിൽ കപ്പകൃഷി പ്രചരിപ്പിക്കുന്നത്.1870 കളിലെ ക്ഷാമകാലത്താണ് കപ്പ വ്യാപകമായതെന്നും അദ്ദേഹം എഴുതുന്നുണ്ട്.

**ഹോട്ടലും റെസ്റ്ററന്റും**

പത്തൊമ്പതാം നൂറ്റാണ്ടിൽ മാത്രമാണ് ഭക്ഷണം വിളമ്പുന്ന ഇടം എന്ന അർത്ഥം പരിപൂർണമായി റെസ്റ്ററന്റിന് ലഭിക്കുന്നത്. ലോകത്തെ ആദ്യത്തെ ഭക്ഷണശാല 1765-ൽ ഫ്രാൻസിലാണ് സ്ഥാപിച്ചതെന്ന് കരുതുന്നു. എന്നാൽ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ആദ്യ ഭക്ഷണശാല ഇംഗ്ലണ്ടിലെ എക്സെറ്ററിലാണ് ആരംഭിച്ചത്. റെസ്റ്ററർ എന്ന ഫ്രഞ്ച്പദത്തിൽ നിന്നാണ് റെസ്റ്ററന്റ് എന്ന പദത്തിന്റെ ഉൽപത്തി. സൂപ്പുകൾ വിതരണം ചെയ്യുന്ന ഇടം എന്ന അർത്ഥമാണ് പതിനാറാം നൂറ്റാണ്ടി

ൽ ഈ പദത്തിനുണ്ടായിരുന്നത്.

**ഹോട്ടലൂണ്**

മദിരാശിയാത്രയെക്കുറിച്ച് കഥയും പ്രഹസനവുമെഴുതിയ ഒടുവിൽ കുഞ്ഞികൃഷ്ണമേനോന്റേതായി എറണാകുളം ഹോട്ടലിലെ ഊണിനെ കളിയാക്കുന്ന ശ്ലോകമുണ്ട്. ചുണ്ണാമ്പ്ചോറും പുഴക്കൂട്ടുമാതിരിയുള്ള ഉപ്പിലിട്ടതും കയ്പേറുന്ന ഉപ്പേരിയും പൊട്ടച്ചക്കയും മോരും ചേർത്ത കൂട്ടാനും ചേർന്ന ഭക്ഷണം കഴിച്ചാലുടൻ ഛർദിവരുമെന്നദ്ദേഹം പറയുന്നു. ഹോട്ടൽഭക്ഷണത്തെ കളിയാക്കുന്ന ആദ്യകാവ്യഭാഗമാണിത്.

പുതിയ ഭക്ഷണഇനങ്ങളുടെ കടന്നുവരവ്, പാചകക്കൂട്ടിൽ വരുന്ന വ്യത്യാസങ്ങൾ, വിളമ്പൽ രീതിയിലെ മാറ്റം എന്നിവയെ രണ്ട് നിലപാടുകളിൽ നിന്നാണ് വായിക്കാറുള്ളത്. ഒന്ന്, ഭക്ഷണശൈലിയിലുണ്ടാകുന്ന മാറ്റം അധിനിവേശത്തിന്റെ ഫലമാണ് എന്നു വിശ്വസിക്കുകയാണ്. 'സാംസ്കാരിക തനിമ' എന്ന സങ്കൽപത്തിലൂന്നി തദ്ദേശീയമായ തനിമ തകർക്കപ്പെടുന്ന അവസ്ഥയായി ഭക്ഷണഇനങ്ങളിലെ കടന്നുവരവിനെനിരീക്ഷിക്കുന്നു. അധിനിവേശാധികാരം നേടിക്കൊണ്ട് രാഷ്ട്രീയാധികാരത്തിലേക്ക് കടക്കുക എന്നാണ് അധിനിവേശ രാഷ്ട്രീയത്തിന്റെ അജണ്ട. രണ്ടാമത്തെ നിലപാട് പുതുലോകക്രമത്തിൽ അധിനിവേശമെന്നത് സാംസ്കാരികസ്വാംശീകരണമാണ് എന്നതാണ്. രുചിമാറ്റം സ്വാഭാവികമായും ജനാഭിരുചിക്കനുസരണമായി സംഭവിക്കുന്നു. ജനമനസ്സിലെ ഫോക്‌ലോർ, ജനപ്രിയത, ജീവിതശൈലിസങ്കൽപം, ജനിതകബോധം, സാമ്പത്തികം, ഭൂമിശാസ്ത്രം തുടങ്ങിയ ബാഹ്യഘടകങ്ങൾ പ്രവർത്തിക്കുന്നതിന്റെ ഫലമായാണ് രുചിമാറ്റം ജനതയിൽ പ്രവർത്തിക്കുക. അത് ഏതെങ്കിലും നിലയിൽ നിന്നുള്ള ബോധപൂർവകമായ പ്രവൃത്തികൊണ്ടല്ല മറിച്ച് സാംസ്കാരികസംശ്ലേഷണത്തിന്റെ ഭാഗമായി സംഭവിക്കുന്നതാണ്. സാമൂഹികശ്രേണീകരണത്തിന്റേയും വിദ്യാഭ്യാസമൂലധനത്തിന്റേയും ഉപോൽപ്പന്നമാണ് രുചികളെന്ന് പിയറിബോർദ്യു പറയുന്നുണ്ട്. ശ്രേണീകൃത രുചിനിർണയനം കേരളത്തിന്റെ ജാതിസാഹചര്യത്തിൽ നടന്നിട്ടുണ്ട്. സമൂഹശാസ്ത്രം, രുചിമാറ്റത്തെത്തന്നെ താത്കാലികമായുണ്ടാവുന്നത്, ദീർഘകാലത്തെ പ്രവർത്തനഫലമായുള്ളത്, കാലികമായി സംഭവിക്കുന്നത് എന്നിങ്ങനെ തരംതിരിക്കുന്നു. ഒരു ടിവി പരസ്യം കണ്ട് ഏതെങ്കിലുമൊരു ഭക്ഷണപദാർത്ഥം സ്വീകരിക്കുന്നത് (മിക്കവാറും അതൊരു പരീക്ഷണമായിരിക്കും) 'താല്കാലികമായി' കണക്കാക്കാം. ജീവിതശൈലിയിലും ലോകബോധത്തിലുമുണ്ടാകുന്ന മാറ്റം സാമ്പത്തികസ്ഥിതി അംഗീകരിക്കുന്നവേളയിൽ പതിയെ പതിയെ ഒരു ഭക്ഷണപദാർത്ഥത്തെ ഒരു സമൂഹത്തിന്റെ ഭാഗമാക്കുന്നത് 'ദീർഘകാലം കൊണ്ടുമാത്രം സംഭവിക്കുന്ന ഒന്നാണ്. അതതു കാലത്തെ ഏതെങ്കിലും പ്രത്യേകസാഹചര്യംകൊണ്ടും ഫാഷന്റെ ഭാഗമായും ഒക്കെ പുതിയ ഭക്ഷണത്തെ സ്വീകരിക്കുന്നത് 'കാലിക'മെന്ന ഗണത്തിൽ പെടുന്നു.

നാം എവിടെയാണ് എന്നത് നമ്മുടെ ഭക്ഷണത്തെ നിർണയിക്കുന്നു. കേരളീയരെ സംബന്ധിച്ച് വീട്ടിലാണോ, ഹോട്ടലിലാണോ പാർക്കിലാണോ യാത്രാവണ്ടിയിലാണോ ഇതെല്ലാം വ്യത്യസ്ത ഭക്ഷണങ്ങളായിരിക്കും വ്യക്തിക്ക് സാധ്യമാക്കുക. പാർക്കിൽവച്ച് അലസമായി കൊറിക്കുന്ന ലഘുഭക്ഷണം അതേസമയത്ത് വീട്ടിലാണെങ്കിൽ മലയാളി കഴിക്കുകയില്ല. വീട്ടിൽതന്നെ അതിഥിമുറിയിലാണെങ്കിൽ, ഊൺതളത്തിലാണെങ്കിൽ, ബാൽക്കണിയിലാണെങ്കിൽ, മുറ്റത്താണെങ്കിൽ വ്യത്യസ്ത ഭക്ഷണമായിരിക്കും വ്യക്തിയോടൊപ്പം ഉണ്ടായിരിക്കുക.

**ഹോട്ടൽഭക്ഷണം ആധുനിക മലയാളിചിഹ്നം**

സാമൂഹിക നവോത്ഥാനപ്രവർത്തനങ്ങളുടെ ഫലമായി ജാതീയതക്കെതിരെ രൂപംകൊണ്ട പൊതുബോധം നവോത്ഥാനാനന്തര കേരളാധുനികതയുമായി കെട്ടുപിണഞ്ഞപ്പോൾ പരമ്പരാഗത തൊഴിൽമേഖലകൾ തകരുകയും ജനങ്ങൾ കൂടുതലായി തൊഴിലിനായി അന്യനാടുകളിലേക്ക് കുടിയേറാനാരംഭിക്കുകയും ചെയ്തു. 1970-കളിലാരംഭിച്ച ഗൾഫ്കുടിയേറ്റവും 90-കളിലെ അഗോളവത്കരണപ്രവണതകളും ചേർന്നുകഴിഞ്ഞപ്പോൾ ഗ്രാമീണശീലങ്ങൾ വരെ കുടുംബങ്ങളിൽ നിന്ന് അന്യമാവുകയും അണുകുടുംബങ്ങൾ പിറവിയെടുക്കുകയും ചെയ്തു. അണുകുടുംബങ്ങളിൽ ഭക്ഷണമുറികൾ പാശ്ചാത്യരീതിയനുസരിച്ച് ഡൈനിംഗ്റൂമുകളായി. വംശത്തിന്റെയോ സമുദായത്തിന്റേയോ കരയുടേയോ വർഗത്തിന്റേയോ കുടുംബത്തിന്റേയോ ഭാഗമെന്ന നിലയിലുണ്ടായിരുന്ന വ്യക്തികളുടെ അസ്തിത്വം കേവലവ്യക്തികൾ എന്ന നിലയിലേക്ക് മാറിയതോടെ മലയാളിയുടെ ഭക്ഷണശീലങ്ങൾ സാമുദായികതയിൽനിന്ന് തെന്നിമാറുകയും പാരമ്പര്യത്തിനപ്പുറം സൗകര്യത്തിനനുസരിച്ചുള്ള വിഭവങ്ങൾ ഭക്ഷണമുറിയിൽ ഇടംപിടിക്കുകയും ചെയ്തു. ഹോട്ടൽഭക്ഷണം ആധുനികമലയാളിയെ നിർണയിക്കുന്ന ചിഹ്നമായി മാറി.നിരന്തരയാത്രകൾ കൂടി സാധിച്ചതോടെ ഹോട്ടൽഭക്ഷണം അനിവാര്യമായി.

**അർബൻ വിശ്വാസങ്ങൾ**

ഭക്ഷണവുമായി ബന്ധപ്പെട്ട് ചില പ്രാചീനവിശ്വാസങ്ങൾ കേരളീയർക്കിടയിലുണ്ട്. എന്നാൽ ഗ്രാമീണ ജീവിതങ്ങൾ നാഗരികകൂട്ടായ്മകളിലേക്ക് വഴിമാറുമ്പോൾ ഈ വിശ്വാസങ്ങൾക്ക് മാറ്റം സംഭവിക്കുന്നു. പാരമ്പര്യ വിശ്വാസങ്ങളിൽ ചിലതിന് അർബൻ കൂട്ടായ്മകളിലും സ്ഥാനം ലഭിക്കുന്നു. എന്നാൽ ചിലവ അടിമുടി മാറുന്നതുകാണാം. ഹോട്ടലുകളുടെപിറവിയോടെയാണ് ഇത്തരം നാഗരികചിട്ടകൾ രൂപപ്പെട്ടത്. പവി എന്ന ചുരുക്കെഴുത്ത് പാരമ്പര്യ വിശ്വാസത്തേയും അ.വി എന്ന അർബൻ വിശ്വാസത്തേയും സൂചിപ്പിക്കുന്നു.

പാരമ്പര്യ വിശ്വാസം- ത്രിസന്ധ്യക്ക്കഴിക്കരുത്. അർബൻ വിശ്വാസം-8 മണി മുതൽ അത്താഴം.

പാ.വി: അമ്മിക്കല്ലിൽ അരക്കുമ്പോൾ എടുത്തു തിന്നാൽ നല്ല ദിവസം മഴ പെയ്യും.

അ.വി: ഹോട്ടലിൽ സിസി ടിവിയുണ്ട്.

പാ.വി: കൊതി.

അ.വി കൊതിയില്ല. ഹോട്ടലിനു മുമ്പിൽ ലോട്ടറികച്ചവടം, ഭിക്ഷക്കാർ.

പാ.വി: പിറന്നാൾ-വിവാഹസദ്യ.

അ.വി: കാറ്ററിംഗ്

പാ.വി: ചിക്കൻ.

അ.വി: ഹലാൽ ചിക്കൻ.

**ഹോട്ടൽപേരുകൾക്കു വരുന്ന മാറ്റത്തിന്റെ വഴി**

രാമേട്ടന്റെ പീടിക—രാമേട്ടന്റെ ചായക്കട—ടീഷോപ്പ്—ഹോട്ടൽ രാമേട്ടൻ—രാമേട്ടൻ റെസ്റ്റോറന്റ്—ഫാസ്റ്റ് ഫുഡ്—രാമേട്ടൻസ് അടുക്കള—രാമേട്ടൻസ് തറവാട്. ഈ പേരുമാറ്റത്തിനു പിന്നിലെ കൂട്ടായ്മാബോധത്തിന്റെ പരിണാമങ്ങൾ ചർച്ച ചെയ്യേണ്ടതാണ്. തറവാട് അടുക്കള തുടങ്ങിയ സംവർഗങ്ങൾക്ക് ലഭിക്കുന്ന അംഗീകാരം ശ്രദ്ധിക്കേണ്ടതാണ്.

**ഹോട്ടൽവിപണി**

ജനതയിൽ ഒരുതരം അപരിഷ്കൃതബോധം നിറക്കുകയാണ് വിപണി ആദ്യം ചെയ്യുന്നത്. തങ്ങൾ പഴഞ്ചനാണ്, സമൂഹത്തോടൊപ്പം നടക്കാനുള്ള ചലനശേഷി ഇല്ലാത്തവരാണ് തുടങ്ങിയ അധമബോധത്തി

ൽ ജനതയെ കുടുക്കുകയും ആധുനികരാവേണ്ടതുണ്ടെന്നും അത് പുത്തൻ ഉൽപ്പന്നങ്ങൾ വാങ്ങിയും പുതിയ ജീവിതശൈലി അനുകരിച്ചുമാണെന്നും കോർപ്പറേറ്റുകൾ വ്യാപകമായി പ്രചരിപ്പിക്കുന്നു. പുതിയതിനെക്കുറിച്ചും പുതുപുത്തനെക്കുറിച്ചുമാണ് വിപണി എപ്പോഴും സംസാരിക്കുന്നത്. രണ്ടോ മൂന്നോ വർഷം മുമ്പിറക്കിയ ഉൽപ്പന്നമല്ല ഇപ്പോഴത്തേതെന്നും അവയിൽ പുതിയ ഘടകങ്ങൾ കൂട്ടിച്ചേർത്ത് പുതുപുത്തനാക്കിയെന്നും പരസ്യങ്ങളിലൂടെ അതേ കമ്പനി പ്രചരിപ്പിക്കുന്നത് നിത്യാനുഭവമാണ്.

'വീട്ടിലുണ്ടെങ്കിൽ വിരുന്നു ചോറും കിട്ടും' എന്നൊരു പഴമൊഴി കേരളീയരുടെ വീടെന്ന സൂചകത്തിന്റെ ഭക്ഷണബന്ധം വെളിവാക്കുന്നു. പുറത്താണെങ്കിൽ വീട്ടിലെത്തി ഭക്ഷണം കഴിക്കുക എന്ന ജീവിതശൈലിയെ മാറ്റിയെടുക്കാൻ ഹോട്ടൽ ശ്യംഖലകൾ ശ്രമിക്കുന്നു. കേരള സാഹചര്യത്തിൽ ജാതിമുക്തവും പാരമ്പര്യമുക്തവുമായ ആധുനികതയുടെ ആശയമായാണ് ആദ്യകാല ഹോട്ടലുകൾ വിലയിരുത്തപ്പെട്ടത്. എന്നാൽ മേലാളത്ത അഭിരുചിയുടെ പിൻപറ്റലാണ് പിന്നീട് ഹോട്ടൽവിഭവങ്ങളിൽ സംഭവിച്ചത്.ജാതി-മത നിർമുക്തമായ ഭക്ഷണം ഒരുകാലത്തും കേരളത്തിൽ പാചകം ചെയ്യപ്പെട്ടില്ല എന്നർത്ഥം. വ്യത്യസ്തരുചിയും അന്തരീക്ഷവും സൃഷ്ടിച്ചുകൊണ്ട് ഭക്ഷണത്തെ ഉൽപ്പന്നമാക്കി പരിവർത്തിപ്പിക്കുകയും ജാതിമത ശ്രേണീബോധത്തെ അരക്കിട്ടുറപ്പിക്കുന്ന വിപണിശ്രൃംഖലയായി ഹോട്ടൽ വ്യവസായം മാറിക്കഴിഞ്ഞു.

ഉൽപ്പന്നമായിക്കഴിഞ്ഞാൽ അതിനെ ചരക്കുവത്കരിക്കാനുള്ള എല്ലാ സാധ്യതയും വിപണി പ്രയോഗിക്കും. ഭക്ഷണോൽപ്പനങ്ങളിൽ കലോറികമൂല്യം, ഊർജം തുടങ്ങിയ ആരോഗ്യഘടകങ്ങൾ മുന്നിൽ നിർത്തുന്നു. ജനതയിൽ കപടമായ വ്യത്തിബോധം ഉണ്ടാക്കിയെടുക്കുകയും സമൂഹത്തിലെ ഉന്നതർ ഉപയോഗിക്കുന്നതിനാൽ അധികമുല്യമുണ്ടെന്നും വരുത്തിത്തീർത്തുകൊണ്ട് വാങ്ങിക്കാൻ പ്രേരിപ്പിക്കുന്നു. 'ന്യൂഡിൽസ്' എന്ന ഭക്ഷ്യപദാർത്ഥം കഴിഞ്ഞ കാൽനൂറ്റാണ്ടുകൊണ്ടാണ് കേരളത്തിൽ വ്യാപകമായത്. ഇന്ന് ശരാശരി മലയാളികുടുംബങ്ങളിൽ, പ്രത്യേകിച്ച് കുട്ടികൾക്ക് ന്യൂഡിൽസ് ഒഴിവാക്കാനാവാത്ത ഭക്ഷണമായിരിക്കുന്നു. പാചകത്തിനുള്ള എളുപ്പം, വിപണിയിലെ ലഭ്യത, വിലക്കുറവ്, കുട്ടികൾക്ക് ഇഷ്ടമാകുന്ന മസാലക്കൂട്ട് എന്നിവയാണ് ന്യൂഡിൽസിനെ മലയാളികളുടെ പ്രിയങ്കരവിഭവമാക്കിയത്. എന്നാൽ 2015-ൽ നെസ്‌ലെയുടെ മാഗിന്യൂഡിൽസിൽ അപായകരമായ ഘടകങ്ങൾ കണ്ടെത്തിയതിന്റെ പേരിൽ ഉൽപ്പന്നം ഇന്ത്യയിൽ മൂന്നുമാസത്തേക്ക് നിരോധിക്കുകയുണ്ടായി. എന്നാൽ ഇതേ ഉൽപ്പന്നം വീണ്ടും വിപണിയിൽ ലഭ്യമായിത്തുടങ്ങി.

ഭക്ഷ്യോൽപ്പന്നവിപണിയുടെ കാര്യത്തിൽ 'പുതുമ' മാത്രമല്ല, 'പഴമയും' തന്ത്രപ്രധാനമാവുന്നു. ചില പഴമകൾക്ക് സമൂഹം മൂല്യം കൽപിക്കുന്നുവെന്ന് തിരിച്ചറിഞ്ഞുകൊണ്ട് മുൻകാലഘട്ടങ്ങളിലെ ചില ഭക്ഷ്യവിഭവങ്ങളെ വിപണി തിരിച്ചുകൊണ്ടുവരുന്നു. വംശീയമായ ചിലഭക്ഷണങ്ങൾ, രാമശ്ശേരി ഇഡ്ഡലിപോലെ പ്രാദേശികസ്വത്വം അവകാശപ്പെടാവുന്ന പലഹാരങ്ങൾ എന്നിവ പുതിയ മാർക്കറ്റിൽ ലഭ്യമാവുന്നു. വിപണികേന്ദ്രീകൃതവും വ്യവസായോൻമുഖവുമായ നാടോടി സംസ്കാരഘടകങ്ങൾ അറിഞ്ഞന്വേഷിച്ച് തിരികെ കൊണ്ടുവന്ന് വിൽപനക്കുവയ്ക്കുകയാണ് വിപണി. ഇത്തരത്തിൽ പ്രാദേശികതയുടെ തച്ചുടയ്ക്കലും പുനർനിർമിതിയും ലാഭകേന്ദ്രിതമായി നടത്തപ്പെടുന്നു.

സാമ്പത്തികമായി മാത്രമല്ല വൈകാരികമായും ഉൽപ്പന്നങ്ങൾ വാങ്ങിക്കാനുള്ള അധികാരം വ്യക്തിക്കുണ്ടെന്ന് കമ്പോളം നമ്മെ പഠിപ്പിക്കുന്നു. 'അടുക്കളവിപണികൾ തെരഞ്ഞെടുക്കേണ്ടത് സ്ത്രീകളാണ്' തുടങ്ങിയ സന്ദേശം പരസ്യങ്ങൾ തന്നെ നൽകുന്നു. സാമൂഹികപദവിയുടെ തുല്യത നടപ്പാക്കുന്നു എന്ന മിഥ്യാധാരണ പരത്താനും ഇത്തരം പരസ്യങ്ങൾ ശ്രമിക്കുന്നു. ഉപഭോഗമേഖല (ഗൗരവമലെ മൃമ) വർദ്ധിപ്പിക്കുകയാണ് കമ്പോളത്തിന്റെ അടുത്ത ഇടപെടൽ. സാംസ്കാരികമൂല്യങ്ങളിൽ ഇടപെട്ടുകൊണ്ടാണ് ഉപഭോഗമേഖല വികസിപ്പിക്കുന്നത്. ആട്ടുകല്ലിൽ അരച്ചെടുക്കുന്നതിനുപകരം പായ്ക്കറ്റ് മാവ് വാങ്ങിക്കാമെന്നു തീരുമാനിക്കുന്ന ഉപഭോക്താവ് വർദ്ധിക്കുന്ന ഉപഭോഗമേഖലയുടെ പ്രതിനിധിയാണ്. വീട്ടിലുണ്ടാക്കുന്ന പലഹാരങ്ങൾക്ക്പകരം ഭക്ഷ്യമേളയിൽചെന്ന് അജ്ഞാതമായ രുചികൾ ആസ്വദിക്കാൻ തയ്യാറാവുന്നത് മറ്റൊരു ഉദാഹരണം.

**ആധുനികമലയാളിയെ സജ്ജമാക്കിയ ഹോട്ടൽ**

ജാതിഭക്ഷണത്തിന്റേയും ഭക്ഷണവിലക്കുകളുടേയും ഭ്രഷ്ടുകളുടേയും കൊളോണിയൽ കാലത്ത് തന്നെയാണ് പൊതുഭക്ഷണ ഇടങ്ങൾ കേരളാധുനികതയിൽ ഇടം പിടിക്കുന്നത്. അന്നുവരെ ജാതിവ്യവസ്ഥയുടെ പേരിൽ ഒരുമിച്ചിരിക്കാത്തവർക്ക് പുതിയ ഭക്ഷണശീലം സ്വീകരിക്കാമെന്നായി. ജാതിവിരുദ്ധസമരങ്ങൾ നടന്നിരുന്നതിനാലും ഭക്ഷണം ജാതിസമരങ്ങളുടെ ആയുധമായി പ്രയോഗിക്കപ്പെടുന്നുണ്ടായിരുന്നതിനാലും ആധുനികമലയാളിയെ സജ്ജമാക്കുന്ന ഒന്നായി പൊതുഭക്ഷണ ഇടങ്ങൾ മാറി. പരമ്പരാഗത ഭക്ഷണരീതികൾ ഉടച്ചുവാർക്കേണ്ടതാണെന്ന് ഇരുപതാം നൂറ്റാണ്ടിലെ ഭോജനശാലകളും ചായക്കടകളും പ്രഖ്യാപിച്ചു.

പൊതുമണ്ഡലരൂപീകരണത്തെ ഭയക്കുന്നവർ ഹോട്ടൽഭക്ഷണരുചി കൃത്രിമമാണെന്ന് വിധിക്കാൻ ശ്രമിക്കുന്നുണ്ട്. ഒടുവിൽ കുഞ്ഞികൃഷ്ണമേനോനെപ്പോലെയുള്ളവർ ഹോട്ടലുകളിൽ ചുണ്ണാമ്പുചോറും പുഴുക്കൂട്ടുമാതിരിയുള്ള ഉപ്പിലിട്ടതും കയ്പ്പേറിയ ഉപ്പേരിയുമാണെന്ന് ശ്ലോകത്തിലൂടെ കളിയാക്കുന്നുണ്ട്. ഭക്ഷണം കഴിച്ചാലുടൻ ഛർദി വരുമെന്നാണ് പറയുന്നത്. കേരളഭക്ഷണത്തിന്റെ രുചിയധികാരം ഏറ്റെടുക്കുന്ന പാര്യമ്പര്യത്തിന്റെ ആധുനികതാവിരുദ്ധ ചിരിയാണത്. വർഷങ്ങൾ പിന്നിടുമ്പോൾ ഇതേ ഹോട്ടലുകൾ പാരമ്പര്യചിഹ്നങ്ങൾ അണിയാൻ ശ്രമിക്കുന്നതാണ് കേരളത്തിന്റെ ഭോജനശാലാചരിത്രത്തിന്റെ വൈരുദ്ധ്യം. ഭക്ഷണം കഴിയ്ക്കുന്ന മനുഷ്യൻ എന്ന പൊതുകർതൃത്വത്തിലേക്ക് ഉയരാനും ജാതിയുടേയോ മറ്റ് കീഴാളതയുടേയോ പ്രദേശത്തിന്റേയോ വ്യവഹാരചിഹ്നങ്ങൾ അപ്രസക്തമാവുന്ന ചരിത്രസന്ദർഭത്തിലേയ്ക്ക് എത്താനും ഹോട്ടലുകൾ മലയാളിയെ സഹായിച്ചു.

എന്നാൽ ജാതിഭക്ഷണത്തിന്റെ പരമ്പരാഗതശൈലികൾ നമ്മെ ഇടയ്ക്കിടെ പുറകോട്ട് വലിച്ചു. യൂറോപ്പുകാരുടെ പാനീയങ്ങളായ ചായയും കാപ്പിയും ചായക്കഷായവും കാപ്പിക്കഷായവുമായാണ് സ്വീകരിച്ചതെന്ന് ഓർക്കുക. ആദ്യകാല ഹോട്ടലുകളിൽ ജാതിവിവേചനം ഒരു തരത്തിൽ നിലിന്നിരുന്നുവെന്ന് സജീവ് പി വി എഴുതുന്നു. പ്രത്യക്ഷജാതിവിഭവങ്ങളുള്ള ഹോട്ടലുകളിൽ ചില ജാതിക്കാർ കയറാതിരുന്ന പ്രവണത ചൂണ്ടിക്കാണിക്കപ്പെടുന്നു. ഏതായാലും തൊട്ടുമുമ്പ് നിലനിന്ന ജാതി അസ്പൃശ്യതയെ അതിജീവിക്കാനുള്ള മാർഗം എന്ന നിലക്കാണ് സവർണേതര ജാതിക്കാർ ഹോട്ടലുകളെ കണ്ടതെന്നു വരുന്നു .ഇത്തരത്തിൽ ഹോട്ടലറിവ് എന്നത് കേരളാധുനികതയുടെ മറുപേരായിരിക്കുന്നു.




ബക്കർ മേത്തല
പഠനം

# മണപ്പാട്ടിന്റെ വീറും വിചാരവും

# ഭക്ഷണം

## ആദ്യ മലയാള ആഹാരകാര്യ കൃതി

**'ഭക്ഷണം' എന്ന കൃതിയുടെ രചനയുടെ പ്രേരണകൾ വരികൾക്കിടയിൽ വായിക്കുമ്പോൾ മണപ്പാടനിലെ സാമൂഹ്യപരിഷ്കർത്താവിനെ കണക്കിലെടുത്തെങ്കിൽ മാത്രമേ അത് പൂർണ്ണമാവുകയുള്ളു. മനുഷ്യൻ, ഗ്രാമസ്വരാജ് എന്നീ രണ്ട് ഗ്രന്ഥങ്ങൾകൂടി മണപ്പാടൻ രചിച്ചിട്ടുണ്ട്.**


(ii)

അവതാരിക

കൊടുങ്ങല്ലൂർ മണപ്പാട്ട കുഞ്ഞുമുഹമ്മദ് ഹാജി, ഈ
ന്ഥത്തിന്റെ കർത്താവ്, എന്റെ വളരെ പഴയ ഒരു
ന്യസ്നേഹിതനും, പലവിധത്തിലും വ്യക്തിത്വം വ്യക്ത
ക്കീട്ടുള്ള ഒരു മഹാരസികനുമാകുന്നു. അദ്ദേഹത്തിന്റെ
കൃതിക്ക്, ഞാൻ അവതാരികക്കാരനാവണമെന്നുള്ള
ദ്ദേഹത്തിന്റെ അഭിലാഷത്തിൽ, എന്റെ നേർക്കുള്ള
ദരങ്ങളല്ലാതെ, പുസ്തകത്തിന്ന് ഒരവതാരികക്കൂടിയേ
ിയു എന്നോ, അത് ഞാനെഴുതിയാലെ ശരിപ്പെടുകയുള്ളൂ
ന്നോ ഉള്ള അഭിപ്രായം അസ്പഷ്ടമായിട്ടെങ്കിലുമുൾക്കൊ
ന്നതായി ഞാൻ സംശയിക്കുന്നില്ല. ആദ്യം പറഞ്ഞതു
ന്ന എന്നെ സംബന്ധിച്ചിടത്തോളം എത്രയും മതിയായ
പ്രചോദനമാകകൊണ്ട്, മറ്റുചുറ്റുപാടുകളെ പരിഗ
ക്കാതെ ഞാൻ ആ കൃത്യം സസന്തോഷം നിർവ്വഹിക്കു
ന്നു.

"ഞാനൊരു സാഹിത്യകാരനോ ചിന്തകനോ ആയി
ഈ സാഹസത്തിനു മുതിരുന്നതു്. സഞ്ചാരസ്വാത
തടഞ്ഞു് വൃഥാ ഇരിക്കുന്നതിനു നിർബ്ബന്ധിതനായിരി
കൊണ്ട്, നേരമ്പോക്കിന്നായി ഇതിൽ ഏർപ്പെട്ടതാണു്.
സുഹൃത്തുക്കളുടെ നിർബ്ബന്ധത്താലാണു് ഈ 'കച്ചേ
പ്പാതി' വെളിപ്പെടുത്തുവാൻ ഇടയായതു്" എന്നിങ്ങി
യാണു് അവതാരികക്കു് ആവശ്യപ്പെട്ടുകൊണ്ട്, ആ

**കൊ**ടുങ്ങല്ലൂരിലേയും പരിസരപ്രദേശങ്ങളിലേയും രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങളിൽ വളരെയധികം സ്വാധീനം ചെലുത്തിയിരുന്ന വ്യക്തിത്വമായിരുന്നു. മണപ്പാടൻ എന്ന പേരിലറിയപ്പെടുന്ന മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജിയുടേത്. തന്റെ പ്രൗഢിയും സമ്പത്തും സമൂഹത്തിന്റെ പൊതുതാൽപര്യത്തിനു പയോഗപ്പെടുത്തുന്നതിൽ ഏറെ സന്തോഷം കണ്ടെത്തിയിരുന്ന മണപ്പാടൻ ഭരണകൂടത്തിന്റെ അനീതികളെ ശക്തിയായി എതിർത്തുപോന്നിരുന്നു. 1924ൽ കൊച്ചി നിയമ സഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഗ്രന്ഥകാരൻ വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിച്ചു. അദ്ദേഹത്തിന്റെ പൊതുജീവിതത്തിനുള്ള അംഗീകാരമായിരുന്നു ഇത്.

1933-ൽ കൊച്ചീരാജ്യത്ത് നടന്ന കർഷക പ്രക്ഷോഭ ത്തിന്റെ ഒത്തുതീർപ്പു വ്യവസ്ഥകൾ പാലിക്കപ്പെടാതെ പോയതിൽ ക്ഷുഭിതരായ കർഷകരുടെ വികാരങ്ങൾക്ക് നാവും ശരീരവും നൽകിക്കൊണ്ട് രാജാവിനെതിരെ പ്രത്യക്ഷപത്രം അച്ചടിച്ചിറക്കി അധികാരകേന്ദ്രങ്ങളെ മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി അസ്വസ്ഥമാക്കി. 1111 ചിങ്ങം ഒന്നിന് മുമ്പ് കർഷകർക്കെതിരെയുള്ള ജപ്തിയും കുടിയിറക്കും ലേലവുമെല്ലാം നിർത്തിവെക്കണമെന്നും ഇല്ലെങ്കിൽ വലിയ ജനകീയമുന്നേറ്റമുണ്ടാവുമെന്ന താക്കീതായിരുന്നു ഇതിന്റെ ഉള്ളടക്കം. താമസിയാതെ തന്നെ രാജാവിനെതിരെ ഒരു രേഖകൂടി



മണപ്പാട്ട് കുഞ്ഞു മുഹമ്മദ് ഹാജി

പ്രസിദ്ധീകരിക്കപ്പെട്ടു. രക്തരേഖ എന്നായിരുന്നു അതിനുപേർ. രാജാധികാരം അടിച്ചേൽപ്പിക്കുന്ന ദുർനീതികളും പ്രജാക്ഷേമ നിരാസവും മൂലം ഇവിടത്തെ ജനങ്ങൾ ദുഃഖവും ദുരിതവും അനുഭവിക്കുകയാണെന്നു അവരുടെ അസ്വ സ്ഥതയിൽ നിന്നും പൊട്ടിപ്പുറ പെടുന്ന വിപ്ലവാഗ്നിയിൽ രാജാവിന്റെ ജീവൻവരെ ഹോമിക്കപ്പെടുമെന്നും രക്ത രേഖമുന്നറിയിപ്പു നൽകി.

ഭരണവൃത്തങ്ങളിൽ ഞെട്ടലുണ്ടാക്കിയ ഈരേഖയുടെ സ്രഷ്ടാവ് മണപ്പാടനാണെന്ന് അധികാരികൾ കണ്ടെ ത്തി. അദ്ദേഹത്തെ എറിയാടുള്ള 'ഐക്യവിലാസം' വീട്ടിൽ നിന്ന് അറസ്റ്റ് ചെയ്തു. ഇതിനു കൂട്ടുനിന്ന കാര്യസ്ഥൻ മുറ്റിച്ചൂൽ മുഹമ്മദിനെ വൈക്കത്ത് നിന്നും പിടികൂടി. ക്രൂരമായ പോലീസ് മർദ്ദനത്തിനിരയായ മുഹമ്മദ് മരിച്ചു. മണപ്പാടൻ ജയിലിലുമായി...സാഹസികമായൊരു ജീവിതത്തിന്റെ അഗ്നിശോഭ മണപ്പാടന്റെ ജീവിതത്തെ എന്നും ചൂഴ്ന്നു നിന്നിരുന്നു. അതിന്റെ സ്ഫുരണങ്ങളും സ്ഫുലിംഗങ്ങളും അദ്ദേഹ ത്തിന്റെ രചനകളിൽ പ്രകടമാവുകയും ചെയ്തു. സാമൂഹ്യ പരിഷ്കരണ രംഗത്തും വിദ്യാഭ്യാസ മേഖലയിലും അദ്ദേഹം നിസ്തുലമായ സംഭാവനകളർപ്പിക്കുകയുണ്ടായി. കൊടുങ്ങല്ലൂരിലെ എറിയാട് കേരളവർമ്മ ഹൈസ്കൂൾ സ്ഥാപിച്ച് പിന്നീട് അത് സർക്കാരിന് കൈമാറി. ഫറൂക് കോളേജിനും, എസ്.എൻ. കോളേജിനും, എൻ.എസ്.എസിന്റെ വിദ്യാഭ്യാസ സംരംഭങ്ങൾക്കുമായി വളരെയധികം ഭൂമി ദാനം ചെയ്തു. കൊടുങ്ങല്ലൂർ എൻ.ഇ.എസ്. ബ്ലോക്കിനുള്ള സ്ഥലം സംഭാവനചെയ്തു. സ്വന്തമായി സ്ഥലം വാങ്ങി കൊടുങ്ങല്ലൂരിൽ ചേരമാൻ ഓർഫനേജ് ആരംഭിച്ചു. മുസ്ലിം സമുദായത്തെ അന്ധവിശ്വാസങ്ങളിൽ നിന്നും മോചിപ്പിക്കുന്നതിനും അവരെ വിദ്യാഭ്യാസപരമായി ഉയർത്തുന്നതിനും വേണ്ടി ഇ.കെ. മൗലവിയോടൊപ്പം ചേർന്ന് മുസ്ലിം ഐക്യസംഘം എന്ന പ്രസ്ഥാനം ആരംഭിച്ചു. ഈ ഐക്യസംഘമാണ് പിന്നീട് മുജാഹിദ് പ്രസ്ഥാനത്തിന്റെ അടിസ്ഥാനമായത്.

'ഭക്ഷണം' എന്ന കൃതിയുടെ രചനയുടെ പ്രേരണകൾ വരികൾക്കിടയിൽ വായിക്കുമ്പോൾ മണപ്പാടനിലെ സാമൂഹ്യപരിഷ്കർത്താവിനെ കണക്കിലെടുത്തെങ്കിൽ മാത്രമേ അത് പൂർണ്ണമാവുകയുള്ളു. മനുഷ്യൻ, ഗ്രാമസ്വരാജ് എന്നീ രണ്ട് ഗ്രന്ഥങ്ങൾകൂടി മണപ്പാടൻ രചിച്ചിട്ടുണ്ട്.

* * *

ഭക്ഷണത്തിന്റെ സാമൂഹികവും രാഷ്ട്രീയവും ശാരീരികവും ആത്മീയവുമായ പരിസരങ്ങളെക്കുറിച്ച് വളരെ ഗൗരവപൂർവ്വം ചർച്ചചെയ്യുന്ന ഒരു കൃതിയാണ് മണപ്പാട്ട് കുഞ്ഞു മുഹമ്മദ് ഹാജി പ്രസദ്ധീകരിച്ച ഭക്ഷണം. ഈകൃതി പ്രസിദ്ധീകരിച്ചിട്ട് 2010–ൽ 58 വർഷം പൂർത്തിയായി. ഭക്ഷണം എന്ന ശീർഷകത്തിനു കീഴെ കുറെ പാചകവിധികൾ സമാഹരിക്കപ്പെടുകയല്ല ഈ കൃതിയിൽ. മറിച്ച് ഭക്ഷ്യോല്പാദനം, മുതൽ ഭക്ഷ്യവ്യവസ്ഥ നിലനിൽക്കുന്നതിന്റെ ആത്മീയതലം വരെയുള്ള അന്വേഷണങ്ങളാണ് ഈകൃതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. നാല്പത് അമ്പതുകളിലെ ഇന്ത്യൻ ഭക്ഷ്യോല്പാദനരംഗത്തിന്റെ പരിമിതികളേയും അത്തരം പരിമിതികൾക്കാധാരമായ ചരിത്രയാഥാർത്ഥ്യങ്ങളേയും ഓർമ്മപ്പെടുത്തുകയും അതിജീവനത്തിന് ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകളെഉപയോഗിച്ച് കാർഷിക മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടതിനെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുവാനുള്ള ശ്രമങ്ങൾ ഈ കൃതിയിലുണ്ട്. യന്ത്രവൽക്കരണത്തിന്റെ ഗുണദോഷ വിചിന്തനം നടത്തുമ്പോൾ രചയിതാവിലെ സാമൂഹ്യജീവി ഉണരുന്നതു ശ്രദ്ധിക്കുക. "മനുഷ്യ പ്രയത്നങ്ങളെ മരവിപ്പിക്കുന്ന മാരണങ്ങളാണ് ഇവയെന്ന് പറയുവാൻ ഇന്നത്തെ പരിസരം നമ്മെ നിർബ്ബന്ധി

ക്കുന്നു." കൂട്ടുകൃഷിയുടെ ആവശ്യ കതയെക്കുറിച്ചുള്ള ആലോചനക ളും ഗ്രന്ഥകർത്താവ് മുന്നോട്ട് വെക്കുന്നുണ്ട്.

വൈക്കത്തെ സി.വി. മെമ്മോറിയ ൽ പ്രസ്സിൽ അച്ചടിച്ച ഇരുനൂറുപേജു ള്ള ഈ പുസ്തകത്തിന് ഒരു രൂപ നാലണ യാണ് വിലവെച്ചിട്ടുള്ളത്. പ്രസിദ്ധനിരൂപകനായിരുന്ന പുത്തേ ഴത്ത് രാമൻമേനോന്റെ അവതാരിക ഈകൃതിക്ക് തിലകക്കുറിയായുണ്ട്. "അതൊരു ശാസ്ത്രീയ ഗ്രന്ഥമല്ലെ ങ്കിലും വളരെ ശാസ്ത്രീയമായൊരു ഗ്രന്ഥമാകുന്നു. രാജ്യത്ത് കിട്ടാത്ത തും വിളയാത്തതും രാജ്യക്കാർ കാണാത്തതും തിന്നാത്തതുമായ ഒന്നിനെക്കുറിച്ചും പ്രസ്താവമില്ലെ ന്നുള്ളത് തികച്ചും ഒരു മേന്മയാകു ന്നു...." എന്ന് അവതാരികാകാരൻ ഈകൃതിയെ വിലയിരുത്തുന്നുണ്ട്. "സ്വന്തം അനുഭവത്തിൽ അറിഞ്ഞും അനുസരിച്ചും വരുന്നവയും ആർ ക്കും ആചരിച്ചനുഭവ പ്പെടുത്താവു ന്നവയുമല്ലാതെ ഒരു സംഗതിയും ഗ്രന്ഥകാരൻ തന്റെ ഗ്രന്ഥത്തിൽ കൊള്ളിച്ചിട്ടില്ല" എന്നും അദ്ദേഹം സാക്ഷ്യപത്രം ചമച്ചിട്ടുണ്ട്.

മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി ഈകൃതിയുടെ ആമുഖമായി എഴു തിച്ചേർത്ത സുദീർഘമായ പ്രസ്താ വനയിൽ ഈ കൃതി മഹാകവി വള്ളത്തോൾ പരിശോധിച്ച് ചില ചില്ലറ തിരുത്തലുകൾ വരുത്തി ഒരു മാസത്തിനു ശേഷം മടക്കികൊടു ത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

"ഭക്തനും ഭക്ഷണദാനതൽപര നും ധീരനുമായ" പിതാവിനാണ് ഗ്രന്ഥകാരൻ ഈകൃതി സമർപ്പിച്ചി ട്ടുള്ളത്. ഈ കൃതി അച്ചടിക്കുന്നതി നു ശുഷ്കാന്തി കാണിച്ച വൈക്കം സി.വി. മെമ്മോറിയൽ പ്രസ്സ് ഉടമ സ്ഥൻ എം.നരേന്ദ്രനാഥനെ നന്ദിപൂ ർവ്വം സ്മരിക്കുന്നുമുണ്ട്.

ഈ കൃതിയുടെ ഉപശീർഷകങ്ങ ൾ ഉള്ളടക്കത്തിന്റെ സൂചകങ്ങളായി നിലകൊള്ളുന്നു. ഭക്ഷണാവശ്യം, ഭക്ഷിക്കേണ്ടതെന്ത്? പാനീയങ്ങൾ, പാചകം, ഭക്ഷ്യ വ്യവസ്ഥ, ധനസ്ഥി തിക്കൊത്ത ഭക്ഷണം, അമിതഭക്ഷ ണം ആപൽക്കരം എന്നിങ്ങനെയാ ണ് അദ്ധ്യായങ്ങളുടെ ശീർഷകങ്ങ ൾ. ഭക്ഷണനിയന്ത്രണ കേന്ദ്രം എന്ന അദ്ധ്യായത്തിലെത്തുമ്പോൾ ഭക്ഷ ണത്തിന്റെ ഉത്പാദന- വിതരണ- ഉപഭോഗത്തെ ബന്ധപ്പെടുത്തിക്കൊ ണ്ടുള്ള ചിന്ത ആന്മീയമായ തല ത്തിലേക്ക് വികസിക്കുന്നു.

എന്നാൽ അവസാനത്തെ മൂന്ന ദ്ധ്യായങ്ങൾ കൃതിയുടെ പൊതു ഉള്ളടക്കവുമായി ബന്ധമില്ലാത്തവ യാണ്. നാല്പതുകളുടെ ഒടുവിലും അമ്പതുകളുടെ ആദ്യവും നാട്ടിലു


പുത്തേഴത്ത് രാമൻ മേനോൻ

ണ്ടായ വർഗ്ഗീയാസ്വാസ്ഥ്യങ്ങളിൽ ഉത്കണ്ഠ പൂണ്ട് മണപ്പാട്ട് കുഞ്ഞു മുഹമ്മദ് ഹാജി 'സമുദായമൈത്രി' എന്ന പതിനേഴാം അദ്ധ്യായത്തിൽ എഴുതിച്ചേർത്തു,

"ഇന്ത്യയിൽ ഇന്നു കാണുന്ന മുസ്ലിം, ക്രൈസ്തവരുടെ പത്തുശത മാനം പോലും ഇന്ത്യയിൽ കുടിയേ റിപ്പാർ ത്തവരല്ല. അവരിൽ അപൂർ വ്വം ചിലർ ഇവിടെ വന്നു ഹൈന്ദവ സ്ത്രീകളെ വിവാഹം ചെയ്തു. ഇന്ത്യക്കാർ ആ മതം സ്വീകരിച്ചും ഭാരതാംബയുടെ സന്താനങ്ങളായി പെറ്റുപെരുകിയവരാണ്. ഇങ്ങനെയു ള്ളവരെ വിദേശീയ രെന്ന ന്യായേന പുറംതള്ളാവതല്ല. ഇത് ശരിയെന്നു വാദിച്ചാൽ തെക്കേ ആഫ്രിക്കയിലെ ഇന്ത്യക്കാരുടെ പൗരാവകാശവാദം നിരർത്ഥമാവും...." "....ഇന്ത്യൻ പൗരാവകാശം സിദ്ധിച്ച, ഈനാടി ന്റെ ഗുണദോഷങ്ങളിൽ പങ്കെടുക്കു ന്നവരെല്ലാം ഏത് ജാതിമതസ്ഥരാ യാലും അവരെ നിഷ്കാസനം ചെയ്യുന്നത് നീതിയല്ല, ധർമ്മമല്ല, സത്യത്തിനും യോജ്യമല്ല. ഇന്ത്യൻ ഭരണഘടനക്ക് പോലും വിരുദ്ധമായ ഈ ദുർവ്വാദം ഉള്ളവർ അത് പരി ത്യജിച്ചാലേ സമുദായ മൈത്രി ഭാര തത്തെ ആശ്ലേഷിക്കുകയുള്ളു....."

അമ്പത് വർഷം മുമ്പ് ഗ്രന്ഥകാര ൻ പങ്കുവെച്ച ഉത്കണ്ഠകളും പ്രക ടിപ്പിച്ച അഭിപ്രായങ്ങളും വംശീയ വും വർഗ്ഗീയവുമായ അഴുക്കുചാലു കളിലേക്ക് ഇടറിവീണ ഇന്ത്യൻ അവസ്ഥകളുമായി കൂട്ടിവായിക്കു മ്പോൾ അദ്ദേഹത്തിന്റെ ഉൾക്കാഴ്ച്ച വായനക്കാരനു ബോദ്ധ്യപ്പെടും.

19-ാം അദ്ധ്യായം വൃത്താന്ത പത്ര പ്രവർത്തനത്തെ ക്കുറിച്ചാണ്. പത്ര ലോകത്തിന്റെ ഉയർച്ചയും വളർച്ച യും ചിത്രീകരിക്കുന്ന ഈ ലേഖന ത്തിന്റെ ഒരു ഭാഗം പത്ര പ്രവർത്തന രംഗത്തെ അപചയങ്ങളെക്കുറിച്ചാ ണ്. ഈ വരികൾ ശ്രദ്ധിക്കുക.

"വൃത്താന്ത പത്രപ്രവർത്തനം ലോകത്തിനുചെയ്യുന്ന മഹത്തായ സേവനവും അനുഗ്രഹവും അവർ ണ്ണനീയമെങ്കിലും അതിന്റെ ദുർവൃ ത്തിയും ദ്രോഹങ്ങളും ചാപല്യങ്ങ ളും മത്സരാഗ്നിയും രാക്ഷസീയങ്ങ ളാണ്......സത്യം, നീതി, ധർമ്മങ്ങളെ ചില പത്രാധിപന്മാർ പ്രോത്സാഹിപ്പി ക്കുന്നുണ്ടെങ്കിൽ അതിന്റെ വിരുദ്ധ ചേരിയിൽ നിന്നുകൊണ്ട് പണത്തി നും പദവിക്കുമായി എന്തും ചെയ്യാ ൻ മടിയില്ലാത്തവരും അവരിലു ണ്ട്...."

ഇങ്ങിനെപത്രപ്രവർത്തനരംഗ ത്തെ ജീർണ്ണതകളിലേക്ക് വിരൽ ചൂണ്ടുമ്പോൾ പ്രസ്തുതരംഗത്ത് എത്രയോ നാൾ മുമ്പ് അപചയം ആരംഭിച്ചുവെന്നും ഇത്തരത്തിലുള്ള ആദർശപരമായ പ്രതിസന്ധി നവീ നകാല പത്രപ്രവർത്തനത്തിന്റെ മാത്രം ഭാഗമല്ലെന്നും നമുക്ക് തിരി ച്ചറിയാൻ കഴിയുന്നു.

മണപ്പാടനിലെ സാമൂഹ്യപരിഷ് കർത്താവിൽ ഒരു സ്ത്രീവാദിമനസ്സു ണ്ടായിരുന്നു. സ്ത്രീവിദ്യാഭ്യാസത്തി നു വേണ്ട പ്രേരണയും പ്രോത്സാഹ നവും നൽകിയിരുന്നഅദ്ദേഹം ഭക്ഷ ണത്തിലെ പാചകം എന്ന അദ്ധ്യാ യത്തിൽ എഴുതി. "പാചകവിധി സ്ത്രീകളുടെ കുത്തകയാക്കി സുഖി ക്കുന്ന ദുർനയം ഗൃഹനായകൻ തുടരാതിരിക്കണം. അടുക്കളയിൽ വെന്തൊടുങ്ങിപ്പോകുന്ന സ്ത്രീജീ വിത ത്തോടുള്ള സഹാനുഭൂതിയിൽ നിന്നാണ് ഈ വാചകം പിറവിക്കൊ ണ്ടിട്ടുള്ളത്." പ്രകൃതിയോടടുത്ത ആഹാര രീതിയും പാചകരീതിയും പിന്തുടരേണ്ടത്. ആരോഗ്യ ത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണെന്ന തിരിച്ചറിവ് മണപ്പാടൻ അരി പ്രധാന ഭക്ഷണം എന്ന അധ്യായത്തിൽ പ്രകടമാക്കുന്നുണ്ട്. "സത്തായവ കുത്തിയും കലക്കിയും ശേഷിച്ച പിണ്ഢമാണ് നാം തിന്നുന്നതെന്ന് സലജ്ജം പ്രസ്താവിച്ചു കൊള്ളു ന്നു." തവിട് കുത്തി വെളുപ്പിച്ചും വേവിച്ച കഞ്ഞിവെള്ളം ഊറ്റികള ഞ്ഞും പിണ്ഢം ഭക്ഷിക്കുന്ന പോഷ കശോഷണത്തെക്കുറിച്ച് ഈ കൃതി തുടർന്നുള്ള വരികളിൽ ഗൗരവം കൈക്കൊള്ളുന്നുണ്ട്.

ആഴവും പരപ്പാർന്നതുമായ അനുഭവങ്ങളും അതിശക്തമായ ഭാഷയും ജ്ഞാനവിതരണത്തിന്റെ രീതികളും കൊണ്ട് 'ഭക്ഷണം' എന്ന കൃതി ശ്രദ്ധേയമാകുന്നു, 58 വർഷ ങ്ങൾക്ക് മുമ്പ് എഴുതപ്പെട്ടതാണെങ്കി ലും.



ഗിരിജകുമാരി അമ്മ
കവിത

# ഒരു ഐടി വിലാപം

ഉരുളി കമഴ്ത്തിയും ഊഞ്ഞാലുകെട്ടിയും
ആറ്റുനോറ്റുണ്ടായോരരുമയാം മകനേ,
അമ്മയെ മറന്നും അച്ഛനെതഴഞ്ഞും അനുജനെചതിച്ചും
കരുതിയതെല്ലാം നിനക്കായി മാത്രം
കൈക്കൂലിപ്പണവും കാപട്യവേഷവും
കൈമുതലാക്കിയതും നിനക്കായി മാത്രം
പത്രാസുവേഷത്തിൽ ഇംഗ്ലീഷ് സ്ക്കൂളിൽ
അച്ഛനുപകരമൊരു ഡാഡിയായ്-
പുച്ഛമടക്കിയതും നിനക്കായി മാത്രം
ഞായറും തിങ്കളും അറിയാത്ത നിനക്കായി
സൺഡേയും മൺഡേയും മനപ്പാഠമാക്കി ഞാൻ
പ്ലസ്സുകൾ പത്തെണ്ണം വാങ്ങി നീ ജയിച്ചപ്പോൾ
ജയഭേരി മുഴക്കി ഞാൻ പൊട്ടിച്ച കുപ്പികൾ എത്രയെത്ര
അമ്മേടെ താലിയും അച്ഛന്റെ വേലയും
പണയത്തിലായതും നിനക്കായി മാത്രം
ക്യാമ്പസ് സെലക്ഷനും കോടികൾ കൊയ്യും
വേലയും മത്തുപിടിപ്പിച്ചു പാവമീ അച്ഛനെ
കോടികൾ വാങ്ങി കെട്ടിയ പെണ്ണുമായ്
കടലുകൾ താണ്ടി നീ പറന്നകന്നു
എത്തി ഒരു ദിനം നിൻ വാമൊഴി
അപ്പൂപ്പനായി ഞാൻ, നീയൊരു പപ്പയും
വഴിപോലെ വന്നൊരു വിസയുമായ് എത്തി ഞാൻ
അരുമയാം പേരക്കിടാവിനെക്കാണാൻ
അറിയാതെ പറഞ്ഞുപോയ് നീ അവിടുത്തെ ചെലവുകൾ
ആയമാർ ചോദിക്കും ആയിരങ്ങൾ
വേണം നിനക്കൊരു ആയയെ
ആയിരം വാങ്ങാത്തൊരായമ്മയെ
ആടി ഞാൻ ആയ തൻ വേഷത്തിലും
നഴ്സറി സ്കൂളിൽ പൊൻമകനെത്തിയാൽ
ആയക്കുപോകാം നാട്ടിലേക്കെന്നു നിനച്ചു
നീ തന്നൊരു ടിക്കറ്റുമായി ഇക്കരെയെത്തി
ഞാൻ ഒറ്റയ്ക്ക് വേഗത്തിൽ
സമ്പത്തുകാലത്തു നിനക്കായി മാത്രം
എരിഞ്ഞൊരീ അച്ഛനെകണ്ടീല മറ്റാരും അറിയീല മറ്റാർക്കും
ഒറ്റക്കീ തിണ്ണയിൽ നിന്നെയും ഓർത്ത്
പൊട്ടിക്കരഞ്ഞുപോയ് പൊൻമകനേ
ഒറ്റയാനെന്തിനീ കെട്ടിടം എന്നു നിനച്ചു നീ
വിറ്റതോ അമ്മതൻ പട്ടട
ചാറ്റിങ്ങും ബ്രൗസിങ്ങും അറിയാത്തൊരച്ഛന്
വേണ്ടല്ലോ പട്ടട പലിശ
ഇത്തിരി കഞ്ഞിയും ഇമ്മിണി ഉപ്പും
ഇടയ്ക്കിടെ തൈലവും മതിയീ അച്ഛന്
ഫ്ളാറ്റുകൾ വാങ്ങിയും വണ്ടികൾ മാറിയും
പദവികൾ നേടിയും ജയിക്ക നീ മകനേ
ആൽബത്തിലാക്കിയ നിൻ മണിസൗധങ്ങൾ
അച്ഛനും കാണാം അയവിറക്കാം
കൂട്ടത്തിലൊരുപടം നിന്റേതുണ്ടായാൽ
കോൾമയിർ കൊള്ളാം ഇടക്കിടെ കരയാം

"ഒറ്റയ്ക്ക് ഒരു വീട്ടിൽ കഴിയേണ്ട അച്ഛൻ
പൊയ്ക്കോളൂ അഗതികൾക്കുള്ളോരറയിലേക്ക്"
കെട്ടി ഞാൻ ഭാണ്ഡങ്ങൾ ഒറ്റയ്ക്കു വേഗത്തിൽ
കരുതി ഞാൻ ഇത്തിരി ദർഭയും ഒരു പിടി എള്ളും
വച്ചേക്കാം ഞാനിതെൻ ഭാണ്ഡത്തിൽ കോണിൽ
എത്താതിരിക്കില്ല എൻ മകൻ നിശ്ചയം
വലയേണ്ട പൊൻമകൻ എരിയുമീ
കൊടും ചൂടിൽ ഇത്തിരി ദർഭയ്ക്കും ഒരു പിടി എള്ളിനും



എസ്.അശോക് കുമാർ
കവിത

# കാമിനി

കാമിനി കലഹമോഹിനി
കലികാല സുന്ദരി
വരിക നീ വേഗം
സമയമായി സമാഗമ സമയമായി

ഒളിച്ചു നില്ക്കാതെ വരിക, വരിക
കാണട്ടെ നിന്നുടലിൻ
വടിവുകൾ, നഗ്നചുവടുകൾ
തിളയ്ക്കുന്നെൻ ഹൃദന്തം
മദിക്കുന്നെൻ ഞരമ്പുകൾ

ഇല്ല, കാട്ടാള ഒരു ചുവട്
ഞാൻ മുന്നോട്ട് വയ്ക്കില്ല
വിജ്രംഭിതമാം നിൻ
ഫണത്തിൽ നിറയും കാളകൂട
വിഷം ചീറ്റാതെ നീ പോ... പോ...

എനിക്കുവേണ്ട നിൻ പരിരംഭണം
എനിക്കു കേൾക്കേണ്ട നിൻ
സീൽക്കാര സംഗീതം
എനിക്കുവേണ്ട നിൻ രാഗലഹരി
മടങ്ങുക നീ നിൻ പൊത്തിലേക്ക്
മടങ്ങുക.
സ്വസ്തി... സ്വസ്തി... സ്വസ്തി.....



അരുൺകുമാർ അന്നൂർ
കവിത

# കലിനളൻ

വിഷാദങ്ങൾ പോലും
വിനോദങ്ങളാകും
വിപത്തിന്റെ കാലം
വരുന്നുണ്ട് കേട്ടോ
വികാരങ്ങൾ തോറും
വിഷം ചീറ്റിനിൽക്കും
നിരത്തിന്റെ പാഠം
ക്ഷണിപ്പുണ്ട് കേട്ടോ
വെയിൽച്ചില്ല തോറും
തിളയ്ക്കുന്നു സൂര്യൻ
ഭയത്തിന്റെ ചോട്ടിൽ
പനിയ്ക്കുന്നു ഭൂമി
തമോരൂപിയായും
സദാകോപിയായും
ശിരസ്സിന്നു മേലേ
ചിലമ്പുന്നു വാനം
ഇനിയാർദ്രമൗനവും
തീക്കുണ്ഡമാകും
യക്ഷന്റെ മേഘവും
പേമാരി തൂകും
ധർമ്മം വിശന്നിട്ട്
വാവിട്ട് കേഴും
കർമ്മം കിനാവിന്റെ
തടവിൽ കിടക്കും
ആൾക്കൂട്ടമാകെയൊരു
നിഴലായ് മാറും
അഭിശപ്തഹൃത്തിൻ
വിഴുപ്പും ചുമക്കും
സ്വേച്ഛയാലാകാശ-
മിടിമിന്നലാകും
നഗരങ്ങളോരോ
പ്രളയങ്ങളാകും
പൂക്കൾക്ക് പോലും
കൊക്കുകൾ മുളയ്ക്കും
കൊക്കുകൾക്കുള്ളിലാ
ശലഭങ്ങൾ വീഴും
പച്ചകൾ, മഞ്ഞയായ്
ഊർന്നങ്ങ് താഴും
വെള്ള, ചുവപ്പിന്റെ
വേഷങ്ങളാടും
ദൈവങ്ങളെല്ലാം
വിമൂഢരായെങ്ങോ
വാ പൊത്തി നിൽക്കും
ചെകുത്താൻ ചിരിക്കും
നൃപൻ; നളനവൻ
കലി തന്നെയാകും
കലി ചെയ്തതെല്ലാം
കാറ്റിൽ പറക്കും.



ശശിധരൻ കുണ്ടറ
കവിത

# കൂന്

ഇപ്പോഴങ്ങനെകൂനുകാണാറേയില്ല.
പറയാതങ്ങനെ, ഇക്കാണുവതൊക്കെ?

ഓർമ്മയുടെ ഭാരം താങ്ങിത്താങ്ങി
ക്കൂനിപ്പോയതാണോ?

കളഞ്ഞു പോയൊരു കനകക്കാലം
തിരഞ്ഞു കുനിഞ്ഞു പോയോ?

മണ്ണുര,യീർപ്പത്തിന്റെ വിളംബരഗാഥ
ശ്രവിക്കാൻ തല കുമ്പിട്ടോ?

അപമാനക്കനം കൊണ്ടു
വീണ്ടും വീണ്ടും കുഞ്ചി താണതോ?

വിധേയത്വം വൻപർവതമായ്
വിലങ്ങനെവച്ച നുകത്താലോ?

പ്രേമം, മരണം, ദു:ഖം, ദാരിദ്ര്യം
ഇങ്ങനെസങ്കീർണ്ണ സംഘർഷമോ?

ഇപ്പോൾ കൂന് സർവസാധാരണം,
പ്രായം അതിനൊരുപാധിയുമല്ല

എപ്പോഴാവും കൂനെടുത്തൊരു
കുത്തുകൊടുക്കാൻ?



വൈക്കം മുരളി
വായന

# ചിത്രകാരിയായ ഫ്രീഡകാലോ

**മെ**ക്സിക്കൻ കലയുടെ ആധുനിക നവോത്ഥാനത്തിൽ നിറഞ്ഞുനിന്ന മഹാപ്രതിഭകൾക്കിടയിൽ ഫ്രീഡാ കാലോ.... Fridakahlo (1907-1954)യുടെ സജീവമായസാന്നിദ്ധ്യം മറ്റാർക്കും തന്നെ നേടിയെടുക്കാൻ കഴിഞ്ഞില്ലയെന്നുള്ളത് അനിഷേധ്യമായ ഒരു യാഥാർത്ഥ്യമാണ്. പൂർവ്വാചാരാനുസൃതമായ ഫാന്റസികളുടെ ചിത്രകാരനായ ഡിഗൊറിവേർസിന്റെ ഭാര്യയായിരുന്നു ഫ്രീഡകാലൊ. ഒരേ സമയം ചിത്രകാരനും ട്രോട്സ്കിയിസ്റ്റു സ്റ്റാലിനിസ്റ്റുമായിരുന്ന അദ്ദേഹം ഫ്രീഡയുമായിട്ടൊത്തു ചേർന്നുനയിച്ച ജീവിതം സംഭവബഹുലമായിരുന്നു.

ലോകസാഹിത്യത്തിലെ ജീവചരിത്രവിഭാഗത്തിൽ നിരവധി പ്രതിഭാശാലികളുടെ സർഗാത്മകമായ ജീവചരിത്രം വായിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കലാചരിത്രകാരനായ ഹെയ്ഡൻഹെറെരൊ (Hayden Herrera) രചിച്ച ചിത്രകാരിയായ ഫ്രീഡകാലൊയുടെ ജീവചരിത്രം ഫ്രീഡ-ഫ്രീഡകാലൊയുടെ ഒരു ജീവചരിത്രം (Frida-A Biography of Frida Kahlo) ഇവയിൽ നിന്നെല്ലാം വേറിട്ടു നിൽക്കുന്നു. ഈ ജീവചരിത്രം മൗലികവും അതിതീവ്രമായ വശീകരണ ശക്തിയുമുള്ള ഒരു സ്ത്രീയുടെ ജീവിതാനുഭവങ്ങളുടെ രേഖപ്പെടുത്തലുകൾ എന്നനിലയിൽ ലോകമെമ്പാടുമുള്ള വായനക്കാരെ സ്വാധീനിക്കുകയും അവരുടെ പ്രിയപ്പെട്ട പുസ്തകമായി തീരുകയും ചെയ്തിരിക്കുന്നു. ലണ്ടനിലെ ബ്ലൂംസ് ബെറി പ്രസാധകരാണീ പുസ്തകം (Blooms Bury publishers London) പുറത്തുകൊണ്ട് വന്നിരിക്കുന്നത്. സ്വന്തം ജീവിതാനുഭവങ്ങളുടെ തീവ്രതയിൽ നിന്നാണവർ ചിത്രകലയുടെസർഗാത്മകമായ തലങ്ങളിലേക്ക് കടന്ന്ചെന്നിരിക്കുന്നത്. മെക്സിക്കോ നഗരത്തിന്റെ അതിർവരമ്പുകളിൽ കഴിച്ചുകൂട്ടിയ ബാല്യകാലം സദാ തന്നെ വേട്ടയാടിക്കൊണ്ടിരുന്നതായിട്ടവർ തുറന്നു പറഞ്ഞിട്ടുമുണ്ട്.

ജീവചരിത്രകാരനായ ഹെയ്ഡൻ ഹെറെരൊ നീണ്ടകാലത്തെ ഗവേഷണങ്ങൾക്കും വായനക്കും ശേഷമാണീ പുസ്തകത്തിന്റെ രചനപൂർത്തിയാക്കിയത്. അവരുടെ ജീവിതാനുഭവങ്ങളുടെ ദുരന്തപൂർണ്ണമായ തലങ്ങളിലേക്കിറങ്ങിചെന്നുകൊണ്ട് അവരുടെ പുതിയ ഒരു രൂപ ചിത്രീകരണത്തിനുള്ള സാധ്യതകൾ മുഴുവനും പുറത്ത് കൊണ്ടുവരുവാനും അദ്ദേഹത്തിനു കഴിഞ്ഞിരിക്കുന്നു. ഒരു ശില്പിയെപോലെ ഫ്രീഡയുടെ ജീവിതത്തിന്റെരൂപഭാവങ്ങൾ വീണ്ടെടുക്കുവാനും അവയുടെ പുനസൃഷ്ടിക്കും കലാചരിത്രകാരനായ ഹെയ്ഡന് കഴിഞ്ഞിരിക്കുന്നുയെന്നത് അഭിനന്ദനം അർഹിക്കുന്നു.


ജർമ്മനിയിൽ ജനിച്ച ഫോട്ടോഗ്രാഫറും ചിത്രകാരനുമായ മനുഷ്യന്റെ ഏറ്റവും പ്രിയപ്പെട്ട കുട്ടിയായിരുന്നു ഫ്രീഡ. ആറാമത്തെ വയസ്സിൽ സംഭവിച്ചപോളിയൊ ബാധ അവരുടെ കാലുകളുടെ സ്വാധീനത്തെ വല്ലാതെ തളർത്തി. പിൽക്കാലത്ത് തന്റെ തകരാറിലായ പാദം മറയ്ക്കുവാൻ അവർ നീണ്ട മെക്സിക്കൻ പാവാടയുടെ അഗ്രംകൊണ്ട് അതിനെ ബോധപൂർവ്വം മറയ്ക്കുവാനും ശ്രമിച്ചിരുന്നു. മെക്സിക്കക്കാർക്കിടയിലെ ഏറ്റവും മികച്ച ഒന്നായിത്തീരുവാനും അവർസ്വകാര്യമായി ആഗ്രഹിച്ചിരുന്നു. യൗവ്വനകാലത്ത്ഫ്രീഡ ബുദ്ധിശൂന്യമായി പ്രവർത്തിക്കുന്നവളും റൊമാന്റിക്കുമായിരുന്നു.

പതിനെട്ടാമത്തെവയസ്സിൽ അവർക്കുനേരിടേണ്ടിവന്ന ഒരു അപകടത്തെക്കുറിച്ച് നർമ്മത്തോടെയാണവർ പിന്നീടോർത്തെടുക്കുന്നത്. തെരുവിലുണ്ടായ ഒരു സ്ട്രീറ്റ്കാർ അപകടത്തിൽ അവളുടെ ശരീരത്തിലാകെ മുറിവേൽക്കുകയും തകർച്ചയിൽ പെടുകയും ചെയ്തു. ശരിയാക്കാനാവാത്തവിധം ദാരുണമായ പാർശ്വഫലങ്ങളാണീ അപകടം വരുത്തിവച്ചത്. ഇതിന്റെ വേദനക്കുള്ളിൽ നിന്നുകൊണ്ട്തന്നെ അവൾ പെയിന്റ് ചെയ്യുവാൻ തുടങ്ങി. മിക്കവാറും തന്റെ മുറിവേറ്റ ശരീരം തന്നെയായിരുന്നു പ്രമേയമായി കടന്നുവന്നിരുന്നത്.

ഫ്രീഡകാലൊയുടെ ജീവിതകഥ തുടങ്ങുന്നതും അവസാനിക്കുന്നതും ഒരേയിടത്തുതന്നെയാണ്. പുറത്ത് നിന്നും നോക്കുമ്പോൾ ലോൺഡ്രെസ്.. അലൻദെ തെരുവുകൾ സന്ധിക്കുന്ന മൂലയിൽ കൊയൊസാനിലെ മറ്റു ഭവനങ്ങളെപോലെതന്നെ മെക്സിക്കൊ നഗരത്തിന്റെ അതിർവരമ്പുകളിലുള്ള ഒരു പഴയ താമസ സ്ഥലത്താണ് ഫ്രീഡയുടെയുംഭവനം നിലനിന്നിരുന്നത്. അതൊരു ഒറ്റനിലയിലുള്ള ഭവനമായിരുന്നു. നീലവർണ്ണമടിച്ച ചുമരുകൾക്ക് പുറത്തുള്ള ബോർഡിൽ 'മ്യൂസിയൊഫ്രീഡകാലൊ' എന്ന നാമം രേഖപ്പെടുത്തിയിരിക്കുന്നു. മെക്സിക്കൊ നഗരത്തിലെ അത്യപൂർവ്വവും അസാധാരണവുമായ ഒരിടമായിട്ടാണിത് സഞ്ചാരികളെ ആകർഷിക്കുന്നത്. ചിത്രകാരിയായ ഫ്രീഡയുടെ പെയിന്റിങ്ങുകളും മറ്റ് സാധനങ്ങളും ഒരു മ്യൂസിയത്തിലെ പോലെ അവിടെ സൂക്ഷിച്ചിരിക്കുന്നു.

ഹെയ്ഡന്റെ പുസ്തകം,പ്രതിഭാശാലിയായ ഒരു ചിത്രകാരിയുടെ ജീവിതകഥ, ആരംഭിക്കുന്നത് ഇങ്ങനെയാണ്.

അപകടത്തിനുശേഷമുള്ള ഒറ്റ




പ്പെടലിന്റെ സാന്ത്വനത്തിനുവേണ്ടിയാണവർ ചിത്രകലയുടെ തീരത്ത് അഭയം തേടിയത്. മുറിവേൽക്കപ്പെട്ട തോന്നലുകൾക്കുള്ളിൽ ശ്വാസം മുട്ടിക്കഴിയേണ്ടിവന്നപ്പോൾ പുതിയ ജാലകങ്ങൾ തുറന്ന് വർണ്ണത്തിന്റെ ലോകത്തിലേക്കു വരുവാൻ അവർ നിർബന്ധിതയാവുകയായിരുന്നു. സ്വകാര്യമായ തന്റേതായ ലോകത്ത് കഴിയേണ്ടിവന്നപ്പോൾചുറ്റും ആസ്വാദകരുടെ ആകാംക്ഷ നിറഞ്ഞ കണ്ണുകളുടെസാന്നിദ്ധ്യത്തിനായവർ പ്രാർത്ഥിക്കുകയായിരുന്നു. അതോടെ തന്നിലതുവരെ ഉറങ്ങിക്കിടന്ന കലയുടെ മറഞ്ഞുകിടന്ന ലോകത്തിലേക്കവർ കടക്കുകയും ജീവിതത്തിൽ നേരിടേണ്ടിവന്ന ദുരന്തങ്ങളെ അതിജീവിക്കുവാനുള്ള വഴികൾ തേടുകയുമായിരുന്നു.

ഇവയിലേറ്റവുംതീവ്രമായി അനുഭവപ്പെട്ടത് 'റിവെരായിൽ' നിന്നുള്ള ഒന്നായിരുന്നു. ഇരുപത് ഇരുപത്തിയൊന്ന്വയസ്സ് പ്രായത്തിൽ വീണ്ടും അദ്ദേഹത്തെ അവൾ കണ്ടുമുട്ടിയതാണ്. വശ്യമായ സമീപനങ്ങൾക്കുള്ളിലെ സാന്ത്വനസ്പർശം ഒരുവിവാഹത്തിലാണ് കലാശിച്ചത്. അയാൾക്ക് നാൽപത്തിരണ്ട് പ്രായമുണ്ടായിരുന്നു. തീവ്രസ്വഭാവക്കാരനായ ഒരു തൊഴിലാളിയും സന്തോഷവാനായ സ്ത്രീലമ്പടനുമായിട്ടാണയാൾ അറിയപ്പെട്ടിരുന്നത്.

ഇവിടെ ഗ്രന്ഥകാരനായ ഹെറെരാ അവർക്കിടയിലുണ്ടായിരുന്ന പിണക്കങ്ങളുംവഴക്കിടലുകളും പെട്ടന്നുണ്ടാകുന്ന വേർപാടുകളും വീണ്ടും സംഭവിക്കുന്ന ഇണക്കങ്ങളുമൊക്കെ വളരെ ഭംഗിയായിത്തന്നെ ഇതിൽ വിവരിച്ചിട്ടുണ്ട്. പ്രതിഭാശാലികളുടെ രണ്ട് ധ്രുവങ്ങൾക്കിടയിൽ നടന്ന ഇണക്കവും പിണക്കവുമൊക്കെ തികച്ചും മൗലികമായ ശൈലിയിൽ അവതരിപ്പിക്കുമ്പോൾ അവക്കുള്ളിലെ നിശ്ശബ്ദതയുടെ സാന്ത്വനത്തെയാകും വായനക്കാർ കൂടുതൽ ഉൾക്കൊള്ളുവാൻ തയ്യാറാകുന്നത്. ഫ്രീഡയുടെ സ്വന്തം സഹോദരിയോടുപോലും അയാൾ നിഗൂഢമായ ഒരു ബന്ധം നിലനിർത്തിയിരുന്നതിന്റെ സൂചനകൾ പുസ്തകത്തിലുണ്ട്. അവൾക്ക് ശില്പിയായ നൊഗൂച്ചിയുമായും കുടുംബസുഹൃത്തായിരുന്ന റഷ്യൻ വിപ്ലവത്തിലെ നായകരിലൊരുവനായ ട്രോട്സ്കിയുമായും അവൾക്കു ബന്ധമുണ്ടായിരുന്നു. ഇതിനിടയിൽ പ്രഹസനത്തിന്റെയും വൃത്തികേടുകളുടെയുമായ നിമിഷങ്ങൾ ഏറെയുണ്ടായിരുന്നു പക്ഷേ കൂടുതൽ അവധാനതയോടെ എല്ലാം അവഗണിച്ചുകൊണ്ട് സ്വന്തം കലാസപര്യയിലേക്കവൾ കൂടുതൽ ശ്രദ്ധാലുവായി മാറുകയായിരുന്നു. ഇതിനെപ്രോത്സാഹിപ്പിക്കാതിരിക്കുവാൻ റിവെരക്കു കഴിഞ്ഞില്ല. വൈരുദ്ധ്യങ്ങൾക്കിടയിലെ ഈയൊരു സമീപനത്തെ വളരെ ശക്തമായിട്ടവതരിപ്പിക്കുവാൻ ഗ്രന്ഥകാരനായ ഹെറെരക്കു കഴിഞ്ഞു ഫ്രീഡ അപ്പോൾ സ്വർഗ്ഗത്തിലെ പക്ഷിയെപോലെ സ്വയം മറക്കുകയായിരുന്നു.

അന്യോന്യമുള്ള ബന്ധത്തിന്റെ തീവ്രത എല്ലാത്തിനുമുപരി ഒരിക്കലും തകർന്നുപോകരുതെന്നും അവർ ആഗ്രഹിച്ചിരുന്നു. ഓരോരുത്തരുടെയും കർമ്മ മണ്ഡലത്തിന്റെ വൈവിദ്ധ്യമാർന്ന തലങ്ങളെയാണവർ അംഗീകരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും തയ്യാറായിരുന്നത്.

ഹെറെരയുടെ എഴുത്തിന്റെ ശൈലി ഫ്രീഡയെപോലുള്ള പ്രതിഭയുടെ ജീവിത സമസ്യകൾ ഒരു പരിധിവരെയെങ്കിലും പുറത്തുകൊണ്ടുവരുവാൻ കെല്പുള്ള ഒന്നു തന്നെയായിരുന്നു.

ഒരു വ്യക്തിയെന്ന നിലയിലും ചിത്രകാരിയെന്ന നിലയിലുമുള്ള ഫ്രീഡയുടെ അസാധാരണമായ ജീവിതത്തെ ഇതുപോലെ അവതരിപ്പിക്കുകയെന്നത് അത്ര നിസ്സാരമായ ഒരു ദൗത്യമായിരുന്നില്ല. അർപ്പണബോധത്തിന്റെ ദീപ്തമായ വലയത്തിനുള്ളിൽ കഴിഞ്ഞുകൊണ്ടു മാത്രമേ ഇങ്ങനെയൊന്ന് ഏറ്റെടുക്കുവാൻ കഴിയൂ എന്നതിന്റെ സാക്ഷിപത്രമായി രചനവായനക്കാരെ ആക



ഹെയ്ഡൻ ഹെറെരാ

ർഷിക്കുന്നു. യാതനകൾക്കുള്ളിൽ നിൽക്കുമ്പോൾ ഒരുകലാകാരിയുടെ ധർമ്മം നിലനിർത്തുവാനായി അവർ ശ്രമിച്ച ഒരു വലിയ രേഖപ്പെടുത്തലുകളായി നാമിതിനെ കാണേണ്ടിയിരിക്കുന്നു. അതെ സമയം സ്വകാര്യതയുടെ വിശുദ്ധി കാത്തുസൂക്ഷിക്കുവാനും വ്യക്തിപരമായ അഭിമാനബോധത്തെ നിലനിർത്തുവാനും അവർക്കു കഴിഞ്ഞു.

എല്ലാത്തിനുമുപരി അവളുടെ ചിത്രങ്ങളുടെ പ്രദർശനം സ്വന്തം കേന്ദ്രീകൃതമായ വിഷയത്തിന്റെ രൂപത്തെ കൂടുതൽ നാടകീയമാക്കി മാറ്റുകയായിരുന്നു. അതെ അതിനുള്ളിൽ ശരിക്കും അവൾ തന്നെയായിരുന്നു. കലാതപസ്യയുടെ ഒരുനീണ്ട കാലയളവിൽ അവൾ വരച്ച ഇരുനൂറോളം ചിത്രങ്ങളിൽ മിക്കവയും സ്വന്തം കാലത്തിന്റെ പ്രതീകമെന്ന പോലെ സ്വയം ചിത്രീകരണങ്ങളുടെ (Self portraits) സമാഹരണങ്ങൾ തന്നെയായിരുന്നു.

1929 ൽ ഫ്രീഡ ഡിഗൊ റിവെരയുടെ മൂന്നാമത്തെ ഭാര്യയായി. അവരിരുവരും ഒത്തുചേർന്നതോടെ ഏറ്റവും പ്രിയപ്പെട്ട ഒരു പങ്കാളികളായി അവർ സ്വയം തിരഞ്ഞെടുക്കപ്പെടുകയായിരുന്നു. അന്നത്തെ ഫ്രീഡകാലൊയെ കണ്ടൽ ഗബ്രിയൽ ഗാർസിയമാർ കേസിന്റെ നോവലിൽനിന്നും പുറത്തേക്കുവന്ന ഒരു കഥാപാത്രത്തെ പോലെയുണ്ടായിരുന്നുവെന്ന് കാണികൾ സൂചിപ്പിച്ചിട്ടുണ്ട്.

അതെസമയം റിവെര ശരിക്കും അതിരുകവിഞ്ഞ ശരീരപുഷ്ടിയുള്ള നേരിട്ടിറങ്ങിവന്ന ഒരു റെബെലിയൻ (Rabielias) കഥാപാത്രത്തെ പോലെയുമുണ്ടായിരുന്നു. അവർക്ക് സുഹൃത്തുക്കളുടെതായ ഒരു വലിയ നിരതന്നെ നേടിയെടുക്കുവാൻകഴിഞ്ഞു. ഇവരിൽ പ്രധാനികളായി റഷ്യൻ വിപ്ലവകാരി ട്രോട്സ്ക്കിയും ഹെന്റി ഫോർഡും നെൽസൺ റോക്കുഫെയ്റ്റും ഡൊലോറെസ്ഡെൽ റിയോയും പൗലെറ്റെ ഗൊദാർദുമൊക്കെയുണ്ടായിരുന്നു.

മെക്സിക്കോ നഗരത്തിലെ റിവെരയുടെ ഭവനം അന്തർദേശീയ ബൗദ്ധിക സമൂഹത്തിനെ സംബന്ധിച്ചിടത്തോളം ഒരു അഭയ കേന്ദ്രം തന്നെയായി അറിയപ്പെട്ടു. ഈ കൂട്ടത്തിൽ ചിലിയൻ കവി പാബ്ലൊ നെരുദയും ഫ്രഞ്ച് എഴുത്തുകാരൻ ആന്ദ്രെബർട്ടനും സെർജി ഐസൻസ്റ്റീനും അഭയം തേടിയെത്തുമായിരുന്നു.

മാർസൽ ഡ്യൂഷാംപ് (Marcel Duchamp) അതെ സമയം ഫ്രീഡയുടെ പാരീസിലെ ആതിഥേയനുമായിരുന്നു. ഇസാമുനൊഗുചീ ഒരു സമയം അവരുടെ കാമുകനുമായിട്ടാണ് അറിയപ്പെട്ടിരുന്നത്. അമേരിക്കൻ സന്ദർശനവേളകളിൽ സ്റ്റീഗ്ലീറ്റ്സിനെയും ജോർജിയ ഒക്കീഫിനെയും അവർ കണ്ടുമുട്ടിയിരുന്നതായി ഈ ജീവിതചിരിത്ര ഗ്രന്ഥത്തിൽ സൂചിപ്പിച്ചിരിക്കുന്ന റിവേരക്ക് പ്രസിദ്ധിപൊതുവെ വലിയ ഇഷ്ടമുള്ള വ്യക്തിയായിരുന്നു.അതുകൊണ്ടുതന്നെ അവരുടെ വിവാഹം വലിയ പ്രസിദ്ധിനേടിയതിൽ ആർക്കും തെറ്റുപറയാനാവില്ല. രണ്ടുപേർക്കും സ്വകാര്യമായി നിരവധി കാമുകികളും കാമുകന്മാരും ഉണ്ടായിരുന്നതായി അറിയപ്പെട്ടിരുന്നു.

പതിനെട്ടാമത്തെ വയസ്സിലുണ്ടായ അപകടം ഒരു പരിധിവരെ അവരെ തളർത്തിയിരുന്നുയെങ്കിലും റിവേരയുമായുള്ള ബന്ധത്തോടെ ഒരു പുനർജീവനത്തിന്റെ പാതയിലായിരുന്നു അവർ.

പക്ഷെ പൊതുജനങ്ങൾ അവരെ ആദരവോടെയാണ് വിലയിരുത്തിയതും അംഗീകരിച്ചതും അവരുടെ മിഴികളെ നനയിപ്പിക്കുന്ന ഒരു കഥാപാത്രം പോലെ ഫ്രീഡ ഒപ്പം തന്നെയുണ്ടായിരുന്നു.

പിന്നീട് ഇരുപത്തിയൊൻപത് വർഷങ്ങൾക്കു ശേഷം സംഭവിച്ച മരണം വരെ വേദനനിറഞ്ഞ അനുഭവങ്ങളുമായിട്ടാണവർ ജീവിതത്തോട് പൊരുത്തപ്പെടാൻ ശ്രമിച്ചത്. അപകടത്തിൽ വസ്തി പ്രദേശത്തുണ്ടായ (Pelvis)കനത്ത ആഘാതം ഒരുകുട്ടിയുണ്ടാകുവാൻതടസ്സമായി. നിരവധി തവണ ഗർഭഛിദ്രം നടന്നു. പലതവണ ഇതാവർത്തിച്ചപ്പോൾ വേദനയും ദുഃഖഭാരവും അവരെ കൂടുതൽ ഉൾവലിയിച്ചു. ഉൾവലിയലും എന്തിന് സ്വയം ഒഴിയാബാധയിൽപ്പെടലുമൊക്കെ ചേർന്ന് അവരെ വല്ലാതെ തളർത്തി. ഞാനെന്റെ തന്നെ യാഥാർത്ഥ്യത്തെയാണ് പെയിന്റിങ്ങിനായി തിരഞ്ഞെടുത്തിരുന്നത്. അവർ പറയുമായിരുന്നു. അവരുടെ ചിത്രങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചു പലചിത്രങ്ങളുടെയും പകർപ്പുകൾ കൊടുത്തുകൊണ്ട് ഹെയ്ഡൻ. ഈ പുസ്തകത്തിൽ ഒരു കലാനിരൂപകന്റെ എല്ലാ ദർശനത്തോടെയും വിശകലനം ചെയ്യാൻ ശ്രമിക്കുന്നുണ്ട്.

അവരുടെ ഭൂരിഭാഗം ചിത്രങ്ങളും ചെറിയ കാൻവാസിലായിരുന്നു


ഫ്രിഡ ചിത്രരചനാവേളയിൽ

വരച്ചിരുന്നത്. പന്ത്രണ്ടിഞ്ചു മുതൽ പതിനഞ്ച് ഇഞ്ച് വരെ എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയുണ്ടായിരുന്നില്ല. പ്രമേയത്തോടവർ കാട്ടിയ സാന്ദ്രതയുടെ മികവാണിവിടെ പ്രാധാന്യം നേടിയിരുന്നത്. വർണ്ണങ്ങളുടെ പ്രവാഹം ശരിക്കും കാവ്യാത്മകതയുടെ സ്പർശം അനുഭവിപ്പിക്കുന്ന ഒന്നായിരുന്നു.

1977 ൽ അവരുടെ ചിത്രങ്ങൾ ശേഖരിച്ച് സൂക്ഷിക്കുവാൻ മെക്സിക്കൻ ഗവൺമെന്റ് വലിയഗാലറികൾ തന്നെ സജ്ജീകരിച്ചിരുന്നതായി ഹെയ്ഡൻ തന്റെ രചനയിൽ സൂചിപ്പിക്കുന്നു.1930 കളിൽ സർറിയലിസ്റ്റുകൾ അവരുടെ ഗ്രൂപ്പിലേക്ക് ഫ്രീഡയെ ക്ഷണിച്ചിരുന്നത് ചിത്രകലയുടെ വഴിയിൽ അവർക്കുള്ള പ്രാധാന്യത്തെ എടുത്തുകാണിക്കുന്നു.1978 നവംബർ 2-ാം തീയതി മെക്സിക്കോയിൽ മരിച്ചുപോയവരുടെ ദിനമായി ആഘോഷിക്കപ്പെട്ടപ്പോൾ ഫ്രീഡ കാലൊക്കുള്ള ആദരാഞ്ജലിയെന്നപേരിൽ ഒരു പ്രദർശനം തന്നെ സംഘടിപ്പിക്കപ്പെട്ടു.

ഫ്രീഡയെ ഒരു രാഷ്ട്രീയ പോരാളിയായും വിപ്ലവകാരിയായും ചിത്രീകരിക്കപ്പെട്ടിരുന്നു. ശരിക്കും ഒരു മെക്സിക്കൻ ഒഫീലിയ എന്ന വിശേഷണം അവരുടെ ജീവിതാനുഭവങ്ങളുമായി പൊരുത്തപ്പെട്ടുകിടന്നു.ചിക്കാനൊസ്ത്രീയുടെ(Chicano woman) കലാപരമായ എല്ലാ ദർശനങ്ങൾക്കും അനുയോജ്യയായ ഒരു കലാകാരിയെന്ന വിശേഷണം ശരിക്കും അവരെ കൂടുതൽ അംഗീകാരത്തിന്റെ പാതയിലെത്തിച്ചു. അവർ ഞങ്ങൾക്കുതന്ന പ്രചോദനം അത്രമേൽ തീവ്രമായിരുന്നു. ഒരു കലാകാരൻ അവരെ അനുസ്മരിക്കുന്നതും ഇങ്ങനെയാണ്. അവരുടെ ചിത്രങ്ങളിൽ സ്വയാനുകമ്പയുടെ സ്പർശം പോലുമില്ലായിരുന്നു. അവക്കത്രമേൽ കരുത്തുണ്ടായിരുന്നു.

നിരവധി അമേരിക്കൻ ഫ്രഞ്ച് മ്യൂസിയങ്ങളിൽ അവരുടെ ചിത്രങ്ങൾ പ്രദർശനത്തിനുവച്ചിട്ടുണ്ട്. 1982 ൽ ലണ്ടനിലെ വൈറ്റ്ചാപ്പൽ ആർട്ട്ഗാലറിയിലും അവരുടെ ഓർമ്മ പ്രദർശനം നടക്കുകയുണ്ടായി. പിന്നീട് ജർമ്മനിയിലും ന്യൂയോർക്കിലും നടന്ന പ്രദർശനങ്ങൾ അവരുടെ ആരാധകർക്ക് വലിയ കലാവിരുന്നായിട്ടാണ് അനുഭവപ്പെട്ടത്.

പിക്കാസ്സൊ അവർക്കെഴുതിയ കത്തിൽ സൂചിപ്പിച്ചു ഒരിക്കലും ഫ്രീഡാകാലോയുടെതുപോലുള്ള ഒരു ശിരസ്സിനെവേണ്ടപോലെ ചിത്രീകരിക്കുവാൻ കഴിയില്ല. ഓർമ്മകളുടെ ഒരു വലിയകൂട്ടം നമുക്കായി ബാക്കി വച്ചുകൊണ്ടാണവർ ഈ ലോകത്തു നിന്നും വിടവാങ്ങിയത്. സത്യം ഇവിടെയും മിത്തിനെ ഇല്ലാതാക്കുവാൻ കഴിയില്ല. അവരുടെ ജീവിതകഥ ഒരു കടങ്കഥപോലെ നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുന്നു, എനിക്കാവശ്യമുള്ളതുകൊണ്ടാണ് ഞാൻ ചിത്രരചനക്കു തയ്യാറാവുന്നത്. ഫ്രീഡയുടെ വാക്കുകൾ നമ്മെ ചിന്തിപ്പിക്കുകയും സ്വകാര്യമായ ആഹ്ലാദത്തിലമർത്തുകയും ചെയ്യും എന്റെ തലച്ചോറിലൂടെ കടന്നുപോകുന്ന രൂപങ്ങൾക്കാണ് ഞാൻ വർണ്ണങ്ങൾകൊണ്ട് പുതിയ ലോകങ്ങൾ സൃഷ്ടിക്കുന്നത്. അവരുടെ പ്രമേയങ്ങളുടെ മൗലികമായ സ്പർശംകൊണ്ട് ഇരുപതാം നൂറ്റാണ്ടിന്റെ നാടകീയമായ ഇമേജറികളെയാണ് നമുക്ക് നൽകുന്നത്.

സ്വയം ഛായാപടങ്ങളുടെ ഒരു പരമ്പരതന്നെ ഈ ഗ്രന്ഥത്തിൽ ഹെയ്ഡൻ ഉൾപ്പെടുത്തിയിട്ടുണ്ട്. 1926 ലും 1929 ലും 1931 ലും മറ്റും രചിച്ച ഈ ചിത്രങ്ങൾ ഇന്നും അവരുടെ പ്രതിഭയെ എടുത്തുകാണിക്കുന്നവയാണ്.

1932 ലെ ഹെന്റിഫോർഡ് ആശുപത്രിയും എന്റെ ജന്മവും 1935ലെ കുറച്ച് ചെറിയനുള്ളലുകളും 1937ലെ ഞാനും എന്റെ നെഴ്സും രോഗാതുരയായ ഡിമാസും 1939ലെ രണ്ട് ഫ്രീഡായും 1946ലെ സ്വപ്നവുമൊക്കെ ഇന്നും കലാസ്വാദകരെയും നിരൂപകരെയും വിസ്മയിപ്പിക്കുന്നു.

മെക്സിക്കോയിലെ ഫ്രീഡ മ്യൂസിയം ഇന്നും ആസ്വാദകർക്കായി തുറന്നിട്ടിരിക്കുകയാണ്. റിവെരാ സ്വന്തം രചനകൾക്കൊപ്പം അന്നു തന്നെ അതിനുതയ്യാറായിരുന്നു. 1958 ൽ തുറന്ന ഈ മ്യൂസിയത്തിൽ ഫ്രീഡയുടെ ഭൗതികാവശിഷ്ടം ഒരു മെത്തയിൽ വച്ചിരിക്കുന്നു. അതിനു മുകളിലെ ചുമരിൽ അവരുടെ പ്ലാസ്റ്റർ ഡത്ത്മാസ്ക്കും ചരിത്രത്തിൽ ഇടം കണ്ടെത്തിയിരിക്കുന്നു.വീണ്ടും വലിയ അക്ഷരങ്ങളിൽ അവൾതന്റെ ജീവിതത്തിന് അത്യന്തികമായ സല്യൂട്ടെന്ന രീതിയിൽ കുറിച്ചിരിക്കുന്ന വിവാ ലാ വിഡാ (Viva la vida) നീണാൾ വാഴട്ടെ എന്ന അർത്ഥസൂചനകളുള്ള വാക്കുകൾ ഒരു വലിയ കലാകാരിയുടെ ജീവിതകഥവായിക്കുമ്പോൾ ഇരുപതാം നൂറ്റാണ്ടു കണ്ട ഏറ്റവും പ്രതിഭാശാലിനിയായ ഒരു ചിത്രകാരിയെ ഒരിക്കൽ കൂടി മനസ്സിലേറ്റുമെന്നതിൽ സംശയമില്ല.



പുനരാഖ്യാനം: റോസ്മേരി

ബാലരശ്മി

# ബുദ്ദുവും കണ്ണൻ മുയലും

**വ**യലിന്റെ ഓമനയാണ് കണ്ണപ്പൻ. വെള്ളയിൽ കറുത്ത പുള്ളികളുള്ള മിനുത്ത രോമക്കുപ്പായം അണിഞ്ഞമാതിരിയുള്ള ഉടൽ. തിളങ്ങുന്ന ഇളം തവിട്ടുകണ്ണുകൾ. നിറയെ തഴച്ചുവെളുത്ത രോമങ്ങളുമായി ഒരു കൊച്ചുവാൽ. സന്തോഷമുള്ള മുഖഭാവം. അങ്ങനെഒറ്റനോട്ടത്തിൽതന്നെ ആർക്കും ഇഷ്ടം തോന്നുന്ന ഒരു ചെറുപ്പക്കാരനായിരുന്നു കണ്ണൻ മുയൽ.

രൂപം പോലെതന്നെ ആകർഷകമാണ് അവന്റെ സ്വഭാവവും എലികൾ, തവളകൾ, കിളികൾ, തുമ്പികൾ, വയൽമീനുകൾ, പുൽച്ചാടികൾ തുടങ്ങി ആ വയലിലും അതിന്റെ കരയിലുമായി വസിക്കുന്ന സകല ജന്തുജാലങ്ങളോടും അവനു വലിയ സ്നേഹമാണ്.

സ്വന്തം കൂടപ്പിറപ്പുകൾ എന്നോണമാണ് അവൻ അവരെ കരുതുന്നത്. ആർക്ക് എന്താവശ്യം വന്നാലും കണ്ണപ്പനാണ് സഹായവുമായ് ആദ്യം എത്തിച്ചേരുക. മഞ്ഞപ്പൂമ്പാറ്റ ചിലന്തിവലയിൽ കുടുങ്ങിയപ്പോഴും എലിമാളത്തിൽ കുടുങ്ങിയപ്പോയ ചിണ്ടൻ കോഴിക്കുഞ്ഞ് സഹായത്തിന് നിലവിളിച്ചപ്പോഴും രക്ഷിക്കാൻ കുതിച്ചെത്തിയത് നമ്മുടെ ചങ്ങാതി തന്നെയായിരുന്നു.

ഒരുനാൾ വെയിലാറിത്തുടങ്ങിയ ഒരു മൂന്നു മണി നേരത്ത് കണ്ണപ്പൻ തോട്ടിറമ്പിലെ പൂപ്പരത്തിയുടെ ചുവട്ടിൽ കിടന്ന് ഒന്നു മയങ്ങുകയായിരുന്നു.

അപ്പോഴുണ്ട് ആരോ ഉറക്കെ കരയുന്നു. നോക്കിയപ്പോൾ പെരിങ്ങൽക്കാടിനടുത്തു നിൽക്കുന്ന ഒരു വയസ്സൻകഴുത! അടുത്തു ചെന്നപ്പോൾ ആളെ പിടികിട്ടി. ഗ്രാമത്തിലെ അലക്കുകാരന്റെ സഹായിയായ ബുദ്ദുക്കഴുത.

തമ്മിൽ വലിയ അടുപ്പമൊന്നുമില്ലെങ്കിലും കണ്ണപ്പന് അവനേനന്നായ് അറിയാം. ഗ്രാമപാതയിൽ വെച്ച് അവനേയും യജമാനനേയും കണ്ണപ്പൻ പലതവണ കണ്ടിട്ടുമുണ്ട്. ഇടപാടുകാരുടെ വീടുകളിൽ നിന്ന് ശേഖരിക്കുന്ന വിഴുപ്പുതുണികൾ വലിയ ഭാണ്ഡത്തിലാക്കി. കഴുതപ്പുറത്ത് കയറ്റിവെക്കും. അതുപോലെ അലക്കി വെളുപ്പിച്ച തുണികൾ തിരികെയെത്തിക്കുന്നതും കഴുതപ്പുറത്തുതന്നെ. ഒപ്പം അലക്കുകാരനുമുണ്ടാവും.

കണ്ണപ്പനെകണ്ടതും ബുദ്ദുവിന്റെ സങ്കടം ഇരട്ടിയായി. നിലവിളി ഉച്ചത്തിലായി. അതിനിടയിലൂടെ ചില ആവലാതികളും ബോധിപ്പിക്കുന്നുണ്ട്. ഓർമ്മവെച്ചകാലം മുതൽ അലക്കുകാരന്റെ ദാസനായി കഴിയുകയാണ്. എടുത്താൽ പൊങ്ങാത്തത്ര ഭാരമുള്ള ഭാണ്ഡമാണ് യജമാനൻ ചുമലിൽ കയറ്റിവെക്കുക. പലപ്പോഴും വേച്ചുപോവും. ചിലപ്പോൾ വീണു പോയിട്ടുമുണ്ട്.

ബുദ്ദുവിന്റെ വേഗത കുറഞ്ഞാൽ കാലൊന്ന് ഇടറിയാൽ ഉടൻ ചാട്ടവാർകൊണ്ടുള്ള പ്രഹരം ഉറപ്പ്. അതിനും പുറമേയാണ് കാതുപൊട്ടുംവിധം കഠിനമായ ശകാരവർഷവും. തിന്നാനും കുടിയ്ക്കാനുമുള്ള വഹ കഷ്ടി. മിക്കപ്പോഴും അരപ്പട്ടിണി, ശരിക്കും ഒരടിമയുടെ ദയനീയ ജീവിതം.

അതൊന്നും പോരാഞ്ഞ് താൻ രോഗിയും വയസ്സനുമായപ്പോൾ യജമാനൻ തന്നെ അടിച്ചു പുറത്താക്കുക കൂടി ചെയ്തിരിക്കുന്നു. കണ്ണിന്റെ കാഴ്ച്ച മങ്ങിത്തുടങ്ങി. ഇനി ആർക്കും വേണ്ടി ജോലി ചെയ്യാനുള്ള ശേഷിയുമില്ല. മെയ്യാസകലം വേദനകൾ. തീറ്റതേടിത്തിന്നാനൊന്നും സാമർത്ഥ്യവുമില്ല. താനീ ഭൂമിയിൽ ഇങ്ങനെ ആരുമാരുമില്ലാത്തവനായി പോയല്ലോ എന്റെ ഭഗവാനേ..... ഇങ്ങിനെപോയി നമ്മുടെ വയസ്സൻ കഴുതയുടെ പരിദേവനങ്ങൾ.

കണ്ണപ്പന് അതൊക്കെ കേട്ടപ്പോൾ കരച്ചിൽ വന്നു. ആ അലക്കുകാരൻ ശരിക്കും ഒരു ദുഷ്ടനായിരുന്നു.ബുദ്ദുവിനെക്കൊണ്ട് കണ്ടമാനം ഭാരം ചുമപ്പിച്ചു പെടാപ്പാടു പെടുത്തുന്നത് അവൻ സ്വന്തം കണ്ണാലെ കണ്ടിട്ടുണ്ടായിരുന്നു.

ഇത്രയും നേരത്തെ കരച്ചിലും വിളിയും കഴിഞ്ഞപ്പോൾ ബുദ്ദുക്ഷീണിതനായി. ആൾ വേപ്പുമരത്തിനടുത്തുള്ള പുൽപ്പരപ്പിൽ ചാഞ്ഞുകിടപ്പായി. നമ്മുടെ മുയൽക്കുട്ടി അടുത്തു ചെന്ന്, ആ നെറ്റിമേൽ തലോടിക്കൊണ്ടു കനിവാർന്ന ശബ്ദത്തിൽ പറഞ്ഞു: ''എന്റെ ഏട്ടാ അങ്ങു വിഷമിക്കല്ലേ! എന്തു സഹായത്തിനും അടുത്തു ഞാനുള്ളപ്പോൾ ഇങ്ങനെകരയല്ലേ....''

രാത്രി ഒൻപതു മണിയാവുമ്പോൾ താൻ ബുദ്ദുവിനെ ഒരിടത്തേക്കു കൂട്ടിക്കൊണ്ടു പൊവാമെന്നും അതോടെ സങ്കടങ്ങളത്രയും പറന്നു പോവുമെന്നും കണ്ണപ്പൻ ഉറപ്പു നൽകി.

കാത്തിരുന്നു കാത്തിരുന്ന് രാത്രിയായി. കണ്ണ



പ്പൻ വാക്കു തെറ്റിച്ചില്ല. ബുദ്ദുവിനെയും കൂട്ടി അവൻ തെല്ലകലെയുള്ള വിശാലമായ തോട്ടത്തിലെത്തി. ദേശത്തെ വലിയ ജന്മിയായ രങ്കയ്യയുടെ കൃഷിത്തോപ്പ്. ഒരേക്കർ നിറയെ വെള്ളരിക്കൃഷിയാണ്.

വള്ളികൾ നിറയെ കായ്ച്ചു കിടക്കുന്ന ഒന്നാന്തരം വെള്ളരികൾ. ബുദ്ദുവിന്റെ നാവിൽ കൊതിയൂറി. ''ഏട്ടൻ ഇഷ്ടമുള്ളത്ര കഴിച്ചോളൂ. പക്ഷേ ഒരു ശബ്ദവും കേൾപ്പിക്കരുത്. ഒരു വാക്കും മിണ്ടരുത്. ഒച്ച കേട്ടാൽ ആപത്താണ്.'' കണ്ണപ്പൻ പ്രത്യേകം ഓർമ്മിപ്പിച്ചു.

ബുദ്ദുവിന്റെ സന്തോഷത്തിന് അതിരില്ല; എത്രനാൾ കൂടിയാണിങ്ങനെ വയർ നിറയെ കഴിക്കുന്നത്; ഒരാഴ്ചത്തെ വെള്ളരിക്കാത്തീറ്റ കഴിഞ്ഞപ്പോൾ ആളിന്റെ ഉടലൊക്കെ പച്ച പിടിച്ചു. ആരോഗ്യം ഭേദപ്പെട്ടു.

കഴുതയ്ക്ക് ആ ചെറുപ്പക്കാരൻ മുയലിനോട് അഗാധമായ സ്നേഹംതോന്നി. ''കുഞ്ഞേ ഞങ്ങൾ കഴുതകൾ മറ്റു മൃഗങ്ങളെപ്പോലെ തന്നെ ബുദ്ധിയുള്ളവരാണ്, നല്ല വകതിരിവുമുണ്ട്. എന്നിട്ടുമെന്തിനാണ് മനുഷ്യർ ഞങ്ങളെ വിഡ്ഢികളായ് കരുതുന്നത്? ആ തെറ്റിദ്ധാരണകൂടി നീ മാറ്റിയെടുക്കണം.'' ബുദ്ദു അഭ്യർത്ഥിച്ചു. അതിനുള്ള മാർഗ്ഗം കണ്ടെത്താമെന്ന് മുയൽ സമ്മതിച്ചു.

പിറ്റേന്ന് പുതിയ ഒരു ദിക്കിലേക്കാണ് കണ്ണപ്പൻ ബുദ്ദുവിനെകൂട്ടിക്കൊണ്ടുപോയത്. തണ്ണിമത്തൻ പാടം! വിളഞ്ഞു പഴുത്ത തണ്ണിമത്തങ്ങകൾ, ബുദ്ദു കറുമുറെ കടിച്ചു തിന്നു. നല്ല മധുരം!

അന്നു നല്ല നിലാവുണ്ടായിരുന്നു. നമ്മുടെ കഴുതയ്ക്ക് ആകെ രസം പിടിച്ചു. അവൻ തന്റെ പരുക്കൻ കഴുതരാഗത്തിൽ ഉറക്കെ പാടാൻ തുടങ്ങി. ആ വിചിത്രശബ്ദം കേട്ട് കാവൽക്കാരൻ കുതിച്ചെത്തി. അവനെപൊതിരെ തല്ലി. വടി ഒടിയും വരെ.

അടുത്തുള്ള മാളത്തിൽ മറഞ്ഞിരുന്നതുകൊണ്ട് കണ്ണപ്പൻ രക്ഷപെട്ടു. ഇത്രമേൽ ബുദ്ധിയും ചിന്താശേഷിയുമില്ലാത്ത ഇക്കൂട്ടരെ മനുഷ്യർ ''കഴുതകൾ'' എന്നു വിളിക്കുന്നതിന്റെ പൊരുൾ അവന് അപ്പോഴാണ് വെളിപ്പെട്ടത്. അവൻ ഒച്ച കേൾപ്പിക്കാതെ ഊറിച്ചിരിച്ചുപോയി.



# മോഹന വർണങ്ങളുടെ വരവിന്യാസം

ആൽക്കഹോൾ ഇങ്ക് പെയിന്റിങ്ങുകളുടെ പ്രദർശനത്തിൽ വീണാമാധവൻ
ഫോട്ടോ: ടെന്നിസൺ ഇരവിപുരം

ദൃഷ്ടിയിൽ നിന്ന് മാത്രമല്ല ഓർമ്മകളിൽ നിന്നുകൂടി വിട്ടുപോകാൻ മടിക്കുന്ന മാസ്മരിക നിറജാലങ്ങളിൽ അകപ്പെട്ടു പിണയുന്ന സൗന്ദര്യാനുഭൂതികൾക്ക് ചിത്രകലയിൽ വലിയപ്രാധാന്യമുണ്ട്. ചിത്രങ്ങളുടെ സൃഷ്ടികർത്താവിന്റെയും ആസ്വാദകന്റെയും മുഗ്ദ്ധഭാവങ്ങൾ സന്ധിചെയ്യുന്നതും ആ വർ



അജിത് എസ്.ആർ

**ഉൾക്കണ്ണു തുറന്നുപിടിച്ച് സമീപിക്കേണ്ട ചിത്രങ്ങളാണ് വീണയുടേത്. പ്രകൃതിയിലെ കേവലമായ മൂല്യങ്ങളെ കലാഹൃദയം കൊണ്ട് എത്തിപ്പിടിക്കുന്ന നൈസർഗിക വാസനയാണ് അമൂർത്ത കലയുടെ ആസ്വാദനത്തിന്റെ രീതിശാസ്ത്രം. വീണയുടെ ചിത്രങ്ങളിൽ വർണ്ണങ്ങൾക്കൊപ്പം വിലയിച്ചു കിടക്കുന്നതും ഇതേ ദർശനം തന്നെ.**



ണ്ണ സങ്കലനങ്ങളിൽത്തന്നെ. നിറങ്ങളും അതിന്റെ വിന്യാസങ്ങളും തന്നെയാണ് കാഴ്ചയുടെ ആനന്ദത്തെ പൂരിതമാക്കുന്നതും. അതുകൊണ്ടുതന്നെ ഡിജിറ്റൽ വർണ്ണാത്ഭുതങ്ങൾ സർവ്വകാഴ്ചശീലങ്ങളെയും തകിടം മറിച്ച് മുന്നേറുന്ന ഈ ഗ്രാഫിക് പെരുമഴക്കാലത്ത് ചിത്രകലാസ്വാദനവും പ്രയോഗവും പ്രത്യേക പരിഗണനയർഹിക്കുന്നു.

മനുഷ്യകരങ്ങളിലൂടെ വാർന്നൊഴുകി ലയിച്ച് വിരിയുന്ന വർണ്ണ ചിത്രങ്ങൾ എന്നും എവിടെയും നിർവിശേഷമായ ഒരു ജൈവികത ഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ടാണ് 'വർണങ്ങളിൽ മനുഷ്യത്വം പുഞ്ചിരിക്കുന്നു' എന്ന് പണ്ടൊരു ചിത്രകാരൻ പറഞ്ഞു വെച്ചത്. തന്നെ കുട്ടിക്കാലത്തിന്റെ ശബളിമയിൽ, മോഹിപ്പിച്ച് തടവിലാക്കിയ വർണ്ണങ്ങളെ ജാഗ്രതയോടെ വിന്യസിച്ച് അതിമനോഹര ചിത്രങ്ങൾ മെനഞ്ഞെടുക്കുന്ന തിരക്കിലാണ് വീണാമാധവൻ ഐ എ എസ്. തന്റെ ഓർമ്മകൾക്കും പ്രകൃതിക്കും സ്വപ്ന ഭാവങ്ങൾക്കും നിറംപകരാൻ വീണ തന്നോടൊപ്പം കൂട്ടിയതാകട്ടെ ആൽക്കഹോൾ ഇങ്ക് (Alcohol Ink) ആധുനിക മീഡിയവും!

കേരളത്തിൽ അധികമാരും പ്രയോഗിച്ച് പ്രചാരം ലഭിച്ചിട്ടില്ലാത്ത ഒന്നാണ് ആൽക്കഹോൾ ഇങ്ക് ചിത്രരചന, ഏതാണ്ട് എട്ടുപതിറ്റാണ്ട്മുമ്പ് രൂപം എടുത്ത Fluid art (പ്ലവനകല) യിലുപയോഗിക്കുന്ന പുതുതലമുറക്കാരനായ മാധ്യമമാണ് ആൽക്കഹോൾ ഇങ്ക്. ഇരുപതാം നൂറ്റാണ്ടിലെ കലാചരിത്രത്തിൽ മോഡേണിസ്റ്റ് (Modernist)ശൈലി പുഷ്പിച്ച് പൂത്തുലയും മുമ്പ് ചിത്രകലയുടെ കാഴ്ചപ്പെരുമയെ പൂമരമാക്കിയ ശൈലി ആയിരുന്നു ഇമ്പ്രഷണിസം (Impressionism). അതിന്റെ മൂർധന്യതയിൽ ഉടലെടുത്ത ഒരു രചനാരീതിയാണ് പ്ലവനകല എന്നറിയപ്പെട്ടത്. ദ്രവരൂപത്തിലാക്കിയ അക്രിലിക്ക് ചായക്കൂട്ടുകളെ ക്യാൻവാസിലൂടെ നിർബാധം ഒഴുകിപ്പരക്കാൻ അനുവദിക്കുന്നതിലൂടെ ലഭിക്കുന്ന അമൂർത്ത (Abstract)രൂപങ്ങളാണ് പ്ലവനകലയുടെ അടിസ്ഥാനം. പുതുപുത്തൻ ഡിസൈനുകളുടെ സാധ്യതയും വൈവിധ്യവും പ്ലവനകലക്ക് കൂടുതൽ സ്വീകാര്യത നൽകി. അങ്ങനെ വളർന്നുവികസിച്ച അബ്സ്ട്രാക്ട് പെയിന്റിംഗിനെ കൂടുതൽ ആകർഷകമാക്കണമെന്നുള്ള സൗന്ദര്യചിന്തകൾക്ക് ചിറകുനൽകാൻ കണ്ടെത്തിയ ആധുനിക മാധ്യമമാണ് ആൽക്കഹോൾ ഇങ്ക്. കാഴ്ചയ്ക്ക് അധിക മിഴിവ് നൽകുംവിധം സ്ഫുടം ചെയ്ത ഗാഢ നിറങ്ങളാണിവ. വർണ്ണങ്ങളെ തമ്മിൽ ആകർഷണീയമായി ലയിപ്പിക്കാൻ സർജിക്കൽ സ്പിരിറ്റ് എന്ന് നാം സാധാരണ വിളിക്കുന്ന ഐസോപ്രൊപ്പൈൽ (Isopropile) എന്ന ആൽക്കഹോളിനെ ഒരു ലയനമാധ്യമമായി ഉപയോഗിക്കുന്നു. ഏറെ ശ്രദ്ധയോടെയും ജാഗ്രതയോടെയും ചെയ്തു പൂർത്തീകരിക്കേണ്ട ഒന്നാണ് ആൽക്കഹോൾ ഇങ്ക് പെയിൻറിംഗ്. ദ്രവാംശം ഒട്ടും വലിച്ചെടുക്കാത്ത യൂപ്പോ (Yupo paper) പേപ്പർ എന്നറിയപ്പെടുന്ന വില കൂടിയ സിന്തറ്റിക് പേപ്പറിൽ ആണ് വീണാ മാധവൻ തന്റെ ചിത്രങ്ങൾ രചിക്കുന്നത്.

ആശയപരമായ അവധാനത പുലർത്തുന്ന അമൂർത്ത രൂപങ്ങൾ ചമയ്ക്കുന്നതിനാണ് വീണ ഏറെ പ്രാധാന്യം നൽകിയിരിക്കുന്നത്. *അരൂപകല*യെന്നും *കേവലകല*യെന്നുമൊക്കെ അറിയപ്പെടുന്ന അമൂർത്തകലയിൽ ബാഹ്യ നയനങ്ങൾകൊണ്ട് കാണുന്ന രൂപത്തേക്കാൾ അന്തർനേത്രങ്ങൾകൊണ്ട് അറിയുന്ന ഭാവത്തിനാണ് പ്രഥമ പരിഗണന. ഉൾക്കണ്ണു തുറന്നുപിടിച്ച് സമീപിക്കേണ്ട ചിത്രങ്ങളാണ് വീണയുടേത്. പ്രകൃതിയിലെ കേവലമായ മൂല്യങ്ങളെ കലാഹൃദയം കൊണ്ട് എത്തിപ്പിടിക്കുന്ന നൈസർഗിക വാസനയാണ് അമൂർത്ത കലയുടെ ആസ്വാദനത്തിന്റെ



Celestial


രീതിശാസ്ത്രം. വീണയുടെ ചിത്രങ്ങളിൽ വർണ്ണങ്ങൾക്കൊപ്പം വിലയിച്ചു കിടക്കുന്നതും ഇതേ ദർശനം തന്നെ. ക്യാൻവാസിന്റെ വെള്ള (ശൂന്യസ്ഥലം)യിലേക്ക് നേർത്തൊഴുകി മറയുന്ന ഒരു മഴവിൽ ഖണ്ഡമാണ് *Fantasy Rainbow* എന്ന *മാരിവിൽ ഭ്രമകല്പനയുടെ* ഹൃദ്യമായ ആവിഷ്കാരം. മഴവിൽ നിറങ്ങളാൽ തീർത്ത പുഷ്പങ്ങൾ ചേർത്ത് കൊരുത്താണ് ആ മാരിവിൽ ഖണ്ഡത്തിന് രൂപം നൽകിയിരിക്കുന്നത്. പൂവിതളുകളുടെ അഗ്രഭാഗം നേർത്ത്നേർത്ത് ശൂന്യ ഇടങ്ങളിലേക്ക് വിലയിച്ച് ഇല്ലാതാകുന്നു. ആകൃതി രഹിതമാകുന്ന ഇതൾരൂപങ്ങളിലൂടെ അഗാധവും അനന്തവുമായ പ്രാപഞ്ചിക സ്ഥല-കാലങ്ങളുടെ അനശ്വരത കാട്ടിത്തരുന്ന ചിത്രജാലവിദ്യയാണ് ഇവിടെ വെളിപ്പെടുന്നത്. വിരിഞ്ഞതും വിരിയാറായതുമായ പൂക്കൾ വീണയുടെ ചിത്രങ്ങളിൽ ആവർത്തിച്ചുവരുന്ന ബിംബമാണ്. *Inbloom* എന്ന സീരീസിലൂടെ നാം കാണുന്ന വൈവിധ്യമാർന്ന പൂക്കൾ അവയുടെ രൂപം കൊണ്ടല്ല, മറിച്ച് അവ വിളിച്ചോതുന്ന ജീവിതഭാവങ്ങളുടെ തനിമയാർന്ന അവസ്ഥാ ഭേദങ്ങൾ കൊണ്ടാണ് നമ്മെ ആകർഷിക്കുന്നത്. *Cascade* എന്ന ചിത്രം അതിന്റെ തലക്കെട്ട് സൂചിപ്പിക്കും പോലെ തന്നെ ഒരു കടും 'വർണ നിർഝരി' തന്നെയാണ്. ചലിക്കുന്ന നിറങ്ങളുടെ സംഘാതമാണ് ഈ ചിത്രം. നിറങ്ങൾ അടരുകളായി പ്രവഹിക്കുന്ന *Cascade* ന്റെ സൂക്ഷ്മ വായനയിൽ ആ ചിത്രം ചലിക്കുന്ന നിറങ്ങളുടെ ഗതികോർജ്ജം വഹിക്കുന്നുവോ എന്ന് തോന്നിപ്പോകും. *Nebula* എന്ന മറ്റൊരു ചിത്രം ഏറെകൗതുകം ഉണർത്തുന്ന ഒന്നാണ്. നോക്കിനിൽക്കുംതോറും ആഴംകൂടുന്ന ഭാവം വഹിക്കുന്ന സൃഷ്ടി. ആൽക്കഹോൾ ഇങ്ക് എന്ന മീഡിയത്തിന്റെ ഡിജിറ്റൽ ഗുണം കാട്ടിത്തരുന്ന ഒരു അസാധാരണ രചനയാണിത്. *Galaxy duo, Confluence, the storm, colour burst* തുടങ്ങിയവയൊക്കെയും ഒന്നിനൊന്ന് മികച്ചു നിൽക്കുന്നു.

ആവശ്യത്തിലധികം ക്ഷമയും ജാഗ്രതയും ആവശ്യമുള്ള ഒന്നാണ് ആൽക്കഹോൾ ഇങ്ക് രചന. ഒരു ആൽക്കഹോൾ ഇങ്ക് ആർട്ടിസ്റ്റിനുണ്ടാവേണ്ട ഏറ്റവും പ്രധാന ഗുണമേതെന്ന് ചോദ്യത്തിന് വീണയുടെ ഉത്തരവും 'ക്ഷമ' എന്നുതന്നെ. മിനുസപ്രതലത്തിൽ ഒഴുകിയോടിക്കളിക്കുന്ന വർണജാലത്തെ മെരുക്കി വേണം ഒരു ചിത്രം രൂപപ്പെടുത്താൻ. അസാധാരണമായ കയ്യടക്കമില്ലാത്ത ആർട്ടിസ്റ്റുകൾക്ക് വഴങ്ങാത്ത പ്രകൃതമാണ് ഇതിനുള്ളത്. വീട്ടുമുറ്റത്ത് ഓടിക്കളിക്കുന്ന കുസൃതിക്കുട്ടിയുടെ കുരുത്തക്കേടുകളെല്ലാം ക്യാൻവാസിൽ കാട്ടുന്ന സ്വഭാവമാണ് ചിത്രകലയിലെ ഈ ഇളമുറക്കാരനുള്ളത്. മുൻകൂട്ടി ഭാവനയിൽ കണ്ട രൂപത്തിലെത്തിച്ചേരാനോ വർണസങ്കലനത്തിലൂടെ എത്തിച്ചേരാനിടയുള്ള രൂപത്തെ മുൻകൂട്ടി കാണാനോ സാധ്യമല്ലാത്ത സന്നിഗ്ധതയിലാണ് ആൽക്കഹോൾ ഇങ്ക് രചന നിർവഹിക്കേണ്ടി വരുന്നത്. അതുകൊണ്ടാണ് ചിത്രകാരിയുടെ കയ്യടക്കത്തിന് അമിതപ്രാധാന്യം കൊടുക്കേണ്ടിവരുന്നതും.

ജീവിതത്തിരക്കിനിടയിലെ മടുപ്പു മാറ്റാനുള്ള ഒരു ഇടവേളപ്പണിയല്ല വീണാ മാധവ



Fantasy Rainbow



Cascade

ന് ചിത്രരചന. കുട്ടിക്കാലം മുതലുള്ള ഉൾവിളി തന്നെയാണ് അതിനു പിന്നിൽ. പഠനത്തിനും സ്കൂൾ ആവശ്യങ്ങൾക്കും വേണ്ടി ചെറിയ കലാവസ്തുക്കളും പെൻസിൽ ചിത്രങ്ങളും സൃഷ്ടിച്ചുകൊണ്ടുള്ള തുടക്കം. തുടർന്ന് ചെറുപ്രായത്തിൽ തന്നെ കുറേശ്ശ ക്രയോണിലേക്കും നിറങ്ങളിലേക്കുമുള്ള പകർന്നാട്ടം ഒരുചിത്രകാരിയെ പാകപ്പെടുത്തുകയായിരുന്നു.

വിവിധ ജില്ലകളിൽ കളക്ടറായി ജോലി നോക്കേണ്ടി വന്ന അച്ഛൻ മാധവനൊപ്പമുള്ള ജീവിതയാത്രകളും സഞ്ചാരകാഴ്ചകളും കൂടിയായപ്പോൾ വരയ്ക്കാനായി കരുതി വച്ച കാഴ്ചകളുടെ ഭണ്ഡാരം നിറഞ്ഞു കവിഞ്ഞു. നിരന്തരമുള്ള വര മാത്രമായിരുന്നു വീണയ്ക്ക് ഗുരു. ചിത്രം വരയ്ക്കുന്ന സഹോദരിമാരായ മിനിയുടെയും ലക്ഷ്മിയുടെയും നിശിതനിർദ്ദേശങ്ങളും അമ്മ പ്രസന്നാമാധവന്റെ നിരന്തര പ്രോത്സാഹനവും വീണാമാധവൻ എന്ന ചിത്രകാരിയെ കലാപരീക്ഷണങ്ങൾക്ക് സജ്ജമായ മനസുള്ള ഒരു പ്രൊഫഷണലാക്കി മാറ്റി.

ഹോളി ഏഞ്ചൽസിലെ സ്കൂൾ പഠനവും തിരുവനന്തപുരം വിമൻസ്കോളേജിലെ അധ്യയനവും കഴിഞ്ഞ് ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ്. ആനുകാലികങ്ങളിലും ജേർണലുകളിലുമുള്ള എഴുത്ത്. 2010ബാച്ചിലെ സെലക്ഷൻ, നിലവിൽ ജി എസ് ടി വകുപ്പിലെ സ്പെഷ്യൽ കമ്മീഷണറായും ഇൻഷുറൻസ് വകുപ്പിന്റെ അധ്യക്ഷയായുമുള്ള തിരക്കുപിടിച്ച ഔദ്യോഗികജീവിതം. സ്വാഭാവികമായും കരുതി വെക്കാൻ സമയമൊട്ടുമില്ലാത്ത വിധമുള്ള തിരക്കിനിടയിൽ ആർക്കും നഷ്ടപ്പെട്ടേക്കാവുന്ന ഒരു ചിത്രകലാലോകം പക്ഷെ വീണാമാധവന്റെ കൈപ്പിടിയിൽനിന്ന് ഒരിക്കൽ പോലും വഴുതിപ്പോയില്ല. കാരണം ചെറുപ്രായം മുതൽക്കുതന്നെ ജീവിതത്തിലൊരിക്കൽ പോലും ഇടവേള നൽകാതെ ചേർത്തു പിടിച്ച ഏകവിഷയം ചിത്രമെഴുത്ത് മാത്രമായിരുന്നു. ഇന്ത്യൻ എയർഫോഴ്സ് ഗ്രൂപ്പ്ക്യാപ്റ്റൻ പഞ്ചാബ് സ്വദേശിയായ ഗുൽഷൻ കുമാറിനെ 2016 ൽ വിവാഹം ചെയ്തതോടെ കലാ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രോത്സാഹനവുമായി ഒരാൾകൂടി വന്നു എന്ന സന്തോഷമാണ് വീണാമാധവനുള്ളത്. ഇരുപത്തിയഞ്ചോളം ആൽക്കഹോൾ ഇങ്ക് ചിത്രങ്ങളുടെ ആദ്യ പ്രദർശനം കോഴിക്കോട് അക്കാദമി ഹാളിൽ വച്ച് നടത്തിയപ്പോൾ നേരിട്ടും അല്ലാതെയും വീണയ്ക്ക് കിട്ടിയത് കൂടുതൽ ഊർജ്ജം പകരുന്ന അംഗീകാരമാണ്. വലിയ ക്യാൻവാസിൽ വലിപ്പമേറിയ ആൽക്കഹോൾ ഇങ്ക് ചിത്രങ്ങൾ ഒരുക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് വീണയിപ്പോൾ. അങ്ങനെയാവുകയാണെങ്കിൽ ഒരുപക്ഷെ അത് ആൽക്കഹോൾ ഇങ്ക് ചിത്രങ്ങളുടെ കേരളത്തിലെ ആദ്യത്തെ മെഗാക്യാൻവാസ്ആയേക്കാം. ***Enchanting hues*** എന്നായിരുന്നു വീണാമാധവൻ തന്റെ ചിത്രപ്രദർശനത്തിന് നൽകിയ പേര്. ചിത്രകലാസ്വാദകരുടെ കണ്ണും മനസ്സും കീഴടക്കുന്ന, വീണാമാധവന്റെ ഓരോചിത്രവും അക്ഷരാർത്ഥത്തിൽ *വർണ്ണങ്ങളുടെ മോഹിപ്പിക്കുന്ന വരവിന്യാസം* തന്നെയാണ്.



ടി.പി. ശ്രീനിവാസൻ
വിദേശരംഗം

# വിദേശനയത്തിൽ വെല്ലുവിളികൾ

വിദേശകാര്യമന്ത്രി ഡോക്ടർ എസ്.ജയശങ്കർ തിരുവനന്തപുരത്ത് വിദേശനയത്തിന്റെ വിവിധ വശങ്ങളെപ്പറ്റി വിശദമായിസംസാരിച്ചു. സാധാരണപോലെ തികച്ചും ആത്മവിശ്വാസത്തോടെയാണ് അദ്ദേഹം സംസാരിച്ചത്. എങ്കിലും പല കാര്യങ്ങളിലും വ്യക്തതയില്ല എന്ന് അദ്ദേഹം സമ്മതിച്ചു. ഇന്ത്യയുടെ ഭാവിയെപ്പറ്റി പറയുമ്പോൾ ഒരു ബഹുധ്രുവ ലോകം ഉണ്ടാകുമെന്നും അതിൽ ഇന്ത്യ ഒരു ധ്രുവമാകുമെന്നും പ്രസ്താവിച്ചെങ്കിലും അപ്പോൾ ആരൊക്കെയായിരിക്കും ഇന്ത്യയോടൊപ്പം ഉണ്ടാകുക എന്ന് അദ്ദേഹത്തിന് തീർച്ചയുണ്ടായിരുന്നില്ല. രാജ്യങ്ങളെല്ലാം തന്നെ സ്വതന്ത്രനിലപാടെടുക്കുന്നതരത്തിലുള്ള ഒരു ലോക ക്രമമാണ് ഉയർന്നു വരുന്നത് എന്ന അഭിപ്രായത്തോട് അദ്ദേഹം യോജിച്ചു. 2019 വരെ ഉണ്ടായിരുന്ന സൂചന അമേരിക്കയും ചൈനയുമായി ശീതയുദ്ധം ഉണ്ടാകുമെന്നും മറ്റു രാജ്യങ്ങൾ അന്യോന്യം സഹകരിച്ച് പ്രവർത്തിക്കുമെന്നുമായിരുന്നു. എന്നാൽ തികച്ചും അപ്രതീക്ഷിതമായി അമേരിക്കയും റഷ്യയും വലിയ എതിരാളികളായിമാറിയിരിക്കുകയാണ്. യുക്രെയിൻ യുദ്ധം അവസാനിക്കുമ്പോൾ റഷ്യയുടെ സ്ഥിതി എന്തായിരിക്കുമെന്നു തീർച്ചയില്ല. റഷ്യയും ചൈനയും ചങ്ങാത്തം സ്ഥാപിച്ചപ്പോൾ അമേരിക്കയോടുള്ള എതിർപ്പ് വർദ്ധിച്ചു വന്നിരിക്കുകയാണ്. യുക്രെയിൻ യുദ്ധം അവസാനിക്കുന്നതുവരെ അമേരിക്കയുടെ ചൈനനയം അനിശ്ചിതമായി തുടരും. ചൈനയുക്രെയിൻ കാര്യത്തിൽ റഷ്യയെ സഹായിച്ചതിനാൽ റഷ്യ തായ്‌വാൻ കാര്യത്തിൽ ചൈനയോടൊപ്പം ആകാൻ സാദ്ധ്യതയുണ്ട്.

ഇന്ത്യ ഒരു ക്വാഡ് അംഗം എന്ന നിലയിൽ അമേരിക്കയോട് അടുത്തിരിക്കുകയാണ്. അതിന് പ്രധാന കാരണം ലഡാക്കിൽ ചൈനആക്രമിച്ചതും പ്രധാനകരാറുകൾ ലംഘിച്ചതും തന്നെയാണ്. ഇന്ത്യ-ചൈനബന്ധങ്ങൾ തകർന്നതോടെ ഇന്ത്യക്ക് അമേരിക്കയോട് കൂടുതൽ അടുപ്പം ഉണ്ടായി. എങ്കിലും ഇന്ത്യ യുക്രെയിൻ കാര്യത്തിൽ റഷ്യയെ അപലപിക്കാത്തതും റഷ്യയ്ക്കെതിരായി ഉപരോധങ്ങൾ ഏർപ്പെടുത്താത്തതും അമേരിക്കയും സഖ്യ കക്ഷികളും ആശങ്കയോടെയാണ് കാണുന്നത്. റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നതും അതിലേക്കായി പ്രത്യേക പദ്ധതികൾ രൂപീകരിക്കുന്നതും റഷ്യയെ സഹായിക്കലാണെന്ന് അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും കരുതുന്നു. ഇന്ത്യയും യൂറോപ്യൻ രാജ്യങ്ങളുമായുള്ള സൗഹൃദത്തിൽ വിള്ളലുണ്ടായിട്ടുണ്ട്.

ഐക്യ രാഷ്ട്ര സംഘടനയുടെ പരാജയം മഹാമാരിയുടെ കാര്യത്തിലും യുക്രെയിൻ യുദ്ധത്തിന്റെ കാര്യത്തിലും വ്യക്തമായിരുന്നു. ചൈനമഹാമാരിക്ക് ഉത്തരവാദമുണ്ടെന്നുള്ളതുകാരണം ചൈന ഐക്യ രാഷ്ട്ര സംഘടനയുടെ രക്ഷാസമിതിയുടെ യോഗം നടത്താൻ പോലും സമ്മതിച്ചില്ല. അതുകൊണ്ട് അന്താരാഷ്ട്ര സഹകരണം ഇല്ലാതെയാണ് മനുഷ്യരാശി മഹാമാരിയെ നേരിട്ടത്.

യുക്രെയിനിന്റെ കാര്യത്തിൽ ആക്രമം നടത്തിയത് രക്ഷാസമിതിയിലെ ഒരുസ്ഥിരാംഗം തന്നെ ആയതിനാൽ രക്ഷാസമിതിയുടെ തീരുമാനങ്ങൾ വീറ്റോ ചെയ്യപ്പെട്ടു. ജനറൽ അസംബ്ലിയിൽ വളരെ അധികം അംഗങ്ങൾ റഷ്യയെ എതിർത്തെങ്കിലും അത് റഷ്യയെ ബാധിച്ചില്ല. സെക്രട്ടറി ജനറലിന്റെ വെടിനിർത്തലിനുള്ള ആഹ്വാനങ്ങളും ആരും കേൾക്കാതെപോയി.യുദ്ധം എന്നുവരെ തുടരുമെന്നോ അതിന്റെ ആഘാതം എത്ര കഠിനമായിരിക്കുമെന്നോ തീർച്ചയില്ല. സാമ്പത്തിക രംഗത്തുണ്ടാകാവുന്ന തകർച്ചയെപ്പറ്റി എല്ലാ രാജ്യങ്ങളും വ്യാകുലരാണ്.

യുക്രെയിൻ യുദ്ധം കാരണം ഏഷ്യയിൽ നടക്കുന്ന പ്രശ്നങ്ങൾ ലോക ശ്രദ്ധ ആകർഷിക്കുന്നു പോലുമില്ല. അഫ്ഗാനിസ്ഥാനിൽ താലിബാൻ അവരുടെ അഴിഞ്ഞാ



ട്ടം തുടരുകയാണ്. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ താലിബാൻ ഗവൺമെന്റിനെഅംഗീകരിച്ചിട്ടില്ലെങ്കിൽപോലും പലതരത്തിലുള്ളസഹായവും അഫ്ഗാൻ ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുന്നു. താലിബാൻ ഭീകരവാദത്തിൽ ഏർപ്പെടുകയില്ല എന്ന പ്രതീക്ഷയിലാണ് ലോകം. പാകിസ്ഥാനും ഇറാനും ചൈനയും റഷ്യയും താലിബാന് എല്ലാ സഹായവും നൽകുന്നു.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ശ്രീലങ്കയിലെ സംഭവ വികാസങ്ങൾ വലിയ വെല്ലുവിളിയാണ്. ശ്രീലങ്ക തകർന്നുപോയാൽ ഇന്ത്യയുടെ സുരക്ഷിതത്വം തന്നെ അപകടത്തിലാകാം. ഒരു സ്ഥിരമായ ഗവൺമെന്റ് ഉണ്ടായെങ്കിൽ മാത്രമേ ലോകരാഷ്ട്രങ്ങളുടെ സഹായം ആ രാജ്യത്തിന് ലഭിക്കുകയുള്ളു. എന്നാൽ പ്രക്ഷോഭകാരികൾ രാജപക്സെയെയും വിക്രമസിംഗെയും മാറ്റണമെന്നല്ലാതെ ഒരു പുതിയ ഗവൺമെന്റിനെപ്പറ്റി അഭിപ്രായം പറയുന്നില്ല. അടിയന്തിരമായി പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രവണത കാണാത്തത് അതിശയകരം തന്നെ. ഇതുവരെയുണ്ടായിട്ടുള്ള പരിപാടിയനുസരിച്ച് ഒരു ഗവൺമെന്റ് രൂപീകരണം നീണ്ടു പോകാനാണ് സാദ്ധ്യത.

2001 മുതലുള്ള ഇരുപതു വർഷം ലോകത്തിന് വലിയ മുറിവുകൾ ഏൽപിച്ചിരിക്കുയാണ്. അതുപോലെയുള്ള മറ്റു സംഭവങ്ങൾ ഇനി ഉണ്ടാകുകയില്ലെന്ന് തീർത്തു പറയാനാകുകയില്ല. എന്നാലും പുതിയ വെല്ലുവിളികളോടു പോരാടാനുള്ള കഴിവ് മനുഷ്യരാശിക്കുണ്ടെന്ന് ചരിത്രം തെളിയിച്ചിട്ടുണ്ട്. ഒരു പ്രതിസന്ധിയും മനുഷ്യരെ മുഴുവനായി നിരാശരാക്കാറില്ല. അതുമാത്രമാണ് ലോകത്തിന് ശക്തി പകരുന്നത്. ശക്തമായ നേതൃത്വവും വിഭവസമൃദ്ധിയുമുള്ള രാജ്യങ്ങളായിരിക്കും ഇന്നത്തെ വെല്ലുവിളികളെ വിജയത്തോടെ നേരിടുക. അതിനാൽ ഇന്ത്യക്ക് പ്രത്യാശയ്ക്ക് വകയുണ്ട്.



നജാഹുസൈൻ
കവിത

# വിട പറയുന്നവരോട്

**നി**ങ്ങളുപേക്ഷിച്ച
ചായക്കോപ്പകൾ
സ്നേഹത്തിന്റെ
മധുരം നിറച്ച്
തിരിച്ചു വരവിനായ്
കാത്തിരിക്കുന്നുണ്ടിവിടെ

നിങ്ങൾ നട്ട തൈമാവിലെ
പാകമായ ഫലങ്ങളെല്ലാം
മധുരം പകർന്നു നൽകുമ്പോൾ
നന്ദിയോടെ സ്മരിക്കുന്നുണ്ടാകുമിവിടെ

നിങ്ങളെഴുതിയ അക്ഷരങ്ങൾ
പൂർത്തിയാക്കാത്ത
ആശയങ്ങൾ തേടി
ഒരു ചേർത്തെഴുത്തിനായ്
ക്ഷണിക്കുന്നുണ്ടാകുമിവിടെ

വായിച്ചു മടക്കിയ
പുസ്തകത്താളുകൾ
ഒരു ചുരുൾ നിവർത്തിനായ്
ആ വിരലുകളെ
അന്വേഷിക്കുന്നുണ്ടാകുമിവിടെ

കയ്യൊപ്പുകൾ പതിഞ്ഞ ഫയലുകളിലെ രേഖകൾ
മാഞ്ഞു തുടങ്ങിയ പേരുകൾ
മറക്കാതെ
ഉച്ചരിക്കുന്നുണ്ടാകുമിവിടെ

വായ്ത്താരികളാൽ
പ്രകമ്പനം കൊണ്ട
ഉച്ചഭാഷിണികൾ
മൗനത്തിന്റെ ഉമിനീരിറക്കി
സങ്കടം പറയുന്നുണ്ടാകുമിവിടെ

കാലടിപ്പാടുകൾ പതിഞ്ഞ
ഇടനാഴികളെല്ലാം
കേൾക്കാൻ കൊതിച്ച
കാലൊച്ചകൾക്കായി
കാതോർത്തിരിക്കുന്നുണ്ടിവിടെ



ശശിധരൻ ഫറോക്ക്
കഥ

# ആകാശം സാക്ഷി

രണ്ടുമൂന്നു ദിവസമായി മൂടിക്കെട്ടി നിന്ന ആകാശം പെട്ടെന്ന് കൂടുതൽ ഇരുണ്ടു. നവീൻ മൊബൈലിൽ നിന്ന് കണ്ണെടുത്ത് ദൂരെ എക്സ്പ്രസ്സ് ഹൈവേയിലേക്ക് നോക്കി. പതിവിലധികം വാഹനങ്ങൾ ധൃതിപിടിച്ച് പായുന്നു.

സന്ദീപും നിഖിലും ഓടിവന്നു പറഞ്ഞു. നാളെ മിക്കവാറും ലോക്ഡൗൺ തുടങ്ങുമെന്ന ന്യൂസുണ്ട്. ടി.വി. തുറന്നുവെച്ചോ, വലിയപ്രഖ്യാപനങ്ങളുണ്ടാവുമെന്നാണ് കേൾക്കുന്നത്. പറഞ്ഞുകേട്ട അടിയന്തിരാവസ്ഥപോലെ എന്തോ ഒന്ന്. ആളുകൾ കിട്ടുന്ന വണ്ടികളിൽ നാട്ടിലേക്ക് മടങ്ങുകയാണ്. റോഡിലൊക്കെ തിരക്കോട് തിരക്ക്.

കമ്പനികളൊക്കെ നേരത്തെ ഒരു സൂചനനൽകിയിരുന്നു. 'വർക്ക് അറ്റ് ഹോം' വേണ്ടി വരുമെന്ന്.

"നമ്മളെന്തുചെയ്യും". നിഖിൽ അസ്വസ്ഥനായി.

'പെട്ടെന്ന് പാക്ക് അപ്പ് ചെയ്യാം. വീട്ടിൽ നിന്ന് വിളി വന്നുകൊണ്ടിരിക്കുന്നു'. എട്ടരയായപ്പോൾ സന്ദീപ് ധൃതിപിടിച്ചു

"നവീൻ എന്താ ഒന്നും പറയാത്തത്. ഇപ്പോഴും തണുപ്പുതന്നെയാണോ?" നിഹാൽ പെനാൽട്ടി അടിച്ചു.

"ഈ വീട്ടിൽ നാം തീർത്തും ഒറ്റപ്പെട്ടുപോകും. അപ്പുറത്തെ കുട്ടികളുടെ പ്ലാൻ എന്താണെന്ന് നോക്കി വരട്ടെ." സന്ദീപ് തിടുക്കം കാട്ടി.

"ആ നീ തന്നെ ചെല്ല്. നീയാണ തിന്ന് പറ്റിയ ആള്." നിഖിൽ ചെറുതായൊന്ന് ചൊറിഞ്ഞു. തിരിച്ചു വന്ന സന്ദീപ്പറഞ്ഞു. "അവർറെഡിയായിരിക്കുകയാണ്. ഒരു കുട്ടി വരുന്നില്ല. അവൾക്ക് കുറഞ്ഞ സമയം കൊണ്ട് വീട്ടിലെത്താനാവില്ലെന്ന്. ഒറ്റക്ക് ഇവിടെയെങ്ങിനെ കഴിയുമെന്ന് ചോദിച്ചപ്പോൾ സിനിമാസ്റ്റൈലിൽ അവൾ പറഞ്ഞു വീട്ടിലും ഒറ്റപ്പെട്ടു തന്നെയാണെന്ന്."

"ശരി, ഉള്ളതും പെറുക്കി നമുക്ക് വിടാം. എന്നാൽ നവീൻ ഒരു കോൾ ടാക്സി വിളിച്ചുതാ."

"ടാക്സി ഞാൻ വിളിച്ചുതരാം, ആ കുട്ടികളെയും കൂട്ടിയേക്കണം. ഞാനേതായാലും തൽക്കാലം വരുന്നില്ല." നവിയുടെ ദൃഢസ്വരം മുഴങ്ങി.

മൂന്നുനാലു ദിവസം ഒരുമിച്ചവധി വരുമ്പോൾ നാട്ടിലേയ്ക്കോടാറുള്ള അവർ പെട്ടെന്ന് റെഡിയായി. കോൾ ടാക്സി പുറത്തു വന്നു നിന്നു ഹോണടിച്ചു.

"അക്കം പക്കത്തിലാ നിറയെ അപ്പാർട്ട്മെന്റ് എല്ലാം ഇരുക്കുതെ. അപ്പുറം ഏതുക്ക് ഇങ്ക ഇരിക്കിംഗ". ഡ്രൈവർ നിഷ്ക്കളങ്കനായി തിരക്കിയപ്പോൾ സന്ദീപ് അറിയാവുന്നവിധം പറഞ്ഞൊപ്പിച്ചു.

"ഇങ്കെ റെന്റ് കമ്മി. അതിനാലെ ഇങ്കെ പാർക്കലാം."

"ഓ അപ്പിടിയാ. വണ്ടിവാടകെ തരുവാങ്കളോ എന്നമ്മോ"

ദരിദ്രവാസികളാണെന്ന് ബോദ്ധ്യപ്പെട്ടപോലെ ഡ്രൈവർ വേവലാതിപ്പെട്ടു.

ഒരു ടൂറിന്നു പോകുന്ന ലാഘവത്തോടെയാണെല്ലാവരും യാത്രയായത്. നവീൻ അവരുടെ ശബ്ദകോലാഹലം അകന്നകന്നു പോകുന്നത് നോക്കി നെടുവീർപ്പിട്ടു.

രാത്രി കനത്ത മഴപെയ്തു. തകർപ്പൻ ഇടിയും. കാറ്റിന്റെ മുഴക്കം ഭയാനകമായിരുന്നു. കറണ്ട് ഒളിച്ചു കളിച്ചു. വൈകി ഉറങ്ങിയ നവീൻ ഉണർന്നപ്പോഴെക്കും പരപരാ വെളുത്തിരുന്നു. സമയം എട്ടുകഴിഞ്ഞു. എങ്കിലും ചുറ്റിലും നിശ്ശബ്ദത. അടുത്ത മുറിവീട്ടിൽ നിന്ന് ഒരനക്കവും കേൾക്കുന്നില്ലല്ലോ.

നവീൻ പുറത്തിറങ്ങി. രണ്ടുംകൽപിച്ച് മുട്ടിയ ഉടൻ വാതിൽ തുറന്നു.

വിടർന്ന ചിരിയോടെ കറുപ്പിനോട് ചായ്വുള്ള ഇരുനിറത്തിലൊരു പെൺകുട്ടി. മഞ്ഞ ഹാഫ്സാരിയും നീലപാവാടയും അവൾക്ക് നന്നായി ഇണങ്ങുന്നുണ്ട്.

"ഒച്ചപ്പാടൊന്നും കേൾക്കാത്തതുകൊണ്ട് വന്നു നോക്കിയതാണ്.. ഇന്നലെ ഭയങ്കര ഇടിയും മഴയുമായിരുന്നല്ലോ." നവീനിന്റെ കുസൃതിച്ചോദ്യത്തിന് അതേ നാണയത്തിൽ ത്തന്നെ മറുപടി.

"എന്നെ ഇടിയെടുത്തെന്ന് കരുതി. അല്ലെ? ഏതായാലും വന്നുനോക്കാൻ തോന്നിയല്ലൊ. താങ്ക്സ്."

"അല്ലാ, കുക്കറും മിക്സിയുമൊന്നും ഒച്ചവെക്കുന്നത്കേട്ടില്ല. പിന്നെ കുളിമുറിയിലെ ആ പതിവ് പാട്ടും"– "നാളികേരത്തിന്റെ നാട്ടിലെനിക്ക്..."

"ഓ എല്ലാം ശ്രദ്ധിക്കാറുണ്ടല്ലെ? പാട്ട് കൂട്ടുകാരിയുടെ ഫേവറേറ്റാണ്. പിന്നെകറണ്ടില്ല, അതാണ് അടുക്കള ഫാക്ടറി വർക്ക് ചെയ്യാത്തത്."

"ഇനി ഭക്ഷണമെങ്ങിനെ റെഡിയാക്കും. ഹോട്ടലുകളടക്കം അടഞ്ഞുകിടക്കുമല്ലൊ. ലോക്ക്ഡൗണല്ലെ?"

"ഇവിടെ ഒരു പഴയ അടുപ്പുണ്ട്. പറമ്പിൽ നിന്ന് അഞ്ചാറ് വിറക്കൊള്ളി കിട്ടിയാൽ ചായ സംഘടിപ്പിക്കാം. ഇന്നലെ വാങ്ങിവെച്ച പഴവും ബ്രെഡുമുണ്ട്. ചായ റെഡിയായാൽ ഞാൻ വിളിക്കാം. വരുമോ?" അവൾ വലിയ ഉത്സാഹത്തിലാണ്.

മടങ്ങുമ്പോൾ അവളുടെ പേര് ചോദിക്കാൻ നവീൻ മറന്നു. രണ്ടുമൂന്നു മാസമായി ഒരു ഇടച്ചുമരിന്നപ്പുറവും ഇപ്പുറവും താമസിക്കുന്നു. പക്ഷെ ഒരിക്കലും ഒന്നും സംസാരിച്ചിട്ടില്ല. പേരു പോലും അറിയില്ല. രാവിലെ തിരക്കിട്ട് ഓടുമ്പോഴും വൈകിട്ട് തിടുക്കത്തിൽ കൂടണയുമ്പോഴും ആരും ഒന്നും പരസ്പരം



ചോദിച്ചറിയാറില്ല. ഒന്നിനും സമയം കിട്ടുന്നില്ല എന്ന് എവിടെയും ആത്മനിന്ദയോടെ ഉപയോഗിക്കാവുന്ന സ്ഥിരം പല്ലവിയാണ് രക്ഷാകവചം.

അപ്പുറത്തുനിന്ന് ചായക്കുള്ള വിളികേട്ടയുടൻ ചെന്നു. ഒരു പഴയ പ്ലാസ്റ്റിക് കസേര പുറത്തിട്ട് അവൾ ഇരിക്കാൻ പറഞ്ഞു. ഉമ്മറപ്പടിയിലിരുന്ന് അവൾ ബ്രേക്ക്ഫാസ്റ്റ് നീട്ടി.

ഒരു കരുതലിനാവും അവൾ അകത്തേക്ക് ക്ഷണിക്കാത്തത്; മിടുക്കി! നവീൻ മനസ്സിൽ കുറിച്ചിട്ടു. അന്യോന്യം പേരും പ്രദേശവും പറഞ്ഞശേഷം അവർക്കിടയിൽ നീണ്ട ശൂന്യത.

മുറിയിലേക്ക് തിരിച്ചു നടക്കുമ്പോൾ അവൾ നാടൻ ഭാഷയിൽ പറഞ്ഞു.

"ഇനി അടച്ചിടൽ കഴിയുംവരെ വെപ്പും തീനും ഇവിടെയാകാം. രണ്ടുപേരും ഉള്ളുതുറന്ന് ചിരിച്ചു. സമയത്തിനോട് മത്സരിച്ച് എന്നും തോൽക്കാറുള്ള നവിയ്ക്ക് അപ്പോൾ സമയം നീങ്ങുന്നില്ലെന്ന് തോന്നി.

കർട്ടനില്ലാത്ത ജനലിലൂടെ നവീൻ പുറത്തേക്ക് നോക്കിയിരുന്നു. പെൺകുട്ടി തിടുക്കത്തിൽ പോകുന്നതുകണ്ട് അവൻ വിളിച്ചു.

"ശ്രേയാ... എങ്ങോട്ടാ?"

"മെഡിക്കൽ ഷോപ്പുവരെ"

"നീയിപ്പോൾ പോകേണ്ട. പ്രിസ്ക്രിപ്ഷൻ തന്നേക്കൂ. ഞാൻ വാങ്ങി വരാം."

"വേണ്ട, വേണ്ട, ഞാൻ തന്നെ പൊയ്ക്കോളാം", അവൾ നടന്നുനീങ്ങാൻ തുടങ്ങിയപ്പോൾ നവീൻ മുന്നിലെത്തി തടഞ്ഞു.

"എന്തായാലും എന്നോട് പറയൂ. വല്ല പനിയോ മറ്റോ തോന്നുന്നുണ്ടോ? അവൻ വെപ്രാളത്തോടെ തിരക്കി.

"വിസ്പർ" വാക്കർത്ഥത്തിൽ ചുണ്ടുകൾ ചലിപ്പിച്ച് അവൾ തല താഴ്ത്തി.

''ഓ... നാട്ടിലാവുമ്പോൾ പെങ്ങ ൾക്ക് ഇതൊക്കെ ഞാനാണ് വാങ്ങി ക്കൊടുക്കാറ്. വേറെവല്ലതും വാങ്ങേ ണ്ടതുണ്ടോ!'' നിഷേധാർത്ഥത്തിൽ തലയാട്ടി അവൾ വേഗം തിരിച്ചു നടന്നു.

''വിസ്പറും'' പിന്നെ ബ്രെഡും പച്ചക്കറിയും വാങ്ങി ശ്രേയയെ വിളി ച്ചേല്പിച്ചപ്പോൾ അവൾ താല്പര്യ പൂർവം ചോദിച്ചു.

''വീട്ടിലാരൊക്കെയുണ്ട്''

''അമ്മയും പെങ്ങളും മാത്രം''

നവീൻ കിഴക്കനാകാശത്തിൽ ദൃഷ്ടിയൂന്നി. ആകാശത്തിന്റെ ഓര ത്തുകൂടി ഒരുഅമ്മക്കിളിയും കുഞ്ഞി ക്കിളിയും കരുതലോടെ പറക്കുന്നു.

''എന്റെ അമ്മയും കൊച്ചനിയനും അച്ഛന്റെ മരണശേഷം തറവാട്ടിലാ ണ്. അവർക്കവിടെ അത്ര സുഖമല്ല. അതുകൊണ്ടാണ് ഞാൻ പോവാത്ത ത്.'' ശ്രേയയുടെ വാക്കുകളിൽ കണ്ണീരിന്റെ ഈർപ്പം.

അവർ രണ്ടുപേരും മറ്റു കുടുംബ വിശേഷങ്ങൾ കൈമാറി.

''അപ്പോൾ നമ്മൾ ഒരേ തൂവൽപ ക്ഷികൾ ആണല്ലെ?'' നവീൻ വിഷാ ദത്തോടെ ചിരിച്ചു.

നീലഗിരിയിലെഹെറിറ്റേജ് ട്രെയി ൻപോലെ ദിവസങ്ങൾ അതിജീവന ത്തിന്റെ പാളങ്ങളിലൂടെ ഉരുണ്ടുനീ ങ്ങി.

''നവീൻ എനിക്കൊരു പനിപോ ലുണ്ട്. കോവിഡ് പിടികൂടിയോ...'' വാതിൽ തുറക്കും മുമ്പേ ശ്രേയയു ടെ സംശയം. അവൾ വല്ലാതെ പരി ഭ്രമിച്ചിട്ടുണ്ട്. കരച്ചിലിന്റെ വക്കത്താ ണ്. തൊട്ടുനോക്കാൻ നീട്ടിയ കൈ നവീൻ പെട്ടെന്ന് പിൻവലിച്ചു.

''ഞാൻ പാരസെറ്റമോൾ തരാം. ഇതുവല്ല ജലദോഷമായിരിക്കും. നാളെക്ക് മാറും. നീ പേടിക്കേണ്ട.''

അവൾ തിരിച്ചുപോകുമ്പോൾ അവൻ വിളിച്ചു പറഞ്ഞു.

''ഇനി ഒരറിയിപ്പുവരെ ഭക്ഷണ ക്കാര്യം ഞാൻ നോക്കിക്കോളാം.'' നിന്റെ അടുക്കള ലോക്ഡൗണാ ക്കാം..''

നേരം വെളുക്കും മുമ്പ് നവീൻ ശ്രേയയെ വിളിച്ചു പനിയെപ്പറ്റി അന്വേഷിച്ചു. കുറവുണ്ടെന്നറിഞ്ഞ പ്പോൾ ആശ്വാസമായി.

''വായിക്കാനെന്തെങ്കിലുമുണ്ടോ?'' ലോക്ക്ഡൗൺ നീട്ടുമെന്ന വാർത്ത വന്നപ്പോൾ ശ്രേയയാണ് ആദ്യം തിരക്കിയത്.

''ഞാൻ ആത്മകഥകളാണ് കൂടു തൽ വായിക്കാറ്. നെൽസൺ മണ്ടേ ലയുടെ ആത്മകഥയുണ്ടിവിടെ, 'ലോംഗ് വാക്ക് ടു ഫ്രീഡം.' കുറെ യധികം പേജുണ്ട്. രണ്ടുതവണ വായിച്ചു. അതൊരു സംഭവം തന്നെ യാണ്. പിന്നെ മഴയത്തു നടക്കാനാ ണെനിക്കിഷ്ടം; കാരണം ഞാൻ കരയുന്നത് ആരും കാണില്ലല്ലൊ എന്നെഴുതിയ ഹാസ്യസാമ്രാട്ട് ചാർ ലി ചാപ്ലിന്റെ ആത്മകഥയുണ്ട്.

''എനിക്കും ആത്മകഥകളിഷ്ടമാ ണ്.'' അവ വല്ലാത്തൊരു ഊർജവും കരുത്തും തരും. അമൃതാപ്രീതത്തി ന്റെ 'റവന്യൂസ്റ്റാമ്പും', തിക്കോടിയ ന്റെ 'അരങ്ങുകാണാത്ത നടനും' വായിച്ചിട്ടുണ്ട്.

തിരിച്ചുപോകുമ്പോൾ ശ്രേയ കുസൃതിച്ചിരിയോടെ കുറുകി.

''നമുക്കെല്ലാ കാര്യത്തിലും ഒരേ ഇഷ്ടമാണല്ലോ?''

''എന്നാപ്പിന്നെ നമുക്കങ്ങൊന്നാ യാലോ?'' നവിയുടെനാക്കിൽ നിന്നു അറിയാതെ വാക്കുകൾ വഴുതി വീണുപോയി.

'ദേവാസുരം' സിനിമയിൽ ലാലേ ട്ടനോട് രേവതിയുടെ ഒരു നനുത്ത ഡയലോഗ് ഉണ്ടല്ലോ,


''ഞാൻ കഴുത്ത് നീട്ടിത്തരാം...''ഞാനതാവർത്തിക്കു ന്നു. ശ്രേയയുടെ കണ്ണുകൾ വിടർ ന്നു. അതുവരെ കാണാത്ത ശ്രേയ യും നവീനുമാണിപ്പോൾ വാക്കുക ൾക്ക് തപ്പുന്നത്. അവരുടെ മുഖം തുടുത്തു വർണ്ണാഭമായി.

കാത്തുകാത്തു കിടന്നതുകൊണ്ടാ വാം അടുത്തപ്രഭാതം വൈകിയാണ് എത്തിയതെന്ന് അവർക്ക് തോന്നി.

സ്വയം നിയന്ത്രണം പാലിച്ച പരിശുദ്ധതയോടെ, ലോക്ഡൗൺ ചട്ടങ്ങൾ പാലിച്ചുകൊണ്ട് ഞങ്ങൾ വിവാഹിതരായി. പുകയും പൊടിപട ലങ്ങളുമില്ലാത്ത അന്തരീക്ഷത്തിൽ തെളിഞ്ഞ പ്രഭാതസൂര്യനും ഞങ്ങ ളുടെ നിഴലുകളുമായിരുന്നു സാക്ഷി കൾ. വീട്ടുകാരെ അറിയിച്ച് അർദ്ധ സമ്മതം വാങ്ങിയിരുന്നു. താലിക്ക് പകരം ഒരു നൂൽചരട് ശ്രേയയുടെ കഴുത്തിൽ കെട്ടി. വേലിയ്ക്കലെ തെച്ചിപ്പൂവും പുല്ലുകേറിയ നമ്മുടെ മുറ്റത്തു വളർന്ന തുളസിയും കോർ ത്ത് രണ്ടുമാല തീർത്ത് അന്യോന്യം. കഴുത്തിലിട്ടു. അത്രതന്നെ. ഒരു നിമി ത്തമായി അകലെ ഏതോ കോവിലി ൽ നിന്ന് മണി മുഴങ്ങി. പുതുവസ്ത്ര ങ്ങളുടെ മോടിയില്ലാത്തതിനാൽ വിവാഹ സെൽഫി ഇപ്പോൾ അയ ക്കുന്നില്ല. കൂട്ടുകാർക്ക് വാട്സ് ആപ്പ് സന്ദേശങ്ങൾ പറന്നു.

നിഹാലിന്റെ സ്നേഹവും സാന്ത്വ നവും കലർന്ന സന്ദേശമാണ് ആദ്യം എത്തിയത്. 'അല്ലാഹു നിങ്ങളുടെ വസ്ത്രത്തിലേക്കോ ചമയങ്ങളിലേ ക്കോ അല്ല, ഹൃദയത്തിലേക്കാണ് നോക്കുക.'

ഫോണിൽ തുരുതുരാ തെളിഞ്ഞ ആശംസാ പുഷ്പവൃഷ്ടികൾ ഉൾ ക്കുളിരോടെ ആസ്വദിച്ച് ചട്ടങ്ങൾ മറന്ന് അവർ കെട്ടിപ്പിടിച്ചു.





# മണ്ണിന്റെ മരണശാസനം



പ്രതീപ് കണ്ണങ്കോട്

ശാസ്ത്രം

**വാ**ർത്തകൾക്കു പഞ്ഞമില്ലാത്ത കാലം. വാർത്തകളുടെ കാര്യത്തിൽ വിശപ്പുണ്ടെങ്കിലും ദാരിദ്ര്യമില്ല. സ്വയംപര്യാപ്തമാണ്. അത്രയ്ക്ക് കാര്യക്ഷമം ആണ് അതിന്റെ നിർമ്മാണവും വിതരണവും ലക്ഷ്യബോധവും കൃത്യമാണ്. പ്രപഞ്ചത്തിന്റെ അനന്ത വിസ്മയം യന്ത്രക്കണ്ണുകൾ ഒപ്പിയെടുത്ത് നമുക്ക് തന്നിട്ട് അധികനാളുകളായിട്ടില്ല. സമ്പുഷ്ടമായൊരു ശാസ്ത്ര ലേഖനത്തിന് വകയുള്ള വിവരങ്ങൾ പ്രപഞ്ചത്തിന്റെ അപാരതയിൽ എവിടെയെങ്കിലും ജീവന്റെ മറ്റൊരു പതിപ്പ് കണ്ടേക്കാമെന്ന വ്യഗ്രതയിലും ആഗ്രഹത്തിലുമാണ് നമ്മളൊക്കെയും.

എന്നാൽ മനസിൽതറച്ച വൃത്താന്തം മറ്റൊന്നാണ്.അതിലേക്ക് വരാം. റഷ്യ യുക്രൈയിനെവിഴുങ്ങാൻ തുടങ്ങിയിട്ട് മാസങ്ങളായി. എന്തിന് വേണ്ടിയാണ് യുദ്ധമെന്ന് ചോദിച്ചാൽ ഉത്തരങ്ങൾ പലതാണ്. വാദമുഖങ്ങളെ താല്പര്യങ്ങൾക്കനുസരിച്ച് സാധൂകരിക്കാൻ മിടുക്കുള്ളവരും

ഏറെയാണ്. അതെന്തുമാകട്ടെ. ഇക്കഴിഞ്ഞ രണ്ടാഴ്ചക്കുള്ളിൽ നൂറ്റമ്പതോളം സിവിലിയൻമാർ യുദ്ധം ചെയ്യാതെ അവിടെ മരിച്ച് വീണു. റഷ്യൻ മിസൈൽ ആക്രമണത്തിൽ രക്തത്തിൽ കുളിച്ച് പ്രാണൻ വെടിഞ്ഞ് വിനിത്സ്യ തെരുവിൽ അനാഥമായി കിടന്ന ലിസയെന്ന നാല് വയസുകാരിയുടെ ചിത്രം മനസിനെപോലും കൊന്നുകളഞ്ഞു. അവൾ മാത്രമല്ല മരണത്തിൽ കൂട്ടാളിയാകാൻ മറ്റ് മൂന്ന് കുഞ്ഞുങ്ങൾ കൂടിയുണ്ടായിരുന്നുവെന്നാണ് വാർത്ത. മകളുടെ ദുരന്തം അറിയാതെ ലിസയുടെഅമ്മ ഹോസ്പിറ്റലിൽ ജീവനോ മരണത്തിനോ വേണ്ടി കിതയ്ക്കുന്നു.

ശാസ്ത്രലേഖനത്തിനാണെങ്കിൽ ലക്ഷണം ഒത്ത എന്തെല്ലാം വിഷയങ്ങൾ ആഗോളതലത്തിൽ നിറഞ്ഞ് കവിഞ്ഞിട്ടും അതൊന്നും എടുക്കാതെ എന്താ ഇങ്ങനെയെന്ന് വായിക്കുന്നവർ ചിന്തിച്ചേക്കാം. സംശയിക്കേണ്ട, യുദ്ധവും ശാസ്ത്ര സൃഷ്ടിയാണ്. അമൃതിനെവിഷമാക്കാനുള്ള സൂത്രവാക്യങ്ങൾ ശാസ്ത്രത്തിന്റെ ചേരുവയിൽ നിന്ന് കുബുദ്ധികൾ വേർതിരിച്ചെടുത്തിട്ടുണ്ട്. പുതുമ നഷ്ടപ്പെട്ട എത്രയോ ഉദാഹരണങ്ങൾ ശാസ്ത്രചരിത്രത്തിൽ പൊടിപിടിച്ച് കിടക്കുന്നുണ്ട്. ചൂഷണത്തിനും അധിനിവേശത്തിനും മൂലധനത്തിന്റെ കുമിഞ്ഞ് കൂടലിനും അനുയോജ്യമായ രൂപകല്പനകൾ ശാസ്ത്രത്തിന്റെ അച്ചിൽ നരാധമൻമാർ വൈഭവത്തോടെ വാർത്തെടുക്കുന്നുമുണ്ട്. അതിലൊന്നാണ് യുദ്ധം.

നാളെ യുക്രൈയിന്റെ സർവ്വതും റഷ്യ പിടിച്ചടക്കിയേക്കാം. അവരുടെ സ്വാതന്ത്ര്യവും നഷ്ടമായേക്കാം. പൂരപ്പറമ്പിലെ വെടിക്കെട്ട് പോലെ ആസ്വദിച്ച് അഭിപ്രായം പറഞ്ഞ് രസിക്കുന്നവരുടെ സഹതാപത്തിന് വിധേയമായേക്കാം. എന്നാൽ അധികമാർക്കും അറിയാത്തതോ. അറിഞ്ഞാലും അവഗണിക്കുന്നതോആയ ചിലതുണ്ട് റഷ്യാ യുക്രൈയിൻ യുദ്ധത്തിന്റെ ബാക്കി പത്രത്തിൽ.

ഫലപുഷ്ടി കൊണ്ട് അതിസമ്പന്നമായ മണ്ണാണ് യുക്രൈയിന്റേത്. അവിടത്തെ മണ്ണിനെകെർണോസം (chernozem) എന്നാണ് പറയുന്നത്. നാടൻ ഭാഷയിൽ പറഞ്ഞാൽ കരിമണ്ണ്. FAO യുമായി ബന്ധപ്പെട്ട WRB യുടെ (World Reference base of Soil Resourees) തരംതിരിവാണിത്. Chernozemഎന്ന സംജ്ഞ രൂപപ്പെടുത്തിയത് 1883 ൽ റഷ്യൻ ഭൗമശാസ്ത്രജ്ഞനായിരുന്ന വാസിലി. വി. ഡോക്കുച്ചേവാണ്. കരിമണ്ണിന്റെ മേൽപാളിക്ക് കെർണിക്ക് ഹൊറൈസൻ എന്നാണ് പറയുന്നത്. സാധാരണ 25 cm ആണ് ഈ പാളിയുടെ കനം. എന്നാൽ യുക്രൈയിന്റെ കെർണിക് ഹൊറൈസൻ 2 മീറ്ററിലധികം വരും. എന്താ ഇതുകൊണ്ടുള്ള ഗുണം? ക്ലേദവും (humus) ധാതുക്കളും കൊണ്ട് സമ്പുഷ്ടമാണീ പാളി. ക്ലേദമെന്നാൽ സംസ്കരിക്കപ്പെട്ട മണ്ണിരയടക്കമുള്ള മറ്റ് ജീവികളുടേയും പ്രവർത്തനത്താൽ വിഘടിച്ചും വിവിധ പ്രക്രിയകൾക്കു വിധേയമായിട്ടും രൂപപ്പെടുന്നതാണ് മേൽമണ്ണ്. അതിന് വർഷങ്ങൾ വേണ്ടിവരും. ക്ലേദത്തിന് ജലവാഹകശേഷിയും (Water bolding capacity) കൂടുതലാണ്. കാൽസ്യം ധാരാളം ഉള്ളതുകൊണ്ട് മണ്ണിന്റെ അമ്ലതയും വർദ്ധിക്കില്ല.

ഇതെല്ലാം യുക്രൈയിന്റെ മണ്ണിനും സ്വന്തമാണ്. കാർഷിക സമൃദ്ധിയുടെ പര്യായമായി ആ രാജ്യം ഭൂപടത്തിൽ നിറഞ്ഞ് നില്ക്കുന്നതും അതുകൊണ്ടാണ്. ഗോതമ്പും ബാർലിയും ചോളവും വിളയുന്ന മണ്ണ്. സൂര്യകാന്തി പാടങ്ങൾ നിറപുഞ്ചിരിയോടെ വരവേൽക്കുന്ന നാട്. ഗോതമ്പിന്റെ കയറ്റ് മതിയിൽ അഞ്ചാം സ്ഥാനവും, ചോളത്തിന്റെയും ബാർലിയുടേയും കാര്യത്തിൽ മൂന്നാസ്ഥാനവും അലങ്കരിക്കുന്ന യുക്രൈയിൻ. പാചക എണ്ണയുടെ കയറ്റുമതിയും മോശമല്ല. ലോകത്തിനാവശ്യമായ ഗോതമ്പിന്റേയും ചോളത്തിന്റേയും 13% ത്തോളം ഉല്പാദിപ്പിക്കുന്ന ആ മണ്ണിലേക്കാണ് മാസങ്ങളായിഷെല്ലുകളും മിസൈലുകളും ബോംബുകളും പതിച്ച് കൊണ്ടിരിക്കുന്നത്. ഉല്ക്കാപതനം പോലെയുള്ള പ്രകൃതി പ്രതിഭാസമല്ല. ശാസ്ത്രവിദ്യയുടെ വരം കിട്ടിയ ഭസ്മാസുരൻമാരുടെ ചൂണ്ട് വിരൽ പ്രയോഗത്തിൽ വീർപ്പുമുട്ടുന്ന പാരിടമായി യുക്രൈയിൻ മാറുകയാണ്. മണ്ണിനും മനുഷ്യനും മേൽ സുഗമമായി മുന്നേറുന്ന നരനായാട്ട്.

യുദ്ധത്തെ തുടർന്ന് യുക്രൈയിന്റെ കാർഷികമേഖല തകർന്ന് തരിപ്പണമാവുകയാണ്. നട്ട വിളകളിൽ ഇരുപത് ശതമാനത്തോളം വിളവെടുക്കാൻ കഴിയാതെ നശിച്ചുപോയി. വിളവിറക്കാൻ കഴിയാത്തതിനാൽ പൊന്ന് വിളയുന്ന മണ്ണ് തരിശാവുകയാണ്. പട്ടാളക്കാരെ പോലെയാണ് കർഷകർ പാടത്തിറങ്ങുന്നത്.ബുള്ളറ്റ് പ്രൂഫ് വസ്ത്രങ്ങളും ഹെൽമറ്റും ധരിച്ച് പ്രാണനെപുണർന്നും പ്രാർത്ഥിച്ചും ഭയന്നും പണിയെടുക്കുന്ന കർഷകന്റെ ചിത്രങ്ങൾ യുദ്ധാരംഭത്തിൽ അന്താരാഷ്ട്ര മാധ്യമങ്ങളിലെ കൗതുക കാഴ്ചകളായിരുന്നു. ആദ്യമൊക്കെ ചിലരെങ്കിലും അതു കണ്ടിട്ട് മൂക്കത്ത് വിരൽ വച്ചിട്ടുണ്ടാകും. പിന്നീട് അതിന്റെ വാർത്താമൂല്യവും കുറഞ്ഞു. ഇന്ന് യുക്രൈയിന്റെ കാർഷികോല്പാദനം പകുതിയോളം കുറഞ്ഞു. ഈ നില തുടർന്നാൽ യുക്രൈയിൻ ജനത മാത്രമല്ല യുറോപ്പിലേയും, ആഫ്രിക്കയിലേയും, ഏഷ്യയിലേയും ദശലക്ഷങ്ങൾ പട്ടിണി എന്തെന്നറിയും. കാരണം അവരെ ഊട്ടുന്നതിൽ യുക്രൈയിനുള്ള പങ്ക് ചെറുതല്ല. ഐക്യരാഷ്ട്ര സംഘടനതന്നെ ഇതേപറ്റി മുന്നറിയിപ്പ് തന്നിട്ടുള്ളതാണ്.

ഇതൊക്കെ ചിന്തിക്കുന്നവർ ഈ നശിച്ച യുദ്ധം എങ്ങനെയും ഒന്നവസാനിച്ചിരുന്നെങ്കിൽ എന്ന് ചിന്തിക്കുന്നുണ്ടാകും. യുദ്ധം അവസാനിച്ചാലും യുക്രൈയിന്റെ മണ്ണ് ക്ഷമിക്കുമോ? പ്രത്യാഘാതങ്ങളിൽ നിന്ന് അതിവേഗം മുക്തമാകുമോ? ഈ ചോദ്യങ്ങൾക്കുള്ള കൃത്യമായ ഉത്തരവും ശാസ്ത്രത്തിന്റെ കൈവശം ഉണ്ട്.

യുദ്ധം ഇതിനകം തന്നെ അവിടത്തെ മണ്ണ് സമ്പത്തിനെ വിഷലിപ്തമാക്കിയിരിക്കുന്നു. ബയോടർബേഷൻ (Bioturbation) എന്നൊരു സാങ്കേതിക പദം ഉണ്ട്. മണ്ണിരയും അതേപോലുള്ള ജീവികളും മണ്ണിനെ ഇളക്കിമറിച്ചും കുട്ടിക്കലർത്തിയും വേണ്ടി വന്നാൽ തിന്നും വിസർജിച്ചും ഫലപുഷ്ടമാക്കുന്ന പ്രക്രിയ ആണത്. പോഷകങ്ങളുടെ ലഭ്യത മാത്രമല്ല മണ്ണിലെവായുസഞ്ചാരവും തൽമൂലം വർദ്ധിക്കുന്നു.

ഇനി മറ്റൊരു സാങ്കേതിക സംജ്ഞ പരിചയപ്പെടാം. ബോംബ്ടർബേഷൻ (Bomb Turbation) ബയോടർബേഷന്റെ ഉത്തരവാദിത്തം പ്രകൃതിക്കാണെങ്കിൽ ബോംബ്ടർബേഷൻ മനുഷ്യന്റെ സ്വയം കൃതാനർത്ഥമാണ്. 2006 ൽ ജോസഫ്ഹൂപ്പിയും (Joseph Hupy) യും, രണ്ടാൽ ഷാറ്റ്സലും (Randal Shaetz) ചേർന്നാണ് പദം രൂപപ്പെടുത്തിയത്. ലോകയുദ്ധത്തിന് വേദിയായിരുന്ന ഫ്രാൻസിലെ വെർഡുണിലെ മണ്ണ് കുഴിച്ചാണ് അവർ പഠനം നടത്തിയത്. കൂടാതെ 1968 ൽ അമേരിക്ക ബോംബ് വർഷിച്ച വിയറ്റ്നാമിന്റെ പ്രദേശങ്ങളിലും മണ്ണ് ഗവേഷണം നടത്തി. വിശദമായ പഠനങ്ങൾക്കു ശേഷം 2012 ൽ ഒരു റിപ്പോർട്ടും പ്രസിദ്ധീകരിച്ചിട്ടുണ്ട്. യുദ്ധം മൂലം യുക്രൈയിന്റെ മണ്ണിന് സംഭവിച്ച് കൊണ്ടിരിക്കുന്ന വ്യതിയാനങ്ങളെ കുറിച്ച് കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ ഗവേഷണ സംഘത്തിന്റെ പഠനറിപ്പോർട്ടും ലഭ്യമാണ്.

പഠനങ്ങളെല്ലാം വിരൽ ചൂണ്ടുന്നത് ബോംബ്ടർബേഷൻ എന്ന അവസ്ഥയിലേക്കാണ്. യുദ്ധം മൂലം ഒട്ടേറെ അന്യപദാർത്ഥങ്ങൾ മണ്ണിൽ കലരാൻ ഇടവരുന്നു. രാസികവും ആണവികവുമായ ഒട്ടേറെ മാലിന്യ


റഷ്യനാക്രമണത്തിന്റെ ഭാഗമായി ഉക്രൈനിലെ ലുക്കാവ്ഷിക്ക ഗ്രാമത്തിലെ കൃഷിയിടത്തിൽ വീണ റോക്കറ്റ്

ങ്ങൾ അതിൽപ്പെടുന്നു. ബയോടർബേഷന് കാരണമാകുന്ന മണ്ണിലെ ജീവികൾ തൻമൂലം ചത്തൊടുങ്ങുന്നു. അവയാണ് മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുന്ന പ്രധാനഘടകം. ദൂരവ്യാപകമായി മണ്ണിലെ പോഷകമാകാൻ ബോംബ്ടർബേഷൻ കാരണമാകും. മണ്ണ് മലിനീകരണപ്പെട്ടാൽ ജലവും മലിനീകരിക്കപ്പെടും.

ആക്രമണത്തിൽ നിന്ന് രക്ഷ നേടാൻ കുഴിക്കുന്ന ട്രഞ്ചുകളും, ബോംബിംഗിന്റെ ഫലമായിരൂപപ്പെടുന്ന ഗർത്തങ്ങളും വൻതോതിൽ മേൽമണ്ണ് നഷ്ടപ്പെടുത്തും. യുദ്ധമുഖത്ത് ടാങ്കുകൾഉരുളുമ്പോൾ ജലാംശവും പശിമയുമുള്ള മണ്ണ് ഒട്ടിപ്പിടിച്ച് തറഞ്ഞ് പോകും. ഉപരിതലത്തിൽ മാത്രമായ് പ്രശ്നങ്ങൾ അവസാനിക്കുന്നില്ല. ഷെല്ലിന്റേയും ബോംബിന്റേയും അവശിഷ്ടങ്ങളും ചിന്നിതെറിക്കുന്ന പാറക്കഷണങ്ങളും ഭൂഗർഭജലത്തിന്റെ സുഗമമായ ഒഴുക്കിനെ തടസ്സപ്പെടുത്തും. ആവാസവ്യവസ്ഥതന്നെ തകിടം മറിയും.  മണ്ണിന്റെ ഘടനാപരമായ മാറ്റം കൃഷിഭൂമികൾ ഭാവിയിൽ വനങ്ങളായി മാറാനുള്ള സാധ്യതയും ഭൗമശാസ്ത്രജ്ഞർ പ്രവചിക്കുന്നു. ചുരുക്കത്തിൽ യുദ്ധം അവസാനിച്ചാലും കുറേക്കാലത്തേക്ക് കാർഷികോല്പാദനത്തിൽ പത്ത് മുതൽ 60 ശതമാനം വരെ ഇടിവുണ്ടാകുമെന്നാണ് കണക്ക് കൂട്ടൽ.

ഈ സന്ദർഭത്തിൽ മറ്റൊന്നു കൂടി പരിഗണിക്കേണ്ടതുണ്ട്. 2015 ലാണ് ഐക്യരാഷ്ട്ര സംഘടനസുസ്ഥിരവികസനലക്ഷ്യങ്ങൾ പ്രഖ്യാപിച്ചത്. അതിൽ ആദ്യത്തെ രണ്ട് ലക്ഷ്യങ്ങൾ വിശപ്പും ദാരിദ്ര്യവും നിർമാർജനം ചെയ്യുക എന്നതാണ്. 2030 ഓടെ ലോകരാജ്യങ്ങളെല്ലാം ലക്ഷങ്ങൾ കൈവരിക്കണമെന്നാണ് UNO നിർദ്ദേശിച്ചിരിക്കുന്നത്. അതിനുള്ള പരസ്യങ്ങളും പ്രഖ്യാപനങ്ങളും എത്രത്തോളം ആത്മാർത്ഥതയില്ലാത്തതാണെന്ന വെളിപ്പെടുത്തലുകളാണ് കൺമുന്നിൽ അനുഭവപ്പെടുന്നത്. കുറേ ദിവസങ്ങൾക്ക് മുമ്പ് ഐക്യരാഷ്ട്ര സംഘടനയുടെ സെക്രട്ടറി ജനറൽ ഗുട്ടറസ് ഒരു വെളിപ്പെടുത്തലിലൂടെ മനുഷ്യത്വം നശിക്കാത്തവരെയെല്ലാം ഞെട്ടിച്ചു. 2016 ന് ശേഷം കടുത്ത ക്ഷാമത്തിൽ ജീവിക്കുന്നവരുടെ എണ്ണം 500 ശതമാനം വർദ്ധിച്ചുവെന്ന്. യുക്രൈയിൻ യുദ്ധത്തിന്റെ സംഭാവന കൂടിയാവുമ്പോൾ സുസ്ഥിര വികസനലക്ഷ്യങ്ങൾ ഒരു സുന്ദരസ്വപ്നമായി അവശേഷിക്കും. ഉറങ്ങുന്നവർക്കുള്ള എന്റർടൈൻമെന്റാണല്ലോ ഹൃദയഹാരിയായ സ്വപ്നങ്ങൾ.

ഈ അവസ്ഥയിൽ പ്രപഞ്ചത്തിന്റെ അനന്തതയെ ആവാഹിക്കാൻ യന്ത്രക്കണ്ണ് ഉണ്ടാക്കിയിട്ടെന്ത് കാര്യം? മനസ് ചുരുങ്ങി ചുരുങ്ങി തന്നോളം ശുഷ്കമായാൽ മനുഷ്യനൊരു മഹാമാലിന്യമാകും. മാലിന്യനിർമാർജനത്തിന് പ്രകൃതി അറ്റകൈ പ്രയോഗിക്കും. കൊള്ളയിലൂടെ നേടിയ സമ്പത്ത് മറ്റൊരു മാലിന്യമാകും. ഡോളറും, യൂറോയും, ദിനാറും, റുപ്പിയുമെല്ലാം യുദ്ധം കൊന്ന വിളഭൂമിയിൽ ആർക്കും വേണ്ടാതെ, സൂക്ഷ്മജീവികളുടെ അഭാവത്തിൽ ജീർണിക്കാൻ പോലും പാങ്ങില്ലാതെ ചിതറിക്കിടക്കും. വിശപ്പും ദാഹവും പണത്തിന് മേൽ താണ്ഡവമാടും. ഒടുവിൽ മാനുഷരെല്ലാരും ഒന്നാകും. നിലവിളിക്കുപോലും ഒരേ ശ്രുതിയും താളവും ആയിരിക്കും. സെക്യുലർ സോഷ്യലിസ്റ്റ് പ്ലാനറ്റായി ഹരിതഭൂമി മാറും. എല്ലാം അവസാനിച്ച് കഴിയുമ്പോൾ ഊർദ്ദശ്വാസം വലിക്കുന്ന ഭൂമി പുനർജനി സ്വപ്നം കണ്ട് കാലത്തിന്റെ ചുവരിൽ എഴുതി വയ്ക്കും- ശുഭാന്ത്യം!




**എ. എൻ. രവീന്ദ്രദാസ്**
**കായികരംഗം**
**പുസ്തകവിചാരം**


# പന്തിനൊപ്പം പറന്നവരുടെ കഥയറിയാം

***പന്തിനൊപ്പം പറന്നവർ***
***കെ.വി.കോമളവല്ലി***
***ഡിസംബർ ബുക്സ് പയ്യന്നൂർ***
***വില: 100 രൂപ***




**ശേ**ഷിയുടേയും നൈപുണിയുടെയും നിലയ്ക്കാത്ത പ്രവാഹമായി കളിമേടുകളെ അടക്കിഭരിച്ച് ഫുട്ബോളിനെ ഔന്നത്യത്തിലേക്ക് ഉയർത്തിയ ഒട്ടേറെകളിക്കാരുണ്ട്. സ്വന്തം സിദ്ധിയും സാധനയും ടീം ഗെയിമിന്റെ രചനാത്മകതയിലേക്ക് വിളക്കിച്ചേർത്ത് അവർ കാഴ്ചവെച്ച മികവിന്റെയും സമർപ്പണത്തിന്റെയും അസുലഭസ്പർശങ്ങൾകളിപ്രേമികളുടെ ഓർമ്മകളിൽ മായാതെ നിൽക്കുന്നു. പന്തിനെധ്യാനിച്ചുണർത്തിയ മഹാമനീഷികളുടെ നിര അങ്ങനെ നീളുകയാണ്.

ലോകമൊട്ടുക്കുമുള്ള കോടാനുകോടി ഫുട്ബോൾ പ്രേമികൾ ഈ കളിയുടെ വമ്പിച്ച സ്വീകാര്യതയെയാണ് പ്രതിനിധാനം ചെയ്യുന്നത്. കളി മാത്രമല്ല ആ കളിക്കാരെയും അവർ ചേർത്തുപിടിയ്ക്കുന്നു. ഈ താരങ്ങളുടെ വശ്യതയാർന്ന കേളീശൈലികളും എതിരാളികളെ സമർത്ഥമായി കബളിപ്പിച്ച് ഗോൾമുഖത്തേക്ക് നൃത്തച്ചുവടുകൾ വെച്ചുകയറുന്നതുമെല്ലാം ഏത് ഫുട്ബോൾ ആരാധകനെയും ത്രസിപ്പിക്കുന്ന കാഴ്ചകളാണ്.

അങ്ങനെ നിറയുന്ന മഹാരഥന്മാരുടെ നിരയിൽ പെലെയും മാറഡോണയും സിദാനും തുടങ്ങി സമകാലികരായ ലയണൽമെസ്സിയും ക്രിസ്റ്റ്യാനോ റൊണാൾഡോയും ഉൾപ്പെടെ, താൻ തെരഞ്ഞെടുത്ത പത്ത് പേരുടെ കളിയെയും ജീവിതത്തെയും അതിന്റെ എല്ലാ മാനങ്ങളെയും വസ്തുതാപരമായും ഒട്ടും അതിശയോക്തി ഇ

ല്ലാതെയും കാലഘട്ടത്തോടും ചരിത്രത്തോടുമെന്ന പോലെ ഫുട്ബോൾ എന്നജനപ്രിയ കളിയോട് നീതി പുലർ ത്തിക്കൊണ്ട് ശ്രീമതി കെ.വി.കോമളവല്ലി രചിച്ച് പയ്യന്നൂർ ഡിസംബർ ബുക്സ് പുറത്തിറക്കിയ പുസ്തകമാണ് 'പന്തിനൊപ്പം പറന്നവർ.' ആന്ദ്രെ എസ്കോബാർ, നെയ്മർ, കിലിയൻ എംബാപ്പെ, ലൂക്കാ മോഡ്രിച്ച്, സെർജിയോ റാമോസ് എന്നിവരാണ് ഈ രചനയിലെ മറ്റ് അഞ്ച് താരങ്ങൾ.

ജീവിതയാത്രയിൽ കവിതയും നാടകവുമൊക്കെ ചേർത്തുവെച്ച് തന്റേതായ ഇടം അടയാളപ്പെടുത്തിയ ശ്രീ.കരിവെള്ളൂർ മുരളിയുടെ സഹ ധർമ്മിണിയായ കോമളവല്ലി രചിച്ച ഈ ഗ്രന്ഥം വായനക്കാരനു സമ്മാനിക്കുന്നത് അവാച്യമായ അനുഭൂതിയും സ്പോർട്സ് സാഹിത്യത്തിന്റെ നവ്യമായ അനുഭവവുമാണ്. പരത്തിപ്പറയാതെ തന്നെ ഓരോ കളിക്കാരന്റെയും ജീവിതവും കാലവും ഓരോ അണുവിലും ഒപ്പിയെടുത്തിരിക്കുന്നു. അതിന്റെ ഉൾക്കാഴ്ചയിലും വികാരലഹരിയിലും ആസ്വാദനത്തിന്റെ സർഗാത്മകതയുമായി സമന്വയിപ്പിക്കുക കൂടി ചെയ്തിരിക്കുന്നു.

പുസ്തകത്തിലെ ആദ്യതാരമായ പെലെയെക്കുറിച്ച്, ആക്രമണാത്മക ഫുട്ബോളിന്റെ സൗന്ദര്യാത്മക ശൈലി ലോകത്തിനു കാണിച്ചു കൊടുത്തത് അദ്ദേഹമാണെന്ന് സമർത്ഥിക്കുന്നതിനൊപ്പം അതിനു പിന്നിലെ കഷ്ടപ്പാടും കഠിനാദ്ധ്വാനവും അതിലേക്കെത്തിയ കനൽവഴികളുമെല്ലാം വരച്ചുകാട്ടുന്നു. ബാരുവിൽ നിന്നുള്ള പതിനേഴ് വയസ്സുള്ള കറുത്തബാലൻ സ്വീഡന്റെ പുൽമൈതാനങ്ങളെ തീപിടിപ്പിച്ചത് 1958 ലായിരുന്നു. ഫൈനലിൽ സ്വീഡനെ5-2 നു കീഴടക്കി ബ്രസീൽ ആദ്യമായി ലോക കിരീടം ചൂടുമ്പോൾ അതിൽ രണ്ട് ഗോളുകൾ നേടിയ പെലെ എന്ന കൗമാരക്കാരൻ തുടർന്നങ്ങോട്ട് ലോക ഫുട്ബോളിലെ ഏറ്റവും സമാരാധ്യവ്യക്തിത്വമായി മാറിയത് ചരിത്രം. കളിയുടെ സമ്പൂർണത, കളിക്കളത്തിന്റെ സാഫല്യം, കളിയുടെ പെരുന്തച്ചൻ, അതാണല്ലോ പെലെ. ലോകത്തിലെ ഏറ്റവും ലളിതമായ കളിക്ക് ലളിതമായ വ്യാഖ്യാനം നൽകിയ വ്യക്തിയാണ്. കാൽപ്പന്ത് കളി കറുപ്പിന്റെ അഴകും പ്രതീകവും കൊടിയടയാളവുമാണെന്നു കാട്ടിത്തന്ന പെലെ സുവർണമായ ഓർമ്മകളും സാധകപാഠങ്ങളുമാണ് സമ്മാനിച്ചതെന്ന് ഗ്രന്ഥകർത്രി നമ്മെ ഓർമ്മിപ്പിക്കുന്നു.

ഫുട്ബോളിന്റെ നിഗൂഢ വഴികളിൽ ഒന്നും അസംഭാവ്യമല്ലെന്ന് തന്റെ കളിയിലൂടെയും ജീവിതത്തിലൂടെയും തെളിയിച്ചവനായിരുന്നു ഡീഗോമാറഡോണ. അസാധാരണമായ


കെ.വി.കോമളവല്ലി

പന്തടക്കം, ഡ്രിബിളിങ്, പ്രതിയോഗികൾക്ക് സങ്കൽപിക്കാൻ പോലും കഴിയാത്ത തരത്തിലുള്ള ദ്രുതനീക്കങ്ങൾ ഇവയെല്ലാം മാറഡോണയെ വേറിട്ടുനിർത്തി. 1986 മെക്സിക്കോയെ പ്രകാശമാനമാക്കിയത് ഈ ഇതിഹാസമാണ്. ക്വാർട്ടറിൽ ഇംഗ്ലണ്ടിന്റെ നെറ്റിലെത്തിച്ച തന്റെ രണ്ടാം ഗോൾ, എക്കാലത്തെയും മികച്ച ഗോളുകളുടെ പവിഴശേഖരത്തിലേയ്ക്ക് ആ പ്രതിഭാശാലിയുടെ അവിസ്മരണീയമായ സമ്മാനമായിരുന്നു. ഉദിച്ചുയരുകയും പിന്നീട് കത്തിപ്പടരുകയും വിസ്ഫോടനങ്ങൾസൃഷ്ടിക്കുകയും ചെയ്ത് ഒടുവിൽ സ്വയം കത്തിയെരിഞ്ഞ നക്ഷത്ര ദീപ്തിയായ ഡീഗോ മാറഡോണ കോടാനുകോടികൾക്ക് ഒരു സംഹിതയോ വെളിപാട് പുസ്തകമോ ആകുന്നതെങ്ങനെയെന്ന് അദ്ദേഹത്തിന്റെ ജീവിതവഴികളിലൂടെയുള്ള സൂക്ഷ്മ സഞ്ചാരത്തിലൂടെയാണ് പുസ്തകത്തിൽ വിവരിക്കുന്നത്.

1998 ൽ പാരീസിലെ സ്താദ് ദ് ഫ്രാൻസ് മൈതാനത്ത് ബ്രസീലിനെ കീഴടക്കി ഫ്രാൻസ് ആദ്യമായി ലോകകപ്പ് ഉയർത്തിയപ്പോൾ ജനം സിനദിൻ സിദാനു വേണ്ടി ആർത്തുവിളിച്ചു. ആ രാത്രിയിൽ സിദാന്റെ തലയിൽ നിന്നും വെടിയുണ്ടപോലെ കുതിച്ച രണ്ട് ഗോളുകളുടെ ബലത്തിലായിരുന്നു അവർ 3-0 ന്റെ സുവർണ വിജയമാഘോഷിച്ചത്. എന്നാൽ എട്ട് വർഷത്തിനുശേഷം ഫ്രാൻസ് ഒരിക്കൽക്കൂടി കിരീടമണിഞ്ഞേക്കുമെന്നുതോന്നിച്ച ഫൈനലിനിടെ ഇറ്റലിയുടെ മാർക്കോ മറ്റെരാസിയെ തലകൊണ്ടിടിച്ച സിദാൻ ചുവപ്പിന്റെ വഴിയിൽ തല കുനിച്ചു മടങ്ങുകയായിരുന്നു. അദ്ദേഹത്തിന്റെ കോപാകുലമായ പ്രതികരണം ഒരർത്ഥത്തിൽ നീണ്ടകാലമായി ഒരു ജനത നേരിടുന്ന വംശീയ വിദ്വേഷത്തിന്റെയും വിവേചനത്തിന്റെയും കൊടിയ അപമാനത്തിന്റെയും ചൂടും വേവും മുഴുവൻ ആവാഹിച്ചെടുത്ത ക്രിയ ആയിരുന്നുവെന്ന ഗ്രന്ഥകർത്രിയുടെ നിരീക്ഷണം പൂർണമായും ശരിയാണ്. തീവ്രദേശീയ വാദത്തിനൊപ്പം വംശീയവിദ്വേഷവും വർണവെറിയും ആഗോളവൽക്കരണത്തി






ന്റെ സമാന്തര ഉല്പന്നമായി ഫുട്ബോൾ മൈതാനങ്ങളിൽ കൈകോർത്തു നിൽക്കുന്നുണ്ടെന്ന് നമ്മെ തീവ്രമായി ഓർമ്മിപ്പിക്കുന്നതാണ് 98 ലെ ഫ്രാൻസിന്റെ വിജയവും 2002 ലെ അതേചാമ്പ്യൻമാരുടെ പതനവും. അൾജീരിയൻ കുടിയേറ്റക്കാരന്റെ മകനിൽ നിന്ന് ലോക ഫുട്ബോളിന്റെ മല്ലീശരൻ മലയിലേക്ക് കയറിച്ചെന്ന സിദാൻ പിന്നീട് റയൽ മാഡ്രിസിന്റെ അമരക്കാരനായി എക്കാലത്തെയും മികച്ച പരിശീലകരുടെ നിരയിലും അംഗീകാരം നേടി. പക്ഷേ മുസ്ലീങ്ങളെ നാടുകടത്തി ഫ്രാൻസിനെ രക്ഷിക്കണമെന്ന ആഹ്വാനം ഴാങ്മേരി- ലീപെന്നിന്റെ നേതൃത്വത്തിലുള്ള തീവ്രവലതുപക്ഷം ഒരിക്കലും കൈവിട്ടിട്ടില്ലെന്ന് ഇവിടെ സിദാനെ വായിക്കുമ്പോഴും മറക്കാതിരിക്കുക.

ഫുട്ബോൾ ചരിത്രത്തിലെ ഏറ്റവും വേദനിപ്പിക്കുന്നഓർമ്മയാണ് അമേരിക്കയിൽ നടന്ന 1994 ലെ ലോകകപ്പ്. അന്നാണ് ലോകകപ്പിലും ചോരപുരണ്ടത്. ആ ലോകകപ്പിൽ ഒരു സെൽഫ് ഗോളിന്റെ പേരിൽ വെടിയേറ്റു മരിച്ച കൊളംബിയൻ താരം ആന്ദ്രെ എസ്കോബാർ ഫുട്ബോളിലെ എക്കാലത്തെയും ദുരന്ത കഥാപാത്രമാണ്. എസ്കോബാറിനെ പോലെ ഒരു പിഴവിന് ഇത്രയും വില കൊടുക്കേണ്ടി വന്ന ഒരു കളിക്കാരൻ വേറെയില്ല. സെൽഫി ഗോളിന്റെ കരിനിഴലുമായി സ്വന്തം നാട്ടിൽ മടങ്ങിയെത്തിയ ആ താരത്തിന് കൊളംബിയൻ അധോലോക കഴുകൻമാർ കനിഞ്ഞനുവദിച്ചത് വെറും പത്ത് ദിവസത്തെ ജീവിതം മാത്രമായിരുന്നു. കളിയും ജീവിതവും തമ്മിലുള്ള അതിർവരമ്പ് എത്ര ലോലമാണെന്ന് എസ്കോബാർ എപ്പോഴും ഓർമ്മിപ്പിക്കുന്നുവെന്നത്, 'നെഞ്ചിൽ തുളച്ചുകയറിയ മരണഗോൾ' എന്ന അദ്ധ്യായത്തിലൂടെ കടന്നുപോകുമ്പോൾ നമ്മെ അസ്വസ്ഥരാക്കുന്നു.

കളിയുടെ മിശിഹായായ ലയണൽ മെസ്സി, സമകാലിക ഫുട്ബോളിലെ മറ്റൊരു ശക്തിസ്വരൂപമായ ക്രിസ്റ്റ്യാനോ റൊണാൾഡോ, കളിക്കാരിലെ സാംബ നർത്തകനായ നെയ്മർ, ഫ്രാൻസിലെ കലാപഅന്തരീക്ഷ ത്തിൽ തന്നെ വളർന്നു കയറി ലോക ഫുട്ബോളിലെ ഏറ്റവും വേഗമേറിയ കാലുകളിലൂടെ വിസ്മയം വിതറുന്ന കാമറൂൺ വംശജനായ കിലിയൻ എംബാപ്പെ, നാടിന്റെ വിഭജനവും അതിന്റെ ഉണങ്ങാത്ത മുറിവുകളും പേറി വന്ന, ഒരു ജനതയുടെ പ്രതീകമായി മാറിയ ക്രൊയേഷ്യയുടെ ലൂക്കാ മോഡ്രിച്ച്,കാളക്കൂറ്റന്റെ കരുത്തും തീക്ഷ്ണതയുമായിവന്ന് കളിക്കളത്തിൽ പുതിയ പാഠാവലികൾ രചിച്ച സെർജിയോ റാമോസ് എന്നീ താരങ്ങളുടെ ജീവിതയാത്ര കൊണ്ടും ഈ പുസ്തകം സമ്പന്നമാകുന്നു.

ഈ പത്ത് കളിക്കാരുടെയും അപദാനങ്ങൾ അസാധാരണങ്ങളാണെന്നതിനാൽ അവയെക്കുറിച്ച് എഴുതുക അനായാസമല്ല. എന്നാൽ വ്യക്തി സംഭവങ്ങൾ ചിത്രീകരിച്ചുകൊണ്ട് കളിയാചാര്യൻമാരുടെ നേട്ടങ്ങളിലേക്കും നഷ്ടങ്ങളിലേക്കും ജീവിതത്തിലേക്കും വെളിച്ചം വിതറുന്ന രചനാരീതി ഹൃദ്യമാണ്. രണ്ട് പതിറ്റാണ്ടിലേറെയായി ലോകകപ്പ് മത്സരങ്ങൾ മുടങ്ങാതെ കാണുന്ന ജീവിത പങ്കാളിക്ക് കൂട്ടിരുന്ന് ഫുട്ബോളിനെ പ്രണയിച്ചും കളിയെക്കുറിച്ച് പഠിച്ചും കളിക്കാരെ പിന്തുടർന്നും കുടുംബത്തിന്റെ വാട്സാപ്പ് ഗ്രൂപ്പിലൂടെ തന്റെ ഫുട്ബോൾ വിചാരങ്ങൾ പങ്കുവെച്ചുമെല്ലാമാണ് ശ്രീമതി കോമളവല്ലി ഈ പുസ്തകത്തിനു സാക്ഷാത്കാരമേകിയത്.

കളികൾഗൗരവമായി വീക്ഷിക്കുന്നതിനൊപ്പം താരങ്ങളുടെ വ്യക്തിഗത വൈശിഷ്ട്യത്തിലേക്കും ടീമിലെ സംഭാവനകളിലേക്കും ടോർച്ച് തെളിച്ചു പിടിച്ച് അവരുടെ കളിയും ജീവിതവുംഇഴകീറി പഠിക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഒപ്പം ഈ പരിശ്രമത്തിലൂടെ ഈ താരങ്ങൾ വിരാജിച്ച കാലഘട്ടങ്ങളിലേക്ക് വായനക്കാരനെ ആനയിക്കുക മാത്രമല്ല ചെയ്യുന്നത്, ലോകത്തിന്റെ ദേശീയ വിനോദമായ ഫുട്ബോൾ ഒരു കളി മാത്രമല്ല; ഭാഷയും സംസ്ക്കാരവും ഒക്കെയാണെന്നും അത് സാമൂഹികമായ ഒരു ദൗത്യംനിർവഹിക്കുന്നുണ്ടെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.




ലോകംകൊണ്ടാടുന്ന ഫുട്ബോൾ പ്രതിഭകളെക്കുറിച്ച് ഒരു വനിതയുടെ ഇത്തരത്തിലൊരു സംരംഭം മലയാളത്തിൽ ആദ്യമാണ്. ഓരോ കാ ലത്തും ലോകഫുട്ബോളിനെ കാൽക്കീഴിലാക്കിയ ജ്വാലാമുഖങ്ങളെ വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ വീണ്ടെടുക്കുകയാണ് ഈ പുസ്തകത്തിലൂടെ കോമളവല്ലി എന്ന എഴുത്തുകാരി. തന്റെ ഫുട്ബോൾ പ്രണയത്തിന്റെ ട്രാക്കിൽ വന്നുപെട്ട ഏത് കാലത്തെയും മികച്ച കളിക്കാരും അവരുടെ ഗരിമയും മഹിമയുമെല്ലാം നല്ല കയ്യടക്കത്തോടെ ആവിഷ്ക്കരിച്ചിരിക്കുന്നു. മലയാളത്തിലെ ശുഷ്കമായ സ്പോർട്സ് പുസ്തക ശാഖയിലേക്ക് കോമളവല്ലിയുടെ ഈ ആദ്യരചന തന്നെ മികച്ച സംഭാവനയാകുന്നു.

ഈ ഫുട്ബോൾ ഇതിഹാസങ്ങളിൽ ഓരോരുത്തരും താരമായും വ്യക്തിയായും സംഭവങ്ങളായുമെല്ലാം അവതരിപ്പിക്കപ്പെടുമ്പോൾ സ്പോർട്സ് സാഹിത്യത്തിന്റെ വ്യത്യസ്തമായ ഒരു മുഖമാണ് ഈ പുസ്തകം നൽകുന്നതെന്ന് നിസംശയം പറയാം, ഫുട്ബോൾ സംഗീതവും നൃത്തവും നാടകവും പ്രണയവും വീരാരാധനയും രാജ്യസ്നേഹവും രാജ്യദ്രോഹവും ഒക്കെയാണല്ലോ. 'പന്തിനൊപ്പം പറന്നവർ' വായിക്കുമ്പോൾ നമുക്ക് അതൊക്കെ ഒരുതരത്തിലെങ്കിലും അനുഭവവേദ്യമാകുന്നു. കളിയിലും കളിക്കാരിലും താൽപര്യമില്ലാത്തവർക്കു പോലും ഈ രചന ഇഷ്ടപ്പെടാതിരിക്കില്ല.





ജെ.സി.ജോർജ്
സിനിമ

**ശശിസിനിമയിലെ ഒരു മാരത്താൺ ഓട്ടക്കാരനായിരുന്നു. ഒരു സിനിമയിൽ നിന്നും അടുത്ത സിനിമയിലേക്കുള്ള പ്രയാണമായിരുന്നു ശശിയുടെ ജീവിതം. അതുകൊണ്ടുതന്നെ സിനിമയെ ശ്രദ്ധിക്കുന്നതിനിടയിൽ മറ്റു പലതും കാണാതെ പോയി. ശശി ബന്ധങ്ങളിൽ നിന്നും വിടുതൽ തേടി ഏകനാകാൻ ഇഷ്ടപ്പെട്ടത് ആൾക്കൂട്ടത്തെ അഭിമുഖീകരിക്കാനുള്ള തയ്യാറെടുപ്പിനു വേണ്ടിയായിരുന്നു. അത് ഫലവത്താകുകയും ചെയ്തു.**

# ഐ.വി.ശശിയുടെ പണിപ്പുര

ശശിയും ഞാനും ഒരേ പ്രായക്കാരാണ്. പക്ഷേ, ശശിയാണ് എന്റെ സിനിമയിലെ ഗുരു.

നാട്ടിൽ അതിപ്രഗത്ഭരായരണ്ടു നാടക ഗുരുക്കന്മാർ എനിക്കുണ്ടായിരുന്നു. അതിൽ ഒരാൾ നാടകാചാര്യനായ പ്രൊഫ.എൻ.കൃഷ്ണപിള്ള സാറാണ്. യൂണിവേഴ്സിറ്റി കോളേജിൽ അദ്ദേഹത്തിന്റെ കീഴിൽ അഞ്ചുവർഷം ഞാൻ പഠിച്ചു. മൂന്നാംവർഷം അദ്ദേഹം തന്ന നാടകബോധത്തിന്റെ പിൻബലത്തിൽ ഞാൻ 'തണൽ' എന്നൊരു നാടകമെഴുതി. അതിന് വിക്രമൻനായർ ട്രോഫി നാടക മത്സരത്തിൽ രചനയ്ക്കുള്ള ഒന്നാം സമ്മാനം കിട്ടി. കറന്റുബുക്സ് അത് പ്രസിദ്ധീകരിച്ചപ്പോൾ അവതാരിക എഴുതിത്തന്നത് കൃഷ്ണപിള്ളസാറായിരുന്നു.


കൃഷ്ണപിള്ള സാറിന്റെ മുതിർന്ന ഒരു ശിഷ്യനായിരുന്നു ജി.ശങ്കരപ്പിള്ള. അദ്ദേഹത്തിന്റെ നാടകക്കളരിയിലെ ആദ്യ വിദ്യാർത്ഥികളിൽ ഞാനും ഉണ്ടായിരുന്നു. തുടർന്ന് ശങ്കരപ്പിള്ള സാറിന്റെ നാടകങ്ങളിൽ ഞാൻ അഭിനയിച്ചു. നാടകത്തിനുവേണ്ടി ഉഴിഞ്ഞുവെച്ച ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്.

ആയിടയ്ക്കാണ് എന്റെ നാടകം സിനിമയാക്കാൻ ശ്രീ.ബാൽത്തസാർ എന്ന നിർമ്മാതാവ് തീരുമാനിച്ചത്. അതിനുകാരണക്കാരൻ ബാലചന്ദ്രൻ സാറായിരുന്നു. (ഇന്നത്തെ സംവിധായകനായ ബി. ഉണ്ണികൃഷ്ണന്റെ അച്ഛൻ)

അങ്ങനെ നാടകത്തിന്റെ അമിതഭാരവും, അഹങ്കാരവുമായിട്ടാണ് ഞാൻ സിനിമയിലെത്തിയത്.അപ്പോൾ ഹസീന ഫിലിംസിന്റെ ഒരുപടത്തിന്റെ ഷൂട്ടിംഗ് നടക്കുകയായിരുന്നു. (ആ ചിത്രശലഭം പറന്നോട്ടെ) അതു കഴിഞ്ഞിട്ടാണ് ഞാൻ എഴുതേണ്ട സിനിമ. ആ ഒഴിവിൽ സഹസംവിധായകനായി ജോലി ചെയ്യാൻ നിർമ്മാതാവ് എന്നോടു പറഞ്ഞു.


പ്രൊഫ.എൻ.കൃഷ്ണപിള്ള


ജി.ശങ്കരപിള്ള


പി.എൻ.മോനോൻ

ആവശ്യത്തിൽ കൂടുതൽനാടക പരിചയം ഉണ്ടായിരുന്നതുകൊണ്ട് അതൊരു എളുപ്പപ്പണിയാണെന്നാണ് ഞാൻ വിചാരിച്ചത്.

ഷൂട്ടിംഗ് തുടങ്ങിയപ്പോഴാണ് എനിക്കൊന്നും അറിഞ്ഞുകൂടായെന്ന് മനസ്സിലായത്. ഞാൻ പഠിച്ചതൊന്നും ഈ തൊഴിലിന് ആവശ്യമില്ല. അച്ചടക്കം, ഓർമ്മശക്തി, നിതാന്തമായ ജാഗ്രത, കാര്യങ്ങൾ മുൻകൂട്ടികാണാനുള്ളകഴിവ് എന്നിവയൊക്കെയാണ് ഒരു സഹസംവിധായകന് ആവശ്യമുള്ളത്. എനിക്ക് ഈ വക ഗുണങ്ങളൊന്നുമില്ല. പണ്ട് കണക്കുക്ലാസുകളെ ഭയപ്പെട്ടതുപോലെ ഞാൻ ഷൂട്ടിംഗ് ദിവസങ്ങളെ ഭയപ്പെട്ടു. നിർമ്മാതാവിനോടൊപ്പം കാറിൽ വരികയും പോകുകയും ചെയ്തതുകൊണ്ടായിരിക്കണം, ആരുമെന്നെ പരിഹസിച്ചില്ല. അങ്ങനെ കാര്യമായൊന്നും എന്നെ പഠിപ്പിക്കാതെ ആ സിനിമ അവസാനിച്ചു.

ആയിടയ്ക്കാണ് ക്രിസ്റ്റ്യൻ ആർട്സ് ഒരു സിനിമനിർമ്മിക്കാൻ തുടങ്ങിയത് അതിന്റെ ഡയറക്ടർ റവ. സുവിയെന്ന പുരോഹിതനായിരുന്നു. എന്റെ ചേട്ടൻ അദ്ദേഹത്തിന്റെ സുഹൃത്തായിരുന്നതുകൊണ്ട് ചെന്ന ഉടനെജോലിതന്നു. മദ്രാസിൽ സുഖമായി താമസിക്കാനുള്ള ശമ്പളവും ആസ്ഥാപനത്തിൽ നിന്നും കിട്ടി. സംവിധാനത്തെക്കുറിച്ച് എനിക്ക് ഒന്നും അറിഞ്ഞുകൂടെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞില്ല.

ക്രിസ്റ്റ്യൻ ആർട്സ് അന്ന് ശ്രീലങ്ക വഴി മലയാളം റേഡിയോ നാടകങ്ങൾ പ്രക്ഷേപണം ചെയ്യുന്നുണ്ടായിരുന്നു. എനിക്ക് ആഴ്ചയിൽ രണ്ടുമൂന്നു നാടകങ്ങൾ എഴുതാനും നാലഞ്ചുനാടകങ്ങളിൽ അഭിനയിക്കാനും അവസരംകിട്ടി. അതിനൊക്കെ പ്രത്യേക പ്രതിഫലവും കിട്ടിയിരുന്നു.

അതിനിടയിൽ സിനിമയ്ക്കുപറ്റിയ ഒരു കഥകണ്ടെത്തി. ഷെറീഫിന്റെ 'നിറങ്ങൾ' എന്ന നോവലായിരുന്നു അത്. സുവിസാറിന്റെ മുറിയിൽ ഞാനിരിക്കുമ്പോഴാണ്ഷെറീഫ് വന്നത്. ഒപ്പം ഐ.വി.ശശിയും ഉണ്ടായിരുന്നു. ഷെറീഫ് പരിചയപ്പെടുത്തി.

"കലാസംവിധായകൻ, ചിത്രകാരൻ, പരസ്യമെഴുത്തുകാരൻ, സഹസംവിധായകൻ....."

ഈ മെലിഞ്ഞ ചെറുപ്പക്കാരൻ ഈ പ്രായത്തിനിടയിൽ ഇത്രയും കാര്യങ്ങൾ ചെയ്തോ എന്ന് ഞാൻ അത്ഭുതപ്പെട്ടു. പ്രീയൂണിവേഴ്സി റ്റിക്ക് പഠിക്കുമ്പോൾത്തന്നെ ശശി മദ്രാസിലെത്തിയെന്ന് പിന്നീടറിഞ്ഞു.

അടുത്ത ദിവസം മുതൽ സിനിമയുടെ ചർച്ച തുടങ്ങി. റവ.സുവിക്ക് രാവിലെ ഒമ്പതുമണി മുതൽ വൈകുന്നേരം അഞ്ചുമണിവരെ ഓഫീസ് ജോലിയുണ്ട്. അതുകൊണ്ട് വൈകുന്നേരം ആറുമണി മുതൽ ഉറക്കം വരുന്നതുവരെയായിരുന്നു ചർച്ച.

ആ സമയത്ത് ശശിയും ഷെറീഫും എഗ്മൂറിനടുത്തുള്ള നാടാർ സ് ഗാർഡനിൽ താമസിക്കുകയായിരുന്നു. ചർച്ചകഴിഞ്ഞ് റവ.സുവി തന്നെ അവരെ തിരിച്ചുകൊണ്ടു വിടുകയായിരുന്നുപതിവ്. അതുകൊണ്ട്ഓഫീസിനടുത്ത്, എൽ ഡാംസ് റോഡിൽത്തന്നെ ഒരു മുറിയെടുക്കാൻ ഞങ്ങൾ തീരുമാനിച്ചു.

അപ്പോൾ ഞാൻ താമസിച്ചിരുന്നത് എൽഡാംസ് റോഡിലെ ജയാ ഹോട്ടലിലെ മുകളിലത്തെ നിലയിലായിരുന്നു. താഴെ വെജിറ്റേറിയൻ ഹോട്ടൽ എതിരെ സാംകോ എന്ന മലബാർ മലയാളിയുടെ ഹോട്ടൽ. എന്റെ മുറിയ്ക്ക്അടുത്ത് ഒരുഡബിൾ റൂം ഒഴിവുവന്നപ്പോൾ ശശിയും ഷെറീഫും അവിടേയ്ക്കുവന്നു.

ഷെറീഫ് ശശിയുടെ രക്ഷകർത്താവിനെപ്പോലെയാണ് പെരുമാറിയിരുന്നത്. ശശിയെക്കാൾ നാലഞ്ചു വയസിന്റെ പ്രായക്കൂടുതലും ഷെറീഫിനുണ്ടായിരിക്കണം.

ഞങ്ങളുടെ ഹോട്ടലിന്റെ തൊട്ടടുത്തായിരുന്നു കമലഹാസന്റെ വീട്. അന്ന് കമലിന് പതിനാറോ, പതിനേഴോ വയസേകാണൂ.

രാത്രിയിലെ ഔദ്യോഗിക ചർച്ച കഴിഞ്ഞാലും ഞങ്ങൾ മുറിയിലെത്തിയാൽ ചർച്ച തുടരും. ഷെറീഫ് തിരക്കഥയ്ക്കപ്പുറമൊന്നും ചിന്തിക്കാൻ മിനക്കെട്ടില്ല. ശശിയുടെ കൈയിൽ സംവിധാനം ഭദ്രമാണെന്ന് ഷെറീഫിനറിയാമായിരുന്നു.

പകലുകളിൽ സിനിമ കാണലായിരുന്നു ഞങ്ങളുടെപണി. ഷെറീഫ് കഴിയുന്നതും ഒഴിഞ്ഞുമാറും. കണ്ടിട്ടുപോലുമില്ലാത്ത ചില സംവിധായകരായിരുന്നു ശശിയുടെ മാനസ്സിക ഗുരുക്കന്മാർ. അതിലൊരാൾ കന്നട സിനിമയിലെ പുട്ടണ്ണയായിരുന്നു. കെ.ബാലചന്ദ്രർ, ബി. ആർ ഇഷാറ, വിൻസെന്റ് മാഷ് എന്നിവരായിരുന്നു മറ്റുള്ളവർ. പിൽക്കാലത്ത് കെ. ബാലചന്ദ്രർ ശശിയെകൊണ്ട് ഒരു മലയാളസിനിമാ സംവിധാനം ചെയ്യിച്ചു. വിൻസെന്റു മാഷിന്റെ മകൻ ജയാനൻ വിൻസെന്റ് ശശിയുടെ സിനിമയിൽ ക്യാമറാമാനായതും യാദൃച്ഛികമല്ല.

തിരക്കഥയുടെ ചർച്ചയിൽ ഞാൻ സജീവമായി പങ്കെടുത്തു. നാടകത്തെക്കുറിച്ചുള്ള പല സിദ്ധാന്തങ്ങളും, തിരക്കഥയ്ക്കും യോജിക്കുന്നതാണല്ലോ?

പിന്നീടാണ് എഴുതിയ ഓരോ രംഗവും എങ്ങനെ ചിത്രീകരിക്കണമെന്നുള്ള ചർച്ചവന്നത്. അപ്പോൾ മുതൽ ഞാൻ ഭയപ്പെടാൻ തുടങ്ങി. ഞാനെന്തു പറയും?

ഒരു നാടകീയ രംഗത്തിന്റെ ചർച്ച ഓർമ്മ വരുന്നു.

പ്രതിനായകൻ ഒരു പെൺകുട്ടിയെ ഗർഭിണിയാക്കി. അക്കാര്യം അറിയിച്ച കത്ത് പ്രതിനായകൻ വായിക്കുന്നു. അയാൾ പുച്ഛത്തോ


പുട്ടണ്ണ


കെ.ബാലചന്ദർ


കമലഹാസൻ

ടെ ആ കത്ത് നശിപ്പിക്കുന്നു. കുറെ ചർച്ചകൾക്ക്ശേഷം ശശി പറഞ്ഞു.

"ഇത് ഒറ്റ ഷോട്ടിൽ എടുക്കാം". എല്ലാവർക്കും കൗതുകമായി. ശശി വിവരിച്ചു.

"പ്രതിനായകന്റെ മുഖത്തിന്റെ ക്ലോസപ്പ്. മുഖത്തെ പകുതി മറച്ച് ഒരു കടലാസ്ഉയരുന്നു. ഒരു സ്ത്രീയുടെ ശബ്ദം കേൾക്കുന്നു. അവൾ ഗർഭിണിയാണെന്നും രക്ഷിക്കണമെന്നുമാണ് അവൾ പറയുന്നത്. പ്രതിനായകന്റെ മുഖത്ത് പുച്ഛവും, ഈർഷ്യവും നിറയുന്നു. പതുക്കെ ആ കടലാസിന് തീ പിടിക്കുന്നു. തീയ്ക്കു പിന്നിൽ പ്രതിനായകന്റെ മുഖം. ക്യാമറ അല്പം ചലിക്കുമ്പോൾ പ്രതിനായകന്റെ കൈയിലെ കത്തിച്ച ലൈറ്റർ തെളിയുന്നു."

ഇന്നത്തെക്കാലത്ത് ഇതൊരു പുതുമയുള്ള സിനിമാദൃശ്യമായി തോന്നില്ല. പക്ഷേ, ഏതാണ്ട് നാല്പത്തിയഞ്ചു വർഷം മുമ്പാണ് ശശി ഇത് പറഞ്ഞതെന്നോർക്കണം. ഒരൊറ്റ ഷോട്ടിലൂടെ പല കാര്യങ്ങളാണ് ശശി വെളിപ്പെടുത്തിയത്. ഒരൊറ്റ ഫ്രെയ്മിൽ ഒരുപാടു ധ്വനികളുള്ള ഒ.വി.വിജയന്റെ കാർട്ടൂണുകളേയും അതോർമ്മിപ്പിച്ചു. ഏകാങ്ക നാടകങ്ങളിലെപ്പോലെകാലം,ക്രിയ,സ്ഥലം എന്നീ ത്രയങ്ങളെ ആയൊരുഷോട്ടിൽ ശശിക്ക് ഒതുക്കാൻ കഴിഞ്ഞത് എന്നെ അത്ഭുതപ്പെടുത്തി.

ഒരിയ്ക്കലും മറ്റൊരു മാധ്യമത്തിനും കഴിയാത്തതാണ് ശശി ക്യാമറയുടെ കണ്ണിലൂടെ സാധിച്ചതെന്ന് പിന്നീട് റഷസ് കണ്ടപ്പോൾ മനസ്സിലായി. ക്യാമറ, പകർത്താനുള്ള ഉപകരണമെന്നതിൽ നിന്നും സർഗ്ഗശക്തിയുള്ള ഉപകരണമായി മാറുന്നത് അന്നുഞാനറിഞ്ഞു. നടീ നടന്മാരുടെ വാക്കുകളിലൂടെ ജനി ക്കുന്ന നാടകത്തിനു പകരം, ദൃശ്യങ്ങളിലൂടെ ഉരുവാകുന്ന സിനിമയെ ഞാൻ തിരിച്ചറിയുകയായിരുന്നു. ആ നിമിഷത്തിൽ ഞാൻ ശശിയെ ഗുരുവായി അംഗീകരിച്ചു.

സിനിമയിൽ നാടകത്തിന്റെ അമിത സ്വാധീനം ഉണ്ടായിരുന്ന കാലമായിരുന്നു അത്. തിക്കുറിശ്ശി, മുതുകുളം, തോപ്പിൽ ഭാസി, എസ്. എൽ. പുരം സദാനന്ദൻ എന്നിവർ നാടകത്തിൽ നിന്നും വന്നവരായിരുന്നു. അവരുടെയൊക്കെ ജനപ്രീതി ആർജിച്ചനാടകങ്ങളാണ് പിന്നീട് സിനിമ ആയത്. അതുകൊണ്ടു തന്നെ സിനിമയ്ക്കുവേണ്ടി അതിൽ വലിയ മാറ്റങ്ങൾ വരുത്തിയില്ല. ദൃശ്യങ്ങളിലൂടെ കഥ പറഞ്ഞ വിൻസെന്റ് മാഷും, പി. എൻ. മേനോനും മാത്രമായിരുന്നു അതി നൊരു അപവാദം. ശശി അവരുടെ രചനാ രീതിയാണ് പിന്തുടർന്നത്.

'കാറ്റുവിതച്ചവൻ' എന്ന ചിത്രത്തിനുശേഷം ശശി സംവിധാനം ചെയ്ത ചിത്രമായിരുന്നു 'ഉത്സവം'. മുരളീ മൂവീസ് രാമചന്ദ്രനായിരുന്നു അതിന്റെ നിർമ്മാതാവ്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ടായിരുന്നു അതിന്റെ നിർമ്മാണ ജോലികൾ നടന്നത്. അക്കാലത്തെ സൂപ്പർതാരങ്ങളാരുംഅതിലില്ലായിരുന്നു. പക്ഷേ, ടേക്കിങ്ങിന്റെ കാര്യത്തിൽ ശശി ഒരു വിട്ടുവീഴ്ചയും ചെയ്തില്ല. ആ സിനിമയിൽ കെ.നാരായണൻ എന്ന എഡിറ്ററും ഞങ്ങളുടെ സംഘത്തിൽ ചേർന്നു. എം.ജി. ആറിന്റെ സിനിമകളിലൊക്കെ ജോലി ചെയ്തിരുന്ന അദ്ദേഹത്തെക്കുറിച്ച് ശശിക്ക് സംശയം ഉണ്ടായിരുന്നു. പക്ഷേ, ശശി മനസ്സിൽക്കണ്ട താളം അദ്ദേഹം സിനിമയിൽ കൊണ്ടു വന്നു. മരണം വരെ അദ്ദേഹം മാത്രമേ ശശിയുടെ സിനിമകൾ എഡിറ്റു ചെയ്തുള്ളൂ.

ഉത്സവം റിലീസായതോടെ ശശിക്ക് സിനിമ അറിയാമെന്ന് കാണികൾക്കും, സിനിമാക്കാർക്കും മനസ്സിലായി.

ഉത്സവം സിനിമ തുടങ്ങുന്നതിനു മുമ്പുതന്നെ 'അനുഭവം' എന്നൊരു സിനിമയുടെ തിരക്കഥയും എഴുതിക്കഴിഞ്ഞിരുന്നു. ഇതിനിടയിൽഹോട്ടൽ ഭക്ഷണം മടുത്ത ഞങ്ങൾ പാചകവും തുടങ്ങി. ഞങ്ങളുടെ കൂട്ടത്തിൽ നന്നായി മീൻ കറിവെച്ചിരുന്നത് ശശിയായിരുന്നു. അക്കൂട്ടത്തിൽ അനുഭവത്തിന്റെ വിശദമായ ഷൂട്ടിംഗ് സ്ക്രിപ്റ്റും ശശി ഉണ്ടാക്കി. ഓരോ ഷോട്ടിന്റേയും തുടക്കവും ഒടുക്കവും അദ്ദേഹം വരച്ചു. മദ്രാസിൽ എത്തിയകാലത്ത് ക്യാമറാമാൻ വിപിൻ ദാസിനുവേണ്ടി ശശി ആനിമേഷൻ ജോലിചെയ്തിരുന്നു. അതായത് ഓരോ ഫ്രെയിമും വരച്ചുണ്ടാക്കുന്ന ശ്രമകരമായ ജോലി. ആ അനുഭവം ശശിയെ ഓരോ ഷോട്ടും വരയ്ക്കാൻ സഹായിച്ചു.

അസാധാരണമായ ഓർമ്മശക്തി കൊണ്ട് അനുഗ്രഹീതനായിരുന്നു ശശി. ഒരു പക്ഷേ, സിനിമയ്ക്കാവശ്യമില്ലാത്ത കാര്യങ്ങൾ അദ്ദേഹം തലച്ചോറിൽ സൂക്ഷിക്കാത്തത് അതുകൊണ്ടായിരിക്കാം. ഒരിക്കൽ വായിച്ച് അംഗീകരിച്ച സ്ക്രിപ്റ്റ് പിന്നീട് ശശി വായിക്കുമായിരുന്നില്ല. ശശിയുടെ ഓർമ്മയിൽ അതു മുഴുവൻ സിനിമയായിത്തന്നെ സൂക്ഷിക്കപ്പെട്ടിരുന്നു. അത്പകർത്തുന്നജോലി മാത്രമേ ശശി സെറ്റിൽ ചെയ്തുള്ളൂ.


ശശിക്ക് പരിമിതികളുണ്ടായിരുന്നു. സംസാരത്തിലെ അമിതവേഗത പലപ്പോഴും ആശയ വിനിമയത്തിന് തടസ്സം നിന്നു. ചില സംവിധായകരെപ്പോലെ ശശിഅഭിനയിച്ചു കാണിക്കുമായിരുന്നില്ല. പക്ഷേ, അദ്ദേഹം അതിസമർത്ഥമായി നടീനടന്മാരോടും, സാങ്കേതിക വിദഗ്ദ്ധരോടും ആശയ വിനിമയം നടത്തുക മാത്രമല്ല, നല്ല ഫലം ഉണ്ടാക്കിയെടുക്കുകയും ചെയ്യും. അതിന്റെ രഹസ്യം വളരെപ്പതുക്കെയാണ് എനിക്കു മനസ്സിലായത്.



എ.വിൻസെന്റ്



ജയാനൻ വിൻസെന്റ്



വിപിൻദാസ്

ശശി നിർദ്ദേശങ്ങളല്ല നൽകിയത്. താൻ മനസ്സിൽക്കണ്ട സിനിമഒരു ആസ്വാദകനെന്ന നിലയിൽ പങ്കുവെയ്ക്കുകയായിരുന്നു. അദ്ദേഹംസ്വയം ആസ്വദിച്ചാണ് ഓരോ ഷോട്ടുകളും എടുത്തത്. ആയൊരു അനുഭവം ഒപ്പം ജോലി ചെയ്യുന്നവരിലും അദ്ദേഹം പകർന്നു. അദ്ദേഹം ഓരോരുത്തരേയും സിനിമയുടെ ഭാഗമാക്കുകയും, അവർ സിനിമയിൽ എങ്ങനെയായിരിക്കുമെന്ന് കാണിച്ചുകൊടുക്കുകയും ചെയ്തു. ശശിയുടെആത്മവിശ്വാസം സെറ്റിൽ പരന്നൊഴുകി എന്നു വേണമെങ്കിൽ പറയാം.

അനാവശ്യമെന്നു തോന്നാവുന്ന ഒരു ധൃതി ശശിക്ക് എല്ലാക്കാര്യങ്ങളിലുമുണ്ട്. ചിത്രം വരയ്ക്കുമ്പോഴും, സിനിമകാണുമ്പോഴും മാത്രമാണ് അദ്ദേഹം അടങ്ങിയൊതുങ്ങിയിരിക്കുന്നത്. ചുണ്ടെലിയുടെ പരക്കം പാച്ചിലാണെന്ന് ഷെറീഫ് കളിയാക്കാറുണ്ടായിരുന്നു. സിനിമ ചെയ്യാനുള്ള ശശിയുടെ ആർത്തിതന്നെയാണ് ശശിയുടെ ശരീരഭാഷയെ രൂപപ്പെടുത്തിയത്. ശശിയിൽ എപ്പോഴും അടുത്തു സംവിധാനം ചെയ്യാൻ പോകുന്ന സിനിമ പ്രവേശിച്ചിട്ടുണ്ടാകും. അല്ലെങ്കിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്ന ഒരു സിനിമ. അനാവശ്യമെന്നു തോന്നാവുന്ന ധൃതി ഇങ്ങനെ ഉണ്ടായതായിരിക്കാം. സിനിമയൊഴിച്ചുള്ള കാര്യങ്ങൾ എങ്ങനെയെങ്കിലും ധൃതിയിൽ തീർത്തിട്ട് സിനിമയിൽ മുഴുകുകയെന്നതായിരിക്കണം അദ്ദേഹത്തിന്റെ മനോനില.

പക്ഷേ, ജീവിതത്തിലെ ഈ ധൃതി, സിനിമാ സെറ്റിലെത്തുമ്പോൾ ശശി പാടേ ഉപേക്ഷിക്കും. പ്രത്യേകിച്ചും ആദ്യകാല സിനിമകളിൽ ധാരാളം വൈതരണികളുണ്ടായിരുന്ന കാലത്തുപോലും ശശി അങ്ങനെയായിരുന്നു. അപ്പോഴൊക്കെ ചുരുങ്ങിയ സമയത്തിനുള്ളിൽ ഷൂട്ട് തീർക്കാനുള്ള സമ്മർദ്ദം ഏറെയായിരുന്നു. കൂടുതൽ ടേക്ക് എടുത്താൽ ഫിലിം പോരാതെവരുമെന്നും, അതുവാങ്ങാൻ പ്രൊഡ്യൂസറുടെ കൈയിൽ പണമില്ലെന്നും ശശിക്ക് നന്നായറിയാം. ഒരു പുതിയ സംവിധായകനോടുള്ള സെറ്റിലെ മൊത്തം പ്രതികരണവും തീർച്ചയായും അനുകൂലമായിരിക്കയില്ല. എല്ലാ സംവിധായകരും ധൃതി കൂട്ടിപ്പോകുന്ന അവസ്ഥയാണത്. ഈ ഘട്ടത്തിലാണ് സ്വതവേ ധൃതിക്കാരനായ ശശി ശാന്തനായി, സാവകാശമായി ഷൂട്ടുചെയ്യുന്നത്. കാരണം ഒന്നേയുള്ളൂ. ഷൂട്ടുചെയ്യുമ്പോൾ അദ്ദേഹം എല്ലാം മറക്കുന്നു. ഒരു സിനിമയിലുണ്ടാവേണ്ട ആയിരത്തിലധികം ഷോട്ടുകളെക്കുറിച്ച് അദ്ദേഹം വേവലാതിപ്പെടുന്നതേയില്ല. അപ്പോൾ ഷൂട്ടുചെയ്യുന്ന ഒരു ഷോട്ടിൽ മാത്രമാവും ശശി മുഴുകുക. ബ്രഹ്മാണ്ഡമായ ക്യാൻവാസിൽ സിനിമ ചെയ്തപ്പോഴും, അപ്പോഴെടുക്കുന്ന ഒരു ഷോട്ടിന്റെ പൂർണ്ണതയെക്കുറിച്ചു മാത്രമേ ചിന്തിച്ചുള്ളൂ. അതുകൊണ്ടാണ് അദ്ദേഹം വിജയിച്ചത്.

ബ്രഹത്തായ സിനിമകളാണ് ശശിയുടെ മാസ്റ്റർ പീസുകൾ. ആളുകൾ, സംഭവങ്ങൾ, സ്ഥലങ്ങൾ, ശബ്ദങ്ങൾ, സാധനങ്ങൾ എന്നിവയുടെ ധാരാളിത്തം ശശി അത്തരം ചിത്രങ്ങളിൽ ഉപയോഗിച്ചു. പുട്ടണ്ണയും ധാരാളിത്തത്തിൽ അഭിരമിച്ച ഒരു സംവിധായനായിരുന്നു. ആയിരക്കണക്കിനു ഓറഞ്ചുകൾ നിറഞ്ഞ സ്ഥലംപുട്ടണ്ണയുടെ ഒരു ഗാനചിത്രീകരണത്തിൽ കണ്ടത് ഓർമ്മവരുന്നു. നടീനടന്മാരുടെ ധാരാളിത്തം ചിലപ്പോൾ ശശിയുടെ ഇഷ്ടസിനിമയായ 'ഷോലെ'യിൽ നിന്നും കിട്ടയതാകാം.

എന്നാൽ ഇതോടൊപ്പം തന്നെ ധാരാളം വ്യക്തിഗത സിനിമകളും ശശിധാരളം ചെയ്തു. 'ഊഞ്ഞാൽ' എന്ന ത്രികോണ പ്രേമത്തിന്റെ കഥ ശശിയുടേതായിരുന്നു. അത്തരം സിനിമകളിലൊക്കെ കഥാപാത്രങ്ങളുടെ ഉള്ളിലേയ്ക്കു കടക്കാനുള്ള തന്ത്രങ്ങളാണ് അദ്ദേഹം ആവിഷ്ക്കരിച്ചത്. എഴുത്തുകാർക്ക് ഒരു പാടു സ്വാതന്ത്ര്യം കൊടുത്തിരുന്ന സംവിധായകനായിരുന്നു ശശി. ഞാനും അതനുഭവിച്ചിട്ടുണ്ട്. 'കരിമ്പന'യുടെ കഥയും തിരക്കഥയും സംഭാഷണവും എഴുതിയത് ഞാനായിരുന്നു. 'അദ്ധ്യായം' എന്ന സിനിമയുടെ തിരക്കഥയും സംഭാഷണവുംഞാനെഴുതി. അത് പുറത്തു വന്നില്ല.

ഞാനൊരിയ്ക്കൽ ശശിയെ കാണാൻ സത്യസ്റ്റുഡിയോയിൽ പോയി. ശശി അപ്പോൾ ആജാനുബാഹുവായ ഒരാളുടെ ചുമലിൽ കയറിയിരിക്കുകയാണ്. ശശിയുടെ നിർദ്ദേശാനുസരണം അയാൾ ചലിക്കുന്നുമുണ്ട്. സെറ്റിൽ 'അല്ലാവുദീനാ'യി കമലഹാസനേയും കണ്ടു. ശശിയുടെ കൈയിലാണ് ആരിഫ്ളെക്സ് ക്യാമറ. മനസ്സിലുള്ള താളം ഫിലിമിലാക്കാൻ ചിലപ്പോഴൊക്കെ ശശി തന്നെ ക്യാമറ കൈയിലെടുത്തിരുന്നു.

സുഹൃത്ബന്ധങ്ങളെ ശശികാത്തു സൂക്ഷിച്ചിരുന്നില്ല എന്നൊരു പരാതി ശശിയെക്കുറിച്ചുണ്ട്. അതിന് ഒരു മറുപടിയേയുള്ളൂ–

ശശിസിനിമയിലെ ഒരു മാരത്താൺ ഓട്ടക്കാരനായിരുന്നു. ഒരു സിനിമയിൽ നിന്നും അടുത്ത സിനിമയിലേക്കുള്ള പ്രയാണമായിരുന്നു ശശിയുടെ ജീവിതം. അതുകൊണ്ടുതന്നെ സിനിമയെ ശ്രദ്ധിക്കുന്നതിനിടയിൽ മറ്റു പലതും കാണാതെ പോയി. ശശി ബന്ധങ്ങളിൽ നിന്നും വിടുതൽ തേടി ഏകനാകാൻ ഇഷ്ടപ്പെട്ടത് ആൾക്കൂട്ടത്തെ അഭിമുഖീകരിക്കാനുള്ള തയ്യാറെടുപ്പിനുവേണ്ടിയായിരുന്നു. അത് ഫലവത്താകുകയും ചെയ്തു.



എൻ.ലതിക
സംഗീതപാഠം

# അമൃതവർഷിണി

**ആരോഹണം : സഗമപനിസ**
**അവരോഹണം : സനിപമഗസ**

**66**-ാ മത് മേളമായ 'ചിത്രാംബരി' യുടെ ജന്യരാഗമാണ് 'അമൃതവർഷിണി'. ഔഡവരാഗമായി അമൃതവർഷിണിയിൽ രിഷഭം, ധൈവതം എന്നിവയാണ് വർജ്യസ്വരങ്ങൾ. ഷഡ്ജം, അന്തര ഗാന്ധാരം, പ്രതിമധ്യമം, പഞ്ചമം, കാകളി നിഷാദം എന്നിവയാണ് ഈ രാഗത്തിന്റെ സ്വരസ്ഥാനങ്ങൾ. ഉപാംഗരാഗം. വിസ്തരിച്ച രാഗാലാപനത്തിന് ഇടം നൽകുന്നില്ലെങ്കിലും വ്യക്തിത്വം നിറഞ്ഞതും ആകർഷകവുമായ രാഗമാണ് അമൃതവർഷിണി. മധ്യമകാലത്തിലും പ്രത്യാഹതഗമകങ്ങളിലും ഈ രാഗം ശോഭിക്കുന്നു.

വളരെ ആസ്വാദ്യകരമായി ഈ രാഗം ആലപിച്ചാൽ മഴ പെയ്യുമെന്നാണ് വിശ്വാസം. മുത്തു സ്വാമി ദീക്ഷിതർ ഒരിക്കൽ, വരൾച്ച ബാധിച്ച 'എട്ടയപുരം' ഗ്രാമത്തിൽ അദ്ദേഹത്തിന്റെ കൃതിയായ 'ആനന്ദാമൃതാകർഷിണി' എന്ന അമൃതവർഷിണി രാഗകൃതി പാടിയപ്പോൾ അവിടെ മഴ പെയ്തു എന്നാണ് ഐതിഹ്യം. ഒരു മൂർഛനാകാരകകൃതിയായ അമൃതവർഷിണിയുടെ പഞ്ചമം, നിഷാദം എന്നീ സ്വരങ്ങളെ ആധാരഷഡ്ജമാക്കി ശ്രുതിഭേദം ചെയ്താൽ 'ഡാക (സഗമധനിസ-സനിധമഗസ-ശങ്കരാഭരണ ജന്യരാഗം),'ലതാന്തപ്രിയ'(സരിമപധസ-സധപമരിസ-കനകാംഗിജന്യം)' എന്നീ രാഗങ്ങൾ ജനിക്കുന്നു.'മാലാശ്രീ'യാണ് അമൃതവർഷിണിക്ക് സമാനമായ ഹിന്ദുസ്ഥാനിരാഗം.

### കൃതികൾ

*ആനന്ദാമൃതാകർഷിണി*-ആദി-മുത്തു സ്വാമി ദീക്ഷിതർ
*സരസീരുഹനയനേ*-ആദി-ത്യാഗരാജസ്വാമി.
*സുധാമയി സുധാനിധി*-രൂപകം-മുത്തയ്യാ ഭാഗവതർ
*സാത്വികം ശങ്കരം*-ഖണ്ഡചാപ്പ്-മുത്തയ്യാ ഭാഗവതർ.

### ചില ഗാനങ്ങൾ

*ആഷാഢം പാടുമ്പോൾ*-മഴ- യേശുദാസ് - ചിത്ര - യൂസഫലി കേച്ചേരി- രവീന്ദ്രൻ.
*നീലലോഹിത ഹിതകാരിണി*-കാവേരി-ബാലമുരളീകൃഷ്ണ- കാവാലം നാരായണപ്പണിക്കർ- വി.ദക്ഷിണാ മൂർത്തി.
*'മനസ്സിലുണരു ഉഷസന്ധ്യയായ്'* എന്ന ഗാനത്തിൽ,*''കനിവിൻ കാഞ്ചനകതിർമാല ചൊരിയൂ...''* എന്ന് തുടങ്ങുന്നചരണം-*'മറുനാട്ടിൽ ഒരു മലയാളി'*-യേശുദാസ്,എസ്.ജാനകി-ശ്രീകുമാരൻ തമ്പി- വി.ദക്ഷിണാമൂർത്തി
*ആദിപരാശക്തി അമൃതവർഷിണി..* (എന്ന ഗാനത്തിന്റെ പല്ലവി) പൊന്നാപുരം കോട്ട- പി.ബി. ശ്രീനിവാസൻ-യേശുദാസ്-പി.സുശീല-മാധുരി-വയലാർ-ദേവരാജൻ



ശ്രീകല ചിങ്ങോലി
കവിത

# ഋതം

**നീ** ലാളിക്കാൻ എത്താത്തതിനാൽ
ഒരു പൂവും വിരിഞ്ഞില്ലെന്നറിഞ്ഞു
മുഖം തിരിച്ച ഋതുക്കളിൽ
ഒരു കിളിയും പാടിയില്ല
മഞ്ഞ പുതച്ച് മൗനം ഇലകൾ
നിശാഗന്ധിയിൽ ഒരു ഭാവവും
തുളുമ്പിയില്ല.
നമ്രശീർഷയായ് അത് ഒരു പരാജിതയെപ്പോലെ
കൊക്കൂണുകൾ കൂട്ടിലിരുന്ന്
പാതി വിരിഞ്ഞു ചത്തു.
കൂടുകൂട്ടിയ വള്ളികൾ കരിഞ്ഞുപോയിരുന്നു.
പൂപ്പാലിക ക്ലാവു പിടിച്ച് പിടിയടർന്നങ്ങനെ.
പറിക്കാനും ചൂടാനും ആരുമില്ലാത്ത വ്യഥയിൽ
കാറ്റും മണം പകുക്കാൻ വരാറില്ല.
ചെറിയ മൺകുടങ്ങൾ വിണ്ട് ഓട്ടവീണു
ആര് ആരെ നനയ്ക്കാൻ?
എങ്കിലും കിണറിപ്പൊഴും ഓളം വെട്ടുന്നുണ്ട്
പച്ചക്കുളത്തിൽ നിന്ന് ഒരു തവളക്കരച്ചിലെങ്കിലും
വരുമോ?
എന്നെങ്കിലും ഈ വഴി?
പാടാൻ വന്ന കുയിൽ ഇരിക്കാൻ ചില്ലയില്ലാതെ
പാതി മുറിഞ്ഞ പാട്ടുമായ് ദൂരേക്ക്....



# പ്രിയ..

മാങ്ങാട് രത്നാകരൻ
പുനലൂർ രാജൻ ഇമേജ് ആർക്കൈവ്

## പ്രതിഭാസംഗമം

മലയാള സാഹിത്യത്തിലെയും പത്രപ്രവർത്തനത്തിലെയും രണ്ടു പ്രതിഭാശാലികളുടെ സംഗമം. പി.കേശവദേവും കാമ്പിശ്ശേരി കരുണാകരനും. ദേവ് 'സാഹിത്യപ്പറയൻ' എന്ന് സ്വയം പ്രഖ്യാപിച്ച് അന്ന് സാഹിത്യരംഗത്ത് കൊടികുത്തിവാണിരുന്ന സവർണ്ണതയെ കടപുഴക്കിയെറിഞ്ഞു. കാമ്പിശ്ശേരിയാകട്ടെ അരുണദശകത്തിന്റെ മാധ്യമ മനസ്സാക്ഷിയും, പുതുവഴി വെട്ടിത്തെളിച്ച പരീക്ഷണാത്മക മനസ്സുമായിരുന്നു. ദേവിന്റെ സാഹിത്യ രചനകൾക്കും ആശയധാരകൾക്കും കാമ്പിശ്ശേരി 'ജനയുഗ'ത്തിൽ വലിയ പ്രാധാന്യം നൽകി.

പുനലൂർ രാജന്റെ അടുത്ത ബന്ധു മാത്രമല്ല, വഴികാട്ടി കൂടിയായിരുന്നു കാമ്പിശ്ശേരി. രാജൻ കൗമാരകാലത്ത് എടുത്ത നിരവധി ഫോട്ടോകൾ കാമ്പിശ്ശേരി 'ജനയുഗ'ത്തിൽ പ്രസിദ്ധീകരിച്ച് പ്രോത്സാഹനം നൽകി. മാധവിക്കുട്ടി എഴുത്തുകാരി എന്ന നിലയിൽ വ്യാപകമായ അംഗീകാരം നേടുന്നതിനുമുമ്പുതന്നെ പുനലൂർ രാജൻ അവരെ ചിത്രീകരിച്ചു. കൊച്ചുപുള്ളികൾ ചിത്രശലഭങ്ങളെപ്പോലെ പറ്റിപ്പിടിച്ചിരിക്കുന്ന സാരിയുടുത്ത് നിൽക്കുന്ന ചിത്രം. ജനയുഗത്തിൽ മുഖചിത്രമായി വന്നതിൽപ്പിന്നെയാണ് മാധവിക്കുട്ടിയുടെ മുഖം ഫോട്ടോഗ്രാഫർമാരുടെ ഇഷ്ടവിഷയമാകുന്നത്. ക്ഷോഭാകുലനായ കലാകാരനായി മൈക്കിന് മുൻപിൽ കൈചൂണ്ടി നിൽക്കുന്ന ദേവ് മറ്റൊരുചിത്രം. പിന്നീട് മുഖചിത്രമായിത്തന്നെ പ്രസിദ്ധീകരിച്ചു. കാമ്പിശ്ശേരിയുടെയും കുടുംബത്തിന്റെയും നിരവധി ഫോട്ടോകൾ രാജൻ എടുത്തിട്ടുണ്ട്. ദേവ്, ഒരു കൊടുങ്കാറ്റുപോലെ അലഞ്ഞു തിരിഞ്ഞതിനാലാകാം, രാജന്റെ ക്യാമറക്കണ്ണുകളിൽ പതിഞ്ഞത് അപൂർവ്വം അവസരങ്ങളിൽ മാത്രം.

# Party begins.







BIRTHDAY PARTY • WEDDING PARTY • ANNIVERSARY PARTY
TEA PARTY • REUNION PARTY • BOARDROOM

PLAN YOUR PARTY
9288 032 271

KERALA'S FIRST
FOOD DESTINATION

Suprēme
Experienza

MUSALIAR BUILDINGS, 17/2737, TOWN LIMIT, KADAPPAKADA, KOLLAM 691 008

Postal Regn. No. KL/QN 366/2021-23 Licenced to post without pre-payment
PRABHATHA RASHMI Volume. No.8 Issue. No.6
KL/QN/WPP/220/2021-23 Published on: 2022 July 15
RNI NO. KERMAL/2015/62357 Price. Rs.30/-




PRINTED AND PUBLISHED BY SHAHAL.H.MUSALIAR FOR AND ON BEHALF OF VIJNANAPOSHINI PUBLICATIONS PRIVATE LIMITED AND PRINTED AT SUJILEE COLOUR PRINTERS, MAMPALLIKUNNAM, CHATHANOOR P.O, KOLLAM, KERALA - 691 572 AND PUBLISHED AT VIJNANAPOSHINI PUBLICATIONS PVT. LTD. DOOR. NO. XV/664, GROUND FLOOR, CHINNAKKADA NAGAR, KOLLAM, KOLLAM DISTRICT, KERALA - 691 001.
EDITOR: SHAHAL.H.MUSALIAR